


ഖുത്ബ്ബ:
മസീഹ് മൗഊദ് ദിനം

# സത്യദൂതൻ

2012 ഏപ്രിൽ | ലക്കം 4 വില ₹ 20



## ക്രിസ്തു:
## നിഗൂഢതകൾ മറനീക്കുന്നു

അനേകം ദിവ്യാദ്ഭുതങ്ങൾ പ്രവർത്തിച്ച് ദിവംഗതനായ ക്രിസ്തു യുഗാന്ത്യസംഭവങ്ങളുടെ ഭാഗമായി വീണ്ടും ആകാശത്തുനിന്ന് അവരോഹിയാവുമെന്ന് ക്രിസ്ത്യൻ, ഇസ്‌ലാം മതങ്ങളിലെ ബഹുഭൂരിപക്ഷം ആളുകളും വിശ്വസിക്കുന്നു. രഹസ്യങ്ങളും നിഗൂഢതകളും ചൂഴ്ന്ന് നിൽക്കുന്ന ദൈവത്തിന്റെ ഉജ്ജ്വല തേജസ്വിയായ ക്രിസ്തുവിന്റെ യഥാർഥ ജീവിത കഥയെന്ത്?



**Baitul Islam Mosque**, Maple, Ontario, Canada



**Khadija Mosque** Berlin, Germany



The Sathyadoothan Monthly

لا اله الا الله محمد رسول الله

# സത്യദൂതൻ


2012 ഏപ്രിൽ
ഹി.ശ.1391 - ശഹാദത്ത്
1433 ജ. അവ്വൽ - ജ.ആഖർ
പുസ്തകം 84 ലക്കം 4
വില 20 രൂപ

ഒരു നൂറ്റാണ്ടിനോടടുക്കുന്ന മലയാളത്തിലെ ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം



5 **എഡിറ്റോറിയൽ**

6 **യുഗശബ്ദം**



7

ഖുത്ബ്ബ
**മസീഹ് മൗഊദ് ദിനം**
ഹദ്റത്ത് മിർസാ മസ്‌റൂർ അഹ്മദ് (അയ്യദഹു..)

19
**വിശുദ്ധ ജീവിതം: സത്യവാനെന്നതിന് തെളിവ്**
മൗലവി മുഹമ്മദ് ഇസ്മായീൽ, ആലപ്പുഴ
ഒരു ദൈവ നിയുക്ത വാദിയുടെ സത്യ സംശോദനയുടെ യുക്തമായ മാനദണ്ഡം അദ്ദേഹത്തിന്റെ വാദപൂർവമായ ജീവിതത്തിന്റെ പരിശുദ്ധതയാണ്

23
**വാഗ്ദത്തമസീഹിന്റെ ദൗത്യം**
മൗലവി സുൽത്താൻ നസീർ, വാണിയമ്പലം



28

**ഇസ്‌ലാമിക സാമ്രാജ്യത്തിന്റെ പരിണാമം**
തൻവീർ



13

**ക്രിസ്തു: നിഗൂഢതകൾ മറനീക്കുന്നു**
അബൂ റിസ്‌വാൻ
അനേകം ദിവ്യാത്ഭുതങ്ങൾ പ്രവർത്തിച്ച് ദിവംഗതനായ ക്രിസ്തു യുഗാന്ത്യസംഭവങ്ങളുടെ ഭാഗമായി വീണ്ടും ആകാശത്തുനിന്ന് അവരോഹിയാവുമെന്ന് ക്രിസ്ത്യൻ, ഇസ്‌ലാം മതങ്ങളിലെ ബഹുഭൂരിപക്ഷം ആളുകളും വിശ്വസിക്കുന്നു. രഹസ്യങ്ങളും നിഗൂഢതകളും ചൂഴ്ന്ന് നിൽക്കുന്ന ക്രിസ്തുവിന്റെ യഥാർഥ ജീവിത കഥയെന്ത്?



32

ജിന്ന്:
**വിശുദ്ധ ഖുർആൻ എന്തു പറയുന്നു?**
ഖുർആന്റെ യുക്തി ശസ്ത്രങ്ങളുപയോഗിച്ച് അന്ധവിശ്വാസങ്ങളെയും മൂഢസങ്കൽപങ്ങളെയും കീറിമുറിക്കുന്ന മൗലാനാ അബ്ദുല്ലാ സാഹിബ് അറുപത് വർഷം മുമ്പ് ഖുർആനിലെ ജിന്നിനെപ്പറ്റിയെഴുതിയ ലേഖനം. കഴിഞ്ഞ ലക്കം തുടർച്ച.



34

**യേശുവിന്റെ കാലത്തെ യഹൂദ സമൂഹം**
എ.എം. മുഹമ്മദ് സലിം
യേശു(അ)വിന്റെ കാലത്തെ യഹൂദ സമൂഹം മഹാനായ യേശുവിനെ തിരസ്ക്കരിക്കുകയും പീഡിപ്പിക്കുകയും ചെയ്യുകയുണ്ടായി. പിന്നീട് അവർ ശിക്ഷക്ക് വിധേയരായി. യേശുവിനെവിശ്വസിച്ച പലസ്തീനിലെ എസ്സീനികൾ ചരിത്രത്തിൽ വിസ് മൃതരായ യഹൂദ വിഭാഗമാണ്. അവർ റോമൻ ആക്രമണത്തിൽനിന്നും രക്ഷപ്പെടുകയായിരുന്നു.



38

**നിസ്സംശയം അഹ്മദികൾ മുസ്‌ലിംകൾ തന്നെ**
ജസ്റ്റിസ്. വി ആർ കൃഷ്ണയ്യർ
അഹ്മദി ആയതിന്റെ പേരിൽ മതമുപേക്ഷിച്ചവനായി പ്രഖ്യാപിച്ച് ഏകപക്ഷീയമായി വിവാഹ മോചനം നടത്തിയ ഖാസിയുടെ ഇസ്‌ലാമിക വിരുദ്ധവും നീതിവിരുദ്ധവുമായ തീരുമാനത്തിനെതിരെ ജസ്റ്റിസ് കൃഷ്ണയ്യരുടെ വിധിയുടെ അവസാനഭാഗം.

40
കുറിപ്പുകൾ
**ഗ്രാന്റ് മുഫ്തിയുടെ ഫത്‌വ ഇസ്‌ലാമികമോ**
മുസാഫിർ

43
**വാർത്തകൾ**



**സത്യദൂതൻ**
മസ്ജിദ് ഉമർ, സെന്റ്ബെനഡിക്ട് റോഡ്,
എറണാകുളം നോർത്ത്, കൊച്ചി-682018
email-sathyadoothan1@gmail.com

ചീഫ് എഡിറ്റർ
**എം. നാസിർ അഹ്മദ്**
**ഫോൺ**: 9497343704

എഡിറ്റർ
**ഏ. എം. മുഹമ്മദ് സലീം**
**ഫോൺ**: 8907182933
Email-salimqld@gmail.com

മാനേജർ
**എച്ച്. അഹ്മദ് ഷാഫി**
**ഫോൺ**: 8089574250




Printed & Published by B.B. Ahmad Kabeer, for the Kerala Ahmadiyya Muslim Jama-ath
Printed at Anaswara Offset, Perandoor Jn.,Elamakkara, Ernakulam-682 026.
Published at Masjid Umar, St. Benedict Road, Ernakulam, Kochi-18. Edited by A.M. Muhammed Salim. Design: Ziyad Rahman

## വിശുദ്ധ ഖുർആനിൽ നിന്ന്

അല്ലയോ ഈസാ! ഞാൻ നിന്നെ (പ്രകൃതി സാധാരണമായ നിലയിൽ) മരിപ്പിക്കുകയും നിന്നെ എന്റെ അടുക്കലേക്കുയർത്തുന്നവനും അവിശ്വാസികളുടെ ആക്ഷേപങ്ങളിൽ നിന്നും ആരോപണങ്ങളിൽ നിന്നും നിന്നെ പരിശുദ്ധനാക്കുന്നവനും അവസാന നാൾ വരെ നിന്റെ അനുചരന്മാർക്ക് അവിശ്വാസികളുടെ മേൽ വിജയം നൽകുന്നവനുമാണ്. **(3:56)**



## നബിവചനം



അല്ലാഹു ഹദ്റത്ത് ഈസാക്ക് ഇപ്രകാരം വഹ്‌യ് അറിയിച്ചു. അല്ലയോ ഈസാ, നീ അറിയപ്പെടാതിരിക്കാനും ദ്രോഹിക്കപ്പെടാതിരിക്കാനുമായിട്ട് ഒരു സ്ഥലത്ത് നിന്നും മറ്റൊരു സ്ഥലത്തേക്കു മാറിമാറിതാമസിക്കുക **(കൻസുൽ ഉമ്മാൽ വാല്യം 2, ഭാഗം)**

## വാഗ്ദത്ത മസീഹിന്റെ വചനം

ത്രിത്വമുണ്ടാക്കുന്ന തിന്മകളുടെ നിവാരണത്തിനാണ് ഞാൻ അയക്കപ്പെട്ടിട്ടുള്ളത്. ഹദ്റത്ത് ഈസാ(അ)യെ ഇവർ ദൈവമായി ഗണിച്ചിരിക്കയാണ്. എന്റെ ഹൃദയത്തെ അത്യധികം വേദനിപ്പിക്കുന്ന സംഗതിയാണിത്. ഇതിനേക്കാൾ വലിയൊരു ദുഃഖം എനിക്കുണ്ടായിട്ടുണ്ടെന്ന് തോന്നുന്നില്ല. ഈ ദുഃഖവും വിഷമവും കാരണം മരണം എനിക്ക് അനുവദീയമായിരുന്നുവെങ്കിൽ ദുഃഖം എന്നെ നശിപ്പിക്കുമായിരുന്നു. കാരണം ഇക്കൂട്ടർ ഏകനും പങ്കുകാരനില്ലാത്തവനുമായ ദൈവത്തെ പരിത്യജിച്ച് നിസ്സഹായനായ ഒരു മനുഷ്യനെയാണ് ആരാധിച്ചു കൊണ്ടിരിക്കുന്നത്. ഈ വേദനയുടെ സ്ഥിതി ഞാൻ വിവരിക്കട്ടെ, ജനങ്ങൾ സ്വർഗമാണ് ആഗ്രഹിക്കുന്നതെങ്കിൽ മനുഷ്യനെ ഈ ശിർക്കിൽ നിന്നും മോചിപ്പിക്കുകയും ദൈവത്തിന്റെ ഈ പ്രതാപം വെളിപ്പെടുത്തുകയും ചെയ്യുന്നത് എന്റെ ജീവിതത്തിൽ കാണുക എന്നതാണ് എന്റെ ആഗ്രഹം. എന്റെ ആത്മാവ് സദാ പ്രാർഥനാനിരതമാണ്. എന്റെ ദൈവമേ, ഞാൻ നിന്നിൽ നിന്നുള്ളവനാണെങ്കിൽ നിന്റെ അനുഗ്രഹത്തിന്റെ തണൽ എന്റെ കൂടെയുണ്ടെങ്കിൽ, മഹാനായ മസീഹ് (അ)ന്റെ ശിരസ്സിൽ നിന്ന് ഈ പാപഭാരം(നഊദുബില്ലാഹ്) അദ്ദേഹം ദൈവമാണെന്ന് വാദിച്ചുവെന്ന അപരാധം എടുത്തുകളയുന്ന സുദിനം എനിക്കു കാണിച്ചുതാ നാഥാ. ദൈവം അവർക്ക് കണ്ണുനൽകുമാറാകട്ടെ. അവന്റെ ഏകത്വത്തിൽ അവർ വിശ്വസിക്കുമാറാകട്ടെ. അവന്റെ ദൂതനെ(സ)അവർ തിരിച്ചറിയുമാറാകട്ടെ. ത്രിയേക വിശ്വാസത്തിൽ നിന്ന് പശ്ചാത്ത പിച്ച് മടങ്ങുമാറാകട്ടെ. ഒരു നീണ്ടകാലമായി അഞ്ചു നേരം പ്രാർഥിച്ചു കൊണ്ടിരി ക്കുന്നതിതാണ്.

**(തബ്ലീഗെ രിസാലത്ത് വാല്യം 8 പേജ് 71, 72)**



എഡിറ്റോറിയൽ

# ഇസ്‌ലാം ക്രിസ്ത്യൻ സംവാദം

ഇക്കാലത്ത് ഒരു മതം മറ്റൊരു മതത്തെ സംബന്ധിച്ചിടത്തോളം പരലോകം പോലെ വിദൂരവും അജ്ഞാതവുമാണ് എന്ന അവസ്ഥ നിർഭാഗ്യകരമാണ്. മതം എന്നാൽ തീപിടിക്കുന്ന വികാരമാണ് എന്ന ധാരണ മതത്തെ സംബന്ധിച്ചിടത്തോളം അപമാനകരവുമാണ്. മതങ്ങൾക്കിടയിലുള്ള അജ്ഞാനത്തിന്റെ മതിലുകളാണ് ഇല്ലാതാവേണ്ടത്. അതിന് മതാന്തര സംവാദങ്ങൾക്ക് വേദി യൊരുക്കണം. ഇതിന് ഏറ്റവും സാദ്ധ്യതയുള്ള രണ്ട് മതങ്ങളാണ് ക്രിസ്തു മതവും ഇസ്‌ലാം മതവും.

പ്രവാചകന്മാരിൽ വെച്ച് ശ്രേഷ്ഠനായ മുഹമ്മദ് നബി(സ)ക്കിറങ്ങിയതാണ് വിശുദ്ധ ഖുർആൻ എന്ന് മുസ്‌ലിംകൾ വിശ്വസിക്കുന്നു. ആ വിശുദ്ധ ഖുർആനിൽ 4 തവണയാണ് റസൂൽ തിരുമേനി(സ)യുടെ നാമം പരാമർശിക്കുന്നതെങ്കിൽ 25 തവണയാണ് ബനീ ഇസ്റായേൽ പ്രവാചകനായ ഈസാ നബി(അ)യുടെ പേര് പരാമർശിച്ചത്. ഇതിൽ നിന്ന് ഈസാ നബി(അ)അഥവാ യേശു ക്രിസ്തുവിന്റെ വിഷയം വിശുദ്ധ ഖുർആൻ ചർച്ച ചെയ്തതിന്റെ വൈപുല്യം മനസ്സിലാക്കാം. മനുഷ്യ വംശത്തിന്റെ വലിയൊരു ഭാഗമായി മാറിക്കഴിഞ്ഞ ക്രിസ്ത്യാനികൾ ദൈവപുത്രനായി കരുതുന്ന ഹദ്റത്ത് ഈസാ നബി(അ) യെക്കുറിച്ച് അല്ലാഹുവിന്റെ വിശുദ്ധ പ്രവാചകനാണെന്നും ആദരണീയനാണെന്നും ഖുർആൻ പറയുന്നു.

**ഇഹത്തിലും പരത്തിലും അദ്ദേഹം ആദരണീയനും ദൈവസാമീപ്യം സിദ്ധിച്ചവരിൽപ്പെട്ടവനു മായിരിക്കും (3:46)**. യേശുവിനെ **അല്ലാഹുവിന്റെ വചനത്തിന്റെ സാക്ഷാത്ക്കാരം** എന്നും **അല്ലാഹുവിൽ നിന്നുള്ള ആത്മാവ്** എന്നും (4:172) ഖുർആൻ വിശേഷിപ്പിക്കുന്നു. ക്രിസ്ത്യാനികളുടെ സദ് ഗുണങ്ങളെ വാഴ്ത്തിക്കൊണ്ട് ഖുർ ആൻ പറയുന്നു: **സത്യവിശ്വാസികളോട് ഏറ്റവും അടുത്ത സ്നേഹമുള്ളവരായി ഞങ്ങൾ ക്രിസ്ത്യാനികളാണെന്ന് പറഞ്ഞവരേയും നീ കണ്ടെത്തുന്നതാണ്. അതിന് കാരണം അവരിൽ പണ്ഡിതന്മാരും പുരോഹിതന്മാരും ഉണ്ട് എന്നുള്ളതും അവർ അഹങ്കരിക്കുന്നില്ലായെന്നതുമാണ്. ഈ ദൈവദൂതന് അവതീർണമായത് അവർ കേൾക്കുമ്പോൾ അവർ സത്യം ഗ്രഹിച്ച കാരണത്താൽ അവരുടെ നയനങ്ങൾ കണ്ണുനീർ പൊഴിക്കുന്നതായി നിങ്ങൾക്കു കാണാം. (5:83,84)**

ക്രിസ്തീയ വിശ്വാസങ്ങളുടെ പിഴവുകളെയും ഖുർആൻ ചൂണ്ടിക്കാട്ടുന്നു: **അല്ലാഹുവിന് ഒരു പുത്രനെ സ്വീകരിച്ചിരിക്കുന്നുവെന്നവർ പറയും. എന്നാൽ അവൻ ഏത്രയും പരിശുദ്ധനാണ്. (2:117) അല്ലാഹു മൂവരിൽ മൂന്നാമനാണ് എന്ന് പറയുന്നവർ തീർച്ചയായും അവിശ്വാസികളായിരിക്കുന്നു. വാസ്തവത്തിൽ അവർ അദ്ദേഹത്തെ വധിച്ചിട്ടില്ല. ക്രൂശിച്ചു കൊന്നിട്ടുമില്ല (4:158)**. ക്രിസ്ത്യാനികളിൽ ഇത്തരം തെറ്റായ സിദ്ധാന്തങ്ങൾ വെച്ചു പുലർത്തുന്നവരെ പറ്റി ഖുർആൻ പറയുന്നു: **അവരുടെ വായകളിൽ നിന്നും പുറപ്പെടുന്ന വാക്ക് ഗുരുതരമായതാണ്. വാസ്തവമല്ലാത്തതല്ലാതെ അവർ പറയുന്നില്ല (18:6)**.

അഹ്‌ലുൽ കിതാബ് (ഗ്രന്ഥാനുസാരികൾ ) എന്ന നിലയിൽ ക്രിസ്ത്യാനികളോട് ഇസ്‌ലാമിനുള്ള സ്നേഹാഭിമുഖ്യവും അനുരക്തിയും അദ്വിതീയവും അന്യാദൃശവുമാണ്. ക്രിസ്തുമതത്തിന്റെ ദൈവശാസ്ത്രത്തെ പറ്റിയും ക്രിസ്തുവിന്റെ ജീവിതത്തെ സംബന്ധിച്ചും ഖുർആൻ ചൂണ്ടിക്കാട്ടിയ ചില വസ്തുതകളെക്കുറിച്ച് ക്രിസ്ത്യാനികൾ ആത്മാർഥമായി ചിന്തിക്കുകയും സൂക്ഷ്മമായ ഗവേഷണ പ്രവർത്തനങ്ങളിലേർപ്പെടുകയും ചെയ്യേണ്ടതുണ്ട്. യേശുവിന്റെ യഥാർഥ അധ്യാപനങ്ങളെ പറ്റി ഖുർആൻ പറയുന്നു: **അല്ലാഹു എന്റെയും നിങ്ങളുടേയും ദൈവമാണ്. അവനെ മാത്രം ആരാധിക്കുക ഇതാണ് നേർമാർഗം (19:37)** വാസ്തവത്തിൽ യേശുവിന്റെ ദൈവപ്രേഷിത പ്രവർത്തനങ്ങളുടെ പൂർത്തീകരണമാണ് ഇസ്‌ലാം. ഈ വസ്തുത അവരെ അറിയിക്കാനും ക്രിസ്ത്യാനികൾ യേശുവിന്റെ സത്യമാർഗത്തിൽ ആയിത്തീരാനും കാരുണ്യമൂർത്തിയായ മുഹമ്മദ് നബി (സ) പ്രകടിപ്പിച്ച അത്യുൽക്കടമായ ആഗ്രഹത്തെ പറ്റി ക്രിസ്ത്യാനികൾ ശ്രദ്ധിച്ചിരുന്നുവെങ്കിൽ! അല്ലാഹു ഖുർആനിൽ പറയുന്നു: അവർ (ക്രിസ്ത്യാനികൾ) ഈ സന്ദേശത്തിൽ വിശ്വസിക്കാത്ത പക്ഷം അവർ ഹേതുവായി ദുഃഖം നിമിത്തം നിന്റെ ജീവനെ നീ നശിപ്പിച്ചേക്കുമോ?(18:7) ക്രിസ്ത്യാനികളും മുസ്‌ലിംകളും തമ്മിൽ അർഥവത്തായ ആശയ സംവാദങ്ങൾ നടത്തണമെന്നത് ഖുർആന്റെ ആഹ്വാനമാണ്. **ജ്ഞാനവും സദുപദേശവും മുഖേന നിന്റെ നാഥന്റെ മാർഗത്തിലേക്ക് ക്ഷണിക്കുകയും ഏറ്റവും നല്ലനിലയിൽ അവരോട് വിവാദം നടത്തുകയും ചെയ്യുക (10:120)**. 1964 ൽ ബഹുമാന്യനായ പോപ്പ് പോൾ ആറാമൻ വത്തിക്കാനിൽ മതാന്തര സംവാദങ്ങൾക്കായി പോണ്ടിഫിക്കൽ കൗൺസിൽ ഫോർ ഇന്റർ റിലീജിയസ് ഡയലോഗ് സ്ഥാപിച്ച വിവരം സ്മരണീയമാണ്. ഈ രണ്ട് മഹാ മതങ്ങളും ദൈവിക സത്യങ്ങൾ കൂടുതൽ പ്രകാശിതമാക്കാൻ വേണ്ടിയുള്ള സഫലവും സ്നേഹപൂർണവുമായ സംവാദങ്ങൾ നടത്തുകയാണ് വേണ്ടത്.



ഹദ്റത്ത് അഹ്മദ്(അ)

# ഹദ്റത്ത് ഈസാ നബി(അ)യുടെ ഖബർ

**ഹി**ദ്റത്ത് ഈസാ(അ)ന്റെ അസാധാരണമായ ജനനവും, വിശുദ്ധ ഖുർആന്റെ വ്യക്തമായ അദ്ധ്യാപന ത്തിന് നേരെവിരുദ്ധമായി സ്ഥൂലശരീരത്തോടുകൂടി യുള്ള ആകാശത്തിലേക്കുള്ള കയറ്റവും മരിക്കാതിരുന്നിട്ടും മരിച്ച നബിമാരുടെ ആത്മാക്കളുടെ ഇടയിൽ (അവരാണെങ്കിൽ ഒരു വിധത്തിൽ സ്വർഗത്തിൽ പ്രവേശിച്ച വരുമാണ്) പ്രവേശിക്കലുമെല്ലാം സത്യമായും ഒരു സത്യമതത്തിന് ഭൂഷണമായ വിശ്വാസകാര്യങ്ങളല്ല, കരിങ്കറയാണ്.

പാശ്ചാത്യ സൃഷ്ടിപൂജകർക്ക് നീണ്ടകാലമായി ഏക ദൈവ വിശ്വാസികളായ മുസ്ലിംകൾ ഒരു കടം വീട്ടുവാനുണ്ടായിരുന്നു അജ്ഞരായ മുസ്ലിംകൾ ഈ കടം വീട്ടാനുണ്ടെന്ന് സമ്മതിച്ചു കൊണ്ടു തന്നെ പലിശയിനത്തിലും വലിയൊരു സംഖ്യ വർദ്ധിപ്പിച്ചു. ഇക്കാരണത്താൽ ലക്ഷക്കണക്കിന് മുസ്ലിംകൾ ളോഹധരിച്ച് മതപരിത്യാഗികളായി മാറി. ഈ കടം വീട്ടാൻ ഒരു പോം വഴിയും അവർക്കില്ല.

..യേശു മിശിഹാ സ്ഥൂലശരീരത്തോടു കൂടി ഇന്നും ആകാശത്തിൽ ജീവിച്ചിരിക്കുന്നു, എന്നെന്നും ജീവനോടെ ഇരിക്കുകയും ചെയ്യും. അവസാനം അദ്ദേഹം തന്നെ ആകാശത്തിൽ നിന്നിറങ്ങിവന്ന് നീതി നടപ്പിൽ വരുത്തും. അദ്ദേഹത്തെ ദൈവമാണെന്ന് അംഗീകരിക്കാത്തവരെല്ലാം പിടിക്കപ്പെടുകയും അഗ്നിയിൽ എറിയപ്പെടുകയും ചെയ്യും. ഈ ആക്ഷേപങ്ങൾക്കൊന്നും മുസ്ലിംകൾകളുടെ പക്കൽ ഒരു മറുപടിയുമുണ്ടായിരുന്നില്ല.

...ഇപ്പോഴിതാ യേശു മിശിഹായുടെ ദൈവത്വം നല്ല വണ്ണം തെളിഞ്ഞിരിക്കുന്നു. ആകാശത്തിൽ കയറിപ്പോയതിന്റെ സകല രഹസ്യങ്ങളും പുറത്തായിരിക്കുന്നു. പുരാതനങ്ങളായ ആയിരക്കണക്കിന് മരുന്നുകളുടെ കുറിപ്പടികളുമടങ്ങുന്ന പൗരാണിക വൈദ്യശാസ്ത്ര ഗ്രന്ഥങ്ങൾ ആദ്യകാലത്ത് റോമാക്കാരും യൂനാനികളും മജൂസികളും ക്രിസ്ത്യാനികളും അവസാനം മുസ്ലിംകളും ഭാഷാന്തരം ചെയ്ത് പ്രസിദ്ധീകരിച്ചിട്ടുണ്ട്. അതിൽ ഒരു കുറിപ്പടി **മർഹമേ ഈസാ** എന്ന പേരിലുള്ളതാണ്. ഈ മരുന്ന് ഹദ്റത്ത് ഈസാ(അ)ക്ക് വേണ്ടി അതായത് അദ്ദേഹത്തിന്റെ കുരിശിൽ നിന്നുണ്ടായ മുറിവുകൾ ഉണങ്ങാൻ വേണ്ടി തയ്യാറാക്കപ്പെട്ടതായിരുന്നെന്ന് ആ ഗ്രന്ഥങ്ങളിൽ വിവരിച്ചിരിക്കുന്നു. കശ്മീരിൽ ഹദ്റത്ത് ഈസാ (അ)യുടെ ഖബറും കണ്ടെത്തിയിരിക്കയാണ്. അറബിയിലും ഫാർസിയിലും ആയിരക്കണക്കിന് വർഷങ്ങൾക്ക് മുമ്പേ രചിക്കപ്പെട്ട ഗ്രന്ഥങ്ങളും അദ്ദേഹത്തിന്റെ മരണം സാക്ഷ്യപ്പെടുത്തുകയും ഖബർ കാശ്മീരിലാണെന്ന് പറയുകയും ചെയ്തിട്ടുണ്ട്.

ഇന്നിതാ പുതിയൊരു വാർത്ത നമുക്ക് ലഭിച്ചിരിക്കുന്നു. അത് മുസ്ലിംകൾക്കായി ഇന്ന് പെരുന്നാളൊരുക്കിയിരിക്കുകയാണ്. ഈ അടുത്ത കാലത്ത് യറുശലേം എന്ന സ്ഥലത്ത് നിന്നും പത്രോസ് ഹവാരിയുടെ ഒപ്പോടുകൂടിയ പൗരാണിക അറബി ഭാഷയിൽ രേഖപ്പെടുത്തിയ ഒരു കത്ത് കിട്ടിയിരിക്കുന്നു. അത് എന്റെ **കിശ്തി നൂഹ്** എന്ന ഗ്രന്ഥത്തിൽ ഞാൻ ചേർത്തിട്ടുണ്ട്. ഹദ്റത്ത് മസീഹ് കുരിശ് സംഭവത്തിന് ഏകദേശം അമ്പത് വർഷത്തിന് ശേഷം ഈ ലോകത്ത് വെച്ച് തന്നെ മരിച്ചുവെന്ന് അതിൽ നിന്ന് വ്യക്തമാവുന്നു. ആ ലിഖിതം രണ്ട് ലക്ഷം രൂപക്ക് ഒരു ക്രിസ്തീയ കമ്പനി വിലക്ക് വാങ്ങി. പത്രോസിന്റെ കൈപ്പടയാണ് അതെന്ന് സ്ഥിരപ്പെട്ടു കഴിഞ്ഞിരിക്കുന്നു. പ്രബലമായ ഇത്രയധികം തെളിവുകൾ പ്രകടമായി രുന്നിട്ടും ഈസ ഇന്നും ഉടലോടെ ജീവിച്ചിരിക്കുന്നു വെന്ന അന്ധവിശ്വാസത്തിൽനിന്ന് പിന്മാറി നിൽക്കുന്നത് വിഭ്രാന്തിയല്ലെങ്കിൽ മറ്റെന്താണ്?. അനുഭവവേദ്യമാകുന്ന തെളിവുകളെ നിഷേധിക്കുവാൻ ആർക്കും സാധ്യമല്ല.

മുസ്ലിം ലോകമേ, നിങ്ങൾക്കാശംസകൾ! ഇന്ന് നിങ്ങൾക്ക് പെരുന്നാളാണ്. പഴഞ്ചൻ വിശ്വാസം തള്ളിക്കളയുക. ഖുർആൻ അനുസരിച്ചുള്ള വിശ്വാസം ഇനിയെങ്കിലും കൈകൊള്ളുക. ഏറ്റവും ഒടുവിൽ കിട്ടിയ തെളിവ് ഹദ്റത്ത് ഈസായുടെ ഏറ്റവും മഹോന്നതമായ ഹവാരി രേഖപ്പെടുത്തി വെച്ചിട്ടുള്ളതാണ്. തൻെറ സ്വന്തം വാക്കുകളിലദ്ദേഹം ഇങ്ങനെ സാക്ഷിപറയുന്നു,: ഞാൻ ഇബ്നു മർയമിന്റെ സേവകനാണ്. മർയമിന്റെ മകൻ മരിച്ച് മുന്ന് വർഷത്തിന് ശേഷം എന്റെ തൊണ്ണൂറാമത്തെ വയസ്സിലാണ് ഞാൻ ഈ കത്തെഴുതുന്നത്. പത്രോസിന്റെയും ഈസയുടെയും ജന്മദേശം അടുത്തടുത്താണെന്ന് വലിയ വലിയ ക്രിസ്തീയ പണ്ഡിതന്മാരും ചരിത്രവും സമ്മതിക്കുന്നുണ്ട്. കുരിശു സംഭവകാലത്ത് ഹദ്റത്ത് ഈസായുടെ പ്രായം ഏകദേശം മുപ്പത്തിമൂന്നും ഹദ്റത്ത് പത്രോസിന്റെ പ്രായം മുപ്പതിനും നാൽപ്പതിനും ഇടക്കുമായിരുന്നു.

(നദ്വത്തുകാർക്കൊരുപഹാരം)


# മസീഹ് മൗഊദ് ദിനം

ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..)
ഖലീഫത്തുൽ മസീഹ് V

(23-03-2012 ന് ഖലീഫത്തുൽ മസീഹ് ബൈത്തുൽ ഫുതൂഹിൽ (ലണ്ടൻ) നിർവഹിച്ച ജുമുഅ ഖുത്ബ്ബയുടെ സംഗ്രഹം.)

ഇന്ന് അഹ്മദിയ്യാ ജമാഅത്തിനെ സംബന്ധിച്ചിടത്തോളം വളരെയധികം സന്തോഷത്തിന്റെയും അനുഗ്രഹത്തിന്റെയും ദിവസമാണ്. ഇതിൽ ജുമുആയുടെ ബർക്കത്തുകൾ കൂടി ഉൾപ്പെട്ടിരിക്കുന്നു. ഇന്നേക്ക് 123 വർഷം മുമ്പ് ഇസ്‌ലാമിന്റെ പുനർജനനത്തെക്കുറിച്ചുള്ള വിശുദ്ധ ഖുർആന്റെ ഒരു മഹത്തായ പ്രവചനം പുലരുകയുണ്ടായി. അതേപോലെ തിരുനബി (സ) യുടെ പ്രവചനം തിരുദൂതർ വിവരിച്ച രീതിയിൽ പൂർത്തിയാകുകയും ചെയ്തു. വാഗ്ദത്ത മഹ്ദിയുടെയും മസീഹിന്റെയും ആഗമനം ഉണ്ടാവുകയും ചെയ്തു. ബൈഅത്തിന് ആരംഭം കുറിച്ചതിലൂടെ മുമ്പുള്ളവരുമായി ആഖരീങ്ങൾ കൂടിച്ചേരുന്ന ഒരവസ്ഥ സംജാതമാകുകയും ചെയ്തു. നാമും ഈ അനുഗ്രഹം കരസ്ഥമാക്കുന്ന സൗഭാഗ്യവാന്മാരിൽ ഉൾപ്പെടുകയും ചെയ്തു.

ഇന്ന് യഥാർഥത്തിൽ നമ്മുടെ ആത്മ പരിശോധനയുടെ ദിനംകൂടിയാണ്. ബൈഅത്തിന്റെ കടമകൾ നിറവേറ്റിയോ എന്ന ആത്മ പരിശോധനക്കുള്ള ദിനമാണിന്ന്. ബൈഅത്തിന്റെ നിബന്ധനകളെക്കുറിച്ച് ചിന്തിക്കേണ്ട ദിനമാണിന്ന്. നമ്മുടെ പ്രതിജ്ഞ പുതുക്കേണ്ട ദിനംകൂടിയാണിന്ന്. ബൈഅത്തിന്റെ നിബന്ധനകൾ നടപ്പിലാക്കുമെന്ന് ദൃഢ പ്രതിജ്ഞ എടുക്കേണ്ട ദിനമാണിന്ന്. തിരുനബി (സ) യോടുള്ള അല്ലാഹുവിന്റെ വാഗ്ദാനം പൂർത്തിയായ ദിനമാണ് ഇന്ന്. അല്ലാഹുവിനെ സ്തുതിക്കുകയും അവനെ കൂടുതലായി ഇന്ന് സ്തോത്രം ചെയ്യുകയും ചെയ്യുന്നതോടൊപ്പം അല്ലാഹുവിന്റെ പ്രിയ ദാസൻ (സ) ക്ക് കൂടുതൽ സ്വലാത്തും സലാമും അയക്കേണ്ട സുദിനംകൂടിയാണിന്ന്. അതുകൊണ്ട് ഈ പ്രാധാന്യത്തെ എപ്പോഴും നാം മുന്നിൽ കാണേണ്ടതാണ്. ഈ പ്രാധാന്യം ബൈഅത്തിന്റെ ശർത്തുകളെക്കുറിച്ച് പര്യാലോചന നടത്തുന്നതുമായും അത് പ്രാവർത്തികമാക്കുന്നതുമായും ബന്ധപ്പെട്ടുകൊണ്ടിരിക്കുന്നു. ഇതിനെ ഓർമ



പ്പെടുത്തുന്നതിനായി ഇന്ന് ഞാൻ വീണ്ടും നിങ്ങളുടെ മുമ്പാകെ ബൈഅത്തിന്റെ നിബന്ധനകളും ഈ നിബന്ധനകളിലൂടെ ഹദ്റത്ത് മസീഹ് മൗഊദ് (അ) നമ്മിൽ നിന്ന് എന്താണ് ആഗ്രഹിക്കുന്നതെന്നും വിവരിക്കുന്നതാണ്.

**ബൈഅത്തിന്റെ ഒന്നാമത്തെ നിബന്ധന അഥവാ അഹ്മദിയ്യത്തിൽ പ്രവേശിക്കുന്ന വ്യക്തി ആദ്യമായി ഏറ്റുപറയുന്നത് ഇതാണ്. ബൈഅത്ത് ചെയ്യുന്ന വ്യക്തി ഹൃദയാത്മനാ ഇങ്ങനെ പ്രതിജ്ഞ എടുക്കേണ്ടതാണ്. ഇന്ന് മുതൽ ഖബറിൽ പ്രവേശിക്കുന്നതുവരെ ശിർക്കിൽ നിന്നും വിട്ടുനിൽക്കുന്നതാണ്.**

ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു: നാവുകൊണ്ട് വെറും ലാഇലാഹ ഇല്ലല്ലാഹ് എന്നു പറയുകയും മനസ്സിൽ ആയിരക്കണക്കിന് ബിംബങ്ങൾ കുടിയിരുത്തുകയും ചെയ്യുന്നതിന്റെ പേരല്ല തൗഹീദ് അഥവാ ഏകദൈവ വിശ്വാസം. തന്റെ ജോലിക്കും തന്ത്രത്തിനും കാപട്യത്തിനും ഉപായത്തിനും ദൈവത്തിനു കൊടുക്കുന്നതുപോലുള്ള മഹത്ത്വം കൊടുക്കുകയും അതല്ലെങ്കിൽ അല്ലാഹുവിൽ വിശ്വാസമർപ്പിക്കുന്നതുപോലെ ഏതെങ്കിലും മനുഷ്യനിൽ വിശ്വാസമർപ്പിക്കുകയോ അല്ലാഹുവിനു കൊടുക്കേണ്ടുന്ന രീതിയിൽ സ്വയം തനിക്ക് മഹത്ത്വം കൽപ്പിക്കുകയോ ചെയ്താൽ അത് അല്ലാഹുവിന്റെ പക്കൽ ബിംബാരാധനയാണ്. സ്വർണംകൊണ്ടോ, വെള്ളികൊണ്ടോ, പിച്ചളകൊണ്ടോ, കല്ലുകൊണ്ടോ നിർമിക്കപ്പെടുകയും എന്നിട്ടതിനെ ആശ്രയിക്കുകയും ചെയ്യുന്നത് മാത്രമല്ല ബിംബങ്ങൾ; ദൈവത്തിന് അവകാശപ്പെട്ട മഹത്ത്വം തന്റെ കർമംകൊണ്ടും വാക്കുകൊണ്ടും എന്തിനൊക്കെ നൽകുന്നുണ്ടോ അതെല്ലാം ദൈവദൃഷ്ടിയിൽ ബിംബമാണ്... ഏതൊരു യഥാർഥ തൗഹീദിന്റെ പ്രതിജ്ഞയാണോ അല്ലാഹു നമ്മളിൽ നിന്ന് ആഗ്രഹിക്കുന്നത്, ഏതൊരു പ്രതിജ്ഞയുമായിട്ടാണോ മോക്ഷം ബന്ധപ്പെട്ടിരിക്കുന്നത് അതിതാകുന്നു; അതായത്, അല്ലാഹുവിനെ അവന്റെ സത്തയിൽ എല്ലാ പങ്കാളികളിൽ നിന്നും അത് ബിംബമാകട്ടെ, മനുഷ്യനോ സൂര്യനോ ചന്ദ്രനോ ആകട്ടെ, സ്വന്തം ശരീരേച്ഛയാകട്ടെ, സ്വന്തം ഉപായമാകട്ടെ, തന്ത്രമാകട്ടെ കാപട്യമാകട്ടെ- അതീതനായി മനസ്സിലാക്കുക. അവനെതിരിൽ ആരേയും സർവശക്തനായി കരുതാതിരിക്കുക, ഉപജീവനം നൽകുന്നവനായി അംഗീകരിക്കാതിരിക്കുക. മറ്റൊന്ന് സ്വസ്നേഹം അവനുമായി മാത്രം പ്രത്യേകപ്പെടുത്തുക എന്നതാണ്. തന്റെ ആരാധന അവനുമാത്രം ആക്കി മാറ്റുക. അവനെ മാത്രം ഭയപ്പെടുക. മൂന്നുതരത്തിലുള്ള പ്രത്യേകപ്പെടുത്തലുകൾ കൂടാതെ ഒരു തൗഹീദും പൂർണമാകുകയില്ല. ഒന്നാമത്തേത്, സത്തയുടെ അടിസ്ഥാനത്തിലുള്ള തൗഹീദ്. അതായത് അവനെതിരിൽ മറ്റുള്ളതെല്ലാം ഒന്നുമല്ല എന്ന നിലയിൽ മനസ്സിലാക്കുക. മറ്റുള്ളതെല്ലാം നശിക്കുന്നതും വ്യർഥവുമായിട്ട് കരുതുക. രണ്ടാമത്തേത് വിശേഷഗുണങ്ങളുടെ അടിസ്ഥാനത്തിലുള്ള തൗഹീദ്. അതായത് പരിപാലനത്തിന്റെയും ദൈവത്വത്തിന്റെയും വിശേഷഗുണങ്ങൾ സ്രഷ്ടാവിനല്ലാതെ മറ്റാർക്കും കൊടുക്കാതിരിക്കുക. ബാഹ്യമായി കാണുന്ന വിവിധയിനം പരിപാലനങ്ങളും ലഭ്യമാകുന്ന സമൃദ്ധികളും അവന്റെതന്നെ കൈകൊണ്ടുള്ള ഒരു വ്യവസ്ഥിതിയാണെന്ന് ദൃഢമായും വിശ്വസിക്കുക. മൂന്നാമത്തേത് സ്വസ്നേഹത്തിന്റെയും

സത്യസന്ധതയുടെയും പരിശുദ്ധിയുടെയും അടിസ്ഥാനത്തിലുള്ള തൗഹീദ്. സ്നേഹം തുടങ്ങിയുള്ള ദാസത്വത്തിന്റെ ചിഹ്നങ്ങളിൽ, മറ്റുള്ളവരെ അല്ലാഹുവിനോട് പങ്കുചേർക്കാതിരിക്കുക. അവനിൽതന്നെ വിലയം ചെയ്യുക. ബൈഅത്തിന്റെ രണ്ടാമത്തെ നിബന്ധന ഇതാണ്:

**കളവ്, വ്യഭിചാരം, ദുർനോട്ടം, എല്ലാ വിധത്തിലുമുള്ള ദുഷ്കർമങ്ങൾ, ചതി, പരദ്രോഹം, വിശ്വാസവഞ്ചന, സമാധാന ഭംഗമുണ്ടാക്കൽ, രാജ്യദ്രോഹം തുടങ്ങിയ മാർഗങ്ങളിൽ നിന്ന് ദൂരപ്പെട്ടിരിക്കുന്നതും എന്തുതന്നെ വികാരാവേശങ്ങൾ വന്നാലും ശരീരേച്ഛകൾക്ക് അടിപ്പെട്ടു പോകാതിരിക്കുന്നതുമാണ്.**

ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു: സത്യനിഷ്ഠയ്ക്ക് ഭംഗം വരുത്തുന്ന സ്വാർഥപരമായ ഉദ്ദേശ്യങ്ങളിൽ നിന്ന് വേർപ്പെടാതിരിക്കുന്ന കാലത്തോളം മനുഷ്യനു യഥാർഥത്തിൽ സത്യസന്ധനായിത്തീരുവാൻ സാദ്ധ്യമല്ല. അവൻ തനിക്കു ദോഷം വരാത്ത കാര്യങ്ങളെ സംബന്ധിച്ചിടത്തോളം സത്യം പറയുകയും, തന്റെ അഭിമാനത്തിനോ മുതലിനോ ജീവനോ ഹാനി വരുമെന്നു കാണുന്ന ഘട്ടത്തിൽ കള്ളം പറയുകയോ സത്യം പറയാതെ മൗനം ദീക്ഷിക്കുകയോ ചെയ്യുകയും ചെയ്യുന്നുവെങ്കിൽ, അവനു കേവലം ശിശുവിനേക്കാളും ഭ്രാന്തനേക്കാളും ഒരു മേന്മയുമില്ല. ബാഹ്യമായ ഒരു പ്രേരണയും കൂടാതെ വെറുതെ കളവ് പറയുന്നവരായി നാം ആരേയും കാണുകയില്ല. എന്നാൽ, ആപത്തു നേരിടുമെന്ന് കാണുന്ന ഘട്ടത്തിൽ സത്യനിഷ്ഠയെ ഉപേക്ഷിക്കുകയെന്നത് യഥാർഥ സൽസ്വഭാവത്തിനു കേവലം വിരുദ്ധമാകുന്നു. സ്വന്തം ജീവനോ സമ്പത്തോ അഭിമാനമോ സന്ദിഗ്ദ്ധാവസ്ഥയിലാകുമ്പോഴാണ് സത്യം പറയുന്നതിന് ഏറ്റവും ഘനവത്തായ അവസരം.

നിങ്ങൾ വ്യഭിചാരത്തെ സമീപിക്കരുത്. അതായത് ആ വിചാരം ഉളവാക്കാൻ ഇടയുള്ള സന്ദർഭങ്ങളിൽ നിന്നും ആ പാപം സംഭവിച്ചേക്കുമെന്ന് ശങ്കയുള്ള വഴികളിൽ നിന്നും അകന്നിരിക്കുവിൻ. ഇക്കാലത്തുള്ള ടി.വി. പ്രോഗ്രാമുകളും ചില ചാനലുകളും ഇന്റർനെറ്റിലെ ചില പ്രോഗ്രാമുകളും എല്ലാം അതിലേക്ക് നമ്മെ കൊണ്ടുപോകുന്നതാണ്. ദൃഷ്ടിക്കും ഒരുതരം വ്യഭിചാരമുണ്ട്. അതിൽ നിന്നും വിട്ടുനിൽക്കേണ്ടതാണ്. തിന്മയിലേക്ക് കൊണ്ടുപോകുന്ന എല്ലാതരം കാര്യങ്ങളിൽ നിന്നും വിട്ടു നിൽക്കേണ്ടതാണ്. പറയുന്നു. വ്യഭിചാരം ഘോരമായ അപരാധമാകുന്നു. അത് വഷളായ മാർഗവുമാകുന്നു. അതായത് അതു ലക്ഷ്യസ്ഥാനത്തെ അകറ്റിക്കളയുന്നതും അഭിലഷിതമായ പൂർണതയ്ക്ക് ഹാനികരമായിരിക്കുന്നതുമത്രെ. നിങ്ങളുടെ അന്തിമ ലക്ഷ്യം എന്തായിരിക്കണം, അത് അല്ലാഹുവിന്റെ പ്രീതിയാണ്. ഇതാണ് നമ്മുടെ ലക്ഷ്യസ്ഥാനം. ഇതിൻ വ്യഭിചാരം വലിയ തടസ്സമായി മാറുന്നു.

ഇതിലെ മറ്റു നിബന്ധനകളും ഉണ്ട്. ഉദാഹരണമായി ദുർനോട്ടമാണ്

**ഹദ്റത്ത് വാഗ്ദത്ത മസീഹ്(അ)പറയുന്നു: മനുഷ്യപ്രകൃതിയുടെ തേട്ടങ്ങളും ബലഹീനതകളും മുന്നിൽ കണ്ടു കൊണ്ട് വിശുദ്ധഖുർആൻ താഴെ പറയുന്ന പാഠം നല്കുന്നു അത് എത്ര നല്ല മാർഗമാണ് സ്വീകരിച്ചിട്ടുള്ളത്!**

**സത്യവിശ്വാസികളായ പുരുഷൻമാരോട് നീ പറയുക, അവർ തങ്ങളുടെ ദൃഷ്ടികൾ താഴ്ത്തുകയും തങ്ങളുടെ സുഷിരങ്ങൾ സൂക്ഷിക്കുകയും ചെയ്തുകൊള്ളട്ടെ, അവരുടെ ആത്മാക്കൾ പരിശുദ്ധമാകുന്നതിനുള്ള കർമമാണിത്. സുഷിരങ്ങൾകൊണ്ടുള്ള ഉദ്ദേശ്യം രഹസ്യസ്ഥാനം മാത്രമല്ല. പ്രത്യുത, ചെവി തുടങ്ങിയ ഓരോ സുഷിരവും അതിൽപെടും. അതിൽ അന്യസ്ത്രീകളുടെ സംഗീതവും മറ്റും കേൾക്കുന്നതും വിരോധിച്ചിരിക്കുന്നു .അല്ലാഹു തആല തടയുന്ന കാര്യങ്ങൾ അവസാനം എന്തായാലും മനുഷ്യനും തടയേണ്ടിവരുമെന്നകാര്യംആയിരക്കണക്കിന് അനുഭവങ്ങളുടെ വെളിച്ചത്തിൽ സ്ഥാപിതമായിട്ടുള്ളതാണെന്ന് ഓർക്കുക.**

ആ മഹാത്മാവ് തുടർന്ന് പറയുന്നു. നിബന്ധനകൾ പാലിക്കുക എന്നത് പുരുഷനും സ്ത്രീക്കും ഒരു പോലെ ഇസ്ലാം നിർബന്ധമാക്കിയിരിക്കുന്നു. പർദ ധരിക്കുക എന്ന കൽപന സ്ത്രീകൾക്കുള്ളതുപോലെ ദൃഷ്ടികൾ താഴോട്ടാക്കാൻ പുരുഷന്മാർക്കും കൽപന നൽകി. നമസ്ക്കാരം, നോമ്പ്, സക്കാത്ത്, ഹജ്ജ്, അനുവദനീയവും അല്ലാത്തതും തമ്മിലുള്ള വിവേചനം, അല്ലാഹുവിന്റെ കൽപനകൾക്കെതിരിൽ സ്വന്തം ആചാരങ്ങളും നാട്ടുനടപ്പും ഉപേക്ഷിക്കൽ തുടങ്ങിയ നിയന്ത്രണങ്ങളെക്കൊണ്ട് ഇസ്ലാമിന്റെ വാതിൽ അങ്ങേയറ്റം ഇടുങ്ങിയതാണ്. ഇക്കാരണത്താലാണ് എല്ലാ ഓരോരുത്തർക്കും ഈ വാതിലുകളിലൂടെ കടക്കാൻ സാധിക്കാത്തത്. (മൽഫൂദ്വാത്ത് വാള്യം 5, പേജ് 614 പുതിയ പതിപ്പ്)

അവർ ആജ്ഞാലംഘനത്തിലും കുറ്റകൃത്യത്തിലും അതിരുകടക്കുകയും ദൈവകൽപനയെ ഇകഴ്ത്തുകയും അവരിൽ അല്ലാഹുവിന്റെ ചിഹ്നങ്ങളോട് അവമതിപ്പുണ്ടാക്കുകയും ദുൻയാവിലും അതിന്റെ അഴകിലും സൗന്ദര്യത്തിലും ലയിക്കുകയും ചെയ്തപ്പോൾ അല്ലാഹുതആല അവരേയും ഇപ്രകാരം ഹലാക്കുഖാൻ, ചെങ്കീസ്ഖാൻ തുടങ്ങിയവരെക്കൊണ്ട് നശിപ്പിച്ചു. ആ സമയത്ത് ആകാശത്തുനിന്ന് ഇങ്ങനെ അശരീരി കേട്ടിരുന്നുവെന്ന് എഴുതിയിരിക്കുന്നു. നിഷേധികളേ, കുറ്റവാളികളെ കൊല്ലുക.

ചുരുക്കത്തിൽ ആജ്ഞാലംഘകനും കുറ്റകൃത്യം ചെയ്യുന്നവനും ദൈവദൃഷ്ടിയിൽ അവിശ്വാസിയേക്കാളും നിന്ദിതനും വെറുക്കപ്പെട്ടവനുമാണ്. (മൽഫൂദ്വാത്ത്, വാള്യം 3, പേജ് 108 പുതിയ പതിപ്പ്)

ഫസാദിൽ നിന്നും രക്ഷപ്പെടുന്നതിനെക്കുറിച്ച് പറയുന്നു. അല്ലാഹു സ്ഥാപിച്ച ജമാഅത്തിൽ അംഗങ്ങളായി എന്ന കാരണത്താൽ നിങ്ങളെ ഉപേക്ഷിക്കുകയും നിങ്ങളിൽ നിന്ന് മാറിപ്പോവുകയും ചെയ്തവരോട് നിങ്ങൾ വഴക്കും വക്കാണവും ഉണ്ടാക്കാതിരിക്കേണ്ടതാണ്. എന്നല്ല അവർക്കുവേണ്ടി രഹസ്യമായി പ്രാർഥിക്കുക. തന്റെ അനുഗ്രഹം കൊണ്ട് നിങ്ങൾക്ക് അവൻ നൽകിയ ഉൾക്കാഴ്ചയും ഈശ്വരജ്ഞാനവും അവർക്കും നൽകുന്നതിനുവേണ്ടി. നിങ്ങൾ നല്ല മാർഗമാണ് സ്വീകരിച്ചിട്ടുള്ളതെന്ന് നിങ്ങളുടെ പരിശുദ്ധമായ മാതൃകയും സദാചാരവുംകൊണ്ട് തെളിയിച്ചുകാണിക്കുക. നിങ്ങളെ എപ്പോഴും സന്മാർഗത്തിലേക്ക് നയിക്കുന്നതിനുവേണ്ടിയാണ് ഞാൻ നിയോഗിതനായിട്ടുള്ളത്. എല്ലാത്തരം കുഴപ്പങ്ങളിൽ നിന്നും അടിപിടി നടക്കുന്ന സ്ഥലങ്ങളിൽ നിന്നും നിങ്ങൾ അകന്നുനിൽക്കുക. ചീത്തകേട്ടും സഹനം പാലിക്കുക. തിന്മക്കുള്ള മറുപടി നന്മകൊണ്ട് നൽകുക. കുഴപ്പമുണ്ടാക്കാൻ ആരെങ്കിലും നിശ്ചയിച്ചുറച്ചിട്ടുണ്ടെങ്കിൽ നിങ്ങൾ അവിടെനിന്നും മാറിനിൽക്കുന്നതാണുത്തമം. മൃദുവായി മറുപടി നൽകുക. ഈ ജമാഅത്തിലെ ഇന്ന വ്യക്തി ആരെങ്കിലുമായി വഴക്കിട്ടു എന്ന് ഞാൻ കേൾക്കുമ്പോൾ, ആ മാർഗത്തെ ഞാനൊരിക്കലും ഇഷ്ടപ്പെടുന്നില്ല. ലോകത്ത് മാതൃകയായിത്തീരേണ്ട ജമാഅത്ത് ഹൃദയഭക്തിയുടെ വഴിയല്ലാത്ത

അത്തരം വഴി സ്വീകരിക്കുന്നത് അല്ലാഹുവും ആഗ്രഹിക്കുന്നില്ല. ഈ ജമാഅത്തിലായിക്കൊണ്ട് ക്ഷമയോടും സഹനത്തോടുകൂടി പ്രവർത്തിക്കാത്തവൻ ഇതിൽപെട്ടവനല്ലെന്ന് ഓർത്തുകൊള്ളട്ടെ എന്ന് അല്ലാഹു ശക്തമായി പറയുന്നുവെന്ന കാര്യവും ഞാൻ നിങ്ങളെ അറിയിക്കുകയാണ്. എന്നെ ചീത്ത പറയുന്നതുകൊണ്ടായിരിക്കാം ഇത്തരം രോഷവും വിദ്വേഷവും നിങ്ങളിലുണ്ടാകുന്നത്. അതിനാൽ ഇക്കാര്യം അല്ലാഹുവിനെ ഏൽപ്പിക്കുക. നിങ്ങൾക്ക് ഇതിന് തീരുമാനമുണ്ടാക്കാൻ സാധിക്കുകയില്ല. എന്റെ കാര്യം അല്ലാഹുവിന് വിടുക. നിങ്ങൾ ആ ചീത്തകൾ കേട്ടുകൊണ്ട് ക്ഷമയോടും സഹനത്തോടുംകൂടി പ്രവർത്തിക്കുക. (മൽഫൂദ്വാത്ത് വാല്യം 4, പേജ് 187, പുതിയ പതിപ്പ്)

ഇതാണ് ഇന്ന് പാകിസ്താനിലെ അഹ്മദികളോട് പറയുന്നത്. ചീത്തയും അസഭ്യവും പറയുന്നതിൽ അവിടെ അതിരുകൾ അതിലംഘിച്ചിരിക്കുകയാണ്. ഇതിന്റെ ഒരേ ഒരു പരിഹാരമാർഗം ദുആ ചെയ്യുക. കൂടുതലായി ദുആ ചെയ്യുക എന്നത് മാത്രമാണ്.

ശരീരേച്ഛകളിൽ നിന്നും വിട്ടുനിൽക്കേണ്ടതിനെക്കുറിച്ച് പറയുന്നു. ബുദ്ധിയും വിവേകവും സാക്ഷി പറയുകയും ദൈവികഗ്രന്ഥങ്ങൾ അതിനോട് യോജിക്കുകയും ചെയ്യുന്ന കാര്യം വിശ്വസിക്കുക. ദൈവികഗ്രന്ഥങ്ങളിൽ വിഭാഗീയത ഉണ്ടാകുംവിധത്തിൽ ദൈവത്തെ വിശ്വസിക്കരുത്. വ്യഭിചരിക്കരുത്, കളവ് പറയരുത്, ദുർനോട്ടം നടത്തരുത്. എല്ലാത്തരം പാപങ്ങളിൽ നിന്നും കുറ്റകൃത്യങ്ങളിൽ നിന്നും പരദ്രോഹങ്ങളിൽ നിന്നും വിശ്വാസവഞ്ചനകളിൽ നിന്നും കുഴപ്പങ്ങളിൽ നിന്നും രാജ്യദ്രോഹപരമായ മാർഗങ്ങളിൽ നിന്നും വിട്ടുനിൽക്കുക. ശരീരേച്ഛകൾക്ക് അടിപ്പെടരുത്. അഞ്ചുനേരം നമസ്ക്കാരം അനുഷ്ഠിക്കുക. മനുഷ്യപ്രകൃതിയിൽ പരിവർത്തനം വരുന്നത് അഞ്ച് അവസ്ഥകളിൽ തന്നെയാണ്. ആദരണീയരായ നമ്മുടെ നബിയോട് നന്ദിയുള്ളവരായിരിക്കുക. ആ മഹാത്മാവിനുമേൽ സ്വലാത്ത് ചൊല്ലുക. കാരണം ആ മഹാത്മാവ് തന്നെയാണ് ഇരുണ്ടയുഗത്തിനു ശേഷം പുതിയ രീതിയിൽ ദൈവത്തെ തിരിച്ചറിയാനുള്ള വഴി പഠിപ്പിച്ചുതന്നത്.

മൂന്നാമത്തെ നിബന്ധന ഇതാണ്. അല്ലാഹുവിന്റെയും നബി (സ) തിരുമേനിയുടെയും കൽപനകളനുസരിച്ച് അഞ്ചുനേരം നമസ്ക്കാരങ്ങളും കൃത്യമായി നിർവഹിക്കുന്നതും സാധ്യമാകുന്നിടത്തോളം തഹജ്ജുദ് നമസ്ക്കരിക്കുന്നതും നബി (സ) തിരുമേനിയുടെ പേരിൽ സ്വലാത്തും സ്വലാമും ചൊല്ലുന്നതും ദിവസവും തന്റെ കുറ്റങ്ങൾക്കായി മാപ്പിരക്കുന്നതും ഇസ്തിഗ്ഫാർ ചെയ്തുകൊണ്ടിരിക്കുന്നതും ശീലമാക്കുന്നതാണ്. അല്ലാഹുവിന്റെ ഔദാര്യങ്ങളെ ആത്മാർഥമായ സ്നേഹവായ്പോടെ സ്മരിച്ചുകൊണ്ടിരിക്കുന്നതും ദൈവസ്മരണയും (ദിക്റെ ഇലാഹി) സ്തോത്രവും (ഹംദ്) നിത്യശീലമാക്കുകയും ചെയ്യുന്നതാണ്. ആ മഹാത്മാവ് പറയുന്നു. എന്റെ ജമാഅത്തിൽ പെട്ടവരാണെന്ന് വിചാരിക്കുന്ന അല്ലയോ ജനങ്ങളേ, ഭയഭക്തിയുടെ വഴിയിൽ ചലിക്കുമ്പോൾ മാത്രമേ നിങ്ങൾ എന്റെ ജമാഅത്തിൽ പെട്ടവരായി ആകാശത്ത് ഗണിക്കപ്പെടുകയുള്ളൂ. അതുകൊണ്ട് നിങ്ങൾ അഞ്ചുനേര നമസ്ക്കാരങ്ങൾ അല്ലാഹുവിനെ കാണുന്നുണ്ടെന്നോണം ദൈവഭയത്തോടും മനസ്സാന്നിധ്യത്തോടുംകൂടി അനുഷ്ഠിക്കുവിൻ. നിങ്ങളുടെ നോമ്പുകളെ അല്ലാഹുവിനുവേണ്ടി സത്യഹൃദയത്തോടെ പൂർത്തിയാക്കുവിൻ. സക്കാത്ത് കൊടുക്കാൻ അർഹരായവർ സക്കാത്ത് കൊടുക്കുവിൻ. ഹജ്ജ് ചെയ്യുവിൻ. നന്മകൾ, അതിനോട് ഇഷ്ടം തോന്നുമാറ് അനുവർത്തിക്കുകയും തിന്മകൾ അതിനോട് വെറുപ്പ് തോന്നുംവിധം കൈവെടിയുകയും ചെയ്യുവിൻ. ഭക്തിശൂന്യമായ ഒരു കർമവും ദൈവത്തോളം എത്തുകയില്ലെന്ന് നിങ്ങൾ ഓർത്തുകൊള്ളുവിൻ. എല്ലാ നന്മകളുടേയും വേര് ഭയഭക്തിയാകുന്നു. ഏതൊരു കർമത്തിൽ ഈ വേര് നഷ്ടപ്പെടുന്നില്ലയോ ആ കർമവും നശിച്ചുപോകുന്നതല്ല. (കിശ്ത്തി നൂഹ്, റൂഹാനീ ഖസായിൻ, വാല്യം 19, പേജ് 15).

ആ മഹാത്മാവ് പറഞ്ഞു. നമസ്കാരം മുഖേന ആകാശം മനുഷ്യന്റെ മുമ്പിൽ കുനിയുന്നു. (നമസ്കാരത്തിന്റെ കടമ നിറവേറ്റിയാൽ അല്ലാഹു നമ്മുടെ സമീപത്തേക്ക് വരുന്നു.) നമസ്കാരത്തിനോടുള്ള കട നിറവേറ്റുന്നവൻ താൻ മരിച്ചുപോയിരിക്കുന്നുവെന്ന് കരുതുന്നു. ഇപ്രകാരം അവന്റെ ആത്മാവ് ഉരുകി ദൈവസവിധത്തിൽ വീഴുന്നു. ഏതൊരു വീട്ടിലാണോ ഇത്തരം നമസ്ക്കാരമുള്ളത് അതൊരിക്കലും നശിക്കുകയില്ല. നൂഹിന്റെ കാലഘട്ടത്തിൽ നമസ്ക്കാരമുണ്ടായിരുന്നെങ്കിൽ ആ ജനത നശിക്കുമായിരുന്നില്ല എന്ന് ഹദീഥിൽ വന്നിരിക്കുന്നു. ഹജ്ജും മനുഷ്യന് സോപാധികമാണ്. നോമ്പും സക്കാത്തും അതുപോലെതന്നെ. എന്നാൽ നമസ്ക്കാരം സോപാധികമല്ല. എല്ലാം ഒരു വർഷത്തിൽ ഓരോരോ പ്രാവശ്യമാണ് നടക്കുന്നത്. എന്നാൽ, നമസ്ക്കാരം നിത്യവും അഞ്ചുതവണ അനുഷ്ഠിക്കണമെന്നാണ് കൽപന. അതിനാൽ പൂർണമായും നമസ്ക്കാരം അനുഷ്ഠിക്കാത്തിടത്തോളം അതിൽ നിന്ന് ലഭ്യമാകുന്ന അനുഗ്രഹവുമുണ്ടാവുകയില്ല. ഈ ബൈഅത്ത് കൊണ്ടും ഒരു ഫലവും ലഭിക്കുകയില്ല. (മൽഫൂദ്വാത്ത്, വാല്യം3, പേജ് 627, പുതിയ പതിപ്പ്)

തഹജ്ജുദിനെക്കുറിച്ച് പറയുന്നു. അല്ലാഹു നിങ്ങൾക്ക് അവന്റെ വഴി കാണിച്ചുതരുന്നതിനായി രാത്രികാലങ്ങളിൽ എഴുന്നേൽക്കുകയും പ്രാർഥിക്കുകയും ചെയ്യുക. നബി (സ) തിരുമേനിയുടെ സ്വഹാബിമാരും ഘട്ടം ഘട്ടമായിട്ടാണ് ശിക്ഷണം പ്രാപിച്ചത്. ആദ്യം അവർ എന്തായിരുന്നു. ഒരു കർഷകൻ വിതച്ച വിത്തുപോലെയായിരുന്നു അവർ. പിന്നീട് നബി (സ) അതിനുള്ള വെള്ളം കൊടുത്തു. ആ ദിവ്യാത്മാവ് അവർക്കായി പ്രാർഥിച്ചു. വിത്ത് നല്ലതായിരുന്നു. മണ്ണ് വളക്കൂറുള്ളതും. വെള്ളം കോരി നനച്ചപ്പോൾ അതിൽ നല്ല ഫലമുണ്ടായി. നബി (സ) തിരുമേനി നടന്നതുപോലെ അവർ നടന്നു. അവർ രാവോ പകലോ പ്രതീക്ഷിച്ചിരിക്കാറുണ്ടായിരുന്നില്ല. നിങ്ങൾ സത്യഹൃദയത്തോടെ പശ്ചാത്തപിച്ചു മടങ്ങുക. തഹജ്ജുദിന് എഴുന്നേൽക്കുക. പ്രാർഥനയിൽ മുഴുകുക. മനസ്സ് നേരെയാക്കി വെക്കുക. ബലഹീനതകളെല്ലാം അകറ്റുക. അല്ലാഹുവിന്റെ തൃപ്തിക്കനുസരിച്ച് നിങ്ങളുടെ വാക്കും പ്രവൃത്തിയും ആക്കിത്തീർക്കുക. (മൽഫൂദ്വാത്ത് വാല്യം 1, പേജ് 28)

സ്വലാത്ത് ചൊല്ലുന്നതിനെക്കുറിച്ച് പറയുന്നു. മനുഷ്യൻ യഥാർഥത്തിൽ അടിമയാണ്. ഉടമസ്ഥൻ നൽകുന്ന കൽപന സ്വീകരിക്കുക എന്നതാണ് അടിമയുടെ ജോലി. ഇപ്രകാരം നബി (സ) യുടെ കൃപാവരം ലഭിക്കണമെന്ന് നിങ്ങളാഗ്രഹിക്കുന്നുവെങ്കിൽ ആ മഹാത്മാവിന്റെ അടിമത്തം സ്വീകരിക്കേണ്ടത് അനിവാര്യമാണ്. വിശുദ്ധ ഖുർആനിൽ അല്ലാഹു പറയുന്നു. പറയുക തങ്ങളുടെ സ്വന്തം ആത്മാക്കളോട് അമിതത്വം പ്രവർത്തിച്ച എന്റെ ദാസരേ.

ഇവിടെ ദാസർ എന്നതുകൊണ്ടുള്ള ഉദ്ദേശ്യം അടിമകൾ തന്നെയാണ്. സൃഷ്ടി എന്നല്ല. റസൂൽ (സ) ന്റെ അടി

മയായിത്തീരാൻ ആ മഹാത്മാവിന്റെ മേൽ സ്വലാത്ത് ചൊല്ലേണ്ടതും ആ മഹാത്മാവിന്റെ ഒരു കല്പനയും ധിക്കരിക്കാതിരിക്കേണ്ടതും സകല കല്പനകളും പാലിക്കേണ്ടതും നിർബന്ധമാണ്. (ബദ്ർ, 24.4.1903)

ഇസ്തിഗ്ഫാറിനെക്കുറിച്ച് പറയുന്നു. അല്ലാഹുവിൽ നിന്ന് ശക്തി തേടുമ്പോൾ അതായത് പാപമോചനത്തിനായി പ്രാർഥിക്കുമ്പോൾ പരിശുദ്ധാത്മാവിന്റെ സഹായത്താൽ അവന്റെ ദൗർബല്യം അകലുന്നതാണ്. പാപം ചെയ്യുന്നതിൽ നിന്ന് രക്ഷപ്പെടുകയും ചെയ്യും; അല്ലാഹുവിന്റെ നബിയും റസൂലും രക്ഷപ്പെടുന്നതുപോലെ. പാപികളായിത്തീർന്നിട്ടുള്ളവരുണ്ടെങ്കിൽ പാപത്തിന്റെ ദുഷ്ഫലങ്ങളിൽ നിന്ന് (ശിക്ഷയിൽ നിന്ന്) ഇസ്തിഗ്ഫാർ അവരെ രക്ഷിക്കുന്നു. അബദ്ധത്തിൽ പാപം ചെയ്തുപോയിട്ടുണ്ടെങ്കിൽ തന്നെ അതിന്റെ ശിക്ഷയിൽ നിന്നും മനുഷ്യൻ രക്ഷപ്പെടുന്നതാണ്. പ്രകാശം വരുമ്പോൾ അന്ധകാരം അവശേഷിക്കുകയില്ലല്ലോ. ഇസ്തിഗ്ഫാർ ചെയ്യാത്ത കുറ്റവാളികൾ അതായത് അല്ലാഹുവിൽ നിന്ന് ശക്തി തേടാത്തവർ തങ്ങളുടെ കുറ്റ കൃത്യങ്ങൾക്കുള്ള ശിക്ഷ ഏറ്റുവാങ്ങിക്കൊണ്ടിരിക്കുന്നു. (കിശ്തി നൂഹ്, റൂഹാനീ ഖസായീൻ, വാള്യം 19, പേജ് 34).

ബൈഅത്തിന്റെ നാലാമത്തെ നിബന്ധന ഇതാണ്. ശാരീരിക ദുരാവേശങ്ങൾക്കടിപ്പെട്ടുകൊണ്ട് ആർക്കുംതന്നെ, ദൈവസൃഷ്ടികൾക്ക് പൊതുവായും മുസ്ലിംകൾക്ക് പ്രത്യേകിച്ചും നാവുകൊണ്ടോ കൈകൊണ്ടോ മറ്റു പ്രകാരത്തിലോ അന്യായമായ യാതൊരു ക്ലേശവും ഉണ്ടാക്കുന്നതല്ല.

ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു.

സൽഗുണങ്ങളിൽ ഒന്നാമത്തേത്. അഫ്വ് അഥവാ ക്ഷമാഗുണം ആകുന്നു. അതായത് കുറ്റത്തെ ക്ഷമിച്ചു കൊടുക്കുന്ന സ്വഭാവം. ദ്രോഹം ചെയ്യുന്നവൻ യഥാർഥത്തിൽ കുറ്റം ചെയ്യുകയാകുന്നു. ആ കുറ്റത്തിന് അവനെ ന്യായവിധി കൊണ്ട് ശിക്ഷിപ്പിക്കുകയോ തടവിലിടുവിക്കുകയോ പിഴയിടുവിപ്പിക്കുകയോ അഥവാ സങ്കടക്കാരൻ താൻതന്നെ അവനെ ശിക്ഷിക്കുകയോ ചെയ്യേണ്ടതാണ്. എന്നാൽ, അവനു കുറ്റം ക്ഷമിച്ചു കൊടുക്കുന്നതു നന്നായിരിക്കുമെങ്കിൽ, പ്രതിക്രിയയ്ക്കുള്ള അവകാശം ഉപേക്ഷിച്ചു അപ്രകാരം മാപ്പ് ചെയ്യുന്നത് പരമാർഥത്തിൽ അവനു ചെയ്യുന്ന നന്മയായിരിക്കും. ഇതിനെക്കുറിച്ച് വിശുദ്ധ ഖുർആൻ നൽകുന്ന പാഠം ഇതാണ്.

**സന്ദർഭം നോക്കി ക്രോധത്തെ അടക്കുന്നവരും ജനങ്ങൾക്ക് ക്ഷമിച്ചു കൊടുക്കുന്നവരും നന്മ ചെയ്യുന്നവരാകുന്നു.(3:135)** ദോഷത്തിനുള്ള പ്രതിക്രിയ തത്തുല്യമായ ശിക്ഷയാകുന്നു. എന്നാൽ ഏതൊരുവൻ മാപ്പ് നൽകുകയും അതുവഴി നന്മ വരുത്തുകയും ചെയ്യുന്നുവോ മാപ്പ് ചെയ്യേണ്ട ശരിയായ ഘട്ടത്തിൽ ക്ഷമിച്ചുകൊടുക്കുന്നുവോ അവനു ദൈവത്തിന്റെ പക്കൽ അതിനുള്ള പ്രതിഫലമുണ്ട് (42:41)

വീണ്ടും പറയുന്നു. മനുഷ്യൻ ദുഷ്ടനാകരുത്. നാണംകെട്ട പ്രവർത്തികൾ ചെയ്യരുത്. സൃഷ്ടികളോട് ദുഷ്പെരുമാറ്റം കാണിക്കരുത്. സ്നേഹത്തോടും നന്മയോടും കൂടി പെരുമാറുവിൻ. സ്വാർത്ഥോദ്ദേശ്യം കാരണത്താൽ ആരോടും വിദ്വേഷം വെച്ചു പുലർത്തരുത്. കഠിനസ്വഭാവവും മൃദുലസ്വഭാവവും സന്ദർഭോചിതമായും അവസരത്തിനൊത്തും പ്രകടിപ്പിക്കുക.

ദൈവശിക്ഷ ഇറങ്ങി പശ്ചാത്താപത്തിന്റെ വാതിൽ അടയ്ക്കുന്നതിനു മുമ്പേ മാനസാന്തരപ്പെടുവിൻ. മനുഷ്യനിർമിതമായ നിയമത്തെ വല്ലാതെ ഭയക്കുന്നുവെങ്കിൽ അല്ലാഹുവിന്റെ നിയമത്തെ ഭയക്കാതിരിക്കാൻ എന്തു കാരണമാണുള്ളത്. നാശം തലയ്ക്കുമീതെ വന്നുപതിച്ചാൽ അതിന്റെ രുചി അനുഭവിച്ചറിയേണ്ടതായിത്തന്നെ വരും. ഓരോരുത്തരും തഹജ്ജുദ് നമസ്ക്കാരത്തിന് എഴുന്നേൽക്കാൻ ശ്രമിക്കേണ്ടതാണ്. അഞ്ചുനേര നമസ്ക്കാരങ്ങളിലും ഖുനൂത്ത് കൂട്ടുക. അല്ലാഹുവിനെ വെറുപ്പിക്കുന്ന എല്ലാ കാര്യങ്ങളിൽ നിന്നും പശ്ചാത്തപിച്ചു മടങ്ങുക. അല്ലാഹുവിന്റെ അതൃപ്തിക്ക് കാരണമാകുന്ന സകല ദുഷ്കർമങ്ങളും ഉപേക്ഷിച്ച് പരിശുദ്ധമായ ഒരു മാറ്റം ഉണ്ടാക്കുകയും അതിൽ മുന്നോട്ട് പദമൂന്നുകയും ദൈവഭക്തി കരസ്ഥമാക്കുകയും ചെയ്യുക എന്നതാണ് പശ്ചാത്താപം കൊണ്ട് ഉദ്ദേശിക്കുന്നത്. അതിലും അല്ലാഹുവിന്റെ കരുണയുണ്ടാകുന്നു. സ്വഭാവങ്ങൾ ശുദ്ധീകരിച്ചെടുക്കുവിൻ. വിദ്വേഷം ഉണ്ടാകരുത്. തൽസ്ഥാനം വണക്കവും വിനയവുമെടുക്കട്ടെ. സ്വഭാവങ്ങൾ നേരെയാക്കുന്നതോടൊപ്പം സ്വന്തം കഴിവനുസരിച്ച് ദാനധർമങ്ങൾ കൊടുക്കുകയും ചെയ്യുക.

അതായത്, അവർ ദൈവപ്രീതിക്കായി അഗതികൾക്കും യത്തീമുകൾക്കും തടവുകാർക്കും ഭക്ഷണം കൊടുക്കുന്നു. (76:9) അല്ലാഹുവിന്റെ പ്രീതിക്കുവേണ്ടി മാത്രമാണ് കൊടുക്കുന്നതെന്നും അങ്ങേയറ്റം ഭയാനകമായ ആ നാളിനെ തങ്ങൾ ഭയപ്പെടുന്നുവെന്നും അവർ പറയുകയും ചെയ്യുന്നു. അല്ലാഹു നിങ്ങളോട് ഉദാരതയോടും അനുഗ്രഹത്തോടും കൂടി പെരുമാറാൻ പ്രാർഥനയേയും പശ്ചാത്താപത്തേയും പ്രയോജനപ്പെടുത്തുകയും ദാനധർമങ്ങൾ കൊടുത്തുകൊണ്ടിരിക്കുകയും ചെയ്യുക എന്നാണ് പറഞ്ഞതിന്റെ ചുരുക്കം.(മൽഫൂദാത്ത് വാള്യം1, പേജ് 134-135)

അഞ്ചാമത്തെ നിബന്ധന ഇതാണ്. സന്താപാവസരത്തിലും സന്തോഷവേളകളിലും സുഖത്തിലും കഷ്ടപ്പാടിലും അനുഗ്രഹലബ്ധിയിലും ആപൽഘട്ടത്തിലും എല്ലാ അവസ്ഥകളിലും അല്ലാഹുവിനോട് വിശ്വസ്തത പുലർത്തുകയും ദൈവഹിതത്തിൽ സംതൃപ്തനായിരിക്കുകയും ചെയ്യുന്നതാണ്. ദൈവമാർഗത്തിൽ എല്ലാവിധത്തിലുള്ള മാനഹാനിയും ക്ലേശങ്ങളും വരിക്കുവാൻ സന്നദ്ധനായിരിക്കുന്നതാണ്. എന്തു തന്നെ വിപത്ത് നേരിട്ടാലും മുഖം തിരിച്ചുകളയാതെ മുമ്പോട്ട് കാൽവയ്ക്കുന്നതാണ്.

ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു. മനുഷ്യരിൽ വെച്ച് അല്ലാഹുവിന്റെ പ്രീതിയിൽ ലയിച്ചുചേർന്നിട്ടുള്ള, ആ ഉന്നത പദവി പ്രാപിച്ച മനുഷ്യൻ തന്റെ ജീവൻ വിൽക്കുകയും അല്ലാഹുവിന്റെ പ്രീതി വിലയ്ക്കു വാങ്ങുകയും ചെയ്യുന്നു. ഇത്തരക്കാരുടെ മേലാണ് ദൈവകാരുണ്യമുള്ളത്. അല്ലാഹുവിന്റെ വഴിയിലും അവന്റെ പ്രീതിയുടെ വഴിയിലും ജീവൻ വിൽക്കുന്നവൻ സകല ദുഃഖങ്ങളിൽ നിന്നും മുക്തി നേടുന്നു. ജീവൻ വകവയ്ക്കാതെയുള്ള പ്രവർത്തനം കൊണ്ട് താൻ അല്ലാഹുവിന്റേതാണെന്ന അവസ്ഥയ്ക്കുള്ള തെളിവ് നൽകുന്നു. സ്രഷ്ടാവിനെ അനുസരിക്കുന്നതിനും സൃഷ്ടികളെ സേവിക്കുന്നതിനുമായിട്ട് താൻ സൃഷ്ടിക്കപ്പെട്ടതാണെന്ന് മനസ്സിലാക്കുകയും ചെയ്യുന്നു. (റിപ്പോർട്ട് ജൽസയെ അഅ്ദം മദാഹിബ്, പേജ് 131-132)

വീണ്ടും പറയുന്നു. സത്യവിശ്വാസി ആത്മാർഥതയോടും കൂറു പുലർത്തിക്കൊണ്ടും അവന്റേതായി മാറിയാൽ അല്ലാഹു അവന്റെ വലിയ്യ് ആയിത്തീരും. ഓരോ സത്യവിശ്വാസിയുടെയും അവസ്ഥ ഇതുതന്നെയാണ്. എന്നാൽ ഈമാന്റെ കെട്ടിടം ദ്രവിച്ചതാണെങ്കിൽ

നിസ്സംശയം, അപകടമാണ്. നാം ആരുടേയും മനസ്സിന്റെ അവസ്ഥ അറിയുന്നേയില്ല.....പക്ഷേ, അല്ലാഹുവിന്റേതുമാത്രമായിത്തീർന്നാൽ അല്ലാഹു അവനെ പ്രത്യേകം സംരക്ഷിക്കുന്നു. അവൻ എല്ലാവരുടേയും ദൈവമാണെന്നത് ശരി തന്നെ. എന്നാൽ, തന്നത്താൻ പ്രത്യേകപ്പെടുത്തുന്നവന്റെ മേൽ പ്രത്യേകിച്ച് ദിവ്യജ്യോതിസ്സ് പ്രകടിപ്പിക്കുന്നു. ആത്മാവ് തികച്ചും തവിടുപൊടിയായി, സ്വന്തമായ ഒരു തരിയും ബാക്കിയാക്കാതിരിക്കുക എന്നതാണ് ദൈവത്തിനുവേണ്ടിയുള്ള പ്രത്യേകമാകൽ. അതുകൊണ്ടാണ് ബൈഅത്ത് ചെയ്തതിൽ ഒരിക്കലും അഹങ്കരിക്കരുതെന്ന് ഞാൻ എന്റെ ജമാഅത്തിനോട് ആവർത്തിച്ചാവർത്തിച്ച് പറയുന്നത്. ഹൃദയം ശുദ്ധമല്ലെങ്കിൽ പിന്നീട് കൈയുടെമേൽ കൈവെച്ചുകൊണ്ട് എന്താണ് നേട്ടം. എന്നാൽ, സത്യസന്ധമായിട്ട് ഏറ്റുപറയുന്നവന്റെ വലിയ വലിയ പാപങ്ങളും പൊറുക്കപ്പെടുന്നു. അവന് ഒരു നവജീവൻ ലഭിക്കുന്നു. (മൽഫൂദ്വാത്ത്, വാള്യം3, പേജ് 65, പുതിയ പതിപ്പ്).

ആറാമത്തെ നിബന്ധന, എല്ലാ തരിത്തിലുള്ള ദുരാചാരങ്ങളിൽ നിന്നും ദുരാഗ്രഹങ്ങളിൽ നിന്നും സ്വയം ഒഴിഞ്ഞുമാറുന്നതും വിശുദ്ധ ഖുർആന്റെ എല്ലാ ആജ്ഞകൾക്കും പൂർണമായി വിധേയനായിരിക്കുന്നതും എല്ലാ വഴികളിലും ദൈവവചനങ്ങൾക്കും തിരുനബി (സ) യുടെ വചനങ്ങൾക്കും അനുസൃതമായി ചരിക്കുന്നതുമാകുന്നു.

ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു. അല്ലാഹു വിശുദ്ധ ഖുർആനിൽ പറയുന്നു.

അല്ലാഹുവിന്റെ സ്നേഹിതനായിത്തീരാൻ, അല്ലാഹുവിന്റെ റസൂലിനെ പിൻപറ്റുക എന്ന ഒരു മാർഗമേയുള്ളൂ. (3:30) നിങ്ങളെ അല്ലാഹുവുമായി ബന്ധപ്പെടുത്താൻ മറ്റൊരു മാർഗവുമില്ല. മനുഷ്യന്റെ അടിസ്ഥാന ഉദ്ദേശ്യം പങ്കാളിയില്ലാത്ത ഏകനായ ദൈവത്തെ അന്വേഷിക്കുക എന്നതായിരിക്കണം. ബഹുദൈവ വിശ്വാസത്തേയും അനാചാരത്തേയും വർജിക്കേണ്ടതാണ്. അനാചാരങ്ങൾക്ക് വിധേയനും ഇന്ദ്രിയാശകളെ പിൻപറ്റുന്നവനുമാകരുത്. ഞാൻ വീണ്ടും പറയുന്നു. അല്ലാഹുവിന്റെ റസൂലിന്റെ സത്യമായ മാർഗം കൂടാതെ ഒരു പ്രകാരത്തിലും മനുഷ്യന് വിജയിക്കാനൊക്കുകയില്ല. നമുക്കുള്ളത് ഒരേയൊരു റസൂലും ആ റസൂലിന് ഇറങ്ങിയ വിശുദ്ധ ഖുർആനും മാത്രമാണ്. അതിനെ പിൻപറ്റുന്നതിലൂടെ നമുക്ക് ദൈവത്തെ പ്രാപിക്കാൻ കഴിയും. ഇക്കാലത്തെ ഫഖീർമാർ കൊണ്ടുവന്നിരിക്കുന്ന മാർഗങ്ങളും, സിംഹാസനാരൂഢരുടേയും ഏതെങ്കിലും സിദ്ധന്റെ പീഠത്തിലിരിക്കുന്നവരുടേയും സയ്ഫികളും (ഒരു മന്ത്രം, ഇത് ജപിച്ച് വാളിന്റെ മുനയിൽ ഊതിയാൽ ശത്രു മരിക്കുമത്രെ) പ്രാർഥനകളും ശുഭാശംസകളും, ജപങ്ങളുമെല്ലാം മനുഷ്യനെ നേരായ മാർഗത്തിൽ നിന്ന് വ്യതിചലിപ്പിക്കുന്നതിനുള്ള ആയുധങ്ങളാണ്. അതുകൊണ്ട് നിങ്ങളത് വർജിക്കുക. അവർ നബി (സ) യുടെ ഖാത്തമുൽ അമ്പിയാഅ് എന്ന സീൽ പൊട്ടിക്കാനാഗ്രഹിച്ചു. അതായത് തങ്ങളുടേതായ മറ്റൊരു ശരീഅത്തുണ്ടാക്കി. നിങ്ങൾ ഓർമിച്ചുകൊള്ളുക. വിശുദ്ധ ഖുർആനേയും നബി (സ) യുടെ ഉപദേശങ്ങളേയും അനുസരിക്കുകയും നമസ്ക്കാരം നോമ്പ്, തുടങ്ങിയവഅനുഷ്ഠിക്കുകയും ചെയ്യുക. അത് സുന്നത്താക്കപ്പെട്ട മാർഗമാണ്. കൂടാതെയും അല്ലാഹുവിന്റെ അനുഗ്രഹങ്ങളുടെ കവാടങ്ങൾ തുറക്കാൻ മറ്റൊരു താക്കോൽ ഇല്ലതന്നെ. ഈ മാർഗങ്ങളെ ഉപേക്ഷിച്ചുകൊണ്ട് മറ്റെന്തെങ്കിലും മാർഗം കണ്ടുപിടിക്കുന്നവൻ മഠയനാണ്. അല്ലാഹുവും റസൂലും പറഞ്ഞിട്ടുള്ളതിനെ പിൻപറ്റാത്തവനും മറ്റ് സൃഷ്ടികളിലൂടെ അവനെ തിരഞ്ഞുനടക്കുന്നവനും പരാജിതനായി മരിക്കും.(മൽഫൂദ്വാത്ത് വാള്യം 3, പേജ് 102,103)

ഏഴാമത്തെ നിബന്ധന ഇതാണ്. അഹംഭാവം, മിഥ്യാഭിമാനം മുതലായവ പൂർണമായും ഉപേക്ഷിക്കുകയും വിനീതവും ലളിതവും സംസ്കാരപൂർണവും ശാന്തവും അനാഡംബരവുമായ ജീവിതം നയിക്കുകയും ചെയ്യുന്നതാണ്.

അഹങ്കാരത്തെക്കുറിച്ച് ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു. ഞാൻ സത്യമായും സത്യമായും പറയുന്നു. പുനരുത്ഥാനനാളിൽ ബഹുദൈവവിശ്വാസത്തിനുശേഷം അഹങ്കാരംപോലെ മറ്റൊരു നാശമുണ്ടാവുകയില്ല. ഇരുലോകങ്ങളിലും മനുഷ്യനെ അപമാനിക്കുന്ന വിപത്താണിത്. അല്ലാഹുവിന്റെ കാരുണ്യം എല്ലാ ഓരോ ഏകദൈവവിശ്വാസിക്കും മുൻകരുതലാകുന്നു; അഹങ്കരിക്കില്ല. അല്ലാഹുവിനെ വിശ്വസിക്കുന്നവന് അത് ഗുണം ചെയ്യും. അവന്റെ പാപങ്ങൾ പൊറുത്തുകൊടുക്കും. എന്നാൽ അഹങ്കാരിക്ക് മാപ്പില്ല. ശയ്ത്വാനും ഏകദൈവവിശ്വാസിയാണെന്ന് വീമ്പിളക്കിയിരുന്നു. കാരണം അവന്റെ തലയിൽ അഹങ്കാരമുണ്ടായിരുന്നു. ദൈവദൃഷ്ടിയിൽ പ്രിയങ്കരനായ ആദമിനെ നിന്ദാദൃഷ്ടിയോടെ അവൻ നോക്കുകയും വിമർശിക്കുകയും ചെയ്തപ്പോൾ അവൻ നശിപ്പിക്കപ്പെട്ടു. ശാപവലയം അവന്റെ കഴുത്തിൽ വീണു. ഒരു വ്യക്തി എന്നന്നേക്കുമായി നശിപ്പിക്കപ്പെട്ട ആദ്യത്തെ പാപം അഹങ്കാരം തന്നെയായിരുന്നു. (ആയിനയെ കമാലാത്തെ ഇസ്ലാം, റൂഹാനീ ഖസായിൻ, വാള്യം 5, പേജ് 598)

വീണ്ടും പറയുന്നു. നിങ്ങളുടെ ഏതെങ്കിലും ഭാഗത്ത് അഹങ്കാരമോ കപടനാട്യമോ പൊങ്ങച്ചമോ അലസതയോ ഉണ്ടെങ്കിൽ നിങ്ങൾ സ്വീകാരാർഹരാകുകയില്ല. അൽപം ചില കാര്യങ്ങൾ ചെയ്തുകൊണ്ട് ചെയ്യേണ്ടതെല്ലാം ചെയ്തിരക്കുന്നുവെന്നു കരുതി സ്വയം വഞ്ചിതരാകരുത്. കാരണം, നിങ്ങളുടെ അസ്തിത്വത്തിൽ സമ്പൂർണമായ പരിവർത്തനം ഉണ്ടാകണമെന്ന് ദൈവം ആഗ്രഹിക്കുകയും നിങ്ങളിൽ നിന്ന് ഒരു മരണം ആവശ്യപ്പെടുകയും ചെയ്യുന്നു. അതിനുശേഷം അവൻ നിങ്ങളെ ജീവിപ്പിക്കുന്നതാണ്. (കിശ്തിനൂഹ്, റൂഹാനീ ഖസായിൻ വാള്യം 19 പേജ് 12,13)

എട്ടാമത്തെ നിബന്ധന ഇതാണ്. ദീനിനേയും ദീനിന്റെ അന്തസ്സിനേയും ഇസ്ലാമിന്റെ ക്ഷേമത്തേയും സ്വന്തം ജീവനേക്കാളും മുതലിനേക്കാളും മാനത്തേക്കാളും മക്കളേക്കാളും മറ്റു പ്രിയങ്കരമായതിനേക്കാളുമെല്ലാം കൂടുതൽ പ്രിയപ്പെട്ടതായി കണക്കാക്കുന്നതാണ്.

ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു. ഇസ്ലാമിന്റെ ജീവനവും നമ്മളിൽ നിന്നൊരു പ്രായശ്ചിത്തം ആവശ്യപ്പെടുന്നു. അതെന്താണ്. നമ്മുടെ അതേ മാർഗത്തിലുള്ള മരണം. ഈ മരണത്തിലാണ് ഇസ്ലാമിന്റെ ജീവനം; മുസ്ലിംകളുടെ ജീവിതവും ജീവിച്ചിരിക്കുന്ന ദൈവത്തിന്റെ തേജസ്സും നിലകൊള്ളുന്നതും. ഇതിനുതന്നെയാണ് മറ്റൊരു വാക്കിൽ ഇസ്ലാം എന്നു പറയുന്നത്. ഈ ഇസ്ലാമിനെ ജീവിപ്പിക്കാനാണ് ഇപ്പോൾ അല്ലാഹു ഇച്ഛിക്കുന്നത്. ആ മഹാപദ്ധതി നടപ്പാക്കുന്നതിന് എല്ലാ വശങ്ങളിലൂടെയും ഫലപ്രദമായിട്ടുള്ള ഒരു മഹത്തായ പ്രവർത്തന സംവിധാനം അവന്റെ വകയായി സ്ഥാപിക്കേണ്ടത് എത്രയും ആവശ്യമാണ്. ഹക്കീമും ഖദീറുമായ ആ സർവശക്തൻ ഈ വിനീതനെ മനുഷ്യരാശിയുടെ ഉദ്ധാരണാർഥം അയച്ചുകൊണ്ട് അപ്രകാരം തന്നെ ചെയ്തിരിക്കുന്നു. (ഫത്ഹെ ഇസ്ലാം റൂഹാനീ ഖസായിൻ, വാള്യം 3, പേജ് 10-12)

ലോകത്തിൽ ഇസ്ലാഹ് വരുത്തുക

എന്നതാണ് ആ മഹാത്മാവിന്റെ ലക്ഷ്യം. വിശ്വസിച്ച നാം ഈ കാര്യത്തെക്കുറിച്ച് ചിന്തിക്കേണ്ടതാണ്.

ഒമ്പതാമത്തെ നിബന്ധന ഇതാണ്. അല്ലാഹുവിന്റെ എല്ലാ സൃഷ്ടികളോടും ആത്മാർഥമായ സഹാനുഭാവം പ്രദർശിപ്പിച്ചുകൊണ്ടിരിക്കുന്നതും അല്ലാഹു നൽകിയ കഴിവുകളും അനുഗ്രഹങ്ങളും മുഖേന മനുഷ്യകുലത്തിന് ഉപകാരങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നതുമാകുന്നു.

ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു. ഓർമിച്ചുകൊള്ളുക, അല്ലാഹു പുണ്യകർമത്തെ വളരെയധികം ഇഷ്ടപ്പെടുന്നു. അവന്റെ സൃഷ്ടികളോട് അനുകമ്പാപൂർവം വർത്തിക്കണമെന്ന് അവൻ ആഗ്രഹിക്കുന്നു. അവൻ തിന്മയെ ഇഷ്ടപ്പെടുകയാണെങ്കിൽ തിന്മ ചെയ്യാൻ ഊന്നിപ്പറയുമായിരുന്നു. എന്നാൽ, അല്ലാഹുവിന്റെ പ്രൗഢി അതിൽ നിന്ന് പരിശുദ്ധമാണ്. (സുബ്ഹാനു തആല ശാനഹു) ഞാനുമായി ബന്ധം വയ്ക്കുന്ന നിങ്ങളോർമിക്കുക, ഏത് മതത്തിൽ പെട്ടവരാണെങ്കിലും അവരോടെല്ലാം നിങ്ങൾ അനുകമ്പാപൂർവം വർത്തിക്കുക. വിവേചനം കൂടാതെ എല്ലാവർക്കും നന്മ ചെയ്യുക. എന്തുകൊണ്ടെന്നാൽ, ഇതുതന്നെയാണ് വിശുദ്ധ ഖുർആന്റെ പാഠം.

തടവുകാരായി വന്നവരിലധികവും സത്യ നിഷേധകൾ തന്നെയായിരുന്നു. ഇസ്ലാമിന്റെ സഹതാപം എങ്ങനെയുള്ളതായിരുന്നുവെന്ന് നിങ്ങൾ നോക്കുക. എന്റെ അഭിപ്രായത്തിൽ പൂർണമായ ധാർമിക അധ്യാപനം ഇസ്ലാമിനല്ലാതെ മറ്റാർക്കും ലഭിച്ചില്ല. ഇന്നയാളിൽ നിന്ന് ഇതുണ്ടായി, ഇന്നയാളിൽ നിന്ന് അതുണ്ടായി, എന്ന് നിത്യവും പറയുന്നത് കേൾക്കുകയും കാണുകയും ചെയ്യുമ്പോൾ എനിക്ക് വളരെ വിഷമമുണ്ട്. ഞാനിക്കാര്യങ്ങളിൽ സന്തോഷിക്കുന്നില്ല. ഞാനിപ്പോൾ ഈ ജമാഅത്തിനെ കാണുന്നത് രണ്ടടി വെക്കുമ്പോൾ നാലടി വീഴുന്ന കുട്ടിയെപ്പോലെയാണ്. പക്ഷേ, അല്ലാഹു ഈ ജമാഅത്തിനെ തികവുറ്റതാക്കുമെന്ന് ഞാൻ ദൃഢമായും വിശ്വസിക്കുന്നു. അതുകൊണ്ട് അല്ലാഹു നിങ്ങളുടെമേൽ അനുഗ്രഹം ചൊരിയുന്നതിനുവേണ്ടി നിങ്ങളും പരിശ്രമിക്കുകയും യുക്തിയോടെ പ്രവർത്തിക്കുകയും കഠിനാധ്വാനം ചെയ്യുകയും പ്രാർഥിക്കുകയും ചെയ്യുക. കാരണം അവന്റെ അനുഗ്രഹമില്ലാതെ ഒന്നും ഉണ്ടാവുകയില്ല. അവന്റെ അനുഗ്രഹമുണ്ടാകുമ്പോൾ, അത് സകല വഴികളും തുറന്നുതരുന്നതാണ്.(മൽഫൂദ്വാത്ത് വാല്യം 4, പേജ് 218-219, പുതിയ പതിപ്പ്)

വീണ്ടും പറയുന്നു. അല്ലാഹുവിന്റെ ദാസരിൽ കരുണ ചെയ്യുക. നാവുകൊണ്ടോ കൈകൊണ്ടോ മറ്റെന്തെങ്കിലും തന്ത്രംകൊണ്ടോ അക്രമം ചെയ്യരുത്. സൃഷ്ടികളുടെ ക്ഷേമത്തിനായി പരിശ്രമിച്ചുകൊണ്ടിരിക്കുക. അഹങ്കാരം ആരോടും കാണിക്കരുത്. നിങ്ങളുടെ കീഴെയുള്ളവരോടാണെങ്കിലും ആരെങ്കിലും ചീത്ത പറഞ്ഞാൽ മറുത്തു പറയരുത്. പാവപ്പെട്ടവരോടും സഹനശീലരോടും, സദുദ്ദേശ്യക്കാരോടും സൃഷ്ടികളോടും സഹതാപമുള്ളവരായിരിക്കുവിൻ; നിങ്ങൾ സ്വീകരിക്കപ്പെടാൻ വലിയവരായിക്കൊണ്ട് ചെറിയവരുടെമേൽ കരുണ കാണിക്കുവിൻ; അവരെ നീ നിന്ദിക്കരുത്. പണ്ഡിതനായിക്കൊണ്ട് അജ്ഞരെ ഉപദേശിക്കുവിൻ; പൊങ്ങച്ചം കൊണ്ട് അവരെ അവഹേളിക്കരുത്. സമ്പന്നരായിക്കൊണ്ട് ദരിദ്രരെ സേവിക്കുവിൻ; തൻപ്രമാണിത്തംകൊണ്ട് അവരുടെമേൽ അഹങ്കരിക്കരുത്. നാശത്തിന്റെ വഴികളെ ഭയപ്പെടുക.

പത്താമത്തെ നിബന്ധന ന്യായമായ കാര്യങ്ങളിൽ (മഅ്റൂഫ്) അനുസരണം പുലർത്തുന്നുവെന്ന് സമ്മതിക്കുന്നതോടൊപ്പം കുടുംബബന്ധങ്ങളിലോ ഭൗതികമായ ഇതരബന്ധങ്ങളിലോ സേവകഭാവങ്ങളിലോ കാണപ്പെടാത്ത തരത്തിലുള്ള ഒരു സുദൃഢ സാഹോദര്യബന്ധം ഈ വിനീതനുമായി (ഹദ്റത്ത് അഹ്മദുമായി) അല്ലാഹുവിനു വേണ്ടി പുലർത്തുന്നതും അത് മരണംവരെ നിലനിറുത്തിപ്പോരുന്നതുമാണ്.


ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു. ഈ നബി ബുദ്ധിക്ക് വിരുദ്ധമല്ലാത്ത കാര്യങ്ങളാണ് കൽപ്പിക്കുന്നത്. ബുദ്ധി വിരോധിക്കുന്ന കാര്യങ്ങളെ വിരോധിക്കുകയും ചെയ്യുന്നു. പരിശുദ്ധമായ കാര്യങ്ങളെ അനുവദിക്കുന്നു. അവിശുദ്ധമായതിനെ നിഷിദ്ധമാക്കുകയും ചെയ്യുന്നു. അമർത്തി ഞെരിച്ചുകൊണ്ടിരുന്ന ഭാരത്തെ ജനങ്ങളുടെ തലയിൽ നിന്ന് ഇറക്കിവെയ്ക്കുന്നു. അവരുടെ കഴുത്തുകളിൽ വീണുകിടക്കുന്ന വളയങ്ങളിൽ നിന്ന് ആ മഹാത്മാവ് അവർക്ക് മോചനം നൽകുന്നു. വളയം കാരണത്താൽ കഴുത്ത് നിവർത്താൻ അവർക്ക് പറ്റുമായിരുന്നില്ല. ആ മഹാത്മാവിൽ വിശ്വസിക്കുകയും തന്റെ പങ്കാളിത്തം കൊണ്ട് ആ മഹാത്മാവിന് ശക്തി പകരുകയും സഹായിക്കുകയും ആ മഹാത്മാവിനോടൊപ്പം ഇറക്കപ്പെട്ട പ്രകാശത്തെ പിന്തുടരുകയും ചെയ്യുന്നവർ ഇഹലോകത്തേയും പരലോകത്തേയും ബുദ്ധിമുട്ടുകളിൽ നിന്ന് മോക്ഷം പ്രാപിക്കുന്നതാണ്. (ബറാഹീനെ അഹ്മദിയ്യ ഭാഗം 5. റൂഹാനീ ഖസായിൻ വാല്യം 21, പേജ് 420) ഇത് ശരീഅത്ത് കൽപ്പനകളാണ്. ഇതനുസരിച്ച് പ്രവർത്തിക്കുമ്പോഴാണ് ഒരാൾക്ക് മോക്ഷം ലഭിക്കുന്നത്.

ആ മഹാത്മാവ് പറയുന്നു. എന്നിലേക്കോടിവരേണ്ട സമയമാണിത്. ആരാണോ എന്നിലേക്ക് ഓടിവരുന്നത് ഞാൻ അവനെ ജലപ്രളയത്തിന്റെ സമയത്ത് വഞ്ചിയിലിരിക്കുന്നവനോട് ഉപമിക്കുന്നു. എന്നെ വിശ്വസിക്കാത്തവനെ ജലപ്രളയത്തിൽ സ്വയമിട്ടവനെപ്പോലെ ഞാൻ കാണുന്നു; അവന്റെ പക്കൽ അതിൽ നിന്ന് രക്ഷപ്പെടാൻ ഒന്നുമില്ല. സത്യവാനായ ശിപാർശകൻ ഞാനാണ്. അത് മഹാനായ ആ ശിപാർശകന്റെ തണലൊന്നു മാത്രമാണ്. ആ പുണ്യാത്മാവിന്റെ ഛായയെ- അതായത് ഹദ്റത്ത് മുഹമ്മദ് മുസ്തഫാ (സ) യുടെ ഛായയെ ഇക്കാലത്തെ അന്ധന്മാർ വിശ്വസിച്ചില്ല. അദ്ദേഹത്തെ ഒരുപാട് നിന്ദിക്കുകയും ചെയ്തു. (ദാഫിഉൽ ബലാ, റൂഹാനീ ഖസായിൻ)

വീണ്ടും ആ മഹാത്മാവ് പറയുന്നു. നമ്മെ ഉപദേശിച്ചുകൊണ്ട് പറയുന്നു. അല്ലയോ എന്റെ ഉറ്റവരേ, എന്റെ പ്രിയപ്പെട്ടവരേ, എന്റെ ജീവിതവൃക്ഷത്തിന്റെ പച്ചളിപ്പുള്ള ശാഖകളേ, അല്ലാഹുവിന്റെ അനുഗ്രഹത്താൽ എന്റെ ബൈഅത്ത് പരമ്പരയിൽ പ്രവേശിച്ചിട്ടുള്ളവരേ, തങ്ങളുടെ ജീവിതവും സുഖസന്തോഷങ്ങളും മുതലും ഈ മാർഗത്തിൽ ബലിയാക്കിയിട്ടുള്ളവരേ,

എന്റെ സ്നേഹിതനാരാണ്?. എന്റെ ബന്ധുവാരാണ്?. അത് എന്നെ തിരിച്ചറിയുന്നവനാണെന്ന് എന്നിൽ ഉറച്ച് വിശ്വാസം പുലർത്തുന്നതാരോ അവൻ മാത്രം. പ്രേഷിതരായിട്ടുള്ളവരെ കൈകൊള്ളുന്നതുപോലെ എന്നെ കൈക്കൊള്ളുന്നവനാരോ അവൻതന്നെ. ഈ ലോകത്തിന് എന്നെ കൈകൊള്ളാൻ സാധ്യമല്ല. എന്തെന്നാൽ ഞാൻ ഈ ലോകത്തിൽ നിന്നുള്ളവനല്ല. എന്നാൽ, ആരുടെ പ്രകൃതത്തിൽ സ്വർഗലോകത്തിന്റെ അംശം നൽകപ്പെട്ടിട്ടുണ്ടോ അവർ എന്നെ കൈക്കൊള്ളുന്നു. കൈകൊള്ളുകയും ചെയ്യും. എന്നെ നിരാകരിക്കുന്നവൻ എന്നെ അയച്ചവനെ നിരാകരിക്കുന്നു. എന്നോട്

ശേഷം പേജ് 33 - ൽ ▶



# ക്രിസ്തു:
## നിഗൂഢതകൾ മറനീക്കുന്നു

അബൂ റിസ്‌വാൻ

ലോകത്തിലെ ഏറ്റവും പ്രബലങ്ങളായ ക്രൈസ്തവ ഇസ്‌ലാം മത വിശ്വാസങ്ങളിൽ സുപ്രധാന പങ്ക് വഹിക്കുന്ന ഒരു മത പുരുഷനാണ് ക്രിസ്തു അഥവാ ഈസാ നബി(അ). രണ്ടു മതവിഭാഗങ്ങളും വ്യത്യസ്തവും വൈവിധ്യമാർന്നതുമായ വിശ്വാസങ്ങളാണ് ക്രിസ്തുവിനെക്കുറിച്ച് വെച്ച് പുലർത്തുന്നത്. അനേകം ദിവ്യാദ്ഭുതങ്ങൾ പ്രവർത്തിച്ച് ദിവംഗതനായ ക്രിസ്തു യുഗാന്ത്യസംഭവങ്ങളുടെ ഭാഗമായി വീണ്ടും ആകാശത്തുനിന്ന് അവരോഹിയാവുമെന്ന് ഇരു മതങ്ങളിലെയും ബഹുഭൂരിപക്ഷം ആളുകളും വിശ്വസിക്കുന്നു. രഹസ്യങ്ങളും നിഗൂഢതകളും ചൂഴ്ന്ന് നിൽക്കുന്ന ക്രിസ്തുവിന്റെ യഥാർഥ ജീവിത കഥയെന്ത്?

**നൂ**റ്റാണ്ടുകൾ നീണ്ട അവ്യക്തതകൾക്കും നിഗുഢതകൾക്കും ശേഷം ക്രിസ്തുവിനെ സംബന്ധിച്ച ഒരു ചരിത്ര പ്രശ്നത്തിന് സുവ്യക്തമായ ഒരു വിധിതീർപ്പ് ലോകസമക്ഷം സമർപ്പിക്കപ്പെട്ടിരിക്കുന്നു. കുരിശു സംഭവത്തിന് ശേഷം കുരിശിൽ നിന്ന് മോചിതനായ ക്രിസ്തു കാണാതെ പോയ ഇസ്റയേൽ ഗോത്ര ങ്ങളെ തേടി പലസ്തീനിൽ നിന്നും കിഴക്കൻ ദിക്കിലേക്ക് യാത്രയാവുകയും ഒടുവിൽ ഭാരതത്തിലെ കശ്മീരിൽ എത്തിച്ചേരുകയും അവിടെവെച്ച് വിജയശ്രീലാളിതനായി ദിവംഗതനാവുകയും ചെയ്തു. കശ്മീരിലെ റോസാബാലിലെ ഖബറിടം യേശുവിന്റെ പരിശുദ്ധ ശരീരം അടക്കം ചെയ്ത ശിലാകുടീരമാണ്. അഹ്മദിയ്യാ പ്രസ്ഥാന സ്ഥാപകരായ ഹദ്റത്ത് അഹ്മദ്(അ) നൂറ് വർഷങ്ങൾക്ക് മുമ്പ് ക്രിസ്തുവിന്റെ അപ്രകാശിത ജീവിത ത്തിലേക്ക് വെളിച്ചം വിതറുകയുണ്ടായി. ആ

വെളിപ്പെടുത്തലുകൾ ആധുനിക ശൈഷണിക ലോകത്ത് അറ്റമില്ലാത്ത ചർച്ചകളും സംവാദങ്ങളും ഉയർത്തിവിട്ടിരിക്കയാണ്.

കശ്മീരിലെ പ്രസ്തുത ഖബർ നൂറ്റാണ്ടുകളായി ഒരു മുസ്‌ലിം കുടുംബമാണ് പാലിച്ചു പോരുന്നത്. യഹൂദ മാതൃകയിൽ നില കൊള്ളുന്ന ആ ഖബർ ഒരിക്കലും ഒരു മുസ്‌ലിം സിദ്ധന്റേതല്ല എന്നത് പ്രഥമ ദൃഷ്ടിയിൽ തന്നെ വ്യക്തമാണ്. യേശുവിന്റെ നിഗൂഢമായ ജീവിതത്തിന്റെ സന്ദിഗ്ധതകൾക്ക് ഒരു ശാശ്വത പരിഹാരം എന്ന നിലക്ക് സമർപ്പിക്കപ്പെട്ട സമൂർത്തവും വസ്തു നിഷ്ഠവുമായ ഈ ചരിത്ര ശേഷിപ്പിന്റെ മുമ്പിൽനിന്നും ഒഴിഞ്ഞു മാറാൻ ആർക്കും സാദ്ധ്യമല്ല. യേശുവിന്റെ ഈ ഖബർ ഗവേഷണത്തിന് വിധേയമാക്കുകയാണെങ്കിൽ അനിഷേധ്യവും അവിതർക്കിതവുമായ തെളിവുകൾലഭ്യമാകുമെന്ന ഹദ്റത്ത് അഹ്മദി (അ) ന്റെ പ്രഖ്യാപനം ചരിത്ര വിസ്മയങ്ങളുടെ അദ്ഭുതകരമായ രഹസ്യങ്ങൾ അടക്കം ചെയ്ത് ഈ ഖബറിടത്തെ ഗവേഷകരുടെയും മതവിജ്ഞാനികളുടെയും തീർഥാടന കേന്ദ്രമാക്കി മാറ്റിയിരിക്കുന്നു.

ബെത്‌ലഹേമിലെ കാലിത്തൊഴുത്തിൽ കന്യാമറിയത്തിന്റെ പുത്രനായി ജനിച്ച ആ മഹാത്മാവ് കാൽവരിയിലെ മരക്കുരിശിൽ മൃത്യുന്മുഖനായി നിസ്സഹായനായി തൂങ്ങിക്കിടന്നപ്പോൾ ആ പുണ്യപൂമാന്റെ തിരുവദനത്തിൽ നിന്നും മനമുരുകിയ വിലാപം പുറത്തേക്ക് വന്നു: '***ഏലീ, ഏലീ ലമ്മാ ശബക്തനീ*** ' എൻ ദൈവമേ എൻ ദൈവമേ നീ എന്താണ് എന്നെ കൈവിട്ടത്? യഹൂദ പ്രമാണിമാർ ആ പുണ്യാത്മാവിന്റെ ചുറ്റും നിന്ന് പരിഹാസപൂർവം ആരവം മുഴക്കി. കാർക്കിച്ചു തുപ്പി. ഞാണങ്ങാക്കോൽ കൊണ്ട് തലക്കടിച്ചു. അവർ പറഞ്ഞു: '***മന്ദിരം പൊളിച്ചു മൂന്നു നാൾ കൊണ്ട് പണിയുന്നവനേ നിന്നെ തന്നെ രക്ഷിക്ക . ദൈവപുത്രൻ എങ്കിൽ ക്രൂശിൽ നിന്നും ഇറങ്ങി വാ.***' ശാസ്ത്രിമാരും യഹൂദ മുപ്പന്മാരും പരമ പരിശുദ്ധനായ ആ പുണ്യാത്മാവിനെ നോക്കി പുച്ഛത്തോടെ പരിഹസിച്ചു പറഞ്ഞു: ***ഇവൻ ഇസ്റയേലിന്റെ രാജാവാകുന്നു എങ്കിൽ ഇപ്പോൾ കുരിശിൽ നിന്നും അവൻ ഇറങ്ങി വരട്ടെ, ദൈവത്തിന്ന് ഇവനെ വേണമെങ്കിൽ ദൈവം ഇപ്പോൾ ഇവനെ വിടുവിക്കട്ടെ.***' പക്ഷേ ദൈവത്തിന്റെ



യേശുവിന്റെ ഖബർ സ്ഥിതിചെയ്യുന്ന സ്ഥലം

ആ സംപ്രീത ദാസനെ ദൈവം കൈവെടിഞ്ഞില്ല.! ലോകത്തെ അതിശയിപ്പിച്ച് കൊണ്ട് യഹൂദ പരിശകളുടെ കുതന്ത്രങ്ങളും പീഡനങ്ങളും അതിജീവിച്ച യേശു കുരിശിൽ നിന്ന് ഇറങ്ങിവന്നു!! സത്യത്തിന്റെ വിജയമെന്നോണം പലസ്തീൻ മണ്ണിലൂടെ അദ്ദേഹം നടന്നുപോയി. ഇസ്റയേൽ ഗോത്രങ്ങളെ തേടി വിദൂരമായ കിഴക്കൻ ദിക്കുകളിലേക്ക് പദയാത്രികനായി നടന്നു പോയി. ദൈവം തന്നെ യേൽപ്പിച്ച മഹത്തായ ദൗത്യം നിർവഹിച്ച് വിജയശ്രീലാളിതനായി രാജകുമാരനെ പോലെ ആ മഹാത്മാവ് ദിവംഗതനായി. ***ഒരു പ്രവാചകനും തന്റെ നാട്ടിൽ ബഹുമാനിതനല്ല*** എന്ന യേശുവിന്റെ വചനത്തെ തന്നെ സാർഥകമാക്കുമാറ് യഹൂദികൾ ശപ്തനാക്കാൻ നോക്കിയ തന്റെ ദാസനെ ദൈവം ശാന്തിയുടെയും സൗഭാഗ്യങ്ങളുടെയും വിജയങ്ങൾ നൽകി മറ്റൊരു രാജ്യത്ത് അനുഗ്രഹിച്ചു. വിസ്മയങ്ങളും ഉത്കണ്ഠകളും അദ്ഭുതങ്ങളും നിറഞ്ഞ ആ മഹാത്മാവിന്റെ ചരിത്രം ദൈവത്തിന്റെ ദൃഷ്ടാന്തങ്ങളിൽ പെട്ട ചിന്തനീയമായ ഒരു വിവാദ വിഷയമാണ്. ആ ചരിത്രം പറയുമ്പോൾ വിശ്വാസികൾ പ്രക്ഷുബ്ധരായി ആരവം മുഴക്കുമെന്ന് ഖുർആൻ പറയുന്നു: '***മർയമിന്റെ മകന്റെ സംഭവം ഒരു ദൃഷ്ടാന്തമായി വിവരിക്കപ്പെടുമ്പോൾ നിന്റെ ജനതയതാ ആരവം മുഴക്കുന്നു.' (വി.ഖുർആൻ 43:58)***

'***തൂങ്ങിമരിച്ചവൻ ദൈവസന്നിധിയിൽ ശാപഗ്രസ്തൻ.' (ആവ: 21:22)*** എന്ന പഴയ നിയമത്തിലെ പ്രമാണമനുസരിച്ച് മിശിഹയായ യേശുവിനെ കുരിശിൽ തറച്ച് ശപ്തനാക്കാനുള്ള യഹൂദികളുടെ ഗൂഢാലോചനയായിരുന്നു ക്രൂശീകരണ ശ്രമം. കുരിശിൽ വെച്ച് ക്രിസ്തുവിനുണ്ടായ മോഹാലസ്യം മരണമായി തെറ്റിദ്ധരിക്കപ്പെടുകയാണുണ്ടായത്. യേശു ജീവിച്ചിരുന്നപ്പോൾ അദ്ദേഹത്തെ ഉപദ്രവിച്ച് നടന്ന പൗലോസാണ് കുരിശുമരണ സിദ്ധാന്തത്തിന്റെ ഏറ്റവും വലിയ വക്താവ്. ഗലാതൃർക്കെഴുതിയ കത്തിൽ പൗലോസ് എഴുതി: ***മരത്തിൽ തൂങ്ങുന്നവൻ ശപിക്കപ്പെട്ടവൻ എന്ന് എഴുതിയിരിക്കുന്നത് പോലെ ക്രിസ്തു നമുക്ക് വേണ്ടി ശാപമായിത്തീർന്നു, (ഗലാ:3:13)***

വാസ്തവത്തിൽ യേശു കുരിശിൽ വെച്ച് മരിച്ചു എന്ന് പറയുമ്പോൾ അത് ക്രിസ്തുവിനെ പീഡിപ്പിച്ച ശത്രുക്കളുടെ വാദത്തിന്, അതായത് യേശു ശപ്തനാണെന്ന യഹൂദികളുടെ ആരോപണത്തിനു സാധൂകരണമാണ് എന്ന സത്യം ക്രിസ്തീയ സഹോദരന്മാർ മനസ്സിലാക്കണമെന്ന് അഭ്യർഥിക്കുന്നു. കുരിശിൽ വെച്ച് മരിച്ച ശേഷം അദ്ദേഹം പുനരുത്ഥാനം ചെയ്ത് വാനലോകത്തേക്ക് ഉയർന്നു പോയി എന്ന് ക്രിസ്ത്യാനികളും ക്രൂശിക്കപ്പെടാതെ ആകാശത്തേക്ക് ഉയർന്നു പോയി എന്ന് ഭൂരിപക്ഷ മുസ്‌ലിംകളും യേശു ശപ്തനായിരുന്നതിനാൽ കുരി

ശിൽ വെച്ച് മരിച്ചു എന്ന യഹൂദികളിൽ പെട്ടവരും വിശ്വസിക്കുന്നു.

## ക്രിസ്ത്യൻ മുക്തിശാസ്ത്രം

മജ്ജയും മാംസവുമുള്ള ശരീരവുമായി ജീവിക്കുകയും ഭക്ഷണം കഴിച്ചും വെള്ളം കുടിച്ചും, വേദനയും വിശപ്പും സഹിക്കുകയും ചെയ്ത ക്രിസ്തു കുരിശിൽ വെച്ച് മരിച്ചതിന് ശേഷം പുനരുത്ഥാനം ചെയ്ത് സ്വർഗസ്ഥനായി എന്ന വിശ്വാസം സാമാന്യ ബുദ്ധിക്കും പ്രകൃതി നിയമങ്ങൾക്കും നിരക്കുന്നതാണോ? ക്രിസ്തീയ മുക്തിശാസ്ത്രത്തിന്റെ ഈ ശൃംഖല സ്വർഗത്തിൽ വെച്ച് വിലക്കപ്പെട്ട കനി ഭക്ഷിച്ച് പറുദീസ നഷ്ടപ്പെട്ട് പാപികളായി തീർന്ന ആദം ദമ്പതികളിൽ നിന്ന് ആരംഭിക്കുന്നു. പാപം ആദം ദമ്പതികളിലൊതുങ്ങിയില്ല. അവരുടെ സന്തതികളിലേക്കും സന്തതി പരമ്പരകളിലേക്കും പാപം അനുസ്യൂതമായി സംക്രമിച്ചു. അങ്ങനെ പാപികളായി തീർന്ന മനുഷ്യസന്തതികളെ ശിക്ഷിക്കാതെ പൊറുത്തു കൊടുക്കുക എന്നത് ദൈവനീതിക്ക് യോജിച്ചതല്ല. ദൈവത്തിന്റെ കാരുണ്യം മനുഷ്യനെ ശിക്ഷിക്കാൻ അനുവദിക്കുന്നുമില്ല. ഈ പ്രഹേളികക്ക് ഒരു പരിഹാരമായി ദൈവം ആവിഷ്ക്കരിച്ച പദ്ധതിയാണ് ഏകജാതനായ തന്റെ സ്വന്തം പുത്രനെ അയച്ചു പാപത്തിന് പരിഹാരമായി കുരിശിൽ ബലിയാവുക എന്നത്. ഈ ദൈവിക പദ്ധതിയുടെ ഭാഗമായി രണ്ടായിരം വർഷം മുമ്പ് ക്രിസ്തു ഭൂമിയിൽ വരികയും മനുഷ്യ വംശത്തിന്റെ പാപ പരിഹാരാർഥം കുരിശു മരണം വരിക്കുകയും ചെയ്തു. മൂന്നാം ദിവസം പുനരുത്ഥാനം ചെയ്ത ക്രിസ്തു പിന്നീട് സ്വർഗാരോഹണം നടത്തി പിതാവായ ദൈവത്തിന്റെ വലത് ഭാഗത്ത് ഉപവിഷ്ടനായി ദൈവികമായ ലോക ഭരണം നടത്തിവരുന്നു. മനുഷ്യന്റെ ധാർമിക ബോധത്തിനും യുക്തി ചിന്തക്കും നിരക്കുന്ന ഒന്നല്ല ഈ മുക്തി ശാസ്ത്രം എന്ന് ഖേദപൂർവം പറയേണ്ടിയിരിക്കുന്നു.

## ക്രിസ്തുവിനെ സംബന്ധിച്ച ചരിത്ര ശൂന്യത

കുരിശ് സംഭവാനന്തരം യേശുവിന് എന്തു സംഭവിച്ചു എന്ന ചരിത്ര പ്രശ്നത്തിന് വസ്തുനിഷ്ഠമായും യുക്തിപരമായും ഒരു വിശദീകരണവും ക്രിസ്തു കേന്ദ്രിതമായ ക്രൈസ്തവ മതത്തിന്റെഭാഗത്തുനിന്നും ഇതു വരെ ഉണ്ടായിട്ടില്ല. ഏല്ലാ ശാസ്ത്ര-ചരിത്ര ഗവേഷണങ്ങൾക്കും നേതൃത്വം നൽകുന്ന പാശ്ചാത്യ ധൈഷണിക ലോകം ക്രിസ്തുമത സ്വാധീനത്താൽ ഈ വിഷയത്തിൽ മൗനം ദീക്ഷിക്കുകയാണ്. അതിന് കാരണം ക്രിസ്തുവിന്റെ കുരിശു മരണവും പുനരുത്ഥാനവും സ്വർഗാരോഹണവും സംബന്ധിച്ച് പാശ്ചാത്യ ക്രൈസ്തവ ലോകത്തിന്റെ മുൻവിധി തന്നെയാണ്. ക്രിസ്തുവിന്റെ ദിവ്യാദ്ഭുതങ്ങളും അതിശയങ്ങളും വിവരിക്കുന്ന കോടിക്കണക്കിന് മതസാഹിത്യങ്ങൾ പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ടെങ്കിലും അദ്ദേഹത്തിന്റെ ചരിത്രപരതയെ തൃപ്തിപ്പെടുത്തുന്ന വിധം ശാസ്ത്രീയവും യുക്തിപരവുമായ ഒരു ചരിത്ര രചന ക്രിസ്തുവിനെ സംബന്ധിച്ച് ഇന്നോളം എഴുതപ്പെട്ടിട്ടില്ല. ഒരു കാര്യം നാം പ്രത്യേകം ഓർക്കണം. ചരിത്രത്തിന്റെ കാലഗണന എ.ഡി (Anno Domi)എന്നും ബി. സി (Before Christ)എന്നും വിഭജിക്കപ്പെട്ടിരിക്കുന്നത് ക്രിസ്തുവിനെ ആധാരമാക്കിയാണ്. ചരിത്രത്തിന്റെ ഈ വിഭാജക വ്യക്തി തന്നെ ചരിത്രത്തിനതീതനായിരിക്കുന്ന വൈചിത്ര്യമാണ് ഇവിടെ കാണാൻ സാധിക്കുന്നത്. അതായത് ചരിത്രത്തെ വിഭജിച്ച യേശുവിന്റെ ചരിത്രം തന്നെ അവ്യക്തശൂന്യമായി തുടരുന്നു. ദൈവ പുത്രനായ യേശു പ്രകൃത്യാതീതമായ നിരവധി അദ്ഭുതങ്ങൾ കാണിച്ചു അവസാനം കുരിശിൽ വെച്ച് മരിച്ചുവെന്നും അതിന് ശേഷം ഉയിർത്തെഴുന്നേറ്റ് ആകാശത്തേക്ക് ഉയർന്നുപോയി എന്ന വിശ്വാസത്താൽ പരിവേഷ്ടിതനായ ഒരു വ്യക്തിയുടെ ജീവിതമാണ് അങ്ങേയറ്റം വസ്തുനിഷ്ഠമാകേണ്ട ചരിത്രത്തിന്റെ കാലനിർണയത്തിന് മാനദണ്ഡമായി സ്വീകരിച്ചിരിക്കുന്നത്.

## യേശുവിന്റെ ദൗത്യം ഇസ്റായേൽ ഗോത്രത്തിന് മാത്രം

മറ്റെല്ലാ ഇസ്റയേലി പ്രവാചകന്മാരെയും പോലെ യേശുവും ഒരു ഗോത്ര പ്രവാചകനായിരുന്നുവെന്ന് വ്യക്തമായി പ്രതിപാദിക്കുന്ന നിരവധി വചനങ്ങൾ ബൈബിളിൽ കാണാം. **'ജാതികളുടെ അടുക്കൽ പോകാതെയും ശമര്യക്കാരുടെ പട്ടണത്തിൽ പ്രവേശിക്കാതെയും ഇസ്റായേൽ ഗോത്രത്തിലെ കാണാതെ പോയ ആടുകളുടെ അടുക്കൽമാത്രം ചെല്ലുവിൻ.' (മത്താ യി:10:5.6) 'ഇസ്റായേൽ ഭവനത്തിലെ കാണാതെപോയ ആടുകളുടെ അടുത്തേക്ക് മാത്രമാണ് എന്നെ അയച്ചിട്ടുള്ളത്.'(15:24) 'മർയമിന്റെ മകൻ ഈസ പറഞ്ഞ സന്ദർഭം: 'അല്ലയോ ഇസ്റയേൽ സന്തതികളെ, ഞാൻ നിങ്ങളിലേക്ക് അയക്കപ്പെട്ട പ്രവാചകനാകുന്നു.'(61:7)** എന്ന് ഖുർആനും പറയുന്നു.

യേശുവിന്റെ ദൗത്യം യഹൂദ ജനതക്ക് മാത്രമുള്ളതാകുന്നു. എന്നാൽ അക്കാലത്ത് പലസ്തീനിൽ രണ്ട് ഗോത്രങ്ങൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ. അവരാകട്ടെ ക്രിസ്തുവിന് ഉദ്ദേശം അഞ്ച് നൂറ്റാണ്ടുകൾക്ക് മുമ്പ് പലസ്തീനിൽ തിരിച്ചു വന്നവരുടെ പരമ്പരയിൽ പെട്ടവരായിരുന്നു. ബാക്കി പത്ത് ഗോത്രങ്ങളിലും പെട്ട ബഹുഭൂരിപക്ഷം യഹൂദികളും ഇന്ത്യവരെ വ്യാപിച്ചു കിടന്ന രാജ്യങ്ങളിൽ പ്രവാസികളായി ചിതറിപ്പാർത്തു കിടക്കുകയായിരുന്നു. യേശുവിന്റെ പ്രേഷിത പ്രവർത്തനങ്ങൾ പൂർത്തിയാവണമെങ്കിൽ അദ്ദേഹത്തിന്റെ ദൗത്യം ഇസ്റയേൽ ഗോത്രങ്ങളിലെല്ലാം എത്തേണ്ടതുണ്ട് എന്നകാര്യം അവിതർക്കിതമായിരുന്നു. അതാണ് യേശു ബൈബിളിൽ പറഞ്ഞത്: **'ഈ തൊഴുത്തിൽ പെടാത്ത വേറേയും ആടുകൾ എനിക്കുണ്ട്. അവയെ എനിക്ക് കൊണ്ട് വരണം. അവ എന്റെ സ്വരം കേൾക്കും, അങ്ങനെ ഒരു ആട്ടിൻ കൂട്ടവും ഇടയനുമാവും..' (യോഹ:10: 16)** താൻ പലസ്തീനിൽ നിന്നും വിദൂരസ്ഥമായ ഒരു ദേശത്തേക്ക് പ്രവാസത്തിന് പോകുന്ന താണെന്ന് യേശു ശിഷ്യരോടു പറഞ്ഞിട്ടുണ്ടായിരുന്നു. **'എന്റെ പിതാവിന്റെ ഭവനത്തിൽ പല പാർപ്പിടങ്ങളുമുണ്ട്. .... ഞാൻ നിങ്ങൾക്ക് സ്ഥലമൊരുക്കാൻ പോകുന്നു..' (യോഹ:14:2)**

അറാമിക്ക് ശൈലിയനുസരിച്ച് **'ഉയർത്തപ്പെടേണ്ടതാകുന്നു'**എന്നു ഇവിടെ പറഞ്ഞിരിക്കുന്നതിന് മനുഷ്യ പുത്രൻ ഇവിടെ നിന്ന് പോവേണ്ടത് അത്യാവശ്യമാകുന്നു എന്നാണ് അർഥം നൽകേണ്ടതെന്ന് വിശ്രുത സെമിറ്റിക്ക് ഭാഷാ വിദഗ്ധൻ ചാൾസ് കട്ലർ ടോറി(Charls Cutler Tourey) Four Gospels എന്ന പുസ്തകത്തിൽ തെളിയിച്ചിട്ടുണ്ട്.(P.214). യഹൂദർ യേശുവിന്റെ വാക്കുകൾക്ക് അർഥം കൽപ്പിച്ചതും അങ്ങനെ തന്നെയായിരുന്നു. **'ഞാനിനി കുറച്ചു കാലം നിങ്ങളോടു കൂടെയിരിക്കുന്നു. പിന്നെ എന്നെ അയച്ചവന്റെ അടുക്കൽ പോകും. നിങ്ങൾ എന്നെ അന്വേഷിക്കും കണ്ടെത്തുകയില്ല താനും. ഞാനിരിക്കുന്നിടത്തു നിങ്ങൾക്ക് വരാൻ കഴിയുകയില്ല.' ... എന്ന് യേശു**

**പറഞ്ഞു. അപ്പോൾ യഹൂദന്മാർ നാം കണ്ടെത്താൻ കഴിയാത്ത വിധം ഇവൻ എവിടേക്ക് യാത്ര പോവാൻ ഭാവിക്കുന്നു? യവനന്മാർ ചിതറി പ്പോവുന്നവരുടെ അടുക്കെയാത്ര യായി. യവനന്മാരെ ഉപദേശിക്കാൻ ഭാവമോ? നിങ്ങൾ എന്നെ അന്വേ ഷിക്കും കണ്ടെത്തുകയില്ല എന്നു ഈ ചൊല്ലിയ വാക്കു എന്ത്? എന്ന് തമ്മിൽ പറഞ്ഞു (യോഹ: 7:35,36)**

### കുരിശ് സംഭവം

**'തൂങ്ങി മരിച്ചവൻ ശപിക്കപ്പെട്ടവൻ'** (ആവ: 21;22) എന്ന ബൈബിൾ പ്രമാണമനുസരിച്ച് ദൈവ പ്രേഷി തനായ യേശുവിനെ ശപ്തനെന്ന് വരുത്തി തീർക്കാൻ യഹൂദർ ശ്രമിച്ചു കൊണ്ടിരുന്നു. അവരുടെ കുതന്ത്ര ങ്ങളുടെ ഫലമായി യേശു കുരിശി ക്കപ്പെട്ടുവെങ്കിലും സത്യവാനായ ആ ദൈവദൂതനെ കുരിശിൽ കൊല്ലാൻ അവർക്ക് കഴിഞ്ഞില്ലെന്ന് ഖുർആൻ വെളിപ്പെടുത്തുന്നു. **'വാസ്തവത്തിൽ അവർ അദ്ദേഹത്തെ വധിച്ചിട്ടില്ല. കുരിശിച്ചു കൊന്നിട്ടുമില്ല. മറിച്ച് ക്രൂശിക്കപ്പെട്ടവനെപോലെ സദൃശീകരിക്ക പ്പെടുകയാണുണ്ടായത്. '(4:158)** യേശുവിന്റെ കുരിശ് സംഭവത്തെക്കുറിച്ച് സൂക്ഷ്മവും ബുദ്ധിപരവുമായ ബൈബിൾ പാരാ യണം ഈ വസ്തുതയെ ബലപ്പെടുത്തു കയാണ് ചെയ്യുന്നത്. ഉദ്വേഗജനകമായ ഒരു ദൈവിക പദ്ധതിയുടെ ഭാഗമെന്ന നിലയിൽ കുരിശു സംഭവത്തെ അതിജീവിച്ച യേശുവിന്റെ ചരിത്രം ബൈബിൾ പഴയ നിയമത്തിലെ ഉജ്ജ്വലമായ ചില പ്രവചനങ്ങളുടെ പുലർച്ചകൂടിയാണ്. യേശുവിനെ വി ചാരണചെയ്ത പീലാത്തോസിന്റെ മൗനാനുമതിയോടെ ക്രിസ്തുവിന്റെ ഉന്നതരായ ചില രഹസ്യ ശിഷ്യ ന്മാരുടെ ശ്രമഫലമായി ദൈവാനു ഗ്രഹത്താൽ അദ്ദേഹം കുരിശുമരണ ത്തിൽ നിന്നും രക്ഷപ്പെട്ടു എന്നതാണ് വാസ്തവം. യേശു കുരിശിൽ വെച്ച് മരിച്ചിട്ടില്ല എന്നതിന് ബൈബിൾ നൽകുന്ന സൂചനകൾ എന്താണെന്ന് നോക്കാം

### പിലാത്തോസിന്റെ വിമുഖത

യേശുവിന്റെ ക്രൂശീകരണം എന്ന ആവശ്യവുമായി പീലാത്തോസിനെ സമീപിച്ച യഹൂദികളോട്, വിചാരണക്ക് ശേഷം **' ഞാൻ ഈ മനുഷ്യനിൽ കുറ്റമൊന്നും കാണുന്നില്ല.' (ലൂക്കോ :23:19)** എന്ന് പീലാത്തോസ് പറഞ്ഞു. അതിനിടെ, വിചാരണക്ക് വിധേയ നായിക്കൊണ്ടിരുന്ന യേശുവിനെ രക്ഷിക്കണമെന്ന സന്ദേശമുൾക്കൊള്ളു ന്ന ഒരു സ്വപ്നം പീലാത്തോസിന്റെ ഭാര്യ കാണുകയുണ്ടായി. **'അവൻ ന്യായസനത്തിലിരിക്കുമ്പോൾ തന്റെ ഭാര്യ ആളയച്ചു. ആ നീതിമാന്റെ കാര്യത്തിൽ ഇടപെടരുത്. അവൻ നിമിത്തം ഇന്ന് ഞാൻ സ്വപ്നത്തിൽ വളരെ കഷ്ടം സഹിച്ചു എന്നു പറയു കയുമുണ്ടായി.' (മത്താ 27:19)** യേശുവിനെ രക്ഷിക്കണമെന്ന ഉദ്ദേശ ത്തോടെ പിലാത്തോസ് വിചാരണ വെള്ളിയാഴ്ച വൈകുന്നത് വരെ നീട്ടി കൊണ്ടു പോയി. ശനിയാഴ്ച (വെള്ളിയാഴ്ച സന്ധ്യക്ക് ശേഷം യഹൂദർക്ക് ശബത്ത് ദിനമാണ്) ശബത്ത് ദിവസം മനുഷ്യ ശരീരം കുരിശിൽ തൂങ്ങാൻ പാടുള്ളതല്ല എന്നാണ് ജൂത നിയമം. വെള്ളിയാഴ്ച മൂന്നാം മണി നേരത്ത് ക്രൂശിക്കപ്പെട്ട യേശു (മാർക്കോ: 15: 15) കേവലം മൂന്നു മണിക്കൂർ മാത്രമാണ് കുരിശിൽ തറക്കപ്പെട്ടു കിടന്നത്. ക്രൂശിതൻ ദിവസങ്ങളോളം ആ നിലയിൽ കിടന്നു കൊണ്ടാണ് മരണത്തിന് വിധേയ നാവുക. മൂന്നു മണിക്കൂർ മാത്രം കുരിശിൽ കിടന്ന ആരോഗ്യ ദൃഢ ഗാത്രനും യുവാവുമായ യേശു മരിച്ചു എന്നു കരുതുന്നതിന് ഒട്ടും ന്യായമില്ല. ബൈബിലെ മറ്റു വചനങ്ങളിൽ ഈ വസ്തുത അനായാസം വായിച്ചെടുക്കാം

### യോനാ പ്രവാചകന്റെ അടയാളം


യേശുവിന്റെ സത്യസന്ധതക്ക് തെളിവാവശ്യപ്പെട്ട യഹൂദരോട് യോനായുടെ അടയാളം തന്നിൽ പുലരു മെന്നാണ് യേശു പ്രഖ്യാപിച്ചത് **'ദുഷ്ടതയും വ്യഭിചാരദോഷവുമുള്ള തലമുറ അടയാളം തിരയുന്നു. യോനാ പ്രവാചകന്റെ അടയാളമല്ലാതെ അതിന്ന് അടയാളം ലഭിക്കുകയില്ല. യോന കടലാനയുടെ വയറ്റിൽ മൂന്ന് രാവും മൂന്ന് പകലും ഇരുന്നത് പോലെ മനുഷ്യ പുത്രൻ മൂന്ന് രാവും മൂന്ന് പകലും ഭൂമിയുടെ യുള്ളിൽ ഇരിക്കും' (മത്താ: 12:39,40)** യേശു സത്യ വാദിയാണെന്ന് തെളിയണമെങ്കിൽ യേശുവിന്റെ ഈ പ്രവചനം സത്യമായി പുലരേണ്ടിയിരിക്കുന്നു. യോനക്ക് എന്താണ് സംഭവിച്ചതെന്ന് ബൈബിൾ വ്യക്തമാക്കിയിട്ടുണ്ട്.

**'യോനയെ വിഴുങ്ങേണ്ടതിന്ന് യഹോവ ഒരു മഹാമത്സ്യത്തെ കൽപ്പിച്ചയച്ചിരുന്നു. അങ്ങനെ യോന മൂന്നു രാവും മൂന്നു പകലും മത്സ്യത്തിന്റെ വയറ്റിൽ കിടന്നു. എന്നാൽ യഹോവ മത്സ്യത്തോട് കൽപ്പിച്ചു. അത് യോനയെ കരക്ക് ഛർദിച്ചു കളഞ്ഞു.'(യോന 1:17, 2: 10)** യോനാ കടലാനയുടെ വയറ്റിൽ പ്രവേശിച്ചതും കിടന്നതും പുറത്ത് വന്നതും ജീവനോടെയാണെന്ന കാര്യത്തിൽ തർക്കമില്ല. ഇത് യേശു വിൽ പുലരണമെങ്കിൽ തീർച്ചയായും യേശുവും ഭൂമിയുടെ ഉള്ളിൽ (കല്ലറ) പ്രവേശിച്ചതും കിടന്നതും പുറത്തുവ ന്നതും ജീവനോടെ ആയിരിക്കണം.

### ഗെതശമനയിലെ പ്രാർഥന

ശപിക്കപ്പെട്ട കുരിശു മരണത്തിൽ നിന്ന് രക്ഷിക്കാൻ വേണ്ടി യേശു ദൈവത്തോട് പ്രാർഥിച്ചിട്ടുണ്ടായിരുന്നു. **'പിതാവേ നിനക്ക് എല്ലാം കഴിയും ഈ പാനപാത്രം എന്നിൽ നിന്നും നീ അകറ്റേണമേ '(മാർക്ക്14:35)**

എന്ന് യേശു മനമുരുകി പ്രാർഥി ച്ചതായി ബൈബിൾ തന്നെ വ്യക്ത മാക്കുന്നു. **' തന്റെ പ്രാർഥന എ പ്പോഴും ദൈവം കേൾക്കുന്നു.'** (യോ:11:42) എന്ന് യേശു തന്നെ വ്യക്തമാക്കിയിരിക്കേ



ഗെതശമനയിലെ പ്രാർത്ഥന ചിത്രകാരന്റെ ഭാവനയിൽ

അങ്ങേയറ്റം ദുർഘടാവസ്ഥയിൽ യേശു നടത്തിയ പ്രാർഥന ദൈവം സ്വീകരിച്ചില്ല എന്ന് പറയാമോ? സ്വീകരിച്ചില്ലെങ്കിൽ യേശു പാപിയാണെന്ന് പറയുന്നതിന് തുല്യമല്ലേയത്.? കാരണം പാപികളുടെ പ്രാർഥനയാണ് ദൈവം കേൾക്കാതിരിക്കുക എന്നാണ് ബൈബിളിന്റെ അദ്ധ്യാപനം. (യോഹ:9:31)

യേശുവിന്റെ പ്രാർഥന ദൈവം കേൾക്കുകയും ആ മഹാത്മാവിനെ ശപിക്കപ്പെട്ട മരണത്തിൽ നിന്ന് രക്ഷിക്കുകയും ചെയ്തു എന്നത് ബൈബിൾ സശ്രദ്ധം പഠിച്ചാൽ ഏതൊരു സഹൃദയനും എളുപ്പത്തിൽ മനസ്സിലാക്കാവുന്നതാണ്. താൻ ശപിക്കപ്പെട്ട കുരിശു മരണത്തിൽ നിന്ന് രക്ഷിക്കപ്പെടുമെന്ന് യേശു ഉറച്ചു വിശ്വസിച്ചിരുന്നു. അദ്ദേഹം സ്വയം തന്നെ കുരിശു മരണത്തിനു സന്നദ്ധനായി എന്നതിന്റെ യാതൊരു സൂചനയും ബൈബിളിൽ നിന്നും ലഭ്യമല്ല.

**മഹാശബ്ദം**

മുമ്പ് പറഞ്ഞത് പോലെ കേവലം മൂന്ന് മണിക്കൂറിൽ കുറഞ്ഞ സമയം മാത്രമാണ് യേശു കുരിശിൽ കിടന്നത്. കുരിശിൽ മൂർച്ഛിതനായി കാണപ്പെട്ട യേശു മരിച്ചു എന്ന് അവിടെ കൂടിയിരുന്നവർ കരുതുകയുണ്ടായി. :**യേശു മഹാശബ്ദത്തോടെ പ്രാണൻ വെടിഞ്ഞു. (മത്താ:27:48)** എന്നാണ് മത്തായി വിവരിക്കുന്നത്. മരണാസന്നനായ ഒരാൾ മഹാശബ്ദം പുറപ്പെടുവിക്കാറില്ല. യേശു ബോധ രഹിതനാവുന്ന അവസരത്തിലാണ് അങ്ങനെ ശബ്ദം പുറപ്പെടുവിച്ചത്.. എന്ന് വ്യക്തമാണ്. ബോധരഹിതനാ കാൻ കാരണം ക്രൂശീകരണവേളയിൽ ശിഷ്യന്മാർ നൽകിയ മയക്കുമരുന്ന് ചേർത്ത വീഞ്ഞായിരുന്നു. (യോഹ:19:29)

**പീലാത്തോസിന്റെ ആശ്ചര്യം**

യേശു മരിച്ചു എന്ന വാർത്ത കേട്ടപ്പോൾ ആശ്ചര്യത്തോടെ അവൻ മരിച്ചുവോ (മാർക്കോ: 15:44)എന്നുള്ള പീലാത്തോസിന്റെ ചോദ്യവും യേശു സ്വാഭാവികമായും മരിക്കാൻ സമയമായിട്ടില്ല എന്നതിലേക്കാണ് സൂചന നൽകുന്നത്. ബൈബിൾ ലിഖിത പ്രകാരം അൽപ്പ നേരത്തേക്ക് മാത്രമാണ് ക്രിസ്തു കുരിശിൽ കിടന്നത്. കൂടാതെ യേശുവിന്റെ കൂടെ ക്രൂശിച്ച കള്ളന്മാർ മരിക്കാതിരുന്നത് കൊണ്ട് അവരുടെ കാലുകൾ പടയാളികൾ തല്ലി ഒടിക്കുകയുണ്ടായി. എന്നാൽ യേശു വിന്റെ കാലുകൾ ഒടിച്ചില്ല. (യോ:19:32,33)

**രക്തവും വെള്ളവും തുള്ളിച്ചു വന്നു**

പടയാളികളിലൊരാൾ യേശുവിന്റെ വിലാപുറത്ത് കുന്തം കൊണ്ട് കുത്തിയപ്പോൾ രക്തവും വെള്ളവും തുള്ളിച്ചു വന്നതും (യോഹ 19:34) യേശു അപ്പോൾ മരിച്ചിരുന്നില്ല എന്നതിന് മതിയായ തെളിവാണ്. മരിച്ച ശരീരത്തിൽ നിന്ന് രക്തം ശക്തിയായി പ്രവഹിക്കുകയില്ലല്ലോ?

**ശരീരം ശിഷ്യന്മാരെ ഏൽപ്പിക്കുന്നു**

മരിച്ചു എന്നു കരുതിയ യേശുവിന്റെ ശരീരം യേശുവിന്റെ ശത്രുക്കളായ യഹൂദർക്കല്ല വിട്ടുകൊടുത്തത്, അദ്ദേഹത്തിന്റെ രഹസ്യ ശിഷ്യനായിരുന്ന അരിമത്യക്കാരൻ ജോസഫിനായിരുന്നു വിട്ടുകൊടുത്തത്. വായു സഞ്ചാരമുള്ളതും വിശാലവുമായ കല്ലറയിൽ ചികിത്സക്കുള്ള മരുന്നുമായി വൈദ്യനായ നിക്കോദമസും എത്തിയിരുന്നു. നൂറ് റാത്തൽ മൂറും അകിലും കൊണ്ടുള്ള ഒരു കൂട്ട് അദ്ദേഹം കൊണ്ടു വന്നിരുന്നു. (യോഹ:19:39) ഈ മരുന്ന് കൂട്ട് മൃതദേഹ ശുശ്രൂഷക്കുള്ളതല്ല എന്ന് വളരെ വ്യക്തം. പൗരാണിക കാലം മുതൽ ശരീരത്തിനേറ്റ ക്ഷതങ്ങൾക്ക് ചികിത്സിക്കാൻ തയ്യാർ ചെയ്യപ്പെടുന്ന മരുന്നായിരുന്നുഅത്. വൈദ്യ ശാസ്ത്ര ഗ്രന്ഥങ്ങളിൽ ***മർഹമെ ഈസാ*** (യേശുവിന്റെ ലേപനം (Ointment Of Jesus)എന്ന പേരിൽ രേഖപ്പെട്ടുകിടക്കുന്നു.

തീവ്ര പരിചരണത്തിന്റെ ഫലമായി യേശുവിന് അൽപ്പം ആശ്വാസമായപ്പോൾ കല്ലറയിൽ നിന്നും പുറത്ത് വന്ന് രഹസ്യത്തിൽ ശിഷ്യന്മാരെ സന്ദർശിക്കുകയുണ്ടായി.. ജൂതന്മാർ അദ്ദേഹത്തെ വീണ്ടും അറസ്റ്റ് ചെയ്യാതിരിക്കാൻ വേണ്ട എല്ലാ മുൻ കരുതലുകളും അദ്ദേഹം എടുത്തുകൊണ്ടിരുന്നു. അദ്ദേഹം പൊതു സ്ഥലങ്ങളിൽ പ്രത്യക്ഷപ്പെട്ടേയില്ല. **(അപ്പോ:10:41)** വിശന്നപ്പോൾ ശിഷ്യന്മാരോട് ഭക്ഷണം ആവശ്യപ്പെടുകയും അവരോടൊപ്പം ഭക്ഷിക്കുകയും ചെയ്തു.**(ലൂക്കോസ് 4:42)**തന്നെ ഭൂതമെന്ന് സംശയിച്ച ശിഷ്യനോട് കൈയും കാലും നോക്കി ഞാൻ തന്നെയെന്ന് അറിയുവിൻ എന്നിൽ കാണുന്നത് പോലെ, ഭൂതത്തിന് അസ്ഥിയും മാംസവും ഇല്ലല്ലോ **(ലൂക്കോസ്: 24:39)** എന്നു പറഞ്ഞു. തന്നെ കണ്ടു സന്ദേഹം പ്രകടിപ്പിച്ച തോമസിനോട് തന്റെ ആണിപ്പഴുതിൽ വിരലിട്ടുപരിശോധിക്കാൻ യേശു പറഞ്ഞു **(യോഹ: 20:25)** ഇങ്ങനെ സാധാരണ മനുഷ്യർ ചെയ്യാറുള്ള തിന്നുക, കുടിക്കുക, ഉറങ്ങുക എന്നിങ്ങനെ എല്ലാ കൃത്യങ്ങളും നിർവഹിച്ച യേശു, കുരിശു സംഭവത്തിന് ശേഷം തോജോമയരൂപിയായ ആത്മീയ ശരീരമായി മാറി എന്ന വാദം എങ്ങനെ ശരിയാവും?. മാത്രവുമല്ല അങ്ങനെയായിരുന്നുവെങ്കിൽ വീണ്ടും അറസ്റ്റ് ചെയ്യപ്പെട്ടേക്കുമെന്ന് കരുതിയോ മരണത്തെ ഓർത്തോ അദ്ദേഹത്തിന് തെല്ലും ഭയപ്പെടേണ്ട കാര്യമില്ലായിരുന്നു. ശത്രുക്കളുടെ മുന്നിൽ പ്രത്യക്ഷപ്പെട്ട് താൻ മരണത്തിന് ശേഷം ഉയിർത്തെഴുന്നേറ്റ ആത്മീയ ശരീരമാണെന്നും നിങ്ങൾക്കെന്നെ ഒന്നും ചെയ്യാൻ കഴിയുകയില്ലെന്നും നിർഭയനായി ആളുകളുടെ മുമ്പിൽ പരസ്യമായി പ്രഖ്യാപിക്കാമായിരുന്നു. അങ്ങനെ കൂടുതൽ പേരെ തന്നിൽ വിശ്വസിപ്പിക്കാനും അദ്ദേഹത്തിന് സാധിച്ചേനേ. ഇതിനെല്ലാം വിരുദ്ധമായി രഹസ്യത്തിൽ ഭയപ്പാടോടെ ശിഷ്യന്മാരെ സന്ദർശിക്കുകയാണ് യേശു ചെയ്തത്.

**യേശു:കാണാതെപോയ ഇസ്റയേൽ ഗോത്രങ്ങളെ തേടി**

യഹൂദികൾ പന്ത്രണ്ട് ഗോത്രങ്ങളായിട്ടായിരുന്നല്ലോ അറിയപ്പെട്ടിരുന്നത്. പലസ്തീനിൽ ഈ പന്ത്രണ്ട് യഹൂദ ഗോത്രങ്ങളും ശലമോന്റെ കാലം വരെ ഒരുമിച്ചാണ് കഴിഞ്ഞിരുന്നത്. ശലമോന്റെ ഭരണത്തിന് ശേഷം യഹൂദജനതയിൽ ജീർണത തലപൊക്കുകയും ശിഥിലമാവുകയും ചെയ്തു. പിന്നീട് അസീറിയ, ബാബിലോൺ, പേർഷ്യ, ഗ്രീക്ക് മുതലായ സാമ്രാജ്യങ്ങളുടെ പരാക്രമ ശാലികളായ വിശ്വസാമ്രാട്ടുകൾ പലസ്തീൻ ആക്രമിച്ചു കീഴടക്കി (ബി.സി.8,7,6 നൂറ്റാണ്ടുകളിൽ) അടിമകളാക്കി അവരെ കിഴക്കൻ ദിക്കുകളിലേക്ക് കൊണ്ടുപോയി എന്നത് സുദീർഘമായ ചരിത്രമാണ്. അവിടെയുള്ള യഹൂദി ഗോത്രങ്ങളെയെല്ലാം കിഴക്ക് ഇന്ത്യവരെ വ്യാപിച്ചു കിടക്കുന്ന പ്രവിശാലവും വിദൂരസ്ഥവുമായ പ്രദേശങ്ങളിൽ വ്യാപിക്കുകയുണ്ടായി. ഇസ്റയേലി ഗോത്രങ്ങളുടെ ഈ ചിതറിത്തെറിക്കലിനെയാണ് (ഡയസ്പ്പോറ-Diaspora)എന്ന് പറയുന്നത്. ക്രിസ്തു പലസ്തീനിൽ അവതരിക്കുമ്പോൾ പേർഷ്യൻ രാജാവായ സൈറസിന്റെ കാലത്ത് തിരിച്ചു വന്ന രണ്ട് യഹൂദ ഗോത്രത്തിൽ പ്പെട്ടവരുടെ പരമ്പര മാത്രമാണ് പലസ്തീനിൽ ഉണ്ടായിരുന്നത് എന്ന്

പറഞ്ഞുവല്ലോ. ബാക്കി പത്ത് ഗോത്രങ്ങളും **കാണാതെ പോയ പത്ത് ഗോത്രങ്ങൾ** എന്നാണ് അറിയപ്പെടുന്നത്. (The lost ten tribes). അവരൊരിക്കലും ഇസ്റായേലിലേക്ക് തിരിച്ചു വന്നിട്ടില്ല. വാസ്തവത്തിൽ കാണാതെ പോയ ഈ ഈസ്റായേൽ ഗേത്രങ്ങളിലും തന്റെ ദിവ്യ ദൗത്യമെത്തിക്കാനാണ് യേശു ഇന്ത്യവരെ സഞ്ചരിച്ചത്. ബൈബിൾ വചനം ഓർക്കുക.. **ഈ തൊഴുത്തിൽ പെടാത്ത വേറേയും ആടുകൾ എനിക്കുണ്ട് അവയെ എനിക്ക് കൊണ്ട്വരണം അവ എന്റെ സ്വരം കേൾക്കും. അങ്ങനെ ഒരു ആട്ടിൻ കൂട്ടവും ഇടയനുമാവും. (യോഹ:10: 16)**



ജവഹർ ലാൽ നെഹ്റു

**യേശു ഇന്ത്യയിൽ**

കുരിശു മരണത്തിൽ നിന്ന് ദൈവകൃപയാൽ അദ്ഭുതകരമായി രക്ഷപ്പെട്ട യേശു തന്റെ നിയോഗോദ്ദേശ്യം പൂർത്തിയക്കാനായി ശിഷ്യന്മാരോട് വിടപടഞ്ഞ് ചിതറിപ്പാർത്തു കഴിയുന്ന യഹൂദ ഗോത്രങ്ങളെ തേടി സിറിയ, ഇറാഖ്, ഇറാൻ, അഫ്ഗാനിസ്ഥാൻ, വഴി പുരാതന കാലത്തെ ഉത്തര മഹാപഥം എന്നറിയപ്പെടുന്ന സിൽക്ക് റൂട്ടിലൂടെ കശ്മീരിലെത്തുകയും അവിടെ ദിവംഗതനാവുകയും ചെയ്തു. വിശുദ്ധ ഖുർആൻ ഈ വസ്തുത ഖണ്ഡിതമായി പ്രഖ്യാപിക്കുന്നു: **' നാം ഈസബ്നു മർയമിനേയും അദ്ദേഹത്തിന്റെ മതാവിനെയും ഒരു അടയാള മാക്കിയിരിക്കുന്നു. നാം അവർക്ക് രണ്ട് പേർക്കും നിവാസ യോഗ്യവും ഒഴുകുന്ന വെള്ളമുള്ളതുമായ ഒരു ഉയർന്ന പ്രദേശത്ത് (കശ്മീർ) അഭയം നൽകി'(23:51)** അഹ്മദിയ്യാ പ്രസ്ഥാനത്തിന്റെ സ്ഥാപകനായ **ഹദ്റത്ത് അഹ്മദ് (അ)** തന്റെ **'*മസീഹ് ഹിന്ദുസ്ഥാൻ മെ*'** (യേശു മിശിഹാഇന്ത്യയിൽ) എന്ന ഗ്രന്ഥത്തിൽ ബൗദ്ധ ഹിന്ദു പുരാണങ്ങളും പുരാതന അറബി ഗ്രന്ഥങ്ങളും കശ്മീരിന്റെ ചരിത്രവും ഉദ്ധരിച്ചു കൊണ്ട് അദ്ഭുതങ്ങളും നിഗൂഢതകളും നിറഞ്ഞ യേശു വി ന്റെ യഥാർഥ ചരിത്രം അനാവരണം ചെയ്തിരിക്കുന്നു. കശ്മീരിലും അഫ്ഘാനിസ്ഥാനിലുമുള്ള മുസ്‌ലിം കൾ ചരിത്രപരമായും നരവംശപരമായും പുരാതന ഇസ്റായേൽ വംശത്തിൽ പെട്ടവരാണെന്ന അനിഷേധ്യമായ അനേകം തെളിവുകൾ പുറത്ത് വന്നു കൊണ്ടിരിക്കുന്നു. യേശുവിന്റെ ഭാരത പര്യടനത്തെ പറ്റി നിരവധി ചരിത്ര പണ്ഡിതന്മാൻ സാക്ഷ്യം വഹിച്ചിട്ടുണ്ട്. ചരിത്രകാരൻ കൂടിയായ നമ്മുടെ പ്രധാനമന്ത്രി പണ്ഡിറ്റ് ജവഹർ ലാൽ നെഹ്റുവിന്റെ അഭിപ്രായം മാത്രം ഇവിടെ രേഖപ്പെടുത്താം **'മദ്ധ്യേഷ്യ യിലെല്ലായിടത്തും കശ്മീരിലും ലഡാക്കിലും തിബത്തിലും അവക്ക് വടക്ക് വശത്തുള്ള പ്രദേശങ്ങളിൽ പോലും യേശു അഥവാ ഈസാ സഞ്ചരിച്ചിരുന്നുവെന്ന ബലമായ വിശ്വാസം നിലനിന്നു വരുന്നു. അദ്ദേഹം ഇന്ത്യയും സന്ദർശിക്കുകയുണ്ടായി യെന്ന് ചിലർ വിശ്വസിക്കുന്നു.... എന്നാൽ അദ്ദേഹം അങ്ങനെ ചെയ്തിരിക്കാമെന്നതിൽ അസംഭവ്യമായിട്ടൊന്നും തന്നെയില്ല.** '(Glimpses Of World History. p. 130)

ആകാശത്ത് ഇപ്പോഴും ജീവിച്ചിരിക്കുന്നു വെന്നും അവസാന കാലത്ത് ഭൂമിലേക്ക് അവരോഹിയാവുമെന്നും ക്രിസ്ത്യാനികളും മുസ്‌ലിംകളും വിശ്വസിക്കുന്ന യേശു വിജയശ്രീലാളിതനായി തന്റെ ദിവ്യ ദൗത്യം പൂർത്തിയാക്കി 120–ാം വയസ്സിൽ ദിവംഗതനാവുകയാണുണ്ടായത്. അഹ്മദിയ്യാ പ്രസ്ഥാന സ്ഥാപകരായ ഹദ്റത്ത് അഹ്മദ്(അ) ഈ സത്യം വേദ ഗ്രന്ഥങ്ങളും ചരിത്ര ഗ്രന്ഥങ്ങളും നിരത്തി തെളിയിക്കുക മാത്രമല്ല ചെയ്തത്, മുഴുവൻ അക്കാദമിക്ക് ലോകത്തിന്റെയും ശാസ്ത്ര വിജ്ഞാനങ്ങളു ടേയും മുമ്പിൽ ഈ പ്രശ്നത്തിന് ശാശ്വതവും സമൂർത്തവുമായ തെളിവായി കശ്മീരിലെ യേശുവിന്റെ കല്ലറ സമർപ്പിച്ചിരിക്കുകയാണ്. യേശുവിന്റെ വിഷയത്തിൽ ഇതിൽപ്പരം എന്ത് തെളിവാണ് ഇനി വേണ്ടത്. അശ്രദ്ധ നടിച്ചും അവഗണിച്ചും ഒരു ജ്വലിക്കുന്ന സത്യത്തെ എത്ര നാൾ ഇങ്ങനെ അന്ധവിശ്വാസത്തിലും അജ്ഞതയിലും മൂടി വെക്കാൻ സാധിക്കും? ദൈവത്തിന് വേണ്ടി നിസ്തുല ത്യാഗങ്ങൾ വരിച്ച മഹാനായ യേശുവിന്റെ തന്നെ ഒരു വചനം ഉദ്ധരിച്ച് കൊണ്ട് ഈ ലേഖനം ഉപസംഹരിക്കട്ടെ **' നിങ്ങൾ സത്യം അറിയും സത്യം നിങ്ങളെ സ്വതന്ത്രരാക്കും. (യേഹ:8:32)**

## ആകാശത്തുനിന്ന് ആരും വരില്ല

വാഗ്ദത്ത മസീഹിന്റെ ആകാശത്തുനിന്നുള്ള ഇറക്കം വെറും വ്യാമോഹം മാത്രമാണ്. ആകാശത്ത് നിന്ന് ആരും തന്നെ ഇറങ്ങി വരുന്നതല്ലെന്നു നല്ലവണ്ണം ധരിച്ചുകൊൾവിൻ. ഇന്നു ജീവിച്ചിരിക്കുന്ന എന്റെ എല്ലാ എതിരാളികളും മരിച്ചൊടുങ്ങും. എന്നാലവർക്ക് ആകാശത്തുനിന്ന് മർയമിന്റെ മകൻ യേശു (ഇബ്നുമറിയം) ഇറങ്ങിവരുന്നതായി കാണാൻ സാധിക്കുന്നതല്ല. അതിനുശേഷം അവരുടെ സന്താനങ്ങളും മർയമിന്റെ പുത്രൻ ഈസാ ഇറങ്ങുന്നതായി കാണാതെ മരണമടയുകയും പിന്നെ ആ സന്തതികളുടെ സന്താനങ്ങളും ഈസാനബിയെ കാണാതെ നിരാശരായി മരണമടയുന്നതുമാണ്. അപ്പോൾ അല്ലാഹു അവരുടെ ഹൃദയങ്ങളിൽ ഭയവും പരിഭ്രമവും ഇറക്കും കാരണം അന്നു കുരിശിന്റെ മേധാവി ത്വകാലം കഴിഞ്ഞു പോകുകയും ലോകം ഒരു നവീനഘട്ടത്തിൽ പ്രവേശിക്കുകയും ചെയ്തിട്ടുണ്ടായിരിക്കും.

(തദ്കിറത്തുശ്ശഹാദത്തൈൻ പേജ്:67)

ഹദ്റത്ത് അഹ്മദി (അ) ന്റെ സത്യസാക്ഷ്യം –2

# വിശുദ്ധ ജീവിതം: സത്യവാനെന്നതിന് തെളിവ്

മൗലവി മുഹമ്മദ് ഇസ്മാഈൽ, ആലപ്പുഴ

ഒരു ദൈവ നിയുക്ത വാദിയുടെ സത്യ സംശോദനയുടെ യുക്തമായ മാനദണ്ഡം അദ്ദേഹത്തിന്റെ വാദപൂർവമായ ജീവിതത്തിന്റെ പരിശുദ്ധതയാണ്

**സ**ത്യപ്രവാചകന്റെ, പ്രവാചകത്വവാദത്തിന് മുമ്പേയുള്ള ജീവിതം സംശുദ്ധവും പവിത്രവും ആയിരിക്കുമെന്ന് വിശുദ്ധഖുർആൻ വ്യക്തമാക്കുന്നു. അതിന് തെളിവായി നബി (സ)യുടെ ധന്യമായ ജീവിതം ഉരകല്ലെന്നോണം അത് സമർപ്പിക്കുകയും ചെയ്യുന്നു. ഇതിന്റെ വെളിച്ചത്തിൽ ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ)ന്റെ സത്യസാക്ഷ്യം വിലയിരുത്തുകയാണിവിടെ. വിശുദ്ധഖുർആൻ പറയുന്നു: **ഫഖദ് ലബിഥ്തു ഫീക്കും ഉമുറൻമ്മിൻ ഖബ്‌ലിഹീ അഫലാ തഅ്ഖിലൂൻ**. നിങ്ങൾക്കിടയിൽ നീണ്ടൊരു കാലം ഇതിനു മുമ്പേ ഞാൻ കഴിച്ചുകൂട്ടിയില്ലേ? എന്തുകൊണ്ട് നിങ്ങൾ ചിന്തിക്കുന്നില്ല? (10:17)

ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ) പറയുന്നു: "ഞാൻ ആദ്യമേ കളവ് പറയുന്ന ആളായിരുന്നെങ്കിൽ ഇപ്പോൾ പറയുന്നതും കളവാണെന്ന് നിങ്ങൾക്ക് ധരിക്കാമായിരുന്നു. എന്റെ 40 വർഷകാലത്തെ ജീവിതം പരിശുദ്ധവും അന്യൂനവുമാണെങ്കിൽ തീർച്ചയായും എന്റെ ഇൽഹാമിന്റെയും നുബുവ്വത്തിന്റെയും എന്റെ വാദവും സത്യം തന്നെയാകുന്നു.

ഹദ്റത്ത് ഖുത്ബുൽ ഔലിയ അബൂഇസ്ഹാഖ് ഇബ്റാഹീം ബിൻ ശഹ്റിയാർ(റഹ്) പറയുന്നു: ***ദർ ജവാനീ തൗബ കർദൻ ശേയ്‌വയെ പേഗമ്പരി അസ്ത്***. യുവത്വത്തിൽ അല്ലാഹുവിനെ അനുസരിക്കുന്നവൻ വാർദ്ധക്യത്തിലും അല്ലാഹുവിന്റെതന്നെ ആജ്ഞാനുവർത്തിയായിരിക്കും. (തദ്കിറത്തുൽ ഔലിയാ, ഹദ്റത്ത് ശെയ്ഖ് ഫരീദുദ്ദീൻ അത്വാർ (റഹ്) അധ്യായം 76, അബൂ ഇസ്ഹാഖ് ഇബ്റാഹിം ബിൻ ശഹ്‌രിയാറിന്റെ വൃത്താന്തങ്ങൾ, ഉർദു തർജ്ജമ, പ്രസാ: ശേയ്ഖ് ബർക്കത്തലി & സൺസ്, ലാഹോർ, ളഹീറുൽ അസ്ഫിയ, ഉർദു തർജമ തദ്കിറത്തുൽ ഔലിയാ, പ്രസാ: ഹാജി ചിരാഗുദ്ദീൻ സിറാജുദ്ദീൻ, പേജ് 427)

ഹദ്റത്ത് ദാതാ ഗുൻജ് ബഖ്ശ്(റഹ്) എഴുതുന്നു: "റസൂലുല്ലാഹി(സ) സത്യമിത്രങ്ങളുടെ അഗ്രദൂതനും ഇമാമും ദൈവസ്നേഹിതരുടെ നേതാവുമായി സത്യത്തിന്റെ തെളിവുകളും നുബുവ്വത്തും അദ്ദേഹത്തിൽ പ്രകടമാകാത്ത കാലത്തും, വഹ്‌യ് ഇറങ്ങാത്ത കാലത്തും സൽപേരുകാരൻ തന്നെയായിരുന്നു. സുഹൃദ്ബന്ധത്തിന്റെ പട്ടാംബരം അനുഗൃഹീതമായ ശിരസ് അലങ്കരിച്ചപ്പോൾ മനുഷ്യസൃഷ്ടികൾ ആ മഹാത്മാവിനെ നിന്ദിച്ച് ചീത്തപറയാൻ തുടങ്ങി. ചിലർ മന്ത്രവാദി എന്നു പറഞ്ഞു. ചിലർ കവി എന്നും ചിലർ ഭ്രാന്തനെന്നും ചിലർ കളവ് പറയുന്നവൻ എന്നും ആരോപിച്ചു. അപ്രകാരംതന്നെ ആ മഹാത്മാവിനോട് അപമര്യാദയായി പെരുമാറുന്നതും അനുവദനീയമാക്കിവെച്ചു.'' (കശ്ഫുൽ മഹ്ജൂബ്, അധ്യായം 4, 'ലക്ഷണങ്ങളുടെ വിവരണം', ഉർദു തർജമ, പ്രസാ: ശേയ്ഖ് ഇലാഹി ബക്ഷ് ജലാലുദ്ദീൻ ലാഹോരി, ഹി:1322, പേജ് 65, 66)

നബി(സ) നുബുവ്വത്ത് വാദം പുറപ്പെടുവിച്ചു. അതിനു മുമ്പേ അബൂ ലഹബും മറ്റ് അവിശ്വാസികളും പറഞ്ഞിരുന്നത് ***മാ ജർറബ്നാ അലയ്ക്ക ഇല്ലാ സ്വിദ്ഖാ***. 'നിന്നിൽനിന്ന് സത്യമല്ലാതെ ഞങ്ങൾക്കൊന്നും അനുഭവപ്പെട്ടിട്ടില്ല' എന്നായിരുന്നു. (ബുഖാരി, കിതാബുത്തഫ്സീർ, തഫ്സീർ സൂറത്തുശ്ശുഅ്റാ, വാല്യം 3, പേജ് 196, മിസ്ർ)

എന്നാൽ, നബി(സ) തന്റെ വാദം വിവരിച്ചപ്പോൾ, ***ഫ ഇന്നീ നദീറുൻ ബയ്ന യദയ് അദാബിൻ ശദീദ്*** ഞാൻ അല്ലാഹുവിൽനിന്ന് നബിയായി വന്നിരിക്കുന്നുവെന്നും ഭയാനകമായ ശിക്ഷ വരാൻ പോകുന്നുവെന്നും പറഞ്ഞപ്പോൾ, സത്യപ്പെടുത്തിപ്പറഞ്ഞ അതേ ആളുകൾ നിഷേധിച്ചു. അബൂലഹബ്, **തബ്ബല്ലക്ക** നിനക്ക് നാശമുണ്ടാകട്ടെ എന്നു പറഞ്ഞു. നബി(സ)യെ ആദ്യം ***മാ ജർറബ്നാ അലയ്ക്ക ഇല്ലാ സ്വിദ്ഖാ*** എന്ന് പറഞ്ഞിരുന്നവർതന്നെ, നുബുവ്വത്ത് വാദത്തിനുശേഷം കള്ളവാദിയെന്നും പറയാൻ തുടങ്ങിയെന്ന് വിശുദ്ധഖുർആനിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ***ഖാലൽകാഫിറൂന ഹാദാ സാഹിറുൻ കദ്ദാബ്*** നബി(സ) ജാലവിദ്യക്കാരൻ മാത്രമല്ല, നഊദുബില്ലാഹ് പെരുംകള്ളനുമാണ്. (38:5)

ഇതിൽനിന്ന് നബിയുടെ നുബുവ്വത്ത് വാദത്തിന് മുമ്പേയുള്ള ജീവിതം മിത്രത്തിന്റെയും ശത്രുവിന്റെയും അനുഭവത്തിന്റെ അടിസ്ഥാനത്തിൽ പവിത്രമായിരുന്നുവെന്ന് സ്ഥാപിതമാകുന്നു. അദ്ദേഹത്തിന്റെ നുബുവ്വത്തിന് ശേഷമുള്ള ജീവിതവും പവിത്രം തന്നെ. പക്ഷേ, നുബുവ്വത്ത് വാദം കാരണത്താൽ, ആളുകൾ അദ്ദേഹത്തിന്റെ ശത്രുക്കളായി മാറി. അതുകൊണ്ട് അവർ അദ്ദേഹത്തിനുമേൽ പലതരത്തിലുള്ള ആക്ഷേപങ്ങളും ഉന്നയിക്കുന്നത് 'ശത്രു ഇല്ലാത്തത് പറയും' എന്ന് പറയുന്നതുപോലെയാണ്. ഏതെങ്കിലും നുബുവ്വത്ത് വാദിയുടെ സത്യത ഉരച്ചുനോക്കണമെങ്കിൽ, അയാളുടെ വാദത്തിനു മുമ്പേയുള്ള ജീവിതത്തിൽ ദൃഷ്ടി പതിപ്പിക്കേണ്ടതാണ്.

ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ) പറയുന്നു: ''ഇനി നോക്കുക, അല്ലാഹു തന്റെ ന്യായപൂർത്തി നിങ്ങളിൽ സമ്പൂർത്തീകരിച്ചിരിക്കുന്നു. എങ്ങനെയെന്നാൽ, എന്റെ വാദത്തിന് ആയിരക്കണക്കിന് തെളിവുകൾ സ്ഥാപിച്ചുകൊണ്ട് നിങ്ങളെ ഈ ജമാഅത്തിലേക്ക്

ക്ഷണിക്കുന്ന വ്യക്തി ഏത് പദവിയിലുള്ള അഭൗമികജ്ഞാനത്തിന്റെ ആളാണെന്നും എന്തുമാത്രം തെളിവുകളാണ് അയാൾ സമർപ്പിക്കുന്നതെന്നും ചിന്തിക്കുവാൻ നിങ്ങൾക്ക് ഒരവസരം നല്കിയിരിക്കുകയാണ്. എന്റെ വാദത്തിന് മുമ്പേയുള്ള ജീവിതത്തിൽ നിങ്ങൾക്ക് ഒരു ന്യൂനതയോ കറ്റുകെട്ടോ കളവോ ചതിയോ ചുമത്താൻ സാധ്യമല്ല. അങ്ങനെയായിരുന്നെങ്കിൽ നിങ്ങൾക്ക് കരുതാമായിരുന്നു. ആദ്യമേതന്നെ കളവ് പറയുകയും ഇല്ലാത്തത് ഉണ്ടാക്കിപറയുകയും ചെയ്യുന്ന ശീലക്കാരനാണ്, അതുകൊണ്ട് ഇതും കളവ് പറഞ്ഞതായിരിക്കും എന്ന്. **എന്റെ ജീവിതത്തിൽ എന്തെങ്കിലും ദോഷാരോപണം നടത്താൻ നിങ്ങളിൽ ആരുണ്ട്?** എന്നെ തുടക്കം മുതലേ ഹൃദയഭക്തിയിൽ നിലയുറപ്പിച്ചു നിർത്തിയിരിക്കുന്നുവെന്നത് അല്ലാഹുവിന്റെ അനുഗ്രഹമാണ്. ചിന്തിക്കുന്നവർക്ക് ഇതൊരു തെളിവാണ്." (തദ്കിറത്തുശ്ശഹാദത്തെൻ, പേജ് 62, 1903 ഒക്ടോബർ)

ഈ വെല്ലുവിളി പ്രസിദ്ധീകരിച്ചിട്ട് 109 വർഷം കഴിഞ്ഞു. എന്നാൽ, ഇന്നേവരെ ആർക്കും അത് സ്വീകരിക്കാൻ ചങ്കൂറ്റമുണ്ടായില്ല. ഹദ്റത്ത് മിർസാ ഗുലാംഅഹ്മദ് (അ)നെ കുട്ടിക്കാലം മുതലേ അറിയാമായിരുന്ന മുജാഹിദുകളുടെ അനിഷേധ്യനേതാവ് മുഹമ്മദ് ഹുസൈൻ ബട്ടാലവി അദ്ദേഹത്തെ ഇങ്ങനെ സാക്ഷ്യപ്പെടുത്തി: ''ബറാഹീനെ അഹ്മദിയ്യായുടെ രചയിതാവിന്റെ ജീവിതവൃത്താന്തങ്ങളേയും ചിന്താഗതികളേയും സംബന്ധിച്ച് എത്രത്തോളം എനിക്കറിയാമോ ഞങ്ങളുടെ സമകാലികരിൽ അങ്ങനെ അറിവുള്ളവർ വളരെ വിരളമാണ്. ഗ്രന്ഥകർത്താവ് നമ്മുടെ നാട്ടുകാരനാണ്. എന്നല്ല, കുട്ടിക്കാലത്ത് ഞങ്ങൾ (ഖുത്വുബിയും ശറഹ് മുല്ലായും) ഒപ്പം പഠിച്ചിരുന്നവരാണ്." (ഇശാഅത്തുസ്സുന്ന, പുസ്തകം 7, ലക്കം 6)

''ബറാഹീനെ അഹ്മദിയ്യായുടെ കർത്താവ് ശത്രുമിത്രാദികളുടെ അനുഭവത്തിന്റെയും കാഴ്ചപ്പാടിന്റെയും വെളിച്ചത്തിൽ (വല്ലാഹു ഹസീബുഹൂ) മുഹമ്മദിയ്യാ ശരീഅത്തിൽ നിലകൊള്ളുകയും സൂക്ഷ്മത പാലിക്കുകയും സത്യസന്ധത പുലർത്തുകയും ചെയ്യുന്ന ആളാണ്.'' (ഇശാഅത്തുസ്സുന്ന, പുസ്തകം 7, ലക്കം 9)

"ഇപ്പോൾ നാം ഇതിനെക്കുറിച്ചുള്ള (ബറാഹീനെ അഹ്മദിയ്യാ) നമ്മുടെ അഭിപ്രായം വളരെ ഹ്രസ്വമായും അതിശയോക്തി കൂടാതെയുമുള്ള വാക്കുകളിൽ പ്രകടിപ്പിക്കുകയാണ്. നമ്മുടെ അഭിപ്രായത്തിൽ ഈ ഗ്രന്ഥം ഇക്കാലത്ത് ഇന്നത്തെ പരിതസ്ഥിതികളുടെ വെളിച്ചത്തിൽ ഇസ്ലാമിൽ ഇന്നേവരെ പ്രസിദ്ധം ചെയ്യപ്പെട്ടിട്ടില്ലാത്തവിധം അതുല്യമായൊരു ഗ്രന്ഥമാകുന്നു.... ധനംകൊണ്ടും ദേഹംകൊണ്ടും പേനകൊണ്ടും നാവുകൊണ്ടും പ്രവൃത്തികൊണ്ടും വാക്കുകൊണ്ടും ഇസ്ലാമിനുവേണ്ടി ഈ ഗ്രന്ഥകർത്താവിനെപോലെ സേവനം ചെയ്തിട്ടുള്ളവർ പൂർവികമുസ്ലിംകളിൽപോലും വളരെ വിരളമായേ കാണപ്പെടുകയുള്ളൂ. (ഇശാഅത്തുസ്സുന്ന, പുസ്തകം 6, ലക്കം 6).

''ഇസ്ലാമിനുവേണ്ടി ശബ്ദിക്കുകയും അദ്ദേഹത്തിനുണ്ടായിട്ടുള്ള വളരെയേറെ ഇൽഹാമുകളുടേയും ദർശനങ്ങളുടേയും സന്തോഷവാർത്തകളുടേയും വെളിച്ചത്തിൽ ജനങ്ങൾ അദ്ദേഹം ഒരു വലിയ്യാണെന്ന് വിശ്വസിക്കുകയും'' ചെയ്തിരുന്നതായി മൗലാനാ അബുൽ ഹസൻ അലി നദ്വി പ്രസ്താവിച്ചിട്ടുണ്ട്. (ഖാദിയാനിസം, പേജ് 55)

ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ)ബറാഹീനെ അഹ്മദിയ്യ ഭാഗം 5ൽ ഈസാ(അ) ജീവിച്ചിരിപ്പുണ്ട് എന്ന വിശ്വാസം ബഹുദൈവാരാധനാപരമായ (ശിർക്ക്) വിശ്വാസമാണ് എന്ന് എഴുതിയെന്നും 12 വർഷം അദ്ദേഹം ആ വിശ്വാസം വെച്ചുപുലർത്തിയെന്നും എതിരാളികൾ ആക്ഷേപിക്കാറുണ്ട്.

അതിനുള്ള മറുപടി: 1. ശിക്ഷ എപ്പോഴും ന്യായപൂർത്തിക്കു ശേഷമാണ് വിധിക്കപ്പെടുന്നത്. ഒരു കാര്യത്തെ വിരോധിക്കാത്തിടത്തോളം അതിന്നെതിരിൽ പ്രവർത്തിക്കുന്നത് ഒരു വിധിക്കും വിധേയമാകുകയില്ല. ഹദീഥിൽ വന്നിരിക്കുന്നു. നബി(സ) പറഞ്ഞു: ***ഖദ് അഫ്ലഹാ വ അബീഹി ഇൻ സ്വദഖ*** (മുസ്ലിം കിതാബുൽ ഈമാൻ, ബാബു ബയാനിസ്വലാത്തില്ലത്തീ ഹിയ അഹദു അർക്കാനിൽ ഇസ്ലാം)

"അവന്റെ ഉപ്പയാണ സത്യം, അവൻ സത്യമാണ് പറഞ്ഞതെങ്കിൽ വിജയിച്ചു." അതായത് നബി(സ) ഉപ്പയെ പിടിച്ചുള്ള സത്യം ***വ അബീഹി*** എന്ന വാക്കുകളിൽ ചെയ്തു. എന്നാൽ മറ്റൊരു സ്ഥലത്ത് പറഞ്ഞു,

2. ***മൻ ഖലഫ ബിഗയ്രില്ലാഹി ഫഖദ് അശ്റക്ക*** അല്ലാഹുവിന് പുറമെ ആരെയെങ്കിലും പിടിച്ച് ആണയിടുന്നവൻ ബഹുദൈവാരാധകനാണ്. (തിർമിദി വ മിശ്ക്കാത്ത് മുജ്തബായി, പേ. 296, ബാബുൽ ഈമാൻ വന്നുദൂർ)

മിശ്ക്കാത്ത് മുജ്തബായി, പേജ് 370ൽ അബൂദാവൂദിന്റെ ഇങ്ങനെയൊരു നിവേദനം രേഖപ്പെടുത്തിയിരിക്കുന്നു. "***ഖാല സ്വല്ലല്ലാഹു അലയ്ഹിവസല്ലമ ദാക്ക വ അബീ അൽജൂറ***" നബി(സ) പറഞ്ഞു, "എന്റെ ബാപ്പയാണ സത്യം, ഇത് വിശപ്പാണ്.'' ഇതിൽ നബി(സ) തന്റെ പിതാവിനെ പിടിച്ച് സത്യം ചെയ്തിരിക്കുകയാണ്. ഇതുസംബന്ധിച്ച് ഹദ്റത്ത് മുല്ലാ അലീ ഖാരി പറയുന്നു. ***വ ഖൗലുഹു 'വ അബീ അൽജൂറ' ഖീല ലഅല്ല ഹാദൽഹൽഫ ഖബ്ലന്നഹീ അനിൽഖസ്മി ബിൽ ആബായി***' 'എന്റെ ഉപ്പയാണ സത്യം' എന്ന് നബി(സ) പറഞ്ഞത്, ഉപ്പമാരെ പിടിച്ച് സത്യം ചെയ്യരുതെന്ന വിലക്കിന് മുമ്പേയുള്ളതായിരിക്കാം. അല്ലെങ്കിൽ മുമ്പേ ശീലിച്ചതുപോലെ നബി(സ) യുടെ വായിൽനിന്ന് പുറപ്പെട്ടതാകാം. (മിർക്കാത്ത്, അടിക്കുറിപ്പ് മിശ്കാത്ത് മുജ്ത്തബായി, പേജ് 370)

3. ***ഫഖദ് ലബിഥ്തു*** എന്ന വചനത്തിൽ വാദത്തിന് മുമ്പേയുള്ള, 40 വർഷക്കാലത്തെ ജീവിതം കളവിൽനിന്നും ദോഷങ്ങളിൽനിന്നും കുറ്റങ്ങളിൽനിന്നും പരിശുദ്ധമാകുന്നത്, സത്യവാനെന്നതിന് തെളിവ് എന്ന നിലയിൽ സമർപ്പിക്കപ്പെട്ടിരിക്കുകയാണ്. പ്രവാചകന്മാർക്ക് അല്ലാഹുവിന്റെ വെളിപാട് തന്നെയാണ് വിശ്വാസപ്രമാണങ്ങൾ സമ്പൂർണമായ നിലയിൽ പറഞ്ഞുകൊടുക്കുന്നത്. ഹദ്റത്ത് മിർസാ ഗുലാം (അ) തന്റെ ആഹ്വാനത്തിൽ പറയുന്നു: "എന്റെ വാദത്തിന് മുമ്പേയുള്ള ജീവിതത്തിൽ നിങ്ങൾക്ക് ഒരു ന്യൂനതയോ കറ്റുകെട്ടോ കളവോ ചതിയോ ചുമത്താൻ സാധ്യമല്ല. അങ്ങനെയായിരുന്നെങ്കിൽ നിങ്ങൾക്ക് കരുതാമായിരുന്നു, ആദ്യമേതന്നെ കളവ് പറയുകയും ഇല്ലാത്തത് ഉണ്ടാക്കിപ്പറയുകയും ചെയ്യുന്ന ശീലക്കാരനായതുകൊണ്ട് ഇതും കളവ് പറഞ്ഞതായിരിക്കാമെന്ന്."

4. നബി(സ) ആദ്യമേ പറഞ്ഞു, ***മൻഖാല അന ഖയ്റുൻമ്മിൻ യൂനസബ്നി മത്താ ഫഖദ് കദിബ*** മത്തായുടെ മകൻ യൂനുസിനെക്കാൾ ഞാൻ വലിയവനാണെന്ന് പറയുന്നവൻ കളവാണ് പറയുന്നത്. (ബുഖാരി, കിതാബുത്തഫ്സീർ, സൂറഃ നിസാഅ്, ബാബ് ഇന്നാ ഔഹയ്നാ ഇലയ്ക്ക കമാ ഔഹയ്നാ, വാല്യം 3, പേജ് 77, മിസ്റ്)

വീണ്ടും പറഞ്ഞു. ***ലാ തുഫള്ളി***

***ലൂനി അലാ മൂസാ*** ഞാൻ മൂസായേക്കാൾ ശ്രേഷ്ഠനാണെന്ന് പറയരുത്. (ബുഖാരി, കിതാബുൽ അമ്പിയാഅ്). എന്നാൽ പിന്നീട് പറഞ്ഞു. ***അന സയ്യിദു വുൽദി ആദമ ലാ ഫഖ്ർ*** ഞാൻ എല്ലാ മനുഷ്യരുടേയും നേതാവാണ്. അതിൽ പൊങ്ങച്ചമൊന്നുമില്ല. യഥാർഥ സംഗതിയുടെ പ്രകടനമാണ്.

പിന്നീട് പറഞ്ഞു. ***അന ഇമാമുന്നബിയ്യീന വ അന ഖാഇദിൽ മുർസലീന*** ഞാൻ സകല നബിമാരുടേയും ഇമാമും വഴികാട്ടിയുമാണ്. (മുസ്‌ലിം, വാല്യം 2, പേജ് 307, മിസ്റി). നോക്കുക, അവിടെ എഴുതിയിരിക്കുന്നു ആരോ നബി(സ)യോട് പറഞ്ഞു, ***യാ ഖയ്റൽ ബരിയ്യ*** (അല്ലയോ സൃഷ്ടികളിൽ ഉത്തമാ!) നബി(സ) പറഞ്ഞു, ***ദാക്ക ഇബ്റാഹീമു***(അ) ഞാൻ സകല സൃഷ്ടികളിലും വെച്ച് ശ്രേഷ്ഠനല്ല, പ്രത്യുത, ഹദ്റത്ത് ഇബ്റാഹിം(അ) എല്ലാ മനുഷ്യരിലും ശ്രേഷ്ഠനാണ്.

5. ഇന്ന് ഏതെങ്കിലും മുസൽമാൻ ബയ്ത്തുൽ മുഖദ്ദസിലേക്ക് മുഖംതിരിച്ച് നമസ്കരിച്ചാൽ യഹൂദിയെന്നും കാഫിറെന്നുമുള്ള ഫത്വ അവനുമേൽ ചുമത്തും. ***കാന റസൂലുല്ലാഹി(സ) നഹ്വ ബയ്ത്തുൽ മുഖദ്ദസി സിത്തത്ത അശറ ശഹ്റൻ ഔ സബ്അത്ത അശറ ശഹ്റൻ.*** നബി(സ) നുബുവ്വത്ത് ലഭിച്ചതിനുശേഷം 16, 17 മാസം ബയ്ത്തുൽ മുഖദ്ദസിലേക്ക് തിരിഞ്ഞ് നമസ്കരിച്ചു. (ബുഖാരി, കിതാബുസ്സലാത്ത്, ബാബ് അത്തവജ്ജുഹി നഹ്‌വൽ ഖിബ്‌ലത്തി, വാല്യം 1, പേജ് 55, മിസ്റ്)

നബി(സ) ബയ്ത്തുൽ മുഖദ്ദസിലേക്ക് മുഖം തിരിച്ച്16, 17 മാസം നമസ്കരിച്ചുകൊണ്ടിരുന്നു. ഖിബ്‌ല മാറ്റത്തിൽ ആക്ഷേപം ഉന്നയിക്കുന്നവരെക്കുറിച്ച് അല്ലാഹു പറഞ്ഞത്, ***സയഖൂലുസ്സുഫഹാഉ*** അങ്ങനെ പറയുന്നവർ വിഡ്ഢികളാണെന്നാണ്.

1. എതിരാളികളായ ചില മൗലവിമാർ ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ)ന്റെ ചില ലിഖിത ശകലങ്ങൾ കൊണ്ടുവരാറുണ്ട്. അതിലൊന്ന് ഇതാണ്. ഹദ്റത്ത് അഹ്മദ്(അ) പറഞ്ഞു, "വാദത്തിനു മുമ്പേ ആരാലും അറിയപ്പെടാത്ത ആളായിരുന്നു ഞാൻ. എന്നെ ആരും അറിയുമായിരുന്നില്ല."

ഇത് ഉദ്ധരിച്ചുകൊണ്ട് അവർ ജനങ്ങളെ വഞ്ചിക്കാൻ ശ്രമിക്കുകയാണ്. ഒരാൾപോലും അറിയുകയില്ലെങ്കിൽ അദ്ദേഹത്തിന്റെ വാദത്തിന് മുമ്പേയുള്ള ജീവിതത്തെ ആര് ആക്ഷേപിക്കാനാണ്? എന്നവർ ചോദിക്കുന്നു. ഇതിനുള്ള മറുപടിയായി ഹദ്റത്ത് അഹ്മദ്(അ)ന്റെ താഴെ കാണുന്ന ഉദ്ധരണി ശ്രദ്ധിക്കുക.

"ഞാൻ എന്റെ പിതാവിന്റെ മരണ ശേഷം എല്ലാം നിഷേധിക്കപ്പെട്ടവനെപ്പോലെയായിപോയിരുന്നു. കുറച്ച് ഗ്രാമങ്ങളിലെ ആളുകളല്ലാതെ മറ്റാരും എന്നെ അറിയാത്ത ഒരു കാലം കഴിഞ്ഞുപോയി. അല്ലെങ്കിൽ ചുറ്റുപാടുമുള്ള ഗ്രാമങ്ങളിലെ ആളുകളായിരുന്നു എന്നെ അറിഞ്ഞിരുന്നത്. ഏതെങ്കിലും യാത്ര കഴിഞ്ഞ് ഞാൻ ഗ്രാമത്തിൽ തിരിച്ചെത്തിയാൽ 'നീ എവിടെനിന്ന് വരുന്നു' എന്നുപോലും ചോദിക്കാൻ ആരുമില്ലായിരുന്നു. ഏതെങ്കിലും വീട്ടിൽ പോയാൽ നീ എവിടെനിന്ന് വരുന്നു എന്നും ആരും ചോദിച്ചിരുന്നില്ല. ആ പ്രസിദ്ധനല്ലാത്ത അവസ്ഥ വളരെ നല്ല വണ്ണം എനിക്കറിയാമായിരുന്നു. പ്രസിദ്ധി, ആദരവ്, ബഹുമതി, എന്നിവയിൽനിന്നെല്ലാം ഞാൻ ഒഴിഞ്ഞുമാറുമായിരുന്നു..... പിന്നീട് എന്റെ റബ്ബ് എന്നെ ആദരവിന്റേയും മാഹാത്മ്യത്തിന്റേയും വീട്ടിലേക്ക് വലിച്ചടുപ്പിച്ചു. അവൻ എന്നെ മസീഹ് മൗഊദ് ആക്കുമെന്നും തന്റെ വാഗ്ദാനം എന്നിൽ പൂർത്തിയാക്കുമെന്നുമുള്ള അറിവ് എനിക്കില്ലായിരുന്നു. അപ്രശസ്തിയുടെ മൂലയിൽ ഉപേക്ഷിച്ചുകിടക്കുന്നതിനെയാണ് ഞാൻ ഇഷ്ടപ്പെട്ടിരുന്നത്. (റിവ്യു, ഉർദു, ഫെബ്രുവരി 1903, പുസ്തകം 2, ലക്കം 2, പേജ് 57–58)

2. ആക്ഷേപിക്കുന്നവർക്ക് ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ)ന്റെ വാദത്തിന് മുമ്പേയുള്ള ജീവിതത്തെക്കുറിച്ച് അറിയില്ലെങ്കിൽ അദ്ദേഹത്തിന് സമകാലികനായ മൗലവി മുഹമ്മദ് ഹുസൈൻ ബട്ടാലവിക്ക് അറിയാമായിരുന്നുവല്ലോ? അദ്ദേഹമെഴുതി: "ബറാഹീനെ അഹ്മദിയ്യാ എന്ന ഗ്രന്ഥത്തിന്റെ കർത്താവിന്റെ ജീവിതവൃത്താന്തങ്ങളേയും ചിന്താഗതികളേയും സംബന്ധിച്ച് എത്രത്തോളം എനിക്കറിയാമോ ഞങ്ങളുടെ സമകാലികരിൽ അങ്ങനെ അറിയുന്നവർ വളരെ വിരളമാണ്. ഗ്രന്ഥകർത്താവ് നമ്മുടെ നാട്ടുകാരനാണ്. എന്നല്ല കുട്ടിക്കാലത്ത് (ഖുത്വുബിയും ശറഹ് മുല്ലായും) ഒപ്പം പഠിച്ചിരുന്നവരാണ്. (ഇശാഅത്തുസ്സുന്ന, പുസ്തകം 7, ലക്കം 6)

3. മൗലവി സിറാജുദ്ദീൻ സാഹിബ് (ഇദ്ദേഹം മൗലവി സഫർ അലി സാഹിബ് ഓഫ് സമീന്ദാറിന്റെ പിതാവാണ്. ഇങ്ങനെ സാക്ഷി പറഞ്ഞു: "മിർസാ ഗുലാം അഹ്മദ് സാഹിബ് 1860–1861നോടടുത്ത് സിയാൽകോട്ട് ജില്ലയിൽ കണക്കെഴുത്തുകാരനായിരുന്നു. ആ സമയത്ത് അദ്ദേഹത്തിന് 22, 23 വയസ്സായിരുന്നു പ്രായം. ഞങ്ങൾ ദൃക്സാക്ഷ്യം പറയുന്നു, യുവത്വത്തിൽ അങ്ങേയറ്റം സ്വാലിഹും, വളരെമുത്തഖിയുമായിരുന്നു." (സമീന്ദാർ, 1908,ജൂൺ 8)

4. നബി(സ)യെക്കുറിച്ചുള്ള സത്യസാക്ഷ്യമായി ഈ തെളിവ് ആര്യമതക്കാരോട് പറയുമ്പോൾ തങ്ങൾ അദ്ദേഹത്തിന്റെ വാദത്തിന് മുമ്പേയുള്ള ജീവിതത്തെക്കുറിച്ച് അറിയുന്നവരല്ലെന്ന് ആക്ഷേപം ഉന്നയിക്കുകയാണ് അവർ ചെയ്യുന്നത്. അതിനുള്ള മറുപടിയും ഇതുതന്നെയാണ്. നിങ്ങൾക്ക് അറിവില്ലെങ്കിൽ അബൂജഹലും അബൂലഹബും അറിയുന്നവരായിരുന്നല്ലോ? ഞങ്ങൾ അവരുടെ സാക്ഷ്യം കൊണ്ട് നബി(സ)യുടെ ജീവിതം അന്യൂനവും പരിശുദ്ധവുമായിരുന്നുവെന്ന് സ്ഥാപിക്കുമ്പോൾ ആ മഹാത്മാവിന്റെ സത്യസാക്ഷ്യം വ്യക്തമാണ്.

ഇതേപ്രകാരം ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ)ന്റെ സത്യസാക്ഷ്യം, ആ മഹാത്മാവിന്റെ വാദത്തിന് മുമ്പേയുള്ള ജീവിതം നേരിൽകണ്ടവരുടെ സാക്ഷിമൊഴിയുടെ അടിസ്ഥാനത്തിൽ വ്യക്തമാണ്.

മറുപടി പറയാൻ സാധിക്കാതെ വരികയും മിർസാ ഗുലാം അഹ്മദ്(അ)ന്റെ വാദത്തിന് മുമ്പേയുള്ള ജീവിതത്തിൽ ഒരാക്ഷേപവും ഉന്നയിക്കാൻ ഇല്ലാതിരിക്കുകയും ചെയ്യുന്ന ചില മൗലവിമാർ വാദത്തിന് മുമ്പേയുള്ള ജീവിതപരിശുദ്ധി സത്യസാക്ഷ്യമല്ലെന്ന് പറയാറുണ്ട്. കാരണം 'നല്ല പെരുമാറ്റങ്ങൾ ആണെങ്കിൽതന്നെയും അത് യഥാർഥമായ പരിശുദ്ധിയിന്മേൽ സമ്പൂർണമായ തെളിവാകുകയില്ലെന്നും പിന്നിൽ മറ്റെന്തെങ്കിലും ചെയ്തികളുണ്ടാകാൻ ഇടയുണ്ടെന്നും' ഹദ്റത്ത് മിർസാ ഗുലാം എഴുതിയിട്ടുണ്ട് എന്നാണ് അവർ പറയുന്നത്.

മറുപടി 1. ഇത് വെറുമൊരു ചതിയാണെന്ന് ഓർമ്മിക്കുക. ഈ ആക്ഷേപത്തിന്റെ ദൂരീകരണം ***ഫഖദ് ലബിഥ്തു ഫീഖും ഉമുറൻ*** എന്ന വചനത്തിൽ തന്നെയുണ്ട്. അതായത്, ഒരാൾ യഥാർഥത്തിൽ പരിശുദ്ധനാകാതിരിക്കാൻ സാധ്യതയുണ്ട്. എന്നല്ല, ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ) പറഞ്ഞതുപോലെ പിന്നിൽ മറ്റെന്തെങ്കിലും ചെയ്തികൾ ഉണ്ടാവുകയും കുറച്ചുകാലത്തേക്ക് ലോകരുടെ ദൃഷ്ടിയിൽ പരിശുദ്ധനായിട്ട് ചമയുകയും ചെയ്യാം. പക്ഷേ, കള്ളനുബുവ്വത്ത് വാദിയുടെ

ജീവിതം വാസ്തവത്തിൽ അവിശുദ്ധമാണെങ്കിൽ അയാൾ ഒരു ദീർഘകാലംവരെ– അതായത് 40 വർഷം വരെ– പരിശുദ്ധനായിട്ട് കാണിച്ചുകൊണ്ടിരിക്കുക സാധ്യമല്ല. കാരണം വിശുദ്ധഖുർആന്റെ വചനത്തിൽ ***ഫഖദ് ലബിഥ്തു ഫീഖും*** ഞാൻ നിങ്ങളിൽ ജീവിച്ചിരുന്നുവെന്നല്ല ഉള്ളത് ***ഫഖദ് ലബിഥ്തു ഫീഖും*** എന്നതിനുശേഷം ***ഉമുറൻ*** അതായത് ഞാൻ നിങ്ങളിൽ ഒരു ദീർഘകാലം കഴിച്ചുകൂട്ടികഴിഞ്ഞിരിക്കുന്നു എന്നാണ് പറഞ്ഞിട്ടുള്ളത്. അതുകൊണ്ട് ദീർഘകാലം വരെ (ഉമുറൻ) അയാളുടെ പരിശുദ്ധനായിരിക്കുന്ന അവസ്ഥ തീർച്ചയായും യഥാർഥമായ സത്യസന്ധതയ്ക്കുള്ള തെളിവായിരിക്കും.

2. നല്ല പെരുമാറ്റം യഥാർഥമായ പരിശുദ്ധിക്കുള്ള തെളിവാണെന്ന് നാം പറഞ്ഞിട്ടില്ല. ബാഹ്യമായ സത്യസന്ധതയ്ക്ക്, അവൻ അല്ലാഹുവിന്റെ കല്പനകളനുസരിച്ച് നടക്കുന്നുവെന്ന വാദം മതിയെന്നും നാം പറഞ്ഞിട്ടില്ല. പ്രത്യുത നമ്മുടെ ചർച്ച ഒരു 'ഇൽഹാം വാദി'യുടെ വാദത്തിന് മുമ്പേയുള്ള ജീവിതത്തെ സംബന്ധിച്ചാണ്. ഏതെങ്കിലും ഒരു വ്യക്തിയെക്കുറിച്ച് സാധാരണക്കാർ സത്യസന്ധനെന്ന് പറഞ്ഞാൽ, അയാൾ തീർച്ചയായും യഥാർഥ സത്യവാനായിരിക്കും എന്ന തെളിവും നാം നൽകിയിട്ടില്ല. നാം പറഞ്ഞത്, നുബുവ്വത്ത് വാദിയുടെ വാദത്തിന് മുമ്പേയുള്ള ജീവിതത്തിൽ ശരിയായ ആക്ഷേപം ഉന്നയിക്കാൻ ശത്രുക്കളിൽ ശത്രുവായിരിക്കുന്ന ഒരുവനുപോലും അവസരം കിട്ടുകയില്ല എന്നാണ്. ഈ അവസ്ഥ തന്നെയാണ് ഹദ്റത്ത് മിർസാ ഗുലാം അഹ്മദിന്റേയും. ആ മഹാത്മാവിന്റെ ശത്രുക്കൾക്കും അദ്ദേഹത്തിന്റെ വാദത്തിന് മുമ്പേയുള്ള ജീവിതത്തിൽ ആക്ഷേപം ഉന്നയിക്കാൻ തന്റേടമുണ്ടായില്ല. അതുകൊണ്ട് പൊതുവായ ചോദ്യം വെറുമൊരു സത്യസന്ധന്റേതല്ല. പ്രത്യുത, വഹ്യ് ഉണ്ടാകുന്നു, ഇൽഹാം ഉണ്ടാകുന്നു എന്ന് വാദിക്കുന്ന ഒരു വ്യക്തിയുടെ വാദത്തിന് മുമ്പേയുള്ള പരിശുദ്ധ ജീവിതത്തിന്റേതാണ്.

3. ഹദ്റത്ത് അഹ്മദ്(അ) മുകളിൽ പറഞ്ഞ വാക്യം യഥാർഥ സത്യസന്ധനെ സംബന്ധിച്ച് എഴുതിയതല്ല. പ്രത്യുത, 'ബാഹ്യമായ സത്യസന്ധ'നെക്കുറിച്ചാണ് എഴുതിയിട്ടുള്ളത്. അതിന്റെ തുടക്കം തന്നെ 'ഒരു ബാഹ്യമായിട്ടുള്ള സത്യസന്ധനുവേണ്ടി' എന്നാണ്.

ഇനി ചർച്ചയെ ഉദ്ദേശിച്ച്, ഈ വാക്യത്തെ നുബുവ്വത്ത് വാദിയെ സംബന്ധിച്ച് തന്നെയെന്ന് അംഗീകരിച്ചാലും– ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ) എഴുതിയിരിക്കുന്നു, വെറും പരിശുദ്ധനാണെന്നുള്ള വാദം മതിയായതല്ല, പ്രത്യുത അതിനോടൊപ്പം എന്തെങ്കിലും തിരിച്ചറിയാനുള്ള അടയാളവും വേണ്ടതാണ്. അതുകൊണ്ട് ഹദ്റത്ത് മിർസാ ഗുലാം അഹ്മദിന്റേത് പരിശുദ്ധ ജീവിതമായിരുന്നു എന്നതിനുള്ള തെളിവിൽ ഞങ്ങൾ ഹദ്റത്ത് മിർസാ ഗുലാം അഹ്മദിന്റെ വാദം മാത്രമല്ല സമർപ്പിക്കുന്നത്. പ്രത്യുത ആ മഹാത്മാവിന്റെ കൊടുംവൈരിയായിത്തീർന്നവരുടെ സാക്ഷ്യങ്ങൾക്കു പുറമെ അല്ലാഹുവിൽനിന്നുള്ള അടയാളങ്ങളും അദ്ദേഹത്തിന്റെ വാദത്തിന് പിന്താങ്ങായി സമർപ്പിക്കുന്നു.

ഉദാ: പരിശുദ്ധജീവിതം നയിക്കുന്നതിന് മനുഷ്യന്റെ കൈകടത്തലും ഉണ്ടാകാവുന്നതാണ്. പക്ഷേ, തന്റെ ജീവിതത്തെ കൂട്ടുകയും കുറയ്ക്കുകയും ചെയ്യുന്നതിൽ മനുഷ്യന്റെ ഒരു കൈകടത്തലും നടക്കുകയില്ല. 'ലവ് തഖവ്വല' എന്ന അളവുകോൽ അനുസരിച്ച് (അത് ആദ്യത്തെ തെളിവ് പറഞ്ഞപ്പോൾ വിശദീകരിച്ചിട്ടുള്ളതാണ്) വഹ്യ്, ഇൽഹാം ഉണ്ടാകുന്നു എന്ന വാദത്തിനുശേഷം ഹദ്റത്ത് അഹ്മദ് (അ) 23 വർഷത്തെക്കാൾ കൂടുതൽ ജീവിച്ചിരിക്കുക എന്നത് തീർച്ചയായും വിവേചനീയമായ അടയാളമാണ്. ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ) മുഖേന അല്ലാഹു വെളിപ്പെടുത്തിയ ലക്ഷക്കണക്കിന് മറ്റ് അടയാളങ്ങളും ഞങ്ങളെ പിന്തുണയ്ക്കുന്നു. അതുകൊണ്ട് ഹദ്റത്ത് അഹ്മദ്(അ)ന്റെ, ആ മഹാത്മാവിന്റെ വാദത്തിന് മുമ്പേയുള്ള ജീവിതം പരിശുദ്ധമായിരിക്കുക എന്നത് തീർച്ചയായും സത്യസാക്ഷ്യത്തിനുള്ള തെളിവാണ്. അദ്ദേഹം പറയുന്നു: "നമുക്ക് കിട്ടിയിരിക്കുന്ന ഈ പരിശുദ്ധജീവിതം, ഇത് വെറും നമ്മുടെ വാചകകസറത്തുകളല്ല. അതിന് ദൈവികമായ സാക്ഷ്യങ്ങളുണ്ട്.'' (സിറാജുദ്ദീൻ ഈസായികെ ചാർ സവാലോം കാ ജവാബ്, പേജ് 25)

സൂഫിയാ! അബ് ഹേച്ച് ഹെ തേരീ തരഹ് തേരീ തരാഹി
ആസ്മാൻ സെ ആഗയീ മേരീ ശഹാദത്ത് ബാർബാർ

അല്ലയോ സൂഫീ! നിന്നെപോലെ നിന്റെ ചിന്തയും ഭാവനയുമെല്ലാം ഇപ്പോൾ നിഷ്ഫലമാണ്. ആകാശത്തുനിന്ന് ആവർത്തിച്ചാവർത്തിച്ച് എനിക്കുവേണ്ടി തെളിവുകൾ വന്നുകഴിഞ്ഞിരിക്കുന്നു. (ദുർറേ സമീൻ, മുനാജാത്ത് ഔർ) തബ്ലീഗെ ഹഖ്, പേജ് 150).


Statement about ownership and other particulars about newspaper
Sathyadoothan
(Form IV-See Rule-8)

1. Place of publication : Ernakulam
2. Periodicity of its publication : Monthly
3. Printer's Name : B.B. Ahmad Kabeer
   Nationality : Indian
   Address : Blayil, Karama Road, Elamakkara, P.O., Pin 682026
4. Publisher's Name : B.B. Ahmad Kabeer
   Nationality : Indian
   Address : Blayil, Karama Road, Elamakkara, P.O., Pin 682026
5. Editor's Name : A.M. Muhammad Salim
   Nationality : Indian
   Address : Darussalam, Near Zeena Plastic, Pavangad, Calicut
6. Names and addresses of individuals who own the newspaper and partners or shareholders holding More than one per cent of the total capital.

I, B.B. Ahmad Kabeer, hereby declare that the particulars given above are true to the best of my knowledge and belief.

Dated: 1. 04. 2012 S/d -Publisher

# വാഗ്ദത്തമസീഹിന്റെ ദൗത്യം

**മൗലവി സുൽത്താൻ നസീർ,**
**വാണിയമ്പലം**

പ്രവചനങ്ങളിൽ പറയപ്പെടുന്ന എല്ലാ അടയാളങ്ങളുടേയും നിറവിലാണ് വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദ് (അ) ആഗതനായത്

ലോകചരിത്രം നാം പരിശോധിക്കുമ്പോൾ മനുഷ്യൻ ധാർമികമായും ആദ്ധ്യാത്മികമായും അധഃപതിക്കുമ്പോൾ മനുഷ്യനെ സൽപന്ഥാവിലേക്ക് നയിക്കുന്നതിനായി കാരുണ്യവാനായ അല്ലാഹു എല്ലായ്പ്പോഴും തന്റെ വരിഷ്ഠ ദാസരെ നിയോഗിച്ചിട്ടുണ്ട് എന്ന യാഥാർഥ്യം നിസ്സംശയം ഗ്രഹിക്കാൻ സാധിക്കുന്നതാണ്. ദൈവീക വെളിപാടുകളാൽ അനുഗൃഹീതരായ മഹാത്മാക്കൾ എല്ലാസമുദായങ്ങളിലും എല്ലാപ്രദേശങ്ങളിലും അവതീർണരായിട്ടുണ്ടെന്ന് വിശുദ്ധഖുർആൻ പഠിപ്പിക്കുന്നു. എന്നാൽ മനുഷ്യൻ സാമൂഹികമായും സാംസ്കാരികമായും ബുദ്ധിപരമായും പുരോഗതി പ്രാപിക്കുകയും മനുഷ്യസമൂഹങ്ങൾക്ക് പരസ്പരസമ്പർക്കത്തിനുള്ള അവസരം സംജാതമാവുകയും ചെയ്തപ്പോൾ മുഴുവൻ മനുഷ്യസമുദായത്തിലേക്കായി പരിപൂർണ നിയമസംഹിതയോടുകൂടി പരിപൂർണ മനുഷ്യനായ മുഹമ്മദ് മുസ്തഫാ (സ) തിരുമേനിയെ അല്ലാഹു നിയോഗിച്ചു. മനുഷ്യകുലത്തിന്റെ ആത്മീയവും ഭൗതീകവുമായ പുരോഗതിക്കുള്ള സകലമാന കവാടങ്ങളും അല്ലാഹു അദ്ദേഹത്തിന് തുറന്നു കൊടുത്തു. തന്റെ സമാനതകളില്ലാത്ത വിശുദ്ധീകരണ ശക്തി കൊണ്ട് അദ്ദേഹം അധഃപതനത്തിന്റെ അഗാധ ഗർത്തത്തിൽ ആപതിച്ച ഒരു ജനസഞ്ചയത്തെ കേവലം കാൽ നൂറ്റാണ്ടുകൊണ്ട് ഉൽകൃഷ്ടതയുടെ ഉത്തുംഗ ശ്രേണിയിൽ എത്തിക്കുകയും അന്ത്യനാൾ വരേക്കും മനുഷ്യകുലത്തിനാകമാനം മാതൃകായോഗ്യമായ ഒരു സമുദായമായി മാറ്റിയെടുക്കുകയും ചെയ്തു. ഏതുവരെയെന്നാൽ ദൈവീക വെളിപാടുകളിൽ അവരെ ഏറ്റവും ശ്രേഷ്ഠമായ സമുദായം എന്ന് വിശേഷിപ്പിച്ചു. എന്നാൽ ഇതേ സമുദായത്തിന് കാലാന്തരത്തിൽ ഉണ്ടാകാൻ പോകുന്ന അധഃപതനത്തെകുറിച്ച് വളരെ വ്യക്തമായ ഭാഷയിൽ അദ്ദേഹം പ്രവചനങ്ങൾ നടത്തുകയുണ്ടായി. അതോടൊപ്പംതന്നെ ഈ അധഃപതനത്തിൽ നിന്നും അധോഗതിയിൽ നിന്നും സമുദായത്തെ രക്ഷിച്ച് ആത്യന്തിക വിജയത്തിന്റെ സോപാനത്തിലേക്ക് നയിക്കാൻ പ്രാപ്തനായ തന്റെ പ്രതിപുരുഷനായി വരുന്ന ഒരു വാഗ്ദത്ത പരിഷ്കർത്താവിനെക്കുറിച്ച് സന്തോഷവാർത്ത നൽകുകയും ചെയ്തു. മുഹമ്മദ് മുസ്തഫാ (സ) അധഃപതനത്തെക്കുറിച്ചും അധോഗതിയെക്കുറിച്ചും നടത്തിയ പ്രവചനങ്ങൾ പൂർത്തിയാവുകയും മുസ്‌ലിംകൾ യഹൂദികൾക്ക് സമാനരാവുകയും ചെയ്തപ്പോൾ അല്ലാഹു തന്റെ വാഗ്ദാനമനുസരിച്ച് റസൂൽതിരുമേനി(സ)യുടെ പ്രതിബിംബമായിക്കൊണ്ട് മസീഹിബ്നു മറിയമിന്റെ ആത്മീയ പരിവേഷത്തിൽ ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് ഖാദിയാനി (അ)നെ വാഗ്ദത്ത മസീഹായി നിയോഗിച്ചു. വാഗ്ദത്ത മസീഹിനായി നിശ്ചയിക്കപ്പെട്ട എല്ലാ ദൗത്യങ്ങളും വളരെ ഉന്നതമായ നിലയിൽ ആ മഹാത്മാവ് നിറവേറ്റി.

മനുഷ്യസമുദായത്തിന്റെ ആത്മീയവും ഭൗതീകവുമായ ഉന്നമനത്തിനായി ഹദ്റത്ത് മുഹമ്മദ് മുസ്തഫാ (സ) തിരുമേനിയിലൂടെ ലോകത്ത് സ്ഥാപിതമായ പരിശുദ്ധ ഇസ്‌ലാമിനെ എല്ലാ മതങ്ങളുടേയും പ്രത്യയശാസ്ത്രങ്ങളുടെയും മേൽ വിജയിപ്പിക്കുക എന്നതാണ് വാഗ്ദത്ത മസീഹിന്റെ പ്രഥമ ദൗത്യമായി പറയപ്പെട്ടിരുന്നത്. ഇതുസംബന്ധമായി വിശുദ്ധഖുർആനിൽ അല്ലാഹു ഇപ്രകാരം പറയുന്നു:

തന്റെ ദൂതനെ നേർമാർഗത്തോടും സത്യമതത്തോടുംകൂടി അയച്ചവനത്രെ അവൻ, എല്ലാ മതങ്ങളുടെയും പ്രത്യയശാസ്ത്രങ്ങളുടെയും മേൽ അതിനെ വിജയിപ്പിക്കുന്നതിനുവേണ്ടി. ബഹുദൈവ വിശ്വാസികൾ എത്രതന്നെ വെറുത്താലും ശരി.

ഹിദായത്തിന്റെ പൂർത്തീകരണം റസൂൽകരീം (സ) തിരുമേനിയിൽ പൂർത്തിയായപ്പോൾ തന്നെ ഹിദായത്തിന്റെ പ്രചാരണ പൂർത്തീകരണം റസൂൽ തിരുമേനി(സ)യുടെ കാലഘട്ടത്തിൽ സംഭവിച്ചിട്ടില്ല എന്നത് ഒരു യാഥാർഥ്യമാണ്. കാരണം ഹിദായത്തിന്റെ പ്രചാരണ പൂർത്തീകരണത്തിലൂടെ സർവമതങ്ങളുടെ മേലുള്ള ഇസ്‌ലാമിന്റെ ആത്യന്തിക വിജയം വാഗ്ദത്ത മസീഹിന്റെ കാലഘട്ടത്തിലാണ് നിശ്ചയിക്കപ്പെട്ടിരുന്നത്. അതുകൊണ്ടു തന്നെ ഈ ആയത്തിന് വിശദീകരണം നൽകിക്കൊണ്ട് ഒട്ടുമിക്ക മുഫസ്സിരീങ്ങളും പറഞ്ഞത് ***ദാലിക ഇൻദ നുസൂലി ഈസബ്നുമർയം*** എന്നാണ്. അതായത് ഇസ്‌ലാമിന്റെ ഈ വിജയം ഉമ്മത്തിനായി വാഗ്ദാനം ചെയ്ത മസീഹിബ്നു മർയമിന്റെ ആഗമനത്തോടെയായിരിക്കും സംഭവിക്കുക.

റസൂൽ തിരുമേനി(സ) പ്രവചിച്ച വാഗ്ദത്ത മസീഹ് താനാണെന്ന് ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് ഖാദിയാനി (അ) വാദിച്ച കാലഘട്ടം നാം പരിശോധിക്കുകയാണെങ്കിൽ ചരിത്രത്തിൽ മതങ്ങൾക്കിടയിൽ മുമ്പെങ്ങും തന്നെ കണ്ടിട്ടില്ലാത്ത ഒരു ആവേശവും ഉണർവും കാണാൻ സാധിക്കുന്നതാണ്. ലോകത്തിലെ എല്ലാ മതങ്ങളും ഒരു നവോത്ഥാനം പ്രതീക്ഷിക്കുകയും അതിനായി പ്രയത്നിക്കുകയുമായിരുന്നു. മുഴുലോകത്തിന്റെയും അവസ്ഥ ഇതായിരുന്നുവെങ്കിൽ ഇന്ത്യ അറിയപ്പെട്ടിരുന്നത് മതങ്ങളുടെ മാർക്കറ്റ് എന്നായിരുന്നു. ലോകത്തുള്ള ഒട്ടുമിക്ക മതങ്ങളും ഇന്ത്യയിൽ ഉണ്ടായിരുന്നു എന്നതാണ് ഈ വിശേഷണത്തിന് കാരണം. ചില മതങ്ങൾ അതിജീവനത്തിന് വേണ്ടി പരിശ്രമിക്കുകയായിരുന്നുവെങ്കിൽ മറ്റു ചില മതങ്ങൾ ഇതര മതസ്ഥരെ കീഴടക്കി തങ്ങളുടെ മതത്തെ ലോകത്ത് വിജയിപ്പിക്കുന്നതിന് വേണ്ടിയുള്ള തീവ്രയത്നത്തിലായിരുന്നു. മതങ്ങൾ തമ്മിലുള്ള ഈ മത്സരത്തിൽ ഇസ്‌ലാം ഏറ്റവും പിന്നിലും അങ്ങേയറ്റം പരിതാപകരമായ അവസ്ഥയിലും ആയിരുന്നുവെന്നത് ലക്ഷക്കണക്കിന് മുസ്‌ലിംകളുടെ

ഇസ്‌ലാം മതം ഉപേക്ഷിക്കലിൽ നിന്നും അജ്മീർ ശരീഫിലെ ഖത്തീബായിരുന്ന ഇമാദുദ്ദീനെപ്പോലുള്ളവരുടെ മതപരിത്യാഗത്തിൽ നിന്നും വളരെ എളുപ്പത്തിൽ മനസ്സിലാക്കൻ സാധിക്കുന്നതാണ്. ഈ കാലഘട്ടത്തിലെ മുസ്‌ലിംകളുടെ അവസ്ഥയെക്കുറിച്ച് പ്രശസ്ത ചരിത്രകാരനായ ലൂത്ത് റോപ്പ് സ്റ്റുടാർട്ട് തന്റെ New world of Islam എന്ന ഗ്രന്ഥത്തിൽ ഇപ്രകാരം എഴുതുന്നു.

മറ്റു കാര്യങ്ങളെപ്പോലെ തന്നെ മതവും അധഃപതനത്തിന്റെ പാരമ്യതയിലായിരുന്നു. സൂഫിസത്തിന്റെ ബാലിശമായ ചിന്താഗതി സ്പഷ്ടമായ ഇസ്‌ലാമിക ഏകദൈവ വിശ്വാസത്തിനുമേൽ മറയിട്ടിരുന്നു. പള്ളികൾ ജനശൂന്യമാവുകയും അജ്ഞരായ പൊതുജനങ്ങൾ അതിൽ നിന്ന് ഓടി അകന്ന് മന്ത്രത്തിലും ഉറുക്കുകെട്ടലിലും കുടുങ്ങി ഫഖീറുകളിലും മതിഭ്രമം പിടിച്ച സന്യാസികളിലുമാണ് വിശ്വസിച്ചിരുന്നത്. തുടർന്ന് അദ്ദേഹം എഴുതുന്നു: വിശുദ്ധ ഖുർആന്റെ അദ്ധ്യാപനങ്ങൾ ഉപേക്ഷിച്ചു എന്നു മാത്രമല്ല അതിനു വിരുദ്ധമായിട്ടാണ് പ്രവർത്തിച്ചുകൊണ്ടിരുന്നത്. ഏതുവരെയെന്നാൽ മുസ്‌ലിംകളുടെ പുണ്യസ്ഥലങ്ങൾ ദുരാചാരങ്ങളുടെ കേന്ദ്രമായി മാറിയിരുന്നു. ചുരുക്കിപറഞ്ഞാൽ ഇസ്‌ലാമിന്റെ ജീവൻ നഷ്ടപ്പെട്ടിരുന്നു. അഥവാ മുഹമ്മദ്(സ) വീണ്ടും ലോകത്തേക്കു വന്നിരുന്നെങ്കിൽ തന്റെ അനുയായികളുടെ മത പരിത്യാഗവും ബിംബാരാധനയും കണ്ട് അപരിചിതത്വം പ്രകടിപ്പിക്കുമായിരുന്നു. ഇസ്‌ലാം ഈ വിധത്തിൽ സ്വയം അധഃപതിക്കുകയും നാലുഭാഗങ്ങളിൽ നിന്നും ആക്രമണങ്ങൾ നേരിട്ട് കൊണ്ടിരിക്കുകയും ചെയ്ത അവസരത്തിലാണ് ഇസ്‌ലാമിന്റെ മഹത്വം വെളിപ്പെടുത്തിക്കൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ് (അ) പത്രമാധ്യമങ്ങളിൽ ലേഖനങ്ങൾ എഴുതി ത്തുടങ്ങിയത്. പിന്നീട് പ്രത്യേക ദൈവിക നിർദേശത്തിന്റെ അടിസ്ഥാനത്തിൽ ജീവിക്കുന്ന മതം ഇസ്‌ലാമാണെന്നും ജീവനുള്ള ദൈവം മുഹമ്മദ് മുസ്തഫാ (സ) തിരുമേനി ലോകത്തിന് പരിചയപ്പെടുത്തിയ ദൈവമാണെന്നും ജീവനുള്ള പ്രവാചകൻ റസൂൽ തിരുമേനി(സ) ആണെന്നും ജീവനുള്ള ഗ്രന്ഥം വിശുദ്ധഖുർആൻ ആണെന്നും സ്ഥാപിച്ചുകൊണ്ട് അദ്ദേഹം ബറാഹീനെ അഹ്മദിയ്യ എന്ന ബൃഹത്തായ ഗ്രന്ഥം രചിക്കുകയുണ്ടായി. മതങ്ങൾ തമ്മിൽ സജീവമായ സംവാദങ്ങൾ നടന്ന ആ കാലഘട്ടത്തിൽ മത ലോകത്ത് ഈ ഗ്രന്ഥം ഒരു കൊടുങ്കാറ്റും ഭൂകമ്പവും സൃഷ്ടിച്ചു. നിരന്തരമായ ആക്രമണങ്ങൾകൊണ്ട് പൊറുതിമുട്ടിയ ഇസ്‌ലാമിന് മറ്റുമതങ്ങളുടെ മേൽ അപ്രതീക്ഷിതമായി ലഭിച്ച ഒരു വൻവിജയമായിരുന്നു ഈ ഗ്രന്ഥമെന്ന് പിൽക്കാലത്ത് ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ കടുത്ത എതിരാളിയായി മാറിയ മുഹമ്മദ് ഹുസൈൻ ബട്ടാലവിയുടെ വാക്കുകളിൽ നിന്ന് വ്യക്തമാകുന്നതാണ്. ബറാഹീനെ അഹ്മദിയ്യക്ക് റിവ്യു എഴുതിക്കൊണ്ട് അദ്ദേഹം പറയുകയുണ്ടായി.

നമ്മുടെ അഭിപ്രായമനുസരിച്ച് ഈ കാലഘട്ടത്തെയും സാഹചര്യത്തെയും കണക്കിലെടുക്കുമ്പോൾ ഇതുപോലുള്ള ഒരു ഗ്രന്ഥം ഇസ്‌ലാമിക ലോകത്ത് രചിക്കപ്പെട്ടിട്ടില്ല. തുടർന്ന് അദ്ദേഹം ഇത് ഏഷ്യക്കാരുടെ അതിവർണനയായിതോന്നുന്നുവെങ്കിൽ ഈ ഗ്രന്ഥത്തിന് തുല്യമായ മറ്റൊന്ന് കാണിച്ച്തരുവാൻ അനുവാചകരെ വെല്ലുവിളിച്ചു. ബറാഹീനെ അഹ്മദിയ്യക്ക് മുസ്‌ലിംകളിൽ ഉണ്ടായ പ്രശസ്തി എത്രമാത്രമായിരുന്നുവെന്ന് പ്രശസ്ത സിക്കുമത നേതാവും പത്രപ്രവർത്തകനുമായിരുന്ന അർജുൻ സിങ്ങ് ഇപ്രകാരം വിവരിക്കുന്നു.

ആ കാലഘട്ടത്തിൽ ബറാഹീനെ അഹ്മദിയ്യാ എഴുതിക്കൊണ്ട് മിർസാ സാഹിബ് ഇസ്‌ലാമിന് ഒരു വലിയ സേവനം ചെയ്തുവെന്നാണ് മുസ്‌ലിം പണ്ഡിതൻമാർ മനസ്സിലാക്കിയിരുന്നത്. ഓരോ വീട്ടിലും ബറാഹീനെ അഹ്മദിയ്യായെ കുറിച്ചുള്ള ചർച്ചകളാണ് നടന്നിരുന്നത്. വിദ്യാസമ്പന്നരായ മുസ്‌ലിംകൾ ഈ ഗ്രന്ഥം പാരായണം ചെയ്യേണ്ടത് നിർബന്ധമായി കരുതിയിരുന്നു. ക്രിസ്ത്യാനികളുടെയും ആര്യസമാജക്കാരുടെയും എല്ലാ ആരോപണങ്ങൾക്കും ഈ ഗ്രന്ഥത്തിൽ മറുപടിയുണ്ട് എന്ന് ധരിച്ചിരുന്നു. ഓരോ മുസ്‌ലിം സംവാദകനും ഈ ഗ്രന്ഥം ഒരു നോക്കുകാണൽ നിർബന്ധമായി കരുതിയിരുന്നു.

ബറാഹീനെ അഹ്മദിയ്യായിലൂടെ ഇസ്‌ലാമിന്റെ ശ്രേഷ്ഠതയും മഹത്വവും സ്ഥാപിച്ച അദ്ദേഹം ഈ ഗ്രന്ഥത്തിൽ താനുദ്ധരിച്ച തെളിവുകൾ പോലെ തങ്ങളുടെ പ്രമാണിക മതഗ്രന്ഥങ്ങളിൽ നിന്ന് തങ്ങളുടെ മതത്തിന്റെ സത്യസാക്ഷ്യത്തിനായി താൻ ഉദ്ധരിച്ചതിന്റെ അഞ്ചിലൊന്ന് തെളിവുകൾ ഉദ്ധരിക്കാൻ മത പണ്ഡിതൻമാരെ വെല്ലുവിളിച്ചു. അത് സാധ്യമല്ലെങ്കിൽ ഏറ്റവും ചുരുങ്ങിയത് താൻ ഉദ്ധരിച്ച തെളിവുകളെ ഖണ്ഡിക്കുകയാണെങ്കിൽ തന്റെ സമ്പത്തിൽ നിന്ന് പതിനായിരം രൂപ സമ്മാനമായി നൽകുന്നതാണെന്ന് ആ മഹാത്മാവ് പ്രഖ്യാപിക്കുകയുണ്ടായി. എന്നാൽ ഒരു പരീക്ഷണത്തിന് പോലും ആരും തയ്യാറായില്ല. ഈ യാഥാർഥ്യം തന്റെ ഒരു കവിതയിൽ ആ മഹാത്മാവ് ഇപ്രകാരം പറയുന്നു.

*ആസ്മായിശ് കേലിയെ കോയി ന ആയ ഹർ ചന്ദ്*
*ഹർ മുഖാലിഫ് കോ മുഖാബിൽ പെ ബുലായ ഹംനേ*

ഒരു പരീക്ഷണമെന്ന നിലക്ക് പോലും എന്നോട് മത്സരിക്കാൻ ആരും തയ്യാറായില്ല. ഞാൻ എല്ലാ എതിരാളികളെയും എന്നെ നേരിടാനായി ക്ഷണിക്കുകയുണ്ടായി.

ബറാഹീനെ അഹ്മദിയ്യക്ക് ശേഷം ആ മഹാത്മാവ് തന്റെ ജീവിതത്തിൽ എഴുതിയ എൺപതിൽപരം ഗ്രന്ഥങ്ങൾ വാഗ്ദത്ത മസീഹ് മറ്റുമതങ്ങളുടെയും പ്രത്യയ ശാസ്ത്രങ്ങളുടെയും മേൽ ഇസ്‌ലാമിനെ എങ്ങനെ വിജയിപ്പിച്ചു എന്നതിന് വ്യക്തമായ തെളിവായി ഇന്നും നിലകൊള്ളുന്നു. 1896-ൽ മതങ്ങളുടെ മഹത്വം വെളിപ്പെടുന്നതിന് വേണ്ടി ഒരു ഹിന്ദുസന്യാസിയാൽ സംഘടിപ്പിക്കപ്പെട്ട ലാഹോറിലെ മതമഹാസമ്മേളനത്തിൽ സംഘാടകരാൽ നിശ്ചയിക്കപ്പെട്ട അഞ്ച് സുപ്രധാന ചോദ്യങ്ങൾക്ക് വിശുദ്ധഖുർആന്റെ 200-ൽപരം ആയത്തുകൾകൊണ്ട് വ്യക്തമായ മറുപടി നൽകി. സർവ മതങ്ങളുടെയുംമേലുള്ള ഇസ്‌ലാമിന്റെ വ്യക്തമായ വിജയം കാണിച്ച് കൊടുത്തുകൊണ്ട് ഇസ്‌ലാമിന്റെ പ്രതിനിധിയായ ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് ഖാദിയാനി (അ) ന്റെ പ്രബന്ധം മറ്റെല്ലാ മതാനുയായികളുടേയും പ്രബന്ധങ്ങളേക്കാൾ മികച്ചതായിരുന്നുവെന്ന് എതിരാളികളെ കൊണ്ട് പോലും അംഗീകരിപ്പിച്ച സംഭവം വാഗ്ദത്ത മസീഹിനാൽ ഇസ്‌ലാമിന്റെ ഇതര മതങ്ങളുടെ മേലുണ്ടായ വിജയമായി ചരിത്രത്തിന്റെ താളുകളിൽ തങ്കലിപികളാൽ രേഖപ്പെട്ട് കിടക്കുന്നു. ഒരു ഭാഗത്ത് മറ്റു മതങ്ങളുടെയും പ്രത്യയ ശാസ്ത്രങ്ങളുടെയും മേൽ ഇസ്‌ലാമിനെ വിജയിപ്പിക്കുന്നതോടൊപ്പം ആകാശത്തേക്ക് ഉയർന്നുപോയ ഈമാനെ വീണ്ടും ഹൃദയങ്ങളിലേക്ക് തിരിച്ചുകൊണ്ട് വരേണ്ട ദൗത്യവും വാഗ്ദത്ത മസീഹിൽ അർപ്പിതമായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ കാലഘട്ടത്തിലെ മുസ്‌ലിംകളുടെ അവസ്ഥ മറ്റൊരാളുടെ വാക്കുകളിൽ കേൾപ്പിക്കുകയുണ്ടായി. കേവലം നാവുകൊണ്ടുള്ള ഒരു വിശ്വാസം മാത്രമാണ്

ഉണ്ടായിരുന്നത് എന്ന് മാത്രമല്ല ഉള്ളവിശ്വാസങ്ങൾ അങ്ങേയറ്റം വികലവും വിചിത്രവുമായിരുന്നു.

സർവ ശക്തനായ അല്ലാഹു ഇപ്പോൾ സംസാരിക്കുകയില്ലെന്നും മുഹമ്മദ് മുസ്തഫാ (സ) തിരുമേനിയുടെ വഫാത്തോടെ അല്ലാഹു മൂകനായിപോയെന്നും ഇനി ഒരിക്കലും അവന് സംസാരിക്കാൻ സാധിക്കുകയില്ലെന്നും യുഗയുഗാന്തരങ്ങളായി മനുഷ്യന് ലഭിച്ചിരുന്ന ദൈവിക ഭാഷണമാകുന്ന അനുഗ്രഹം ലോകാനുഗ്രഹിയായ പ്രവാചകനിലൂടെ നിലച്ചു പോയിരിക്കുന്നുവെന്നും ഒരു കൂട്ടർ വിശ്വസിച്ചപ്പോൾ അല്ലാഹു ഇപ്പോൾ ആരുടെയും പ്രാർഥന കേൾക്കുകയില്ലെന്നും പ്രാർഥനകൊണ്ട് വലിയ പ്രയോജനമില്ലെന്നും ഒരു ആചാരമെന്ന നിലയിൽ ഒരു നിരർഥക കർമമായി അതു ചെയ്തുകൊണ്ടിരിക്കാമെന്നാണ് മറ്റൊരു കൂട്ടർ വിശ്വസിക്കുകയും പ്രചരിപ്പിക്കുകയും ചെയ്തിരുന്നത്.

പ്രവാചകൻമാരിലുള്ള വിശ്വാസമാണെങ്കിൽ ഇബ്രാഹിം നബി 3 കളവ് പറഞ്ഞു എന്നു തുടങ്ങി ഹദ്റത്ത് യൂസുഫ് (അ), ഹദ്റത്ത് ലൂത്ത് (അ) തുടങ്ങിയ പ്രവാചകരിൽ ഒരു സാധാരണ മനുഷ്യനിൽ പോലും ആരോപിക്കാൻ മടിക്കുന്ന കാര്യങ്ങളാണ് യാഥാർഥ്യമെന്ന രൂപത്തിൽ കെട്ടിച്ചമച്ചിരുന്നത്. ഏതുവരെയെന്നാൽ പ്രവാചക പ്രഭുവായ മുഹമ്മദ് മുസ്തഫാ (സ) തിരുമേനിയെ കുറിച്ച് പൈങ്കിളി കഥകളെ വെല്ലുന്ന കഥകൾ മെനഞ്ഞെടുക്കാൻ പണ്ഡിതവർഗത്തിന് യാതൊരു മനഃക്ലേശവും തോന്നിയിരുന്നില്ല. റസൂൽ തിരുമേനി (സ) യുടെ പ്രവചനം പോലെതന്നെ വിശുദ്ധഖുർആൻ ലിപികളിൽ മാത്രമാണ് അവശേഷിച്ചിരുന്നത്. ഇതിൽ യാതൊരു സംശയവുമില്ലെന്ന് പറഞ്ഞുകൊണ്ട് തുടങ്ങുന്ന വിശുദ്ധഖുർആനിൽ കാലഹരണപ്പെട്ടതും കാലഹരണപ്പെടുന്നതുമായ ആയത്തുകൾ ഉണ്ട് എന്ന് പറഞ്ഞുകൊണ്ട് ഒരു സാധാരണക്കാരനെ സംശയത്തിന്റെ മുൾമുനയിൽ എത്തിച്ച ഉലമാക്കൾ അത്തരം ആയത്തുകൾ 20 ആണോ 200 ആണോ 1300 ആണോ എന്ന കാര്യത്തിലാണ് തർക്കിച്ചുകൊണ്ടിരുന്നത്. മറ്റു വിശ്വാസകാര്യങ്ങളുടെ അവസ്ഥയും ഇതിൽ നിന്ന് ഭിന്നമായിരുന്നില്ല.

ഈ സാഹചര്യത്തിൽ അല്ലാഹു മുമ്പ് സംസാരിച്ചത് പോലെ ഇന്നും സംസാരിക്കുമെന്നും അവൻ എന്നെന്നും സംസാരിക്കുന്നവനാണെന്നും ഈ കാലഘട്ടത്തിൽ തന്നോട് സംസാരിക്കുന്നുണ്ടെന്നും തന്റെ പ്രവചനങ്ങൾ അതിനുള്ള ശക്തമായ തെളിവുകളാണെന്നും വാദിച്ചുകൊണ്ട് അദ്ദേഹം ജീവനുള്ള സർവശക്തനായ ഒരു അല്ലാഹുവിനെ ലോകത്തിന് പരിചയപ്പെടുത്തി കൊടുത്തു. അതോടൊപ്പം അല്ലാഹു പ്രാർഥന കേൾക്കുന്നവനാണെന്നും തന്റെ പ്രാർഥനകൾ അല്ലാഹു കേൾക്കുന്നുണ്ടെന്നും അവൻ പ്രാർഥന കേൾക്കുന്നുണ്ട് എന്നതിന് ആയിരക്കണക്കിന് തെളിവുകൾ തന്റെ ജീവിതത്തിൽ ഉണ്ടെന്നും അവൻ പ്രാർഥന കേൾക്കുന്നവനാണ് എന്ന് തെളിയിക്കാൻ താൻ തയ്യാറാണെന്നും ആ മഹാത്മാവ് വാദിക്കുകയും തെളിയിക്കുകയും ചെയ്തു. പ്രവാചകൻമാരുടെ ശ്രേഷ്ഠതയും മഹത്വവും നിഷ്കളങ്കതയും ലോകത്ത് സ്ഥാപിച്ച ആ മഹാത്മാവ് റസൂൽ തിരുമേനി(സ)യോടുള്ള സ്നേഹത്തിൽ വിലയം പ്രാപിച്ച് ***ഹാദാ റജുലുൻ യുഹിബ്ബു റസൂലുല്ലാഹി*** ഈ മനുഷ്യൻ റസൂൽ തിരുമേനിയെ അങ്ങേയറ്റം സ്നേഹിക്കുന്നവനാണ് എന്ന ആകാശീയ ബഹുമതി കരസ്ഥമാക്കി. റസൂൽ തിരുമേനി(സ)യുടെ ശ്രേഷ്ഠതയും മഹത്വവും യഥാർഥ ജീവിതവും ലോകത്തിന് കാണിച്ച് കൊടുത്തു. വിശുദ്ധഖുർആനിൽ ബിസ്മില്ലായുടെ ബ മുതൽ വന്നാസിലെ സീൻ വരെ യാതൊന്നും തന്നെ കാലഹരണപെട്ടിട്ടില്ലായെന്നും കാലഹരണപെടുത്തുന്ന ഒന്നും തന്നെ വിശുദ്ധഖുർആനിൽ ഇല്ലെന്നും വിശുദ്ധഖുർആനിലെ ഓരോ ആയത്തും കാലികമാണെന്നും വാദിച്ച അദ്ദേഹം കാലഹരണപ്പെട്ടതും കാലഹരണപ്പെടുത്തുന്നതുമായ ആയത്തുകളായി പണ്ഡിതൻമാർ പ്രഖ്യാപിച്ച ആയത്തുകളിലെ കാലികപ്രസക്തി വിശദീകരിച്ച് കൊണ്ട് വിശുദ്ധഖുർആനിലുള്ള വിശ്വാസം വിശ്വാസികളിൽ രൂഢമൂലമാക്കി. എന്നു മാത്രമല്ല ആകാശത്തേക്ക് ഉയർന്ന് പോയ ദൃഢവിശ്വാസത്തെ ഭൂമിയിലെ ഹൃദയങ്ങളിൽ തിരിച്ച് കൊണ്ട് വന്ന് സഹാബാക്കളോട് ഉപമിക്കാവുന്ന ഒരു പരിശുദ്ധ ജമാഅത്തിനെ തന്റെ ജീവിതത്തിൽ വാർത്തെടുത്തു. ലോകത്ത് 200 രാജ്യങ്ങളിൽ പടർന്ന് പന്തലിച്ച് നിൽക്കുന്ന അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് ഹദ്റത്ത് മസീഹ് മൗഊദ്(അ) കൊണ്ടുവന്ന ആത്മീയ വിപ്ലവത്തിന് ഒരു ജാജ്വലതെളിവായി ഇന്നും നിലകൊള്ളുന്നു.

വാഗ്ദത്ത മസീഹിന്റെ മറ്റൊരു പ്രധാന ദൗത്യമായി ഹദീസ് ഗ്രന്ഥങ്ങളിൽ രേഖപ്പെട്ട് കിടക്കുന്നത് അദ്ദേഹം കുരിശുടക്കുകയും പന്നികളെ കൊല്ലുകയും ചെയ്യുമെന്നതാണ്.

ആത്മീയ ലോകത്തെ കത്തിജ്വലിക്കുന്ന സൂര്യനാണ് ഹദ്റത്ത് മുഹമ്മദ് മുസ്തഫാ(സ) തിരുമേനി. ഒരു മനുഷ്യന് എത്താൻ സാധിക്കുന്ന ആത്മീയതയുടെ പാരമ്യതയിൽ എത്തിയ ആ പ്രവാചകന്റെ പ്രവചനങ്ങൾ മനസ്സിലാകുന്നതിന് ആത്മീയ ദൃഷ്ടിയുടെയും ഉൾക്കാഴ്ച്ചയുടെയും ആവശ്യമുണ്ട്. അതില്ലാതെ ഭൗതികതയിൽ മുങ്ങിക്കുളിച്ച് പാതാളത്തിലേക്ക് തലതാഴ്ത്തിയിരിക്കുന്ന നാമധാരികളായ പണ്ഡിതവർഗം മറ്റുള്ളവരുടെ ആരാധനാലയങ്ങൾ സംരക്ഷിക്കുന്നതിനായി ജിഹാദ് ചെയ്യാൻ കൽപ്പിച്ച വിശുദ്ധഖുർആന്റെ അദ്ധ്യാപനവും നജ്റാനിലെ ക്രിസ്ത്യാനികൾക്ക് പ്രവാചകൻ തന്റെ പള്ളി ആരാധനക്ക് നൽകിയ ചരിത്ര സംഭവവും മൃഗങ്ങളോട് എപ്പോഴും കാരുണ്യത്തോടെ വർത്തിക്കണമെന്ന പ്രവാചകന്റെ കൽപ്പനയും പാടെ വിസ്മരിച്ച് കൊണ്ട് ചർച്ചുകളിലും കവലകളിലും സെമിത്തേരികളിലും ഓടി നടന്ന് കുരിശുടക്കുകയും മാലിന്യത്തിലും വനാന്തരങ്ങളിലും ജീവിക്കുന്ന വരാഹത്തിന് വംശനാശം വരുത്തുന്നതിനായി വാളും ഊരിപ്പിടിച്ച് കൊണ്ട് ആകാശത്തിന്റെ അനന്തതയിൽ നിന്ന് ഇറങ്ങി വരുന്ന അസാധാരണ പ്രവാചകനെയാണ് പ്രതീക്ഷിക്കുന്നത്.

എന്നാൽ ആത്മീയ ദൃഷ്ടികൊണ്ട് അനുഗൃഹീതരായ അല്ലാമ ബദറുദ്ധീൻ (റഹ്), ഇബ്നു ഹജർ അസ്ഖലാനി (റഹ്), ഹദ്റത്ത് മുല്ലാഅലിയുൽ ഖാരി(റഹ്) മുതലായ മഹാത്മാക്കൾ കുരിശുടക്കുകയെന്നത് കൊണ്ടുള്ള ഉദ്ദേശ്യം ക്രിസ്തുമതത്തിന്റെ തെറ്റായ വിശ്വാസസംഹിതയെ തകർക്കുക എന്നാണെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്.

തന്റെ സമുദായത്തിൽ യഥാർഥ ഏകദൈവവിശ്വാസം സ്ഥാപിച്ച് പണ്ഡിതരുടെ കുരുട്ടുബുദ്ധിയിൽ നിന്ന് സമുദായത്തെ രക്ഷിച്ച് അവരെ ദൈവവുമായി അടുപ്പിക്കാൻ ശ്രമിച്ചതിന്റെ പേരിൽ മനുഷ്യ മനഃസാക്ഷിയെ കിടിലം കൊള്ളിക്കുന്ന പീഢനങ്ങൾക്ക് വിധേയനായ മഹാനായ പ്രവാചകനാണ് യേശുക്രിസ്തു അഥവാ ഈസാ നബി (അ). എന്നാൽ പിൽക്കാലത്ത് ദൈവപുത്രനായി ജനിച്ച യേശു കുരിശുമരണത്തിലൂടെ സകല പാപങ്ങൾക്കും പരി

ഹാരമായി എന്ന യുക്തിരഹിതമായ വിശ്വാസം അദ്ദേഹത്തിന്റെ സമുദായം സ്വയം നിർമിച്ചെടുത്തു. ഈ വിശ്വാസം ഏറ്റവും വലിയ കളവാണെന്നും ഇത് മൂലം ആകാശം പൊട്ടിപിളരുമായിരുന്നു വെന്നും വിശുദ്ധഖുർആൻ പറയുന്നു. ഈ അബദ്ധവിശ്വാസം അതിന്റെ മൂർദ്ധ ന്യാവസ്ഥയിൽ എത്തിയപ്പോൾ മഹാനായ യേശുവിന്റെ ആത്മാവ് തീർച്ച യായും ആത്മീയലോകത്ത് അസ്വസ്ഥ പ്പെട്ടിരിക്കും. അതുകൊണ്ട് തന്നെ അദ്ദേഹത്തിന് സദൃശ്യനായിവന്ന വാഗ്ദത്ത മസീഹിലൂടെ ഈ വിശ്വാസം പൊളിച്ചെഴുതേണ്ടത് അനിവാര്യമായിരുന്നു.

ദൈവത്തിന്റെ വരിഷ്ഠ ദാസനായ യേശുക്രിസ്തുവിനെ കുരിശിലേറ്റി ശാപ മരണത്തിന് വിധേയനാക്കാൻ പ്രവാചക നിഷേധികളായ യഹൂദികൾ നടത്തിയ ശ്രമം പരാജയപ്പെട്ടെന്നും അങ്ങേയറ്റം അപമാനകരമായ കുരിശുമരണത്തിൽ നിന്നും മറ്റു പ്രവാചകൻമാരെ ഇത്തരം സന്ദർഭങ്ങളിൽ ദൈവം രക്ഷിച്ച ത്പോലെ അദ്ദേഹത്തേയും രക്ഷപ്പെടു ത്തിയെന്നും തുടർന്ന് അദ്ദേഹം തന്റെ കാണാതെപോയ കുഞ്ഞാടുകളെ തേടി ഇന്ത്യയിലെ കശ്മീരിലെത്തിയെന്നും അവിടെ വെച്ച് സ്വാഭാവിക മരണം വരിച്ച് ഇതര മനുഷ്യരെ പോലെ ഇഹ ലോകവാസം വെടിഞ്ഞുവെന്ന യാഥാർഥ്യം വിശുദ്ധഖുർആന്റെ അടിസ്ഥാനത്തിൽ ബൈബിളിലൂടെയും ചരിത്രരേഖകളിലൂടെയും ശാസ്ത്രത്തിലൂടെയും തെളിയിച്ച് കുരിശുമരണത്തിന്റെ അടിസ്ഥാനത്തിൽ വാർത്തെടുത്ത യേശുവിൽ നിന്ന് വിദൂരപ്പെട്ട ആധുനിക ക്രിസ്തുമതത്തിന്റെ അടിസ്ഥാന ശില തന്നെ വാഗ്ദത്ത മസീഹ് തകർത്തു കളഞ്ഞു. ദൈവീക വെളിപാടുകളാൽ നൂറു വർഷങ്ങൾക്ക് മുമ്പ് വാഗ്ദത്ത മസീഹ് ലോകത്തിന് മുമ്പിൽ വെച്ച ഈ ചരിത്ര സത്യം ആധുനിക ചരിത്ര വിദ്യാർഥികൾ പഠന വിധേയമാക്കുമ്പോൾ വാഗ്ദത്ത മസീഹിന്റെ കുരിശുടക്കുകയെന്ന ദൗത്യമാണ് പൂർത്തിയാകുന്നത്.

കുരിശുടക്കുകയെന്ന ദൗത്യം പൂർത്തിയാക്കിയത് പോലെതന്നെ പന്നിയെ കൊല്ലുകയെന്ന ദൗത്യവും വാഗ്ദത്ത മസീഹ് നിർവഹിച്ചു. റസൂൽ തിരുമേനി(സ) ഒരിക്കൽ തന്റെ ഉമ്മത്തിനെക്കുറിച്ച് പ്രവചിച്ചു. എന്റെ ഉമ്മത്തിൽ പരിഭ്രമവും അമ്പരപ്പും ഉണ്ടാകുന്നകാലം വരും. അപ്പോൾ ജനങ്ങൾ തങ്ങളുടെ പണ്ഡിതരെ സമീപിക്കും. എന്നാൽ അവർ വാനരൻമാരും വരാഹങ്ങളുമായിരിക്കും.

ഭൗതികതയുടെ മാലിന്യത്തിൽ മുങ്ങിക്കുളിച്ച് ആകാശവുമായി യാതൊരു ബന്ധവുമില്ലാതെ വരാഹങ്ങളെപോലെ ഭൂമിയിലേക്ക് മാത്രം തലകുനിച്ചിരുന്ന് വികലമായ വിശ്വാസങ്ങൾകൊണ്ട് ഇസ്‌ലാമിന്റെ സുന്ദര മുഖം വികൃതമാക്കിയ പണ്ഡിതമന്യന്മാരെ തെളിവുകൊണ്ട് നശിപ്പിക്കപ്പെട്ടവൻ നശിച്ചവനാണ് എന്ന ഖുർആനിക വചനത്തിന്റെ അടിസ്ഥാനത്തിൽ തെളിവുകൾ കൊണ്ടും ദൃഷ്ടാന്തങ്ങൾ കൊണ്ടും വാഗ്ദത്ത മസീഹ് (അ) വധിച്ചു കളഞ്ഞു. എന്നുമാത്രമല്ല സദ്വൃത്തരും സത്യവാൻമാരുമായ പണ്ഡിതൻമാരെ ആത്മീയതയുടെ അനന്തവിഹായസിൽ പറക്കാനും ദൈവിക വെളിപാടുകൾ സ്വീകരിക്കാനും അദ്ദേഹം പ്രാപ്തനാക്കി. വാഗ്ദത്ത മസീഹിന്റെ നൂറുകണക്കിന് സഹാബാക്കളുടെ ജീവിതം ഈ യാഥാർഥ്യത്തിന് മതിയായ തെളിവാണ്.

വാഗ്ദത്ത മസീഹിന്റെ മറ്റൊരു ദൗത്യം മത യുദ്ധങ്ങൾക്ക് വിരാമം കുറിക്കുകയെന്നതാണ്. ആധുനിക കാലഘട്ടത്തിൽ വലിയ വിവാദത്തിന് വിധേയമായ ജിഹാദിന്റെ യഥാർഥ ഉദ്ദേശ്യം ആത്മപരിഷ്കരണവും വിശുദ്ധഖുർആന്റെ മനോഹര അദ്ധ്യാപനങ്ങൾ ലോകത്ത് പ്രചരിപ്പിക്കലാണെന്നും ദൈവിക വെളിപാടുകളുടെ അടിസ്ഥാനത്തിൽ വിശദീകരിച്ച മസീഹ്മൗഊദ് (അ) ഈകാലഘട്ടം തൂലിക കൊണ്ട് പോരാടേണ്ട കാലഘട്ടമാണെന്നും അതുകൊണ്ട് ഈ കാലത്ത് മതത്തിന്റെ പേരിൽ ആയുധമെടുക്കുന്നത് അല്ലാഹു നിഷിദ്ധമാക്കിയിരിക്കുന്നുവെന്നും വിധി പ്രഖ്യാപിക്കുകയുണ്ടായി. ഈ വിധിയെ ധിക്കരിക്കുന്ന മുസ്‌ലിംകൾക്ക് കടുത്ത പരാജയവും അപമാനവും നേരിടേണ്ടി വരുമെന്ന് അദ്ദേഹം മുന്നറിയിപ്പ് നൽകി. അദ്ദേഹത്തിന്റെ മുന്നറിയിപ്പ് വകവെക്കാതെ ജിഹാദിന്റെ പേരിൽ ആയുധമെടുത്ത മുസ്‌ലിംകൾ തുടർച്ചയായ അപമാനവും പരാജയവും നേരിട്ടതിന് ശേഷം അദ്ദേഹത്തിന്റെ വിശദീകരണം അംഗീകരിക്കാൻ നിർബന്ധിതരായിത്തീർന്നിരിക്കുന്നു. ഒരുകാലത്ത്, ആ മഹാത്മാവ് ഇസ്‌ലാമിക ജിഹാദിനെ നിരോധിച്ചു എന്ന് വ്യാജപ്രചാരണം നടത്തിക്കൊണ്ട് അദ്ദേഹത്തിനെതിരിൽ കുഫ്ർ ഫത്വവക്കായി ഓടി നടന്നിരുന്ന പണ്ഡിതൻമാരുടെ പിൻതലമുറക്കാർ, 100 വർഷങ്ങൾക്ക് മുമ്പ് അദ്ദേഹം നൽകിയ അതേ വിശദീകരണം ഇന്ന് കവല കൾതോറും പ്രസംഗിച്ച് നടക്കുന്നത് കാണുമ്പോൾ ഈ നിറംമാറ്റം എത്രവിചിത്രമെന്ന് അദ്ഭുതപ്പെടാനേ നമുക്ക് സാധിക്കുകയുള്ളു.

പ്രശ്ന സങ്കീർണവും കലാപ കലുഷിതവുമായ ഈ കാലഘട്ടത്തിൽ സമാധാനത്തിനുള്ള പോംവഴി നിർദേശിക്കേണ്ടതും ശാന്തിയുടെയും സമാധാനത്തിന്റെയും മൂർത്തിമദ്ഭാവമായ പ്രവാചക പ്രഭു മുഹമ്മദ് നബി (സ) തിരുമേനിയുടെ പ്രതിനിധിയുടെ ദൗത്യമായിരുന്നു.

സത്യാന്വേഷണത്തിനായി മതങ്ങൾ തമ്മിലുള്ള ക്രിയാത്മകമായ സംവാദം അനിവാര്യമാണെന്ന് മനസ്സിലാക്കിയ അദ്ദേഹം മതങ്ങൾ തമ്മിലുള്ള സംവാദങ്ങളിൽ ആരോപണ പ്രത്യാരോപണങ്ങൾക്ക് മുതിരാതെ തങ്ങളുടെ മതത്തിന്റെ സത്യത വെളിപ്പെടുത്തുന്നതിനായി വാദവും അതിനുള്ള തെളിവും തങ്ങളുടെ പ്രാമാണിക മതഗ്രന്ഥങ്ങളിൽ നിന്ന് ഉദ്ധരിച്ച് തങ്ങളുടെ മതത്തിന്റെ ശ്രേഷ്ഠതയും മഹത്വവും സ്ഥാപിക്കാനാണ് മതാനുയായികൾ ശ്രമിക്കേണ്ടതെന്ന് പറഞ്ഞുകൊണ്ട് സമാധാനത്തിലധിഷ്ഠിതമായ ഒരു മതാന്തര സംവാദത്തിലേക്ക് ജനങ്ങളെ ക്ഷണിച്ചു.

എല്ലാസമുദായങ്ങളിലേക്കും പ്രവാചകൻമാർ നിയോഗിതരായിട്ടുണ്ടെന്ന വിശുദ്ധഖുർആന്റെ അദ്ധ്യാപനത്തിന്റെ അടിസ്ഥാനത്തിൽ ശ്രീകൃഷ്ണനും ശ്രീരാമനും ശ്രീബുദ്ധനും മറ്റു ഇതര മത ഗുരുക്കന്മാരും ദൈവത്തിന്റെ വരിഷ്ഠ ദാസരായിരുന്നുവെന്ന് തുറന്ന് പ്രഖ്യാപിച്ച അദ്ദേഹം എല്ലാ മതഗുരുക്കന്മാരേയും പരസ്പരം ആദരിക്കുന്നതിലൂടെ മാത്രമേ ലോകത്ത് സമുദായങ്ങൾക്കിടയിൽ സ്ഥായിയായ സമാധാനം സ്ഥാപിതമാവുകയുള്ളുവെന്നും അതുകൊണ്ട് തന്നെ സമുദായങ്ങൾ സമാധാനമാഗ്രഹിക്കുന്നുവെങ്കിൽ ഈ കാര്യത്തിനായി പരിശ്രമിക്കണമെന്ന് അദ്ദേഹം വാദിച്ചു. സമുദായങ്ങൾക്കിടയിൽ സമാധാന സ്ഥാപനത്തിനായി ദൈവനിയോഗിതൻ നിർദേശിച്ച ഈ പോംവഴിയിലേക്ക് ആധുനിക സമൂഹം ശ്രദ്ധിക്കേണ്ടത് വളരെ അനിവാര്യമായിരിക്കുന്നു.

തന്റെ മരണത്തിന് മണിക്കൂറുകൾക്ക് മുമ്പ്വരെ മനുഷ്യ സമുദായങ്ങൾ തമ്മിൽ സ്നേഹത്തിലും സമാധാനത്തിലും സാഹോദര്യത്തിലും വർത്തിക്കാനായി പോംവഴികൾ നിർദേശിച്ചുകൊണ്ട് മൈത്രീ സന്ദേശമെന്ന ഗ്രന്ഥമെഴുതുകയായിരുന്നുവെന്നതിൽ നിന്ന് ആ മഹാത്മാവ് ലോകസമാധാന

ത്തിന് എത്രമാത്രം ആഗ്രഹിച്ചുവെന്നും പരിശ്രമിച്ചുവെന്നും മനസ്സിലാക്കാൻ സാധിക്കുന്നതാണ്.

തന്റെ അയൽവാസിയായ ഹിന്ദു സഹോദരന്റെ വീട് കത്തിയെരിയുന്നത് കാണുകയും ആ തീ അണക്കാനായി എഴുന്നേൽക്കാത്ത അനുയായി എന്നിൽ പെട്ടവനല്ലെന്നും ഒരു ക്രിസ്തീയ സഹോദരനെ ആരെങ്കിലും വധിക്കാൻ ശ്രമിക്കുന്നത് കാണുകയും അദ്ദേഹത്തെ രക്ഷിക്കാൻ ശ്രമിക്കാത്ത തന്റെ അനുയായി സത്യമായും സത്യമായും തന്നിൽപ്പെട്ടവനല്ലെന്നും പ്രഖ്യാപിച്ച ആ മഹാത്മാവ് മനുഷ്യസമുദായത്തോട് പൊതുവിൽ സഹാനുഭൂതിയോടെ വർത്തിക്കുമെന്നും തന്റെ മുഴുവൻ കഴിവുകൊണ്ടും അവരെ സഹായിക്കുമെന്നുമുള്ള പ്രതിജ്ഞ തന്റെ ജമാഅത്തിൽ പ്രവേശിക്കുന്നതിന് നിബന്ധനയായി നിശ്ചയിച്ചു. എന്നുമാത്രമല്ല ആ മഹാത്മാവ് തന്റെ ജമാഅത്തിന് നൽകിയ ഉപദേശം ഇതായിരുന്നു.

***ഗാലിയാ(ൻ) സുൻ കർ ദുആ ദോ പാകെദുഖ് ആരാംദോ***

***കിബ്റ്കി ആദത്ത് ജോ ദേഖോ തും ദിഖാവോ ഇൻകിസാർ***

അസഭ്യവർഷവും ചീത്തവിളിയും കേൾക്കുമ്പോൾ നിങ്ങൾ അവർക്കായി ദുആ ചെയ്യുക. ബുദ്ധിമുട്ടുകൾ സഹിച്ചുകൊണ്ട് നിങ്ങൾ മറ്റുള്ളവർക്ക് സുഖം പ്രദാനം ചെയ്യുക. അഹങ്കാരം കാണുമ്പോൾ നിങ്ങൾ വിനയാന്വിതരായി നിലകൊള്ളുക.

ആ മഹാത്മാവിന്റെ ഇത്തരം ഉപദേശനിർദേശങ്ങളുടെ ഫലമാണ് മൃഗീയവും പൈശാചികവുമായ പീഡനങ്ങൾ എൽക്കേണ്ടിവന്നിട്ടും മൗലിക അവകാശങ്ങൾ നിഷേധിക്കപ്പെട്ടിട്ടും ഏതെങ്കിലും വിധത്തിലുള്ള പ്രകടനത്തിനോ നിയമലംഘനത്തിനോ മുതിരാതെ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു) ന്റെ ആത്മീയ നേതൃത്വത്തിൽ അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് ലോകത്ത് മുഴുവനും മാതൃകപരമായ നിലയിൽ സ്നേഹത്തിന്റെയും സമാധാനത്തിന്റെയും സാഹോദര്യത്തിന്റെയും സന്ദേശം പ്രചരിപ്പിച്ച് മുന്നേറുന്നത്.

അശാന്തിയ്ക്കും അസമാധാനത്തിനും ഒരു പ്രധാന കാരണം സാമ്പത്തിക അസമത്വമാണ്. ഇന്ന് കാണുന്ന സാമ്പത്തിക പ്രതിസന്ധി ലോകത്തെ വീണ്ടുമൊരു ലോകമഹായുദ്ധത്തിലേക്ക് കൊണ്ടെത്തിക്കുമോയെന്ന് രാഷ്ട്രീയ നിരീക്ഷകർ ഭയപ്പെടുന്നു.സാമ്പത്തിക അസമത്വം ദരിദ്രരാജ്യങ്ങളുടെ മാത്രം പ്രശ്നമാണ് എന്ന പൊതു ധാരണയെ തിരുത്തുന്ന സംഭവങ്ങളാണ് ഈ ദിവസങ്ങളിൽ നാം കണ്ടുകൊണ്ടിരിക്കുന്നത്. സാമ്പത്തിക സമത്വത്തിനായി ഉയിർത്തെഴുന്നേറ്റ ഒരുപാട് പ്രസ്ഥാനങ്ങളുടെ അധഃപതനത്തിന് നമ്മുടെ സമീപകാല ചരിത്രം സാക്ഷിയാണ്. എന്നാൽ 100 വർഷങ്ങൾക്ക് മുമ്പ് മുഴുലോകത്തിന്റെയും സാമ്പത്തിക പ്രശ്നങ്ങൾക്ക് പരിഹാരം നിർദേശിച്ചുകൊണ്ട് അൽവസിയ്യത്ത് എന്ന ഒരു ആത്മീയ സാമ്പത്തിക പദ്ധതിക്ക് വാഗ്ദത്തമസീഹ് അടിത്തറപാകി. കാരണം ഒരു നവലോകക്രമം രൂപപ്പെടുത്തേണ്ടതും വാഗ്ദത്ത മസീഹിന്റെ ദൗത്യമായിരുന്നു. മനുഷ്യചിന്തയിൽ നിന്ന് ഉരുത്തിരിഞ്ഞ എല്ലാ സാമ്പത്തിക പദ്ധതികളും തകർന്ന് തരിപ്പണമാകുകയും ദൈവനിയോഗിതൻ നിർദേശിച്ച ഈ പദ്ധതിയിൽ ലോകം പങ്കാളിയാകുകയും ചെയ്യുമ്പോൾ സാമ്പത്തിക സമത്വത്തിലധിഷ്ടിതമായ ഒരു നവലോകം തീർച്ചയായും ജന്മമെടുക്കും.

ഹദ്റത്ത് മസീഹ് മൗഊദ് (അ) നാൽ നിർദേശിക്കപ്പെട്ട ആ അനുഗൃഹീത പദ്ധതിയിലൂടെ ലോകത്ത് ഉണ്ടാകാൻ പോകുന്ന വിപ്ലവത്തെക്കുറിച്ച് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ഇപ്രകാരം സുവാർത്ത നൽകുന്നു. വസിയ്യത്ത് പദ്ധതി പൂർത്തിയാകുമ്പോൾ അത് മുഖേന തബ്‌ലീഗ് മാത്രമല്ല നടക്കുക, മറിച്ച് ഇസ്‌ലാമിന്റെ ഉദ്ദേശ്യമനുസരിച്ച് ഓരോ മനുഷ്യസൃഷ്ടിയുടെയും ആവശ്യങ്ങൾ പൂർത്തീകരിക്കപ്പെടും. ദുഃഖവും ബുദ്ധിമുട്ടും ലോകത്ത് നിന്ന് തുടച്ചുനീക്കപ്പെടും (ഇ:അ). അനാഥർ ഭിക്ഷയാചിക്കുകയില്ല, വിധവ ജനങ്ങളുടെ മുമ്പിൽ കൈ നീട്ടുകയില്ല, ഒന്നുമില്ലാത്തവൻ പരവശനായി അലഞ്ഞുതിരിയുകയില്ല, എന്തുകൊണ്ടെന്നാൽ വസിയ്യത്ത് കുട്ടികൾക്ക് മാതാവായിരിക്കും, യുവാക്കൾക്ക് പിതാവായിരിക്കും, വിധവകൾക്ക് ഭർത്താവായിരിക്കും, ബലാൽക്കാരത്തിന് പകരം ഈ പദ്ധതിയിലൂടെ സ്നേഹത്തോടും സന്തോഷത്തോടും സഹോദരൻ സഹോദരനെ സഹായിക്കും.

സകല പ്രവാചകൻമാരുടേയും പ്രതിരൂപമായി സർവോപരി പ്രവാചകപ്രഭു മുഹമ്മദ് മുസ്തഫാ (സ) തിരുമേനിയുടെ പ്രതിബിംബമായി നിയോഗിതനായ വാഗ്ദത്ത മസീഹിന്റെ ദൗത്യം നിരവധിയാണ്. ഒരുകാര്യം അസന്ദിഗ്ധമായി പറയാൻ സാധിക്കും, മുൻവിധിയുടെ കറുത്ത കണ്ണട മാറ്റിവെക്കുകയാണെങ്കിൽ വാഗ്ദത്ത മസീഹിനായി നിശ്ചയിച്ച മുഴുവൻ ദൗത്യവും ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് ഖാദിയാനി (അ) വളരെ മനോഹരമായ നിലയിൽ നിറവേറ്റിയതായി കാണാൻ സാധിക്കുന്നതാണ്. മനുഷ്യ സമൂഹത്തിന്റെ നന്മക്കായി ഹദ്റത്ത് മുഹമ്മദ് മുസ്തഫാ(സ)തിരുമേനിയുടെ ആത്മീയ സാഗരത്തിൽ നിന്ന് ആ മഹാത്മാവ് കണ്ടെടുത്ത നിധിശേഖരം കാണുമ്പോൾ വരും തലമുറ കണ്ണീർവാർത്ത്കൊണ്ട് ആ മഹാത്മാവിന് വേണ്ടി ദുആ ചെയ്യും. ഇന്ന് ആ മഹാത്മാവിന്റെ ഗ്രന്ഥങ്ങൾ ഒരു നോക്കുകാണാതെ ചർവിതചർവണങ്ങൾ വീണ്ടും അയവിറക്കുകയും യഹൂദികളെ പോലും ലജ്ജിപ്പിക്കുന്ന വിധത്തിൽ ഗ്രന്ഥങ്ങളിൽ മാറ്റിതിരുത്തലുകൾ നടത്തുകയും ചെയ്യുന്ന ഗീബൽ സിന്റെ അനുയായികളായ പണ്ഡിതമന്യൻമാരെ, അവരുടെ വരും തലമുറ ഫിർഔനേയും ഹാമാനേയും ചരിത്രത്തിന്റെ ചവറ്റുകൊട്ടയിലേക്ക് വലിച്ചെറിഞ്ഞത് പോലെ വലിച്ചെറിയും. അബൂജഹലിന്റെയും അബൂലഹബിന്റെയും പിതൃത്വം നിഷേധിച്ചത് പോലെ നിഷേധിക്കും. ആ കാലം അതിവിദൂരമല്ലായെന്ന ദൃഢവിശ്വാസത്തിലതിഷ്ഠിതമായ പ്രതീക്ഷയോടെ ഇവിടെ ഉപസംഹരിക്കുന്നു.

## അല്ലാഹുവിന്റെ കാരുണ്യം

അബൂഹുറൈറ(റ)യിൽ നിന്ന് നിവേദനം: നബി (സ) അരുളി: അല്ലാഹു പറയുന്നു. എന്റെ അടിമ ഒരു തിന്മ ചെയ്യുവാൻ ഉദ്ദേശിച്ചാൽ അവനതു പ്രവർത്തിക്കുന്നത് വരെ അവന്റെ പേരിൽ അത് നിങ്ങൾ എഴുതരുത്. പ്രവർത്തിച്ചു കഴിഞ്ഞാലോ ഒരു തിന്മ മാത്രമായി പ്രവർത്തിച്ചതായി രേഖപ്പെടുത്തിക്കൊള്ളുക. പ്രവർത്തിക്കാൻ തീരുമാനിച്ച ശേഷം എന്നെ ഓർമ്മിച്ചു ആ തിന്മയെ അവൻ വിട്ടു കളഞ്ഞാലോ അത് അവന്റെ നന്മയായി രേഖപ്പെടുത്തിക്കൊൾക എന്നും ഞാൻ നിർദ്ദേശിക്കും. (ബുഖാരി)

# ഇസ്‌ലാമിക സാമ്രാജ്യത്തിന്റെ പരിണാമം

തൻവീർ

അനുക്ഷണം അധ:പതിച്ചുകൊണ്ടിരിക്കുന്ന മുസ്‌ലിം സമുദായത്തിന് അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് മാത്രമാണ് പ്രതീക്ഷ

### ഇസ്‌ലാമിന്റെ ആദ്യകാല മുന്നേറ്റങ്ങൾ

ഇസ്‌ലാമിന്റെ ആദ്യകാലാനുയായികളുടെ ആവേശവും ഐക്യവും അധികാരസ്ഥന്മാരോടുള്ള അനുസരണവും കാരണമായി തുടക്കത്തിൽ ഇസ്‌ലാമിക സാമ്രാജ്യം ദ്രുതഗതിയിൽ വളർന്നു.

ഇസ്‌ലാമിന്റെ ആദ്യ നൂറ്റാണ്ടിൽ മദ്ധ്യ പൗരസ്ത്യ ദേശങ്ങളിലും കിഴക്ക് ഇന്ത്യയിലും ചൈനയിലും പിന്നീട് വടക്കെ ആഫ്രിക്കയിലും തെക്കൻ യൂറോപ്പിലും ഇസ്‌ലാം വളരെ വേഗത്തിൽ വ്യാപിച്ചു.

ഇസ്‌ലാമിക സാമ്രാജ്യം സുസ്ഥാപിതവും ഉറച്ചതുമായതിനാൽ അവിടങ്ങളിലെ ജനങ്ങൾ വർണവർഗവ്യത്യാസമന്യേ സുരക്ഷിതരായിരുന്നു. ഡമാസ്ക്കസിലും കയ്റോയിലും കൊർഡോവയിലും മറ്റിടങ്ങളിലും ഇസ്‌ലാമിക ശാസ്ത്രം തഴച്ചു വളർന്നു വികസിച്ചതിന്റെ ഫലമായി കപ്പൽ ഗതാഗതം, വൈദ്യശാസ്ത്രം, ജ്യോതിശാസ്ത്രം, ഗണിതശാസ്ത്രം, കലകൾ എന്നിവയിൽ വമ്പിച്ച പുരോഗതിയുണ്ടായി. മുസ്‌ലിം പണ്ഡിതന്മാർ മാത്രമല്ല, ക്രിസ്ത്യാനികളും ജൂതന്മാരും പ്രബുദ്ധമായ ഈ സാഹചര്യത്തിൽ അഭിവൃദ്ധി പ്രാപിച്ചു. ആ കാലഘട്ടത്തിലെ ഇസ്‌ലാമികശില്പകലയുടെ മഹത്വമേറിയ സാക്ഷികളായി മനോഹരമായ പള്ളികൾ നമുക്ക് കാണാം. കൊർഡോവയിലെ കൂറ്റൻ പള്ളി മുസ്‌ലിംകളും, ക്രിസ്ത്യാനികളും ജൂതന്മാരും ആരാധനക്കായി ഉപയോഗിച്ചിരുന്നു. ആദ്യകാല മുസ്‌ലിംകളുടെ പ്രബുദ്ധതയുടെ ഔന്നത്യം അതായിരുന്നു. മുസ്‌ലിംകൾ തങ്ങളുടെ നാടുകളിൽ ഇതര മതസ്ഥരുടെ അമ്പലങ്ങളും ചർച്ചുകളും സംരക്ഷിക്കുന്നതിൽ അതീവ ജാഗ്രത പുലർത്തി. അവർ പരസ്പരം മനസ്സിലാക്കിയിരുന്നത് സംഘർഷത്തിലൂടെയായിരുന്നില്ല, ആശയ വിനിമയത്തിലൂടെയായിരുന്നു.

ഇക്കാലത്തായിരുന്നു കൂറ്റൻ ലൈബ്രറികളും സർവകലാശാലകളും സ്ഥാപിക്കപ്പെട്ടത്. ഗ്രീക്കുകാരുടേയും ഈജിപ്തുകാരുടേയും ഇന്ത്യക്കാരുടേയും പേർഷ്യക്കാരുടേയും മഹത്തായ കൃതികൾ വിവർത്തനം ചെയ്യപ്പെടുകയും സംരക്ഷിക്കപ്പെടുകയും ചെയ്തു. യൂറോപ്പ് അന്ധകാരത്തിലായിരുന്ന കാലഘട്ടത്തിൽ വിവിധ മതങ്ങളിലും സംസ്ക്കാരങ്ങളിലുമുള്ള പണ്ഡിതന്മാർ പ്രബുദ്ധമായ ഈ സാമ്രാജ്യത്തിലേക്ക് ആകർഷിക്കപ്പെടുകയായിരുന്നു.

ക്രമേണ ഭരണാധികാരം ഒരു രാജവംശത്തിൽ നിന്നും മറ്റൊരു രാജവംശത്തിലേക്ക് മാറിക്കൊണ്ടിരുന്നു. സിറിയ ആസ്ഥാനമായ ഉമയ്യാദുകളി (ക്രിസ്തുവർഷം 661-750) ൽ നിന്നു മെസെപെട്ടോമിയ ആസ്ഥാനമായ അബ്ബാസിയ്യാ രാജവംശത്തിലേക്ക് (ക്രിസ്തുവർഷം 750 -1258) ഭരണം മാറി. ഇക്കാലത്ത് മുസ്‌ലിംകൾക്കിടയിലുള്ള ഐക്യം നശിച്ചുതുടങ്ങുകയും കയ്റോവിലും കൊർഡോവയിലും വിമത ഭരണം സ്ഥാപിക്കപ്പെടുകയും ചെയ്തു. എന്നിട്ടും ഇസ്‌ലാമും മുസ്‌ലിം സംസ്ക്കാരവും ജനങ്ങളെ ഏകീകരിച്ചു. ഇസ്‌ലാം മതം ശക്തിയാർജ്ജിച്ചു. ഇസ്തംബൂൾ കേന്ദ്രമായി ഉസ്മാനിയ്യാ സാമ്രാജ്യം (1281-1924) തുർക്കിയുടെ അധികാരത്തിൻ കീഴിൽ മുസ്‌ലിം ലോകത്തെ പുനരേകീകരിക്കുകയാണുണ്ടായത്. മുസ്‌ലിംകളിൽ വീണ്ടും സ്വരച്ചേർച്ചയുണ്ടായി. യൂറോപ്പിലും വടക്കെ ആഫ്രിക്കയിലും നിർമിക്കപ്പെട്ട കെട്ടിടങ്ങളുടെ അദ്ഭുതകരമായ നിർമിതി മുസ്‌ലിം സംസ്ക്കാരത്തിന്റെ അഭിവൃദ്ധിക്ക് കാരണമായിരുന്നു.

ഉസ്മാനിയ സാമ്രാജ്യത്തിൽ, ഇസ്‌ലാമിക സിദ്ധാന്തങ്ങളായ പരിപൂർണ നീതി, ദയ, സത്യസന്ധമായ പെരുമാറ്റം എന്നിവയുടെ ഉന്നതമായ നിലവാരം ജനങ്ങൾക്ക് ഉൾക്കൊള്ളാൻ കഴിഞ്ഞിരുന്നു. ഉസ്മാനിയ്യാ സാമ്രാജ്യം വളർന്ന് കിഴക്ക് തുർക്കി, സിറിയ, ഇറാഖ്, അറേബ്യ എന്നിവിടങ്ങളിലേക്കും ബാൽക്കൻസ്, ഹങ്കറി, ഗ്രീസ്, റൊമാനിയ, ബൾഗേറിയ എന്നിവിടങ്ങളിലേക്കും കരിങ്കടലിന് ചുറ്റുമുള്ള മറ്റു രാജ്യങ്ങളിലേക്കും തെക്കൻ ആഫ്രിക്കയുടെ മിക്കവാറും ഭാഗങ്ങളിലേക്കും ഈജിപ്ത് മുതൽ അൽജീരിയവരെയും വ്യാപിച്ചു. എന്നിരിക്കിലും മതപരമായ അധ:പതനത്തിന്റെ ചരിത്രം സ്വയം ആവർത്തിച്ചു. ഭരണകർത്താക്കളായ സുൽത്താൻമാർ മതവും സംസ്ക്കാരവും കൂട്ടിക്കലർത്തി കുഴപ്പത്തിലാക്കി. അധികാര വടംവലികാരണം സഹോദരന്മാർ തമ്മിലും ഗോത്രങ്ങൾ തമ്മിലും സംഘർഷത്തിനിടവരുത്തി. അങ്ങനെ ക്രമേണ യഥാർഥ ഇസ്‌ലാം വിസ്മരിക്കപ്പെടുകയും സാമ്രാജ്യത്തിന് അതിന്റെ ഐക്യവും ശക്തിയും നഷ്ടമാവുകയും ചെയ്തു.

### വാഗ്ദത്ത മസീഹിന്റെ കാലത്തെ ഇസ്‌ലാം

കഴിഞ്ഞ നൂറു വർഷക്കാലത്തിനിടയിൽ മുസ്‌ലിം ലോകം അഹ്മദിയ്യാ ജമാഅത്തുമായി ബന്ധപ്പെടാൻ തുടങ്ങി.

അവർക്ക് വാഗ്ദത്ത മസീഹി (അ) ന്റെ സന്ദേശത്തെക്കുറിച്ച് സ്വയം വിധി പറയാൻ അവസരമുണ്ടായിട്ടുണ്ട്. കോടിക്കണക്കിനാളുകൾ ഇസ്‌ലാമിന്റെ പരിഷ്ക്കർത്താവിനെ അംഗീകരിക്കുകയും കോടിക്കണക്കിനാളുകൾ നിരാകരിക്കുകയും ചെയ്തിട്ടുണ്ട്. നിരാകരണം പലപ്പോഴും തെറ്റിദ്ധാരണയും അജ്ഞതയും കാരണമായാണ്. പക്ഷേ, മുസ്‌ലിം ഭരണാധികാരികൾ ഇതൊരു രാഷ്ട്രീയ പ്രശ്നമായി ഉപയോഗപ്പെടുത്തിയിട്ടുണ്ട്. അത് പിന്നീട് വിവരിക്കാം. വാഗ്ദത്ത മസീഹിന്റെ കാലത്ത് മുസ്‌ലിം രാജ്യങ്ങൾക്ക് രാഷ്ട്രീയ ഭരണാധികാരം ഉണ്ടായിരുന്നെങ്കിലും ഇസ്‌ലാം പതിതാവസ്ഥയിലായിരുന്നു. ചില ക്രിസ്ത്യൻ പ്രബോധകർ ലോകം മുഴുവനും യൂറോപ്യൻ കൊളോണിയലിസത്തെ പിന്തുടരുകയും ഇസ്‌ലാമിനെതിരിൽ വ്യാജ പ്രചാരണം തുടരുകയും ചെയ്തു. രണോത്സുകരും തീവ്രവാദികളുമായ നിരവധി ആളുകൾ മുസ്‌ലിം ലോകത്തുണ്ടായിട്ടുണ്ട്. എന്നാൽ ഇസ്‌ലാമിനെതിരിലുള്ള മതപരമായ കടന്നാക്രമണങ്ങളെ പ്രതിരോധിക്കാൻ വളരെ കുറച്ചു പേരേ ഉണ്ടായിരുന്നുള്ളൂ. ഇന്ത്യൻ ഉപഭൂഖണ്ഡത്തിൽ ഈ വെല്ലുവിളിയെ വളരെ വിജയകരമായ നിലയിൽ നേരിട്ട പ്രമുഖ വ്യക്തിയായിരുന്നു വാഗ്ദത്ത മസീഹ് (അ). ഇത് മുസ്‌ലിംകളുടെ ഒരുതലമുറയെത്തന്നെ പ്രചോദിതരാക്കുകയും മതപരമായ താല്പര്യം ഒരിക്കൽ കൂടി അവരിൽ ഉണർത്തുകയുമുണ്ടായി.

വാഗ്ദത്ത മസീഹ് (അ) തന്റെ ദൗത്യം വിവരിച്ചിരുന്നത് ഇങ്ങനെയായിരുന്നു. "ലോകത്തിന്റെ അവസ്ഥയും ഭൂതലം മുഴുവൻ അനുസരണക്കേടും പാപവും നിറഞ്ഞിരിക്കുന്നുവെന്ന കാര്യവും കാരണം സർവശക്തനായ ദൈവം സത്യത്തിന്റെ പ്രചാരണത്തിനും ജനങ്ങളെ പുനരുദ്ധരിക്കുവാനും എന്നെ നിയോഗിച്ചു. അങ്ങനെ ദൈവാജ്ഞ പ്രകാരം എഴുത്തുമുഖേനയും പ്രഖ്യാപനങ്ങൾ മുഖേനയും, ദീനിന്റെ പുനരുദ്ധാരണാർഥം നൂറ്റാണ്ടിന്റെ തലക്കൽ ആഗതനായ വ്യക്തി ഞാനാണെന്ന് ലോകത്തെ അറിയിച്ചു. ഭൂമിയിൽ നിന്നും തിരോധാനം ചെയ്ത സത്യവിശ്വാസത്തെ പുനസ്ഥാപിക്കലായിരുന്നു എന്റെ ലക്ഷ്യം. ദൈവഹസ്തത്തിന്റെ കാന്തശക്തി കൊണ്ട് മനുഷ്യകുലത്തെ പരിഷ്ക്കരണങ്ങളിലേക്കും സാത്വികതയിലേക്കും സത്യത്തിലേക്കും ആകർഷിക്കുകയായിരുന്നു എന്റെ ഉദ്ദേശ്യം. സിദ്ധാന്തപരമായ തെറ്റുകളെ തിരുത്തുകയും ജനങ്ങളുടെ സ്വഭാവം സംസ്കരിക്കുകയും ചെയ്യൽ എന്റെ ഉദ്ദേശ്യത്തിൽപ്പെട്ടതായിരുന്നു. ആദ്യമേ, മുസ്‌ലിംകൾക്ക് വാഗ്ദാനം ചെയ്യപ്പെട്ട മസീഹും, തിന്മ വ്യാപിക്കുകയും ഇസ്‌ലാം അധ:പതിക്കുകയും ചെയ്യുന്ന കാലത്ത് ദൈവാജ്ഞ പ്രകാരം ആഗതനാകുമെന്ന് പറയപ്പെട്ടിട്ടുള്ള മഹ്ദി യും ദൈവത്താൽ നേരിട്ട് മാർഗദർശനം ചെയ്യപ്പെടുകയും സ്വർഗീയ വിരുന്നിന് മനുഷ്യരെ ക്ഷണിക്കുകയും ചെയ്യുന്ന ആളും, പതിമൂന്ന് നൂറ്റാണ്ടുകൾക്ക് മുമ്പ് നബി തിരുമേനി (സ) ഏതൊരാളെക്കുറിച്ച് പ്രവചനം നടത്തിയോ ആ ആളും ഞാൻ തന്നെയാണെന്ന് ദൈവിക വെളിപാടുകൾ മുഖേന വളരെ വ്യക്തമായ നിലയിൽ എനിക്കറിയിക്കപ്പെട്ടു. സംശയാതീതമായ നിലയിൽ വളരെ വ്യക്തമായും നിരന്തരമായും ഇക്കാര്യത്തിൽ എനിക്ക് ദൈവിക വെളിപാടുണ്ടായി. ആ വെളിപാടിലടങ്ങിയ മഹത്തരമായ പ്രവചനങ്ങൾ പകൽ വെളിച്ചം പോലെ പൂർത്തിയാവുകയും ചെയ്തു. ആ വെളിപാടുകളുടെ ആധിക്യവും അദ്ഭുതകരമായ ശക്തിയും കാരണം അവ വിശുദ്ധ ഖുർആൻ ഇറക്കിയ ഏകനായ, പങ്കുകാരനില്ലാത്ത, ആ ദൈവത്തിന്റെ വചനങ്ങളാണെന്ന് ദൃഢമായി വിശ്വസിക്കുവാൻ ഞാൻ നിർബന്ധിതനായി. (തദ്‌ക്കിറത്തുശ്ശഹാദത്തെൻ പേജ് 1-2)

വീണ്ടും അദ്ദേഹം പ്രസ്താവിക്കുന്നു: ദൈവവും അവന്റെ സൃഷ്ടികളും തമ്മിലുള്ള ബന്ധത്തിൽ വന്നുപെട്ടിട്ടുള്ള ആകുലത നീക്കി അവർ തമ്മിൽ സ്നേഹവും ആത്മാർഥതയും സ്ഥാപിക്കലാണ് എന്റെ നിയോഗോദ്ദേശ്യം.

സത്യപ്രഖ്യാപനം മുഖേന മതപരമായ യുദ്ധങ്ങൾക്ക് വിരാമമിട്ടു സമാധാനം സ്ഥാപിക്കുകയും അങ്ങനെ ലോക ദൃഷ്ടിയിൽ നിന്നും മറഞ്ഞിരിക്കുന്ന ദൈവികാനുഗ്രഹങ്ങളെ പ്രകടമാക്കുകയും ചെയ്യലാണ് എന്റെ കടമ. സ്വാർഥതയുടെ അന്ധകാരം കൊണ്ട് മറക്കപ്പെട്ട ആത്മീയതയെ ലോക സമക്ഷം പ്രത്യക്ഷപ്പെടുത്താൻ ഞാൻ നിർദേശിക്കപ്പെട്ടിരിക്കുന്നു.

പ്രാർഥനകൊണ്ടും ധ്യാനം കൊണ്ടും പ്രകടമാവുകയും ജനഹൃദയങ്ങളിൽ ആണ്ടിറങ്ങുകയും ചെയ്യുന്ന ദൈവിക ഗുണങ്ങൾ വെറും വാക്കുകൾ കൊണ്ട് മാത്രമല്ല പ്രായോഗികമായിത്തന്നെ വെളിപ്പെടുത്തേണ്ടത് എന്റെ ചുമതലയാണ്. ശിർക്കിൽ നിന്നും സംശയങ്ങളിൽ നിന്നും വിമുക്തമായ, ലോകത്ത് നിന്നും തിരോധാനം ചെയ്ത പരിശുദ്ധവും തിളക്കമാർന്നതുമായ തൗഹീദിനെ ഒരിക്കൽ കൂടി ജനഹൃദയങ്ങളിൽ രൂഢമൂലമാക്കുകയാണ് എന്റെ ആഗമനോദ്ദേശ്യങ്ങളിൽ ഏറ്റവും പ്രധാനമായത്. ഇക്കാര്യങ്ങളെല്ലാം നിവൃത്തിയാവുന്നത് എന്റെ ശക്തികൊണ്ടല്ല. ആകാശഭൂമികളുടെ ദൈവമായ അവന്റെ ശക്തികൊണ്ടാണ് (ലക്ചർ ലാഹോർ, പേജ് 47) Ahmadiyyath: Renaissance of Islam എന്ന സർ മുഹമ്മദ് സഫറുല്ലാഖാന്റെ ഗ്രന്ഥത്തിൽ നിന്നുദ്ധരിച്ചത്)

### കഴിഞ്ഞ നൂറ്റാണ്ടിലെ പതനം

കഴിഞ്ഞ നൂറുവർഷങ്ങളായി ഇസ്‌ലാമിന് എന്താണ് സംഭവിച്ചത്? മതം പൊതുവിൽത്തന്നെ രാഷ്ട്രീയത്തിൽ ആഗിരണം ചെയ്യപ്പെട്ടിരിക്കുന്നു. ഇസ്‌ലാമും ഇതിൽ നിന്ന് ഒഴിവല്ല. അതിന്റെ ഫലമായി ഒരു കാലത്ത് പ്രതാപത്തിൽ കഴിഞ്ഞിരുന്ന ഇസ്‌ലാമിക സാമ്രാജ്യം ആത്മീയ പ്രബുദ്ധതയില്ലാത്ത രാഷ്ട്രീയക്കാരുടെ കൈകളിൽ വന്നുചേർന്നിരിക്കുകയാണ്. ഇതുകൂടാതെ അഹ്മദിയ്യാ ജമാഅത്തൊഴിച്ചുള്ള മുസ്‌ലിം സമുദായത്തിൽ ഖിലാഫത്ത് വ്യവസ്ഥിതിയുടെ പ്രകടമായ അഭാവം കാരണം ഇന്ന് ഐക്യമില്ലാതായിരിക്കുന്നു. മദ്ധ്യധരണ്യാഴിക്ക് ചുറ്റുമുള്ള ഉസ്മാനിയ്യാ സാമ്രാജ്യത്തിന്റെ തകർച്ച കാരണമായി ബോസ്നിയ, കൊസോവ മുതലായവ ദുർബല രാജ്യങ്ങളായി മാറിയിരിക്കുകയാണ്. അവ അയൽ രാജ്യങ്ങളുടെ ക്രൂരത കാരണമായി ദുരിതമനുഭവിക്കുകയുമാണ്. ലക്ഷക്കണക്കിന് മുസ്‌ലിംകളുടെ ജീവൻ നഷ്ടപ്പെടുത്തിക്കൊണ്ട് വിലക്കുറവിൽ എണ്ണ ലഭിക്കണമെന്ന വ്യാപാര താൽപര്യം മുൻനിർത്തി മദ്ധ്യപൗരസ്ത്യ ദേശങ്ങളിലെ മുസ്‌ലിംകളുടെ ഐക്യമില്ലായ്മയും ശക്തിക്ഷയവും ചൂഷണം ചെയ്യപ്പെട്ടുകൊണ്ടിരിക്കുന്നത് മറ്റു മുസ്‌ലിം രാജ്യങ്ങൾ നിശ്ശബ്ദരായി നോക്കി നിൽക്കുകയാണ്. പലസ്തീൻ നശിച്ചുകൊണ്ടിരിക്കുന്നു. അതിൽ ഇസ്രായേലിന്റെ ഭൂമി വികസിപ്പിച്ചുകൊണ്ടിരിക്കുന്നു. ഭീകരത ആരോപിക്കപ്പെട്ട ലിബിയയിലും സിറിയയിലും യുദ്ധത്തിന്റെ ശ്രുതിമുഴങ്ങിക്കൊണ്ടിരിക്കുന്നു. പലപ്പോഴും ഇത് മതത്തിന്റെ പേരിലാണ്. അഫ്ഗാനിസ്ഥാനിലെ പരാജിതരായ താലിബാൻ ഭരണം, തങ്ങൾ വിഭാവനം ചെയ്യുന്ന ഇസ്‌ലാമിനെ കഠിനമായ നടപടികളിലൂടെ ജനങ്ങളുടെ

മേൽ അടിച്ചേൽപ്പിക്കാൻ ശ്രമിക്കുന്നു.

ഏതൊരു മതത്തിന് വേണ്ടിയാണോ ഇവർ പോരാടുന്നത്, അത് വിസ്മരിക്കപ്പെട്ടിരിക്കുന്നു. യഥാർഥ ഇസ്‌ലാമിക സിദ്ധാന്തങ്ങൾ വിനഷ്ടമായിരിക്കുന്നു. ഇസ്‌ലാമിക ശാസ്ത്രം ഇന്ന് ചരിത്രപുസ്തകങ്ങളിൽ ഒതുങ്ങിയിരിക്കുന്നു. ആരാധനയും ആത്മീയ ഔന്നത്യവും സംബന്ധിച്ച ധാരണ ദുഷിച്ചു പോകയും പകരം നിഘണ്ടുവിൽ 'ജിഹാദ്' , 'ഫത്‌വ' എന്നീ പദങ്ങൾക്ക് മൗലിക' വാദികളാൽ പുതിയ അർഥം നൽകപ്പെട്ട് തെറ്റിദ്ധാരണയുളവാക്കിയിരിക്കുന്നു. ഓറിയന്റലിസ്റ്റ് എഴുത്തുകാരും മാദ്ധ്യമങ്ങളും ഈ പദങ്ങൾ ഇസ്‌ലാമികാദ്ധ്യാപനങ്ങൾക്കെതിരിൽ പൊതുജനാഭിപ്രായം സൃഷ്ടിക്കാൻ ഉപയോഗപ്പെടുത്തുകയാണ്. മുൻ സോവിയറ്റ് സാമ്രാജ്യത്തിൽ ഇസ്‌ലാം, ക്രിസ്തുമതം എന്നിവയുടെ മതപരമായ ആചാരങ്ങൾ അടിച്ചമർത്തപ്പെട്ടിരുന്നു. ഇതിനെ അദ്ധ്യാത്മവാദപരമായ ഒരു ഭീഷണിയായി ആ രാജ്യം കരുതുകയും ഏക കക്ഷി ഭരണം അടിച്ചേൽപ്പിക്കാൻ ശ്രമിക്കുകയും ചെയ്തു. എന്നാൽ അനേക വർഷത്തെ കഠിന യത്നത്തിന് ശേഷവും അവർക്ക് മതത്തെ മനുഷ്യ ഹൃദയങ്ങളിൽ നിന്ന് നിഷ്ക്കാസനം ചെയ്യാൻ കഴിഞ്ഞിട്ടില്ല. അങ്ങനെ ആ സാമ്രാജ്യം അവസാനം പിരിച്ചുവിടപ്പെട്ടു. ദൗർഭാഗ്യവശാൽ ഇതുപോലുള്ള സംഭവങ്ങളാൽ ചിലപ്പോൾ മതങ്ങൾ വ്യക്തമായ ഒരുരാഷ്ട്രീയായുധമായി മാറുന്നു. സമൂഹം ഒരു രാഷ്ട്രീയമായി ഒരു അറ്റത്ത് നിന്ന് മറ്റൊരറ്റത്തേക്ക് പോകുമ്പോൾ മതപരമായ ചിന്തയും അങ്ങനെ നീങ്ങുന്നു. തീവ്രവാദപരമായ പ്രവണത കഴിഞ്ഞ 30 വർഷങ്ങളോളമായി കിഴക്കൻ യൂറോപ്പിൽ വളർന്നു വരാനുള്ള കാരണങ്ങളിലൊന്നിതാണ്.

നബി തിരുമേനി (സ) പ്രവചിച്ച പ്രകാരം ഇസ്‌ലാമിൽ ഇപ്പോൾ 73 വിഭാഗങ്ങളുണ്ട്. നബി (സ) പറഞ്ഞതായി അബ്ദുല്ലാബിൻ ഉമർ (റ) നിവേദനം ചെയ്യുന്നു: ഇസ്രായീൽ ജനതയിൽ സംഭവിച്ചതുപോലെ എന്റെ ഉമ്മത്തിലും സംഭവിക്കും. അവർ തമ്മിൽ ഒരു ജോഡി ചെരുപ്പുപോലെ സാമ്യതയുണ്ടായിരിക്കും. എത്രത്തോളമെന്നാൽ ഇസ്രായീൽ ജനതയിൽ ആരെങ്കിലും തന്റെ മാതാവിനെ പരിഗ്രഹിച്ചിട്ടുണ്ടെങ്കിൽ എന്റെ ഉമ്മത്തിലും അങ്ങനെ സംഭവിക്കും. ഇസ്രായേലികൾ 72 വിഭാഗങ്ങളായതുപോലെ എ ന്റെ സമുദായം 73 കക്ഷികളായിരിക്കും. അവരിൽ ഒന്നൊഴികെ മറ്റെല്ലാവരും നരകാവകാശികളായിരിക്കും.

അനുചരന്മാർ ചോദിച്ചു: "അല്ലയോ അല്ലാഹുവിന്റെ ദൂതരേ, ആരാണവർ?" തിരുമേനി (സ) അരുളി. '' അവർ ഞാനും അനുചരന്മാരും ഉള്ള അവസ്ഥയിലായിരിക്കും" (തിർമിദി, കിത്താബുൽ ഈമാൻ).

ഈ 73 കക്ഷികളിൽ അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് മാത്രമാണ് ചില മുസ്‌ലിം രാഷ്ട്രങ്ങളിൽ അമുസ്‌ലിംകളായി പ്രഖ്യാപിക്കപ്പെട്ടിട്ടുള്ളത്, പ്രത്യേകിച്ചും മറ്റു 72 കക്ഷികളാലും. ഇസ്‌ലാം മതം അനുഷ്ഠിക്കാനുള്ള അവകാശം പോലും അഹ്മദികൾക്ക് നിഷേധിക്കപ്പെട്ടിരിക്കയാണ്. ആരാധനയും ഇസ്‌ലാമിക രീതിയിലുള്ള അഭിവാദനം ചെയ്യുന്നത് പോലും പാകിസ്താനിൽ ക്രിമിനൽ കുറ്റമാണ്. അഹ്മദികൾക്ക് മക്കയിൽ ഉംറക്കും ഹജ്ജിനും പോകാനുള്ള അവകാശം പോലും നിഷേധിക്കപ്പെട്ടിരിക്കുകയാണ്. സഊദി അറേബ്യയിൽ അഹ്മദികളെ ജയിലിലടക്കാൻ കാരണമാവുന്ന കുറ്റമാണ് അവ. നൂറ്റാണ്ടുകൾക്ക് മുമ്പ് നബി തിരുമേനി (സ) പ്രബോധിച്ച സുന്ദരമായ മതം നശിച്ചു പോയതായിക്കാണാം.

രാഷ്ട്രീയം, തത്ത്വജ്ഞാനത്തേയും മതത്തേയും മറികടന്നപ്പോൾ ഇസ്‌ലാമിക സാമ്രാജ്യങ്ങൾക്കുണ്ടായ ദുർവിധിയും ഇതു തന്നെയാണ്. സ്പെയിനിലെ (അൽ-അന്തലൂസ്)ഖിലാഫത്തിന്റെ ചരമം നാം ദർശിച്ചു. തുടർച്ചയായി ഖിലാഫത്തിന്റെ പതനവും, ഒടുവിൽ ഉസ്മാനിയ്യാ ഖിലാഫത്തിന്റെ പതനവും നാം കണ്ടു. ഇസ്‌ലാമിക ലോകം പ്രത്യേക രാജ്യങ്ങളായി ഭാഗിക്കപ്പെട്ടിരിക്കുകയാണ്. സമാധാനവും രഞ്ജിപ്പും സ്ഥാപിക്കുന്നതിന് പകരം അവർ തങ്ങളുടെ ഊർജം ചെലവഴിക്കുന്നത് പരസ്പരം യുദ്ധം ചെയ്യുന്നതിലാണ്. അതേ സമയം മുസ്‌ലിംകളെ ഒരിക്കൽ കൂടി പ്രതാപത്തിലേക്ക് നയിക്കാൻ വേണ്ടി മഹ്ദി ഇമാം ആഗതനാവുമെന്ന പ്രതീക്ഷയിൽ കഴിയുകയാണവർ. ആ മഹ്ദിയെ എങ്ങനെ തിരിച്ചറിയും എന്ന കാര്യത്തിലും അഭിപ്രായ ഭിന്നതയുണ്ട്. അതിനാൽ ആഗതനായ മഹ്ദിയെ സ്വീകരിക്കുന്നതിൽ അവർ പരാജയമടയുകയാണ്.

## മുസ്‌ലിം ജനസംഖ്യ സ്ഥിതിവിവര കണക്ക്

| രാജ്യം | മുസ്‌ലിം ജനസംഖ്യ | ശതമാനം |
|---|---|---|
| ഇന്തോനേഷ്യ | 1,69,990,000 | 88% |
| പാകിസ്താൻ | 1,25,320,000 | 97% |
| ഇന്ത്യ | 101,050,000 | 11% |
| ബംഗ്ലാദേശ് | 99,280,000 | 85% |
| ഇറാൻ | 62,430,000 | 98% |
| തുർക്കി | 61,230,000 | 99% |
| ഈജിപ്ത് | 53,140,000 | 91% |
| നൈജീരിയ | 48,760,000 | 51% |
| മൊറോക്കൊ | 27,480,000 | 99% |
| അൽജീരിയ | 27,230,000 | 99% |
| ഉസ്ബെക്കിസ്ഥാൻ | 25,430,000 | 69% |
| സുഡാൻ | 20,300,000 | 72% |
| ഇറാഖ് | 19,820,000 | 96% |
| എത്യോപ്യ | 19,080,000 | 35% |
| സൗദി അറേബ്യ | 17,990,000 | 99% |
| ചൈന | 57,940,00 | 1.5% |
| അഫ്ഗാനിസ്ഥാൻ | 17,520,000 | 99% |
| സിറിയ | 12,880,000 | 27% |
| മലേഷ്യ | 11,220,000 | 60% |
| യെമൻ | 10,990,00 | 90% |
| കസാക്കിസ്ഥാൻ | 10,420,000 | 60% |
| താൻസാനിയ | 8,820,000 | 30% |
| സോമാലിയ | 8,710,000 | 99% |
| സെനഗൽ | 7,640,000 | 91% |

## ഇസ്ലാമിന്റെ ഭാവി

ഇനി ഇസ്ലാമിന്റെ ഭാവി എന്താണ്? നിർഭാഗ്യവശാൽ മാദ്ധ്യമങ്ങളുടെ പ്രചാരണം കാരണമായി ഭീകരവാദത്തേയും മതമൗലികവാദത്തേയും ഇസ്ലാമുമായി കോർത്തിണക്കാൻ വളരെയധികം സംസാരങ്ങൾ നടക്കുന്നു.

ലോകാടിസ്ഥാനത്തിലും സാമ്പത്തിക കാര്യങ്ങളുടെ പരസ്പരധാരണയുടെ വർദ്ധിച്ചുവരുന്ന ആവശ്യങ്ങളുടെ അടിസ്ഥാനത്തിലും ലോകത്തെങ്ങുമുള്ള പ്രബുദ്ധരായ ജനങ്ങൾ മുസ്ലിംകളുമായി കൂടുതൽ ബന്ധം സ്ഥാപിക്കുന്നുവെന്നത് ഒരു യാഥാർഥ്യമാണ്. ലോകമാദ്ധ്യമങ്ങൾ ഇസ്ലാമിനെതിരിൽ തീവ്രപരിശ്രമം നടത്തിയിട്ടും ആത്മ രക്ഷാർഥമോ അല്ലെങ്കിൽ മതാനുഷ്ഠാനങ്ങൾ നിർവഹിക്കുന്നതിൽ നിന്ന് സജീവമായി തടയപ്പെട്ടാലോ അല്ലാതെ യുദ്ധം ചെയ്യാൻ വിശുദ്ധ ഖുർആനോ ഹദീസുകളോ മുസ്ലിംകളെ അനുവദിക്കുന്നില്ല എന്ന കാര്യത്തിൽ ജനങ്ങൾ ബോധവാന്മാരായിരിക്കുകയാണ്. ആധുനിക ലോകത്ത് ആദ്യം പറഞ്ഞ സാഹചര്യമല്ല ഉള്ളത്. യൂറോപ്പിലും അമേരിക്കയിലും ആഫ്രിക്കയിലും ഏഷ്യയിലും മുസ്ലിംകൾക്ക് ആരാധനാ സ്വാതന്ത്ര്യം ഉണ്ട്. വാഷിംഗ്ടൺ, ലണ്ടൻ, റോം, സിഡ്നി, ചൈന തുടങ്ങിയ ലോകത്തിലെ മഹാനഗരങ്ങളിലെല്ലാം പള്ളികൾ നിർമിക്കാൻ അവർക്ക് സാധിച്ചിട്ടുണ്ട്. ഈ എല്ലാ രാജ്യങ്ങളിൽ നിന്നും മക്കയിലേക്ക് തീർഥാടനം നടത്താനും തങ്ങളുടെ മതപരമായ കാര്യങ്ങൾ നിർവഹിക്കാനും അവർക്ക് തടസ്സമില്ല. പിന്നെ എങ്ങനെയാണ് ഒരു വിശുദ്ധ യുദ്ധത്തിന്റെ രംഗം ഉരുത്തിരിയുന്നത് ? പ്രത്യക്ഷത്തിൽ കാണാൻ പറ്റിയ ഒരു ചുരുങ്ങിയ എണ്ണം തീവ്രവാദികൾക്ക് ലോകമാദ്ധ്യമങ്ങളിൽ അവരുടെ വീക്ഷണം അവതരിപ്പിക്കാൻ കൂടുതൽ സമയം കിട്ടുന്നു. എന്നാൽ കോടിക്കണക്കിന് വരുന്ന ഭൂരിപക്ഷ മുസ്ലിംകൾ സമാധാനപ്രേമികളാണ് താനും. ഒരു ഒറ്റപ്പെട്ട ചാവേറുകാരന് വിശാലമായ മുസ്ലിം സമുദായത്തേക്കാൾ വേഗത്തിൽ മറ്റുള്ളവരുടെ അഭിപ്രായം മാറ്റാൻ സാധിക്കുന്നു. വ്യക്തമായ മാർഗഭ്രംശിയായ ഒരു മതഭ്രാന്തന്റെ വീക്ഷണം എടുത്ത് ഭൂരിപക്ഷ മുസ്ലിംകളുടെ അഭിപ്രായമാക്കി മാറ്റുന്നത് തെറ്റാണ്. ഭൂരിപക്ഷ മുസ്ലിംകളുടെ വീക്ഷണം ആ മതഭ്രാന്തൻ പ്രതിനിധികരിക്കുന്നില്ല. മാത്രവുമല്ല, അയാളുടെ ദുഷ്ചെയ്തിക്ക് ഇസ്ലാമികാദ്ധ്യാപനങ്ങളുമായി യാതൊരു ബന്ധവുമില്ല.

വൈരുദ്ധ്യമെന്ന് പറയട്ടെ, പീഡിതരും അവകാശങ്ങൾ നിഷേധിക്കപ്പെട്ടവരുമായ ഒരു വിഭാഗമുണ്ട്. അവർക്ക് തങ്ങളുടെ അവകാശങ്ങൾക്ക് വേണ്ടി യുദ്ധം ചെയ്യാനുള്ള നീതീകരണവുമുണ്ട്. എന്നിട്ടും അവർ തങ്ങളുടെ വിശുദ്ധ പ്രസ്ഥാന സ്ഥാപകരായ വാഗ്ദത്ത മസീഹിന്റെ നിർദേശം മാനിച്ചുകൊണ്ട് പ്രാർഥനയിലും ദൈവിക ശക്തിയിലും ആശ്രയം കൊണ്ടിരിക്കുകയാണ്. അവർ യുദ്ധത്തിന് മുതിരുന്നില്ല.

അതേസമയം മതപരമായ ആശയവിനിമയങ്ങളും നടത്തുന്നുണ്ട്. കഴിഞ്ഞ നൂറുവർഷങ്ങൾക്കിടയിൽ മഹാന്മാരായ മത താരതമ്യശാസ്ത്ര നിപുണന്മാരായ മിർസിയ എലിയഡ്, ജോസഫ് കാമ്പൽ എന്നിവർ സുസ്ഥാപിതമായ ലോകമതങ്ങളെക്കുറിച്ചുള്ള അറിവ് മാത്രമല്ല വർദ്ധിപ്പിച്ചിട്ടുള്ളത്. പ്രാകൃതരായ അബോറിജിനുകളുടെയും ആചാരപരമായ ദേശീയ മതങ്ങളുടേയും അമേരിക്കൻ നിവാസികളുടേയും യോറുബരുടേയും മറ്റുള്ളവരുടേയും മതങ്ങളെക്കുറിച്ചുള്ള അറിവും വർദ്ധിപ്പിച്ചിട്ടുമുണ്ട്. ഈ സന്ദർഭത്തിൽ ഇസ്ലാം കൂടുതൽ അനുകൂലമായ വെളിച്ചത്തിലാണ് ലോകത്ത് കാണപ്പെടുന്നത്. അഹ്മദിയ്യാ മുസ്ലിം ജമാഅത്ത് സജീവമായ രീതിയിൽ വിദ്യാഭ്യാസ, വിജ്ഞാന സംവാദ രംഗങ്ങളിലും ലോകമതപഠന രംഗത്തും പ്രസിദ്ധീകരണത്തിലൂടെ നേതൃത്വം നൽകിയിരിക്കുന്നു. ഇക്കാര്യത്തിൽ പ്രതിരോധത്തിന് വേണ്ടിയും മതപരമായ സത്യങ്ങൾ അനാവരണം ചെയ്യുന്നതിലും അജ്ഞത അകറ്റുന്നതിലും പേന കൊണ്ടുള്ള ജിഹാദിലാണ് അവർ ഏർപ്പെട്ടിരിക്കുന്നത്.

നാമെല്ലാം ഉറ്റുനോക്കുന്ന ശോഭനമായ ഭാവി ഇതാണ്. മറ്റുള്ളവരുടെ വിശ്വാസങ്ങളെക്കുറിച്ച് പഠിച്ചുകൊണ്ട് ഭിന്നിക്കുന്നതിന് പകരം യോജിക്കുന്നതിനാണ് നമ്മെ ഇത് പ്രേരിപ്പിക്കുന്നത് എന്നാണ് ഞങ്ങൾ മനസ്സിലാക്കുന്നത്. ദൈവത്തിൽ നിന്ന് ഉടലെടുത്ത മതങ്ങൾ ഒരേ ഇതിവൃത്തം തന്നെ വ്യത്യസ്തമായ രീതിയിൽ ചിത്രീകരിക്കുന്നുവെന്നു മാത്രം, വ്യത്യസ്തമായ വിശദീകരണങ്ങളോടെ .നല്ലപോലെ പഠനം നടത്തുകയാണെങ്കിൽ മതങ്ങൾ എങ്ങനെയാണ് സാർവലൗകിക മതമായ ഇസ്ലാമിലേക്ക് പരിണാമം ചെയ്യപ്പെട്ടത് എന്ന് മനസ്സിലാവും. ഇത് എല്ലാ സമുദായങ്ങളേയും അന്തിമമായി സത്യമായ ഏകദൈവത്തിന്റെ കൊടിക്കീഴിൽ കൊണ്ടുവരും. അതാവട്ടെ, അത്യാഗ്രഹത്തിലും രാഷ്ട്രീയത്തിലുമുപരി നന്മയുടേയും ധാർമികതയുടേയും അടിസ്ഥാനത്തിലുള്ള ഒരു സമൂഹത്തെ വളർത്തിക്കൊണ്ടുവരികയും നിലനിർത്തുകയും ചെയ്യും.

**വിവ: കെ. വി. ഹസ്സൻകോയ**

## ചരിത്ര പഠനം വിശുദ്ധ ഖുർആനിൽ

ഇവർ ഭൂമിയിൽ സഞ്ചരിച്ചിട്ടില്ലേ?. എങ്കിൽ ഇവർക്കു മുമ്പുണ്ടായിരുന്നവരുടെ അന്ത്യം എങ്ങനെയായിരുന്നുവെന്ന് ഇവർക്ക് നോക്കിക്കാണാമായിരുന്നു. അവർ ശക്തിയിലും ഭൂമിയിൽ അവർ വിട്ടുപോയ അടയാളങ്ങളിലും ഇവരേക്കാൾ പ്രബലരായിരുന്നു. പക്ഷേ, അവരുടെ പാപങ്ങൾ നിമിത്തം അല്ലാഹു അവരെ പിടികൂടി. എന്നാൽ അല്ലാഹുവിനെതിരിൽ അവർക്കൊരു രക്ഷകനുമുണ്ടായിരുന്നില്ല.

(വി.ഖു. 40:22)

# ജിന്ന്: വിശുദ്ധ ഖുര്‍ആന്‍ എന്തു പറയുന്നു?

മൗലാനാ ബി. അബ്ദുല്ലാഹ് സാഹിബ് .എച്ച്. എ

ഖുര്‍ആന്റെ യുക്തി ശാസ്ത്രങ്ങളുപയോഗിച്ച് അന്ധവിശ്വാസങ്ങളെയും മൂഢസങ്കല്‍പ്പങ്ങളെയും കീറിമുറിക്കുന്ന മൗലാനാ അബ്ദുല്ലാ സാഹിബ് അറുപത് വര്‍ഷം മുമ്പ് ഖുര്‍ആനിലെ ജിന്നിനെ പറ്റിയെഴുതിയ ലേഖനം. കഴിഞ്ഞ ലക്കം തുടര്‍ച്ച.

**ജിന്ന് ബുദ്ധിജീവികള്‍**

കണ്ണുണ്ടായിട്ടും കാണാത്തവരും ചെവിയുണ്ടായിട്ടും കേള്‍ക്കാത്തവരും ബുദ്ധിയുണ്ടായിട്ടും ചിന്തിക്കാത്തവരുമാണ് ജിന്നുകളില്‍ വലിയ വിഭാഗമെന്ന് ഖുര്‍ആന്‍ മനസ്സിലാക്കിത്തരുന്നുണ്ട്. ആ പവിത്ര ഗ്രന്ഥം പറയുന്നു: ***നിശ്ചയമായും നാം ജിന്നിലും ഇന്‍സിലും നിന്നുള്ള വളരെപ്പേരെ നരകത്തിനായിട്ട് സൃഷ്ടിച്ചിരിക്കുന്നു. അവര്‍ക്ക് ഹൃദയമുണ്ട്. അവകൊണ്ട് അവര്‍ ഗ്രഹിക്കുന്നില്ല. അവര്‍ക്ക് ചെവികളുണ്ട്, അവ കൊണ്ട് അവര്‍ കേള്‍ക്കുന്നില്ല. അവര്‍ കന്നുകാലികളെ പോലെയാകുന്നു. എന്നല്ല അവരേക്കാള്‍ വഴിപിഴച്ചവരാണ്. ഇവരത്രെ മതിമറന്നവര്‍.(7:179)***

ഇവിടെ ജിന്നിനും ഇന്‍സിനും ഉള്ളതായി പൊതുവേ പറഞ്ഞ ഗുണങ്ങള്‍ മനുഷ്യര്‍ക്ക് മാത്രമുള്ളവയാണ്. ആകയാല്‍ ജിന്ന് എന്ന് പറഞ്ഞത് വലിയവരെന്ന് ഊറ്റം നടിക്കുന്ന മനുഷ്യരെക്കുറിച്ചു തന്നെയാണെന്ന് കരുതാനേ തരമുള്ളു. ഈ വാക്യത്തില്‍ ജിന്നിനേയും ഇന്‍സിനേയും മൃഗങ്ങളോടുപമിച്ചിരിക്കുന്നു. വിശേഷബുദ്ധിയും ചിന്താ ശേഷിയുമുള്ള മനുഷ്യര്‍ ഈ ഗുണങ്ങളെ നിരുപയോഗമാക്കി ജഡിക സുഖങ്ങള്‍ മാത്രം ഇച്ഛിച്ച് മൃഗസമാനമായി ജീവിക്കുമ്പോള്‍ അവരെ മൃഗത്തോടുപമിക്കുന്നത് ന്യായം തന്നെ. ജിന്നുകള്‍ മനുഷ്യരല്ലാത്ത സൂക്ഷ്മ ദേഹികളും ജഡികാവശ്യങ്ങളു മായി ബന്ധമില്ലാത്തവരുമാണെങ്കില്‍ ആ അദ്ഭുത സൃഷ്ടിയെ മൃഗത്തോടുപമിക്കുന്നത് യുക്തിസഹമല്ല.

അല്ലാഹു ആദമിന്റെ സന്താനങ്ങളെ പുറപ്പെടുവിക്കുകയും അവരോട് താന്‍ അവരുടെ ദൈവമല്ലയോ എന്നു ചേദിക്കുകയും ചെയ്ത സംഗതി വിവരിച്ച ശേഷമാണ് ഉപരിഉദ്ധരിച്ച വാക്യം ഖുര്‍ആനില്‍ വന്നിട്ടുള്ളത്. ഇങ്ങനെ ദൈവത്തില്‍ വിശ്വസിക്കുവാനുള്ള ഒരു അന്തര്‍ബോധം മനുഷ്യന് നല്‍കപ്പെട്ടുവെങ്കിലും അവരില്‍ ചിലര്‍ ഈ അന്തര്‍ബോധത്തിന് വിപരീതമായി പ്രവര്‍ത്തിക്കുന്നുവെന്ന സംഗതി പ്രസ്താവിച്ചു കൊണ്ടാണ് ജിന്നിലും ഇന്‍സിലും നിന്ന് അനേകര്‍ നരകത്തിലേക്കുള്ളവരാണെന്ന് പറഞ്ഞിരിക്കുന്നത്. അപ്പോള്‍ ഈ ജിന്നും ഇന്‍സും ആദമിന്റെ സന്തതികളില്‍പ്പെട്ടവരും എന്നാല്‍ ദൈവഹിതത്തിന് വിപരീതം പ്രവര്‍ത്തിച്ചവരും ആയിരിക്കാന്‍ മാത്രമേ പാടുള്ളു.

**ജിന്ന് വിശ്വാസിയും നിഷേധിയും**

നബിതിരുമേനി (സ) യുടെ ദൗത്യം സാര്‍വ ജനീനമായിട്ടുള്ളതാണെന്നും, ഖുര്‍ആനില്‍ ജിന്ന് എന്നും ഇന്‍സ് എന്നും പറയപ്പെട്ടവര്‍ ആ ദൗത്യം നിര്‍വഹിക്കുന്നതിന് ബാദ്ധ്യതപ്പെട്ടവരാണെന്നും എല്ലാ മുസ്‌ലിംകളും സമ്മതിക്കുന്നു. തിരുനബി (സ) ഇന്‍സിനെ പോലെ ജിന്നിനും വേണ്ടിയുള്ള പ്രവാചകനത്രെ. തിരുനബി (സ) സകല മനുഷ്യര്‍ക്കും വേണ്ടിയുള്ള പ്രവാചകനാണെന്ന് ഖുര്‍ആനില്‍ ഒന്നിലധികം സ്ഥലങ്ങളില്‍ പറയപ്പെട്ടിട്ടുണ്ടെങ്കിലും ജിന്നുകളുടെ അടുക്കല്‍ നിയോഗിക്കപ്പെട്ടിട്ടുള്ള പ്രവാചകനാണെന്ന് തരം തിരിച്ച് പറഞ്ഞിട്ടില്ല. ജിന്ന് മനുഷ്യരില്‍ ഉള്‍പ്പെട്ടവരാകയാലാണ് ഇപ്രകാരം പറയാതിരുന്നതെന്ന് കരുതാനെ നിര്‍വാഹമുള്ളൂ. മനുഷ്യന്‍ മനുഷ്യര്‍ക്കല്ലാതെ മറ്റൊരു സൃഷ്ടിക്കും പ്രവാചകനായിരിക്കാന്‍ സാദ്ധ്യമല്ല. അല്ലാഹുമനുഷ്യനെയാണോ പ്രവാചകനാക്കിയിരിക്കുന്നത്? എന്ന് ശത്രുക്കളുടെ ചോദ്യത്തിന് ഖുര്‍ആന്‍ പറയുന്ന സമാധാനം ഇതാണ്.

***പറയുക: ഭൂമിയില്‍ മലക്കുകളാണ് സ്വതന്ത്രമായി സഞ്ചരിക്കുന്നതെങ്കില്‍ നാം തീര്‍ച്ചയായും അവര്‍ക്ക് ഒരു മലക്കായ റസൂലിനെ ആകാശത്ത് നിന്ന് ഇറക്കിക്കൊടുക്കുമായിരുന്നു. (17:5)***

ഈ വാക്യത്തില്‍ നിന്ന് മനുഷ്യന്‍ സൂക്ഷ്മ സൃഷ്ടികള്‍ക്ക് പ്രവചകനായിരിക്കുകയോ ഒരു സൂക്ഷ്മ സൃഷ്ടി മനുഷ്യര്‍ക്ക് റസൂലായി വരുകയോ ചെയ്യാവതല്ലെന്ന് മനസ്സിലാവുന്നു. ഭൂവാസികള്‍ മനുഷ്യരായിരിക്കയാല്‍ അവര്‍ക്ക് മനുഷ്യരായ റസൂലിനെ അയച്ചിരിക്കയാണെന്നും മലക്കുകളായിരുന്നുവെങ്കില്‍ അവര്‍ക്ക് മലക്കിനെ തന്നെ അയക്കുമായിരുന്നുവെന്നുമാണ് അല്ലാഹു പറയുന്നത്. പ്രവാചകന്റെ പ്രധാന കര്‍ത്തവ്യം തന്റെ പരിപൂര്‍ണവും ശ്രേഷ്ഠവുമായ മാതൃകകളെ കാണിച്ച് മനുഷ്യരെ ദൈവപഥത്തിലേക്ക് ക്ഷണിക്കുക എന്നതാണ്. ആകയാല്‍ തിരുനബി(സ)യുടെ ദൗത്യത്തിന് വിധേയരായ ജിന്നുകള്‍ മനുഷ്യരല്ലാതെ മറ്റൊരു സൃഷ്ടിയാവാന്‍ സാദ്ധ്യമല്ല.

**ജിന്ന് ദൈവാരാധകര്‍**

മനുഷ്യന്റെ സൃഷ്ടിയുടെ ഉദ്ദേശ്യത്തെപ്പറ്റി അല്ലാഹു ഖുര്‍ആനില്‍ ഇങ്ങനെ പറയുന്നു:

***ഞാന്‍ ജിന്നിനെയും ഇന്‍സിനെയും എന്നെ ആരാധിക്കുവാനായിട്ടല്ലാതെ സൃഷ്ടിച്ചിട്ടില്ല.(51:56)***

ഈ വാക്യത്തില്‍ നിന്ന് ഇന്‍സിനെ പോലെ ജിന്നും ദൈവാരാധന ചെയ്യേണ്ടവരാണെന്ന് മനസ്സിലാവുന്നു. എന്നാല്‍ അവര്‍ ആരാധന നടത്തേണ്ടത് വിശുദ്ധ ഖുര്‍ആന്റെ ഉപദേശമനുസരിച്ചും നബി തിരുമേനി (സ)യുടെ മാതൃക സ്വീകരിച്ചും കൊണ്ടായിരിക്കണമെന്നതില്‍ പക്ഷാന്തരമുണ്ടാവില്ല. ഖുര്‍ആനിലെ എല്ലാ ഉപദേശങ്ങളും നബി തിരുമേനി (സ) പഠിപ്പിക്കുകയും ജീവിച്ചു കാണിക്കുകയും ചെയ്ത എല്ലാ സംഗതികളും മനുഷ്യര്‍ക്കെന്ന പോലെ ജിന്നുകള്‍ക്കും ബാധകമായിരിക്കും. എന്നാല്‍ ഇസ്‌ലാം നിര്‍ദേശിക്കുന്ന

കൽപ്പനകൾ മനുഷ്യരെ സംബന്ധിക്കുന്നത് പോലെ തന്നെ നബി (സ) ഉപദേശിച്ചവരും ഉപദേശമനുസരിച്ച് പ്രവർത്തിച്ചവരും മനുഷ്യർ തന്നെയാണ് നമസ്ക്കാരം, നോമ്പ്, സക്കാത്ത്, ഹജ്ജ്, ഇത്യാദി കർമങ്ങളിൽ മനുഷ്യൻ അനുഷ്ഠിക്കാൻ ബാദ്ധ്യതപ്പെട്ട ഓരോ സംഗതിയും സ്ഥൂല ശരീരികളായ മനുഷ്യർക്കല്ലാതെ സൂക്ഷ്മ ശരീരികൾക്ക് ചെയ്യാൻ സാധിക്കാത്തതാകുന്നു. വിവാഹം, കൃഷി, കച്ചവടം, ഭരണം തുടങ്ങിയ കാര്യങ്ങളെ കുറിച്ചുള്ള നിർദേശങ്ങളും അപ്രകാരം തന്നെ സ്ഥൂലശരീരികൾക്ക് മാത്രം ബാധകമാകത്തക്കവയാകുന്നു. ശരീരം തന്നെ ഇല്ലാത്തവർക്ക് വസ്ത്രം ധരിക്കുക, ഭക്ഷിക്കുക, കുളിക്കുക തുടങ്ങിയവയെ സംബന്ധിച്ച കൽപ്പനകൾ ബാധിക്കയോ കച്ചവടം, കൃഷി, കൈതൊഴിൽ മുതലായ പ്രവൃത്തികൾ ചെയ്യേണ്ടിവരികയേ ഉണ്ടാവില്ല. ഇത്തരം ഇസ്‌ലാമിക നിർദ്ദേശങ്ങളൊക്കെ മനുഷ്യർക്ക് മാത്രമേ ബാധക മായിരിക്കുകയുള്ളു. നബി (സ) അഞ്ചു നേരം നമസ്ക്കരിച്ചു ശിഷ്യഗണങ്ങൾക്ക് കാണിച്ചു കൊടുത്തു. എന്നാൽ ഒരു ദിവസമെങ്കിലും തിരുമേനി(സ) ജിന്നുകളെന്ന് പറയുന്ന ഇതര സൃഷ്ടികളെ കൊണ്ട് അഞ്ചു നേരത്തെ നമസ്ക്കാരം ചെയ്യിച്ചിട്ടുള്ളതായി തെളിയിക്കാൻ ആർക്കും സാദ്ധ്യമല്ല.

നബി തിരുമേനി(സ)യെ സ്വീകരിക്കുകയും തിരുമേനി(സ)യുടെ ഉപദേശമനുസരിച്ചു ജീവിക്കുകയും ചെയ്ത മനുഷ്യരുടെ പ്രവർത്തികളെക്കുറിച്ച് വിശുദ്ധ ഖുർആനും ചരിത്രവും പ്രസ്താവിക്കുന്നുണ്ട്. എന്നാൽ ജിന്നുകളായ അനുയായികൾ എന്തൊക്കെ പ്രവർത്തിച്ചുവെന്നും ആരും എവിടെയും പറഞ്ഞു കാണുന്നില്ല. നബി (സ) യുടെ സഹചരർ ഇസ്‌ലാമിന് വേണ്ടി പല ത്യാഗങ്ങൾ ചെയ്യുകയും പലവിധ കഷ്ടങ്ങൾ അനുഭവിക്കുകയും ചെയ്തിട്ടുണ്ട്. അവർ പലയുദ്ധങ്ങളിലും പങ്കെടുക്കുകയുണ്ടായി. എന്നാൽ വിചാരിക്കുന്നതെന്തും ചെയ്യുവാനും ഉദേശിക്കുന്നിടത്തെല്ലാം തൽക്ഷണം എത്താനും ഇച്ഛരിക്കുന്ന എല്ലാവരെയും സഹായിക്കുവാനും സാധിക്കുന്നവരെന്ന് പറയപ്പെടുന്ന ജിന്നുകളാവട്ടെ നബി (സ)യുടേയും സഹചരരേയും സഹായിക്കുന്നതിന് ആ യുദ്ധങ്ങളിൽ എത്തിനോക്കുക പോലും ചെയ്തിട്ടില്ല. ജിന്നിന്റെ പട്ടാളം വരുകയോ സഹാബാക്കളുടെ വിശുദ്ധ സംഘത്തെ സഹായിക്കുകയോ ചെയ്തതായി എവിടെയും കാണുന്നില്ല. അല്ലാഹു മലക്കുകളെയിറക്കി വിശ്വാസി സംഘത്തെ സഹായിച്ചതായി ഖുർആൻ പറയുന്നു. എന്നാൽ സഹായിക്കേണ്ടതിന് കടപ്പെട്ട ജിന്ന് ആ അവസരത്തിൽ ഇസ്‌ലാമിന് വേണ്ടി ഒന്നും പ്രവർത്തിച്ചതായി പറഞ്ഞു കാണുന്നില്ല. ഇതുകളിൽ നിന്നെല്ലാം മനസ്സിലാകുന്നത് ദൈവാരാധനക്കും ഇസ്‌ലാം മതസ്വീകരണത്തിനും ബാധ്യതപ്പെട്ടവരായ ജിന്ന് മനുഷ്യരല്ലാത്ത സൂക്ഷ്മ ദേഹികളായ ഒരന്യസൃഷ്ടിയായിരിക്കാവതല്ലെന്നാണ്.

---

◀ പേജ് 12ൽ നിന്ന് തുടർച്ച

ബന്ധം പുലർത്തുന്നവൻ ഞാൻ ആരിൽ നിന്ന് വന്നുവോ അവനുമായി ബന്ധം പുലർത്തുന്നു. എന്റെ കൈയിൽ ഒരു വിളക്കുണ്ട്. എന്റെയടുക്കൽ വരുന്നവന് നിശ്ചയമായും ആ വെളിച്ചത്തിൽ പങ്കുണ്ടാകും. എന്നാൽ, സംശയവും ദുർഭാവനയും മൂലം ആർ ദൂരെ ഓടിപ്പോകുന്നുവോ അവൻ അന്ധകാരത്തിലേക്ക് എറിയപ്പെടും. ഈ കാലഘട്ടത്തിലെ അന്യാധീനപ്പെടാത്ത അജയ്യ ദുർഗമാകുന്നു ഞാൻ. എന്നിൽ പ്രവേശിക്കുന്നവനാരോ അവൻ കള്ളന്മാരിൽ നിന്നും ഹിംസ്രജന്തുക്കളിൽ നിന്നും രക്ഷപ്പെടും. എന്നാൽ, എന്റെ കോട്ടമതിലുകളിൽ നിന്ന് അകന്നു നിൽക്കാൻ ആഗ്രഹിക്കുന്നവനാരോ അവന്റെ മുമ്പിൽ ഏതുഭാഗത്തും മരണം വന്നു നിൽക്കും. അവന്റെ ശവം പോലും രക്ഷയിലായിരിക്കയില്ല. എന്നിൽ പ്രവേശിക്കുന്നതാരാണ്? തിന്മയെ കൈവെടിയുകയും നന്മയെ കൈവരിക്കുകയും ചെയ്യുന്നതാരോ അവൻതന്നെ. വളഞ്ഞ വഴി ഉപേക്ഷിക്കുകയും നേർവഴിയിൽ ചരിക്കുകയും ചെയ്യുന്നവനും പിശാചിന്റെ അടിമത്തത്തിൽ നിന്ന് മോചനം നേടുകയും അല്ലാഹുവിന്റെ അനുസരണമുള്ള ദാസനായിത്തീരുകയും ചെയ്യുന്നവനാരോ അവൻതന്നെ. അപ്രകാരം ചെയ്യുന്നവൻ എന്നിൽ ആകുന്നു; ഞാൻ അവനിലും തന്നെ. എന്നാൽ, അല്ലാഹു പരിശുദ്ധാത്മാവിന്റെ തണലിൽ ഉൾപ്പെടുത്തിയിട്ടുള്ളവൻ മാത്രമേ അപ്രകാരം ചെയ്യാൻ പ്രാപ്തനായിത്തീരുകയുള്ളു. അപ്പോൾ, അല്ലാഹു അവന്റെ ആത്മാവിന്റെ നരകത്തിനകത്ത് തന്റെ പാദമൂന്നുന്നു. അങ്ങനെ, അതിനകത്തൊരിക്കലും അഗ്നിയുണ്ടായിട്ടില്ലെന്നു തോന്നുമാറ് അത് തണുത്തുപോകുന്നു. അതോടെ അവൻ ഉയർച്ചയ്ക്കുമേൽ ഉയർച്ച പ്രാപിക്കുമാറാകുകയും ചെയ്യുന്നു. എത്രത്തോളമെന്നാൽ അല്ലാഹുവിന്റെ ആത്മാവ് അവനിൽ കുടികൊള്ളുമാറാകുന്നു. സവിശേഷമായ ഒരു തേജസ്സോടുകൂടി സർവലോകരക്ഷിതാവിന്റെ പ്രവാസം അവന്റെ ഹൃദയത്തിൽ ഉറപ്പിക്കപ്പെടുന്നു. അതായത് അല്ലാഹു അവന്റെ ഹൃദയം തന്റെ അർശാക്കി മാറ്റുന്നു. അപ്പോൾ, അവനിലെ ആ പഴയ മനുഷ്യൻ കത്തിക്കരിഞ്ഞുപോവുകയും നവവും പരിശുദ്ധവുമായ ഒരു മനുഷ്യൻ അവന് പ്രദാനം ചെയ്യപ്പെടുകയും ചെയ്യുന്നു. ദൈവവും ഒരു പുതിയ ദൈവമായിട്ട്, നവീനവും സവിശേഷവുമായ രീതിയിൽ അവനുമായി ബന്ധം സ്ഥാപിച്ചുതുടങ്ങുന്നു. അങ്ങനെ സ്വർഗീയജീവിതത്തിന്റെ സകല വിശുദ്ധ സാധനോപാധികളും ഇതേ ലോകത്തുതന്നെ അവന് സ്വായത്തമായിത്തീരുകയും ചെയ്യുന്നു.(ഫത്ഹെ ഇസ്‌ലാം, റൂഹാനീ ഖസായിൻ, വാള്യം 3 പേജ് 34,35)

ചുരുക്കത്തിൽ ഈ അധ്യാപനങ്ങളും ആഗ്രഹങ്ങളുമാണ് ഹദ്റത്ത് മസീഹ് മൗഊദ് (അ) നമ്മിൽ നിന്നും പ്രാവർത്തികമാകണം എന്ന് പ്രതീക്ഷിക്കുന്നത്.

യഥാർഥ ബൈഅത്ത് ചെയ്തവന്റെ സ്ഥാനമാണിത്. അത്കൊണ്ട് ഇന്നേ ദിവസം നാം ആത്മപരിശോധന നടത്തേണ്ടിയിരിക്കുന്നു. നാം ഈ നിബന്ധനകളനുസരിച്ച് നമ്മുടെ ജീവിതം നയിക്കുന്നുണ്ടോ? അല്ലാഹുതആല നമ്മുടെ ബലഹീനതകളും ന്യൂനതകളും മാപ്പാക്കട്ടെ. ദൂരീകരിക്കട്ടെ. നമ്മിൽ ഒരു പരിശുദ്ധമാറ്റം വരുത്താനുള്ള തൗഫീഖ് നൽകുമാറാകട്ടെ. നമ്മിൽ വല്ല നന്മയുമുണ്ടെങ്കിൽ അതിന്റെ സ്ഥാനം മുമ്പത്തേക്കാൾ ഉയരട്ടെ. അതിന്റെ സ്ഥാനം ഉയർത്താൻ അല്ലാഹു നമുക്ക് തൗഫീഖ് നൽകുമാറാകട്ടെ. അങ്ങനെ ഹദ്റത്ത് മസീഹ് മൗഊദ് (അ) ന് ചെയ്ത ബൈഅത്തിന്റെ ലക്ഷ്യം പൂർത്തിയാക്കുന്നവരായി നാം മാറട്ടെ.

വിവ. എം. നാസിർ അഹ്മദ്,
കൊടിയത്തൂർ



ജൂത ജനതയും ആധുനിക കാലവും-2

# യേശുവിന്റെ കാലത്തെ **യഹൂദ സമൂഹം**

ഏ.എം മുഹമ്മദ് സലിം

യേശു(അ)വിന്റെ കാലത്തെ യഹൂദ സമൂഹം മഹാനായ യേശുവിനെ തിരസ്ക്കരിക്കുകയും പീഡിപ്പിക്കുകയും ചെയ്യുകയുണ്ടായി. പിന്നീട് അവർ ശിക്ഷക്ക് വിധേയരായി. യേശുവിനെ വിശ്വസിച്ച പലസ്തീനിലെ എസ്സീനികൾ ചരിത്രത്തിൽ വിസ് മൃതരായ യഹൂദ വിഭാഗമാണ്. അവർ റോമൻ ആക്രമണത്തിൽനിന്ന് രക്ഷപ്പെടുകയാ യിരുന്നു.

**യേ**ശുവിന്റെ കാലത്തെ യഹൂദ സമുദായത്തെക്കുറിച്ച് ബൈബിളിൽ കുറഞ്ഞ പരാമർശങ്ങളേ ഉള്ളുവെന്നു കാണാം. യഹൂദികളെ സംബന്ധിക്കുന്ന സുദീർഘ ചരിത്രം സൂക്ഷ്മമായി അവലോകനം ചെയ്താൽ നന്മ പ്രവർത്തിക്കുമ്പോൾ അനുഗ്രഹം വർഷിക്കുകയും തിന്മചെയ്യുമ്പോൾ നാശം ഭവിക്കുകയും ചെയ്യുന്ന ഒരു ചരിത്ര നിയതി അവരിൽ പ്രവർത്തിച്ചതായി ദർശിക്കാൻ സാധിക്കും. ഇസ്റായേൽ ജനതയുടെ ചരിത്രത്തിലുടനീളം ഈ ചരിത്ര നിയമം പതിഞ്ഞു കിടക്കുന്നതായി നമുക്ക് കാണാം. ഖുർആൻ വചനങ്ങളിൽ രണ്ട് തവണ അവർക്ക് വന്നു ഭവിക്കുന്ന നാശത്തെക്കുറിച്ച് പറയുന്നു. **ഒന്നാമത്തെ** മുഖ്യമായ ആക്രമണം ബാബിലോണിയൻ ചക്രവർത്തിയായ നബുക്കദ് നേസറിൽ നിന്നായിരുന്നു. അതായത് ഇസ്റായേൽ പ്രവാചകന്മാരും ഭരണാധികാരികളുമായിരുന്ന ദാവീദിനും (ബി.സി. 1010-970), സോളമനും (ബി. സി. 970-722) ശേഷമുണ്ടായ ജെറുസലേം ആക്രമണമായിരുന്നു അത്. ദിവ്യാത്മാക്കളായ അവരുടെ പ്രതാപ മുഗ്ദമായ കാലഘട്ടത്തിന് ശേഷം ഇസ്റായേൽ സമൂഹത്തിലും രാഷ്ട്രത്തിലും ഭിന്നിപ്പും ശൈഥില്യവും ജീർണതയും ആരംഭിച്ചു. ധാർമിക നിലവാരം ക്ഷയിച്ചു. അതിന് ശേഷമാണ് ഇസ്റായേൽ ജനതയെ പരാക്രമശാലികളായ രാജാക്കന്മാരും സാമ്രാട്ടുകളും ആക്രമിച്ചത്. ബി.സി 733 ൽ അസീറിയക്കാരും ബി.സി. 608 ൽ ഈജിപ്തിലെ നീക്കോ ഫറോവയും ബിസി. 597 ലും 587 ലും ബാബിലോണിയൻ സാമ്രാട്ടായ നബുക്കദ് നേസറും ജെറുസലേം ആക്രമിച്ചു. അവസാനം പ്രശസ്തമായ സോളമൻ ആരാധനാലയം തകർത്തു തരിപ്പണമാക്കി ഇസ്റായേലികളെ ബാബിലോണിയായിലേക്ക് അടിമകളായി കൊണ്ടുപോയി. ജെറുസലേമിൽ ഇസ്റായേലികളായി ആരും അവശേഷിച്ചില്ല.[3] പിന്നീട് ദുൽഖർനൈൻ എന്ന് ഖുർആൻ വിശേഷിപ്പിച്ച പേർഷ്യൻ രാജാവായ മഹാനായ സൈറസ് ബാബിലോണിയയെ പരാജയപ്പെടുത്തി പേർഷ്യൻ സാമ്രാജ്യം സ്ഥാപിച്ചു. ഇന്നത്തെ ഇറാൻ കേന്ദ്രീകരിച്ചു കൊണ്ടുള്ള പ്രവിശാലമായ ഭൂപ്രദേശത്തെ രാജാവായി. ലോകത്തിലെ ഏറ്റവും വലിയ സാമ്രാജ്യങ്ങളി ലൊന്നായിരുന്നു സൈറസിന്റെ പേർഷ്യ. സൊറോസ്റ്റർ മതം വിശ്വസിച്ചിരുന്ന സാത്വികനായ ഒരു ദൈവദാസനായിരുന്നു സൈറസ്. ഈസ്റയേൽകാരനല്ലാതിരുന്നിട്ടും വളരെ ആദരവോടെയാണ് സൈറസിനെ ബൈബിൾ പരാമർശിക്കുന്നത്. അടിമത്തത്തിൽ കഴിഞ്ഞിരുന്ന യഹൂദരെ മോചിപ്പിച്ച് ജറുസലേമിലേക്ക്

പോകുവാൻ അദ്ദേഹം ശാസന പുറപ്പെടുവിച്ചു.[4] അവരിൽ ഒരു വിഭാഗത്തിലെ ഏതാണ്ട് 50000 ത്തോളം ആളുകൾ പലസ്തീനിലേക്ക് മടങ്ങി. ഇങ്ങനെ തിരിച്ചെത്തിയ യഹൂദികളായിരുന്നു ഇസ്റയേലീ മസീഹായ യേശുവിന്റെ കാലത്ത് ജെറുസലേമിലുണ്ടായിരുന്നവർ. തിരിച്ചെത്തിയ യഹൂദ ഗോത്രത്തിലെ രണ്ടു ഗോത്രത്തിൽ പെട്ടവർ മാത്രമേ പലസ്തീനിൽ ഉണ്ടായിരുന്നുള്ളൂ. അവരിൽ ബഹുഭൂരിപക്ഷവും യേശുവിനെ നിഷേധിക്കുകയും അദ്ദേഹത്തെ കുരിശിൽ കയറ്റി കൊല്ലാൻ ധൃഷ്ടരാവുകയുമാണുണ്ടായത്. അതിനുള്ള ശിക്ഷയെന്നോണമാണ് പിന്നീട് റോമൻ പട്ടാള ജനറൽ ടൈറ്റസ് ക്രി.വ.70 ൽ ജെറുസലേം ആക്രമിച്ചത്. ഖുർആൻ പറഞ്ഞ **രണ്ടാമത്തെ** കുഴപ്പമായിരുന്നു ഇത്. പ്രസ്തുത ഖുർആൻ വചനം ഇപ്രകാരമാണ്.

***നിങ്ങൾ ഈ നാട്ടിൽ രണ്ടു തവണ കുഴപ്പമുണ്ടാക്കുകയും വലിയ അതിക്രമം പ്രവർത്തിക്കുകയും ചെയ്യുമെന്ന് ആ ഗ്രന്ഥത്തിൽ ഇസ്റായീൽ സന്തതികൾക്ക് നാം ഖണ്ഡിതമായി അറിയിപ്പ് നൽകുകയുണ്ടായി. അങ്ങനെ അവ രണ്ടിൽ ആദ്യത്തെ വാഗ്ദാനം ആഗതമായപ്പോൾ കഠിനമായ ആക്രമശക്തിയുള്ള നമ്മുടെ ചില ദാസന്മാരെ നിങ്ങൾക്കെതിരെ നാം അയച്ചു. അവർ നിങ്ങളുടെ ഗൃഹാന്തർ ഭാഗങ്ങളിൽ നുഴഞ്ഞു കയറി (നാശം വരുത്തി). ഇത് പൂർണമായും നടപ്പിൽ വരുത്തപ്പെടുന്ന ഒരു താക്കീതായിരുന്നു. പിന്നീട് അവരെ ജയിച്ചടക്കാനുള്ള ശക്തി നാം നിങ്ങൾക്ക് തിരിച്ചു തന്നു. സമ്പത്തും സന്തതികളും കൊണ്ട് നാം നിങ്ങളെ സഹായിക്കുകയും കൂടുതൽ ജനസംഖ്യയുള്ള സമുദായമാക്കി നാം നിങ്ങളെ വളർത്തുകയും ചെയ്തു. നിങ്ങൾ നന്മ പ്രവർത്തിക്കുന്ന പക്ഷം നിങ്ങളുടെ ആത്മാക്കൾക്ക് തന്നെയാണ് നിങ്ങൾ നന്മ പ്രവർത്തിക്കുന്നത്. ഇനി നിങ്ങൾ തിന്മ പ്രവർത്തിക്കുന്ന പക്ഷം അത് അവർക്ക് തന്നെ ദോഷകരമായിത്തീരും. പിന്നീടുള്ള താക്കീതായ വാഗ്ദാനം വന്നപ്പോൾ അവർ(ഇസ്റയേലികളുടെ ശത്രുക്കൾ) നിങ്ങളുടെ (ഇസ്റയേലി) നേതാക്കന്മാരോട് അനിഷ്ടകരമായി പെരുമാറാനും ആദ്യത്തെ പ്രാവശ്യം അവർ പള്ളിയിൽ (ജറുസലേം) പ്രവേശിച്ചപോലെ പ്രവേശിക്കാനും***




സൈറസ് (ദുൽഖർനൈൻ)

***അവർ ജയിച്ചടക്കിയതിനെയെല്ലാം തകർത്തു തരിപ്പണമാക്കാനും വേണ്ടിയാണത്. നിങ്ങളുടെ നാഥൻ നിങ്ങളോട് കരുണ ചെയ്തേക്കാം. നിങ്ങൾ (യഹൂദികൾ) നിങ്ങളുടെ മുമ്പത്തെ സ്ഥിതിയിലേക്ക് തന്നെ മടങ്ങുകയാണെങ്കിൽ നാമും നമ്മുടെ ശിക്ഷാ നടപടിയിലേക്ക് മടങ്ങുന്നതാണ്. (17:6-9) 5***

### യേശുവിന്റെകാലത്തെ ജൂതന്മാർ

യേശുവിന്റെ കാലത്തെ ജൂതന്മാരിലെ മൂന്ന് വിഭാഗങ്ങളായിരുന്നു. പരീശികൾ, സദൂക്യർ, എസ്സീനികൾ എന്നിവർ. പരീശികളെക്കുറിച്ചും സദൂക്യരെക്കുറിച്ചും ബൈബിളിൽ പരാമർശമുണ്ട്. എന്നാൽ എസ്സീനികളെക്കുറിച്ച് ബൈബിൾ മൗനം പാലിക്കുകയാണ്. ക്രിസ്തുവിന് ശേഷമുള്ള ഒന്നാം നൂറ്റാണ്ടിലെ ജൂത ചരിത്രകാരനായ ജോസഫസ്, ഫിലോ, പ്ലിനി എന്നിവരുടെ കൃതികളിൽ മാത്രമായിരുന്നു എസ്സീനികളെക്കുറിച്ചുള്ള പരാമർശമുണ്ടായിരുന്നത്. 1947ൽ ചാവുകടൽ തീരത്ത് ആടിനെ മേച്ച് നടക്കുകയായിരുന്ന രണ്ട് ഇടയബാലന്മാർ ചാവുകടലിന് അഭിമുഖമായി സ്ഥിതി ചെയ്യുന്ന ഖുംറാൻ താഴ്വരയിലെ ഒരു ഗുഹയിൽ വളരെ യാദൃച്ഛികമായി മൺഭരണികളിലടക്കപ്പെട്ട ചില തോൽ ചുരുളുകൾ കണ്ടെത്തുകയുണ്ടായി. ചാവുകടൽ ചുരുളുകൾ (Dead sea scrolls) എന്നാണ് ഇതറിയപ്പെടുന്നത്. ക്രിസ്തുവിന്റെ കാലത്ത് എഴുതപ്പെട്ട ഈ തോൽ ചുരുളുകളുടെ ചരിത്രപ്രാധാന്യം ഊഹാതീതമാണ്. ക്രിസ്തുവിന്റെ പേരിൽ നിലവിലുള്ള ചരിത്രം മുഴുവൻ മാറ്റിതിരുത്താനുതകുന്ന സ്ഫോടകശേഷിയുള്ള അതിപ്രധാനമായ ചരിത്രരേഖകളാണിവ. അറിയ പ്പെടുന്ന ചരിത്ര പുസ്തകങ്ങളിൽ പരാമർശിക്കപ്പെടാത്ത യേശുവിനെ വിശ്വസിച്ച അജ്ഞാതരായ ഈ യഹൂദികളുടെ ചരിത്രവും ഇവിടെ രേഖപ്പെടുത്തേണ്ടതുണ്ട്. നിർഭാഗ്യകരമെന്ന് പറയട്ടെ ഈ അമൂല്യ ചരിത്രരേഖകൾ ക്രിസ്ത്യാനികളുടേയും യഹൂദികളുടേയും അധീനതയിലാണുള്ളത്. അത് കൊണ്ട് തന്നെ അവരുടെ വിശ്വാസ താൽപര്യങ്ങൾക്കെതിരായത് കൊണ്ട് ചാവുകടൽ ചുരുളുകളിലെ ലിഖിതങ്ങൾ വളരെ ചെറിയ ഒരു ഭാഗമല്ലാതെ ഇന്നുവരെ വായിക്കപ്പെട്ടിട്ടില്ല. ഈ രേഖകളിൽ എസ്സീനികളെക്കുറിച്ച് വ്യക്തമായ പരാമർശമുണ്ടെന്ന് പറയപ്പെടുന്നു. ഈ രേഖകളുടെ കർത്താക്കളും എസ്സീനികൾതന്നെയാണ്.

പരിഛേദനയുൾപ്പെടെ കർശനമായി യഹൂദ നിബന്ധനകൾ പാലിക്കുകയും കർശനമായ സന്മാർഗ്ഗ നിഷ്ഠയോടെ പരിശുദ്ധ ജീവിതം നയിക്കുകയും ചെയ്യുന്ന എസ്സീനികൾ ഏകാന്തമായ,



സൈറസിന്റെ (ദുൽഖർനൈൻ) യഹൂദ മോചന പ്രമാണം അടക്കം ചെയ്ത പേടകം


വിരക്തമായ ജീവിതമായിരുന്നു ഇഷ്ടപ്പെട്ടത്. അനേകം സവിശേഷതകൾ ഉണ്ടായിരുന്ന എസ്സീനികൾ കടുത്ത ഏക ദൈവ വിശ്വാസികളായിരുന്നു. യേശുവും യോഹന്നാൻ സ്നാപകനും എസ്സീനികളിൽ പ്പെട്ടവരായിരുന്നു. പരശരേയും സെദൂക്യരേയും കഠിനമായി ആക്ഷേപിക്കുന്ന യേശു എന്തു കൊണ്ട് എസ്സീനികളെ ഒഴിവാക്കി എന്നതിനെക്കുറിച്ച് ചില ബൈബിൾ പണ്ഡിതന്മാർ പുതിയ ചർച്ചക്ക് തുടക്കം കുറിച്ചിട്ടുണ്ട്. യേശുവിന്റെ യഥാർഥ അധ്യാപനങ്ങൾ ജീവിതത്തിൽ പകർത്തിയ യഹൂദരായ എസ്സീനികളെ ബൈബിൾ സമാഹർത്താക്കൾ ഒഴിവാക്കിയത് അർഥ ഗർഭമാണ്.

### എസ്സീനികളെക്കുറിച്ച് ചരിത്രകാരന്മാർ

എസ്സീൻ സമൂഹത്തെക്കുറിച്ച് ഖുംറാൻ രേഖകൾ ലഭ്യമാകുന്നതിന് മുമ്പുണ്ടായിരുന്ന അറിവ് ഒന്നാം നൂറ്റാണ്ടിലെ ജൂത ചരിത്രകാരനായ ജോസഫസ്, പ്ലിനി, ഫിലോ എന്നിവരുടെ കൃതികളിൽ നിന്നു മാത്രമാണ്. ഫിലോ ( ബി.സി.20) എഴുതിയ Quod Omnis Probos Liber എന്ന പ്രബന്ധത്തിൽ അവരുടെ സംഖ്യ 4000 എന്ന് പറഞ്ഞിട്ടുണ്ട്.

മറ്റു വിവരങ്ങൾ ഇപ്രകാരമാണ്. അവരുടെ ജീവിത വിശുദ്ധി മൂലം ആണ് ഈ പേര് ലഭിച്ചത്. ഏക ദൈവത്തെയായിരുന്നു ആരാധിച്ചിരുന്നത്. വെള്ള വസ്ത്രമായിരുന്നു അവർ ധരിച്ചിരുന്നത്. മൃഗബലി അർപ്പിച്ചിരുന്നു. നഗരങ്ങളിൽ നിന്നും അകന്ന് ജീവിച്ചു. കർഷകവൃത്തിയിലും മറ്റും ഏർപ്പെട്ടിരുന്നു. എങ്കിലും ധനം സമ്പാദിച്ചിരുന്നില്ല. യഹൂദ മര്യാദകൾ കർശനമായി പാലിച്ചു. സമൂഹമായി ജീവിച്ചു. ആരും ഒന്നും സ്വന്തമായി കരുതിയിരുന്നില്ല. വരവും ചെലവും വസ്ത്രവുമെല്ലാം പൊതുവായിരുന്നു. എവുസേബിയസ് ഫിലോയുടെ മറ്റൊരു പ്രബന്ധം ഉദ്ധരിച്ചുകൊണ്ട് എസ്സീനിയർ ബ്രഹ്മചാരികളായിരുന്നുവെന്ന് പറയുന്നുണ്ട്. കൃഷി, അജപാലനം, തേനീച്ചവളർത്തൽ, ആശാരിപ്പണി ഇവയായിരുന്നു തൊഴിലുകൾ എന്ന് എവുസിയേബിസ് ഉദ്ധരിക്കുന്ന രേഖ പറയുന്നു. പ്ലിനി (Plini the elder) ആണ് മറ്റൊരു രേഖയുടെ കർത്താവ്. ചാവു കടലിനടുത്തായിരുന്നു അവരുടെ മുഖ്യ കേന്ദ്രം എന്ന് പ്ലിനി പറയുന്നു. ജോസഫസ് കൂടുതൽ ദീർഘമായി ഇവരുടെ കാര്യം പ്രതിപാദിച്ചിരിക്കുന്നു. ക്രി. മു 107-ൽ യൂദാസ് എന്ന ഒരു എസ്സീനി ഗുരു, ഭാവി പ്രവചിക്കുന്നത് എങ്ങനെയെന്ന് പഠിപ്പിക്കുന്ന ഒരു പള്ളിക്കൂടം നടത്തിയിരുന്നു. ഹെരോദ് രാജാവിനോട് വിധേയത്വം പ്രഖ്യാപിക്കുന്ന പ്രതിജ്ഞ യെടുക്കുന്നതിൽ നിന്ന് എസ്സീനികളെ ഒഴിവാക്കി. എല്ലാം ദൈവത്തിൽ അർപ്പിക്കുകയും വിധിയിൽ വിശ്വസിക്കുകയും ചെയ്തിരുന്നു. എന്നാൽ മൂന്ന് വർഷത്തെ സഹവാസത്തിന് ശേഷം തൃപ്തിപ്പെട്ടാൽ സ്ത്രീകളെ വിവാഹം ചെയ്യുന്ന ഒരു വിഭാഗവും അവിടെ ഉണ്ടായിരുന്നു. പാവപ്പെട്ടവരെ സഹായിക്കുക വ്രതമായിരുന്നു. എസ്സീനികളുടെ ദിവസം സൂര്യോദയത്തിന് വളരെ മുമ്പ് സൂര്യോദയത്തിന് വേണ്ടി പ്രാർഥിച്ചു കൊണ്ടായിരുന്നു ആരംഭിക്കുന്നു. എന്ന് ജോസഫസ് പറയുന്നത്. പതിനൊന്ന് വരെ ജോലി അത് കഴിഞ്ഞ് കുളിച്ച് ശുഭ്രവസ്ത്രം ധരിച്ച് ഒരു മുറിയിൽ കൂടുന്നു. അവിടെ മറ്റാർക്കും പ്രവേശനമില്ല. പിന്നെ ഭക്ഷണം എന്തെങ്കിലും ഒരു കൂട്ടം മാത്രം, ഒരു നേരം. മൂപ്പൻ പ്രാർഥിക്കും തുടക്കത്തിലും ഒടുക്കത്തിലും. പിന്നെ ശുഭ്ര വസ്ത്രങ്ങൾ മാറ്റി വീണ്ടും ജോലി. വൈകുന്നേരം അതിഥികൾ ഉണ്ടെങ്കിൽ അവരോടൊപ്പം അൽപ്പം ഇരിക്കും. മിക്കവാറും മൗനമാണ്. ആരെങ്കിലും ഒരാളേ സംസാരിക്കൂ. അത് തന്നെ തവണവെച്ച്.

എസ്സീനാകുന്നതിന്റെ നടപടി ക്രമങ്ങൾ ഇങ്ങനെയാണ് എസ്സീനി നിയമങ്ങൾ പാലിച്ചുകൊണ്ട് സമൂഹത്തിന് പുറത്ത് ഒരു വർഷം സേവനം. മലം കുഴിച്ചു മൂടുന്ന ഒരു പാര (Spde) ഒരു വെളുത്ത ളോഹ. ഇടക്കെട്ട് ഇത്രയും അപ്പോഴേ കൊടുക്കൂ. ആ ഒരു വർഷം വിജയകരമായി പൂർത്തിയാക്കിയാൽ പിന്നെ രണ്ടു കൊല്ലം കുറേകൂടി അകത്തെ ആളായി. അതും തൃപ്തികരമെന്ന് കണ്ടാൽ അംഗത്വം. അപ്പോഴാണ് വ്രത വാഗ്ദാനം. ദൈവത്തെ സ്നേഹിക്കുക. മനുഷ്യനെ ആദരിക്കുക. അനീതി പ്രവർ ത്തിക്കു ന്നവരെ വെറുക്കുക. നീതിമാന്മാരെ സഹായിക്കുക. അധികാരം ദൈവദത്തമാകയാൽ അധികാരികളെ മാനിക്കുക. അധികാരം ലഭിച്ചാൽ അത് ദുർവിനിയോഗം ചെയ്യാതിരിക്കുക. സത്യത്തെ സ്നേഹിക്കുക. അസത്യത്തെ ദ്വേഷിക്കുക, കരങ്ങളെ മോഷണത്തിൽ നിന്നും തടയുക. ആത്മാവിനെ അവിഹിത ലാഭേച്ഛയിൽ നിന്ന് രക്ഷിക്കുക. സമൂഹത്തിന് പുറത്തുള്ളവർക്ക് ഒന്നും വെളിപ്പെടുത്താതിരിക്കുക, കേട്ട വിശ്വാസം കലർപ്പി ല്ലാതെ കാക്കുക. സമൂഹത്തിൽ ഗ്രന്ഥങ്ങൾ സൂക്ഷിക്കുക. മാലാഖമാരുടെ പേരു



സൈറസിന്റെ (ദുൽഖർനൈൻ) ന്റെ ശിലാസ്മാരകം

കൾ ഓർക്കുക. ഇതൊ ക്കെയായിരുന്നു വാഗ്ദാനം ചെയ്യേണ്ടിയിരുന്നത്.[6]

### ഖുർആനും എസ്സീനികളും

വിസ്മയകരമായ വസ്തുത യേശുവിന്റെ കാലത്തെ സച്ചരിതരും മസീഹിന്റെ യഥാർഥ അനുയായികളുമായ യഹൂദികളിൽപ്പെട്ട ഒരു വിഭാഗമായ എസ്സീനികളെ പറ്റി ബൈബിൾ യാതൊന്നും തന്നെ പരാമർശിക്കുന്നില്ല എന്നുള്ളതാണ്. എന്നാൽ ഖുർആനിൽ അവരെക്കുറിച്ച് വ്യക്തമായ പരാമർശമുണ്ട്. വിപത്ഘട്ടം വന്നപ്പോൾ സ്വന്തം അനുയായികൾ യേശുവിനെ തള്ളിപ്പറഞ്ഞ സന്ദർഭം ബൈബിൾ വിവരിക്കുന്നുണ്ട്. എന്നിട്ടും അവരെ അപ്പോസ്തലന്മാരായി ക്രിസ്ത്യാനികൾ വിശ്വസിക്കുകയും ചെയ്യുന്നു. എന്നാൽ യേശുവിനെതിരെ ഭീകരമായ പീഢനങ്ങൾ അഴിച്ചുവിട്ട കാലത്ത് അദ്ദേഹത്തെ സ്വീകരിച്ച യഥാർഥ ശിഷ്യന്മാർ, 'ഹവാരികൾ' എന്ന് ഖുർആൻ വിശേഷിപ്പിച്ച എസ്സീനികളായിരുന്നു. ബൈബിൾ അവരെ ഒഴിവാക്കിയെങ്കിലും ഖുർആൻ അവരെ മറന്നില്ല. '***വിശ്വസിച്ചവരേ, നിങ്ങൾ അല്ലാഹുവിന്റെ കാര്യത്തിൽ സഹായികളാവുക. മർയമിന്റെ മകൻ ഈസ ഹവാരികളോട്, 'അല്ലാഹുവിന്റെ കാര്യത്തിൽ എന്നെ സഹായിക്കുന്നവരാരുണ്ട്' എന്ന് ചോദിച്ച അവസരത്തിൽ 'ഞങ്ങൾ അല്ലാഹുവിന്റെ സഹായികളാണെന്ന് ഹവാരികൾ പറഞ്ഞു. അങ്ങനെ മസീഹിനെ ഇസ്റായേൽ സന്തതികളിൽ നിന്നും ഒരു വിഭാഗം വിശ്വസിച്ചു. മറ്റൊരു വിഭാഗം അവിശ്വസിക്കുകയും ചെയ്തു.' (61:15)***

*'**നിങ്ങൾ എന്നിലും എന്റെ ദൂതനിലും വിശ്വസിക്കുക എന്ന് ഹവാരികൾക്ക് ഞാൻ ദിവ്യ ബോധനം നൽകിയ സന്ദർഭം ( സ്മരിക്കുക) അവർ പറഞ്ഞു: ഞങ്ങൾ വിശ്വസിച്ചു ഞങ്ങൾ കീഴ്പ്പെട്ട് ജീവിക്കുന്നവരാണ് എന്ന് നീ സാക്ഷ്യം വഹിക്കുക.' (5:112)**[7]*

ഹവാരികൾ എന്നതിന്റെ അർഥം വസ്ത്രം വെളുപ്പിക്കുന്നവൻ, അഴുക്കിൽ നിന്നും ശുദ്ധി തേടുന്ന ആൾ, സത്യസന്ധമായി പ്രവർത്തിക്കുന്ന ആൾ, വെള്ള വസ്ത്ര ധാരികൾ എന്നൊക്കെയാണ്. കുരിശ് സംഭവത്തിന് ശേഷം യേശുവിനെ ശുശ്രൂഷക്കായി കല്ലറയിൽ വെച്ചപ്പോൾ മഗ്ദലനക്കാരി മർയമും മറ്റും അവിടെ വരികയുണ്ടായല്ലോ. കർത്താവിന്റെ ഒരു ദൂതൻ അവിടെ വന്നതായി മഗ്ദലന മർയം വിവരിക്കുന്നത് മത്തായി രേഖപ്പെടുത്തിയിട്ടുണ്ട്. '***അവന്റെ രൂപം മിന്നലിന് ഒത്തതും അവന്റെ ഉടുപ്പ് ഹിമം പോലെ വെളുത്തതുമായിരുന്നു.' (28:3)***[8] ഇതേ വിവരണം മാർക്കോസ് 16:5 ലും ലൂക്കോസ് 24:4 ലും യോഹന്നാൻ 20:12ലും ആവർത്തിക്കുന്നു. മാലാഖയാണെന്ന് തെറ്റിദ്ധരിച്ച ആ ശുഭ്രവസ്ത്രധാരി ഖുർആൻ വിവരിച്ച ഹവാരി അഥവാ എസ്സീൻ സംഘത്തിൽപ്പെട്ടയാളായിരിക്കാനാണ് സാധ്യത.

### സാത്വികരായ എസ്സീനികൾ രക്ഷപ്പെട്ടതെങ്ങനെ ?

എ. ഡി. 70 റോമൻ ജനറൽ ടൈറ്റസ് ജറുസലേം ആക്രമിക്കുകയുണ്ടായല്ലോ. മസീഹിനെ നിഷേധിക്കുകയും പീഢിപ്പിക്കുകയും ചെയ്ത യഹൂദരുടെമേൽ ദൈവമിറക്കിയ കടുത്ത ശിക്ഷയായിരുന്നു ഈ ആക്രമണം. ദ്രോഹം ചെയ്ത അവിശ്വാസികളായ യഹൂദരെ ശിക്ഷിക്കുന്നതോടൊപ്പം ബലഹീനരും നിസ്സഹായരുമായ വിശ്വാസികളെ സംരക്ഷിക്കുകയും പിന്നീട് അവരെ പ്രബലപ്പെടുത്തുകയും ചെയ്യുക എന്നത് ദൈവത്തിന്റെ സമ്പ്രദായമാണ്. ജറുസലേം അക്രമണത്തെ സംബന്ധിച്ച് വളരെ മുമ്പ് തന്നെ യേശുവിന് ദൈവം അറിയിപ്പ് നൽകിയതായി ബൈബിളിൽ സൂചനയുണ്ട്. ആക്രമണത്തിൽ നിന്നും രക്ഷപ്പെടാൻ യേശു തന്റെ അനുയായികളെ ഉപദേശിച്ച ഒരു വചനം ബൈബിളിൽ ഇങ്ങനെ കാണാം '***സൈന്യങ്ങൾ യെറുശലേമിനെ വളഞ്ഞിരിക്കുന്നത് കാണുമ്പോൾ അതിന്റെ ശൂന്യകാലം അടുത്തിരിക്കുന്നു എന്നറിഞ്ഞുക്കൊള്ളുവിൻ. അന്ന് യഹൂദ്യയിലുള്ളവർ മലമുകളിലേക്ക് പോകട്ടെ' (ലൂക്കോസ് 21:20)***[9]

പ്രസ്തുത ബൈബിൾ വചനത്തിൽ നിന്നും റോമൻ അക്രമണമുണ്ടായപ്പോൾ യേശുവിൽ വിശ്വസിച്ച അനുയായികൾ അദ്ദേഹത്തിന്റെ ഉപദേശ പ്രകാരം ചാവുകടലിനഭിമുഖമായിക്കിടക്കുന്ന ഖുംറാൻ കുന്നുകളിലേക്ക് കയറി പോകുകയാണുണ്ടായതെന്ന് നമുക്ക് അനുമാനിക്കാം. ടൈറ്റസിന്റെ അതിഭയാനകമായ അക്രമണത്തിൽ നിന്ന് രക്ഷപ്പെട്ടത് എസ്സീനികൾ അഥവാ ഹവാരികൾ എന്ന് ഖുർആൻ വിശേഷിപ്പിച്ച ഈ യഹൂദ വിഭാഗമാണ്. അന്ന് അവർ ക്രിസ്ത്യാനികൾ എന്ന തിരിച്ചറിയൽ മുദ്രയോടെ ഒരു മതവിഭാഗമായി രൂപപ്പെട്ടിട്ടില്ലായിരുന്നു. അവർ ഇസ്റയേലികളിൽപെട്ട ഒരു വിഭാഗമായിട്ടാണ് കരുതിയിരുന്നത്. അവരാകട്ടെ യേശുവിന്റെ അദ്ധ്യാപന പ്രകാരം കർശനമായും യഹൂദ ചിട്ടകൾ പാലിക്കുന്നവരുമായിരുന്നു. യഹൂദരിലെ ഈ വിഭാഗമായിരിക്കാം പിന്നീട് യേശുവിന്റെ അനുയായികളായ ക്രിസ്ത്യാനികൾ വിജയിച്ച റോമിലും യഹൂദർ അധിവസിച്ച മറ്റു ദേശങ്ങളിലും ക്രിസ്തു മതം പ്രചരിപ്പിച്ചത്.

വിശുദ്ധ ഖുർആനും ഈ വസ്തുത സൂചിപ്പിക്കുന്നു: '***വിശ്വസിച്ചവരെ നിങ്ങൾ അല്ലാഹുവിന്റെ സഹായികളാവുക (എന്ന്) മർയമിന്റെ മകൻ ഈസാ അനുയായികളോട്(പറഞ്ഞ സന്ദർഭം ഓർക്കുക) .........അങ്ങനെ, ഇസ്റായീൽ സന്തതികളിൽ ഒരു വിഭാഗം വിശ്വസിച്ചു മറ്റൊരു വിഭാഗം അവിശ്വസിക്കുകയും ചെയ്തു. അപ്പോൾ വിശ്വസിച്ചവരെ അവരുടെ ശത്രുക്കൾക്കെതിരെ നാം ബലപ്പെടുത്തി. അങ്ങനെ അവർ വിജയികളായി തീർന്നു.' (61:15)10 (തുടരും)***

REFERENCE

3.Jewish Encyclopeadia vol 6. p. 665 & vol 7 p. 122 under "Jerusalem", 4.ബൈബിൾ എസ്രാ: 1:1-4., 5.വിശുദ്ധ ഖുർആൻ 17:6-9, 7.വിശുദ്ധ ഖുർആൻ 5:112, 8.വിശുദ്ധ ഖുർആൻ 28:3, 9.ലൂക്കോസ് 61:15

## ദരിദ്രനെ ഭയപ്പെടുക

അബൂഹുറയ്റ(റ) നിവേദനം ചെയ്യുന്നു. നബിതിരുമേനി(സ) അരുൾ ചെയ്തു. പ്രാകൃതരെന്നു തോന്നത്തക്ക വിധം ചീകാതെ പൊടി പാറിയ മുടിയോടു കൂടിയ എത്രയോ ആളുകളുണ്ട്. അവഞ്ഞയാൽ വാതിലുകൾ അവരുടെ നേരെ കൊട്ടിയടക്കപ്പെടുന്നു. എന്നാലും (അവർക്ക് അല്ലാഹുവിന്റെ അടുത്ത് സ്ഥാനമുണ്ട്. അതിനാൽ) അല്ലാഹുവിന്റെ പേരിൽ അവർ ആണയിട്ടാൽ അല്ലാഹു അവരുടെ വാക്കുകൾ സാക്ഷാൽകരിക്കും.

**(മുസ്‌ലിം)**

# നിസ്സംശയം
# അഹ്മദികൾ മുസ്‌ലിംകൾ തന്നെ






ജസ്റ്റീസ് വി. ആർ. കൃഷ്ണയ്യർ

അഹ്മദി ആയതിന്റെ പേരിൽ മതമുപേക്ഷിച്ചവനായി പ്രഖ്യാപിച്ച് ഏകപക്ഷീയമായി വിവാഹ മോചനം നടത്തിയ ഖാസിയുടെ ഇസ്‌ലാമിക വിരുദ്ധവും നീതിവിരുദ്ധവുമായ തീരുമാനത്തിനെതിരെ ജസ്റ്റിസ് കൃഷ്ണയ്യരുടെ വിധിയുടെ അവസാന ഭാഗം.

**10.**ഇസ്‌ലാം അതെവിടെയായിരുന്നാലും അതൊരു അന്താരാഷ്ട്ര മതമാണ്. മലബാറിന് മാത്രമുള്ള മതമല്ല. വക്കീൽ ഇവിടെ ഉന്നയിച്ച മുസ്‌ലിം സമുദായത്തിന്റെ പൊതു സമ്മതിയാണ് ഉരകല്ലെങ്കിൽ അത് ദേശാതിവർത്തിയായ ഒന്നായിരിക്കും. ഒരു ഭൂപ്രദേശത്തെ ഒരു വിഭാഗം ആളുകൾ ഇസ്‌ലാം മതത്തിൽ നിന്നും ഒരു കൂട്ടർ ബഹിഷ്കൃതരാണെന്നുള്ള സങ്കുചിത വീക്ഷണം പ്രകടിപ്പിക്കുകയാണെങ്കിൽ അത് വിചിത്രമായ ഒന്നിലേക്കായിരിക്കും നയിക്കുക. അതായത് മലബാറിൽ ബഹിഷ്കൃതനായ മുസ്‌ലിം പാകിസ്താനിലും മറ്റ് രാജ്യങ്ങളിലും ആദരണീയനായ മുസൽമാനായിരിക്കും. പൊതുസമ്മതി എന്നത് ഇപ്പോൾ ഇസ്‌ലാമിക ലോകത്ത് ഉള്ളത് പോലെ വളരെ വിശാലമായ ഒന്നായിരിക്കണം. അത് ഈ കേസിൽ യാതൊരു കാരണവശാലും ഒരു തെളിവായി എടുക്കാൻ പാടില്ല.

**11.** എന്റെ ശ്രദ്ധയിലേക്ക് കൊണ്ട് വന്ന ചില നിയമ വശങ്ങൾ അപ്രസക്തമാണ്. അതിന് വളരെ വിദൂരമായി മാത്രമെ ഈ പ്രശ്നവുമായി ബന്ധമുള്ളു. 7 അലഹബാദ് 461 കേസിൽ വഹാബികൾ എന്ന് വിളിക്കപ്പെടുന്ന ഒരു വിഭാഗവുമായുണ്ടായ കേസിൽ അവർ മുസ്‌ലിംകളായിട്ടാണ് കണക്കാക്കിയത്. 12 അലഹബാദ് 494 എന്ന കേസിൽ പള്ളിയിൽ ശബ്ദമയമായി ആരാധിക്കുന്ന വഹാബികൾ എന്നറിയപ്പെടുന്ന ഒരു വിഭാഗത്തിൽപ്പെട്ട ചിലയാളുകൾ ഭൂരിപക്ഷം സുന്നി വിഭാഗത്തിൽ പ്പെട്ടവരുമായി ചില പ്രധാന കാര്യങ്ങളിൽ വിയോജിപ്പുള്ളവരായിട്ടും കോടതി അവരെ മുഹമ്മദീയരായിട്ടാണ് കണക്കാക്കിയത്. അലഹബാദ് 518 നമ്പർ കേസിൽ ഏതൊരാൾ ദൈവത്തിന്റെ ഏകത്വത്തിലും പ്രവാചകന്റെ ദൗത്യത്തിലും വിശ്വസിക്കുന്നുവോ അയാൾ ഏതൊരു വിഭാഗത്തിൽപ്പെട്ട ആളായിക്കൊള്ളട്ടെ അയാൾ മുസ്‌ലിമായിരിക്കും. ശിയാക്കളും ഈ രണ്ട് മാനണ്ഡങ്ങളിലും തൃപ്തരാണ്. ***പ്രവാചകൻ എന്ന നിലക്കുള്ള മുഹമ്മദിന്റെ ദൗത്യം എന്ന ഈ വിശ്വാസത്തിലാണ് ഞാൻ ഊന്നുന്നത്. അല്ലാതെ അവസാനത്തെ പ്രവാചകൻ എന്നതിലല്ല.***

**12.** അഹ്മദികൾ മുസ്‌ലിംകളാണോ എന്ന ചോദ്യം ഉന്നയിച്ചു കൊണ്ടുള്ളതാണ് മറ്റൊരു കേസ്. ( 37 ഇ. 302) ഈ വിഭാഗത്തിന് പള്ളിയിൽ നമസ്കരിക്കാനുള്ള അവകാശത്തെപറ്റിയായിരുന്നു അത്. അന്യായക്കാരൻ ഈ കേസിൽ നാം പരാമർശിക്കുന്ന ആളുടെ അതേ മതവിഭാഗത്തിൽ പെടുന്നയാളായിരുന്നു. പൊതുവേ അഹ്മദി അഥവാ ഖാദിയാനി എന്നറിയപ്പെടുന്ന മിർസാ ഗുലാം അഹ്മദ് ഖാദിയാനിയുടെ ഉറച്ച അനുയായി ആയിരുന്നു. പാറ്റ്നാ ഹൈക്കോടതി ഡിവിഷൻ ബെഞ്ച് സർ സഫറുല്ലാഹ് ഖാന്റെ വാദം കേട്ട ശേഷം അഭിപ്രായപ്പെട്ടത് യാഥാസ്ഥിതിക സുന്നികൾ അവരെ അവിശ്വാസികൾ എന്ന് വിളിക്കുന്നുവെങ്കിലും ഈ പ്രസ്ഥാനത്തിൽപെട്ടവർ മുഹമ്മദീയർ തന്നെയാണെ ന്നാണ്.

**13.** മുല്ലായുടെ നിരീക്ഷണപ്രകാരം: ഒരാൾ മുഹമ്മദീയനായി പിറന്നാൽ അയാൾ മുഹമ്മദീയ മതം ഉപേക്ഷിക്കുന്നു എന്ന് അയാൾ സ്വയം പ്രഖ്യാപിക്കുന്നത്വരെ അയാൾ മുസ്‌ലിം തന്നെയാണ്. ഹിന്ദുക്കളുടെ ചില ആരാധനാ സമ്പ്രദായങ്ങൾ സ്വീകരിച്ചാൽ പോലും അയാളെ മതം വിട്ടുപോയവനായി കണക്കാൻ സാദ്ധ്യമല്ല. പണ്ഡിതനായ ഗ്രന്ഥകാരൻ പറയുന്നത് ഒരാൾക്ക് മുസ്‌ലിമായിരിക്കാൻ യാഥാസ്ഥിതികനാകണമെന്നില്ല. ദൈവത്തിന്റെ ഏകത്വം അംഗീകരിച്ചു കൊണ്ട് അയാൾ വിശ്വാസ ജീവിതം നയിക്കുകയാണെങ്കിൽ മുഹമ്മദീയ മതജീവിതം നയിക്കാൻ അത് ധാരാളം മതി. തീർച്ചയായും ഒരാൾ മത പരിത്യാഗി യാകുന്നതോടെ അയാളുടെ വിവാഹം ദുർബലപ്പെടുന്നു. അഹ്മദിന്റെ അടിസ്ഥാന

അദ്ധ്യാപനങ്ങളിൽ പോലും അഹ്മദി കൾ അവിശ്വാസികളാണെന്ന് പറയാൻ സാദ്ധ്യമല്ല. പണ്ഡിതനായ പബ്ളിക്ക് പ്രോസിക്യൂട്ടർ വാഗ്ദത്ത മസീഹ് അഹ്മദിന്റെ മകൻ രചിച്ച ***ദ ഹോളി ഖുർആൻ*** കോടതിക്ക് നൽകി കോടതിയെ സഹായിക്കുകയുണ്ടായി. അതിൽ വ്യക്തമായി പറയുന്നത് 70 വർഷങ്ങൾക്ക് മുമ്പ് ഇസ്ലാം മതത്തേയും പരിശുദ്ധ പ്രവാചകനേയും സേവിക്കാനും, പ്രപഞ്ചത്തിൽ ദൈവ നാമം ഉയർത്തിപ്പിടിക്കാനും വെളിപാടുകൾ മുഖേന ദൈവികമായ അറിയിപ്പ് എനിക്ക് ലഭിച്ചിരിക്കുന്നു എന്നാണ് അദ്ദേഹം പറഞ്ഞത്. അദ്ദേഹത്തോട് പറയപ്പെട്ടത് ദൈവം അദ്ദേഹത്തിന് പ്രവാചകത്വ പദവി നൽകിയിരിക്കുന്നുവെന്നാണ്. ആ പദവി ലബ്ധിയുടെ നിബന്ധനയെന്താണെന്ന് വെച്ചാൽ വിശുദ്ധ പ്രവാചകനേയും വിശുദ്ധ ഖുർആനേയും അദ്ദേഹത്തിൽ ഇറങ്ങുന്ന വെളിപാടുകളേയും അവികലമായ രീതിയിൽ അനുധാവനം ചെയ്യുക എന്നതാണ്. അത് ഖുർആന് കീഴ്ടങ്ങിയതും പുതിയ ന്യായപ്രമാണം ഇല്ലാത്തതുമാണ്. അദ്ദേഹത്തിന്റെ ഒരു വെളിപാട് ഇങ്ങനെയാണ്: എല്ലാ അനുഗ്രഹങ്ങളും മുഹമ്മദിൽ നിന്നുള്ളതാണ്. എന്നതായിരുന്നു. അറിവ് നൽകപ്പെട്ട അദ്ദേഹം (മുഹമ്മദ്) അനുഗൃഹീതനാണ്. ദിവ്യജ്ഞാനം നൽകപ്പെട്ട അദ്ദേഹം അനുഗൃഹീതനത്രെ. ഇത്തരം വെളിപാട് ലഭിച്ചയാളാണ് അഹ്മദ്. (ഹഖീഖത്തുൽ വഹ്‌യ്). വീണ്ടും അദ്ദേഹം പറയുന്നു. ലോകത്ത് ഒരു താക്കീതുകാരൻ വന്നു. പക്ഷേ ലോകം അദ്ദേഹത്തെ സ്വീകരിച്ചില്ല. ദൈവം അദ്ദേഹത്തെ സ്വീകരിക്കുകയും ശക്തിമത്തായ ക്ഷോഭങ്ങളിലൂടെ അദ്ദേഹത്തിന്റെ സത്യം സ്ഥാപിക്കുകയും ചെയ്തു. (ബറാഹീനെ അഹ്മദിയ്യാ) ഖുർആന്റെ സാങ്കേതിക ശബ്ദാവലി പ്രകാരം 'താക്കീതുകാരൻ' എന്നത് പ്രവാചകനാണ്. അഹ്മദിയ്യാ ജമാഅത്തിന്റെ സ്ഥാപകന് ലഭിച്ച ഒരു വെളിപാടിന്റെ ഭാഷ്യപ്രകാരം താക്കീതുകാരൻ എന്ന് ഉപയോഗിച്ച പദത്തിന്റെ സ്ഥലത്ത് പ്രവാചകൻ എന്നാണ്. (ഏക്ഗലത്ത് കീ ഇസാലാ) ഈ കാലഘട്ടത്തിൽ മനുഷ്യനെ അവന്റെ സ്രഷ്ടാവുമായി മുഖാമുഖം കൊണ്ടു വരുവാനും ഈ ഭൗതിക ലോകത്ത് നവ്യമായ ദിവ്യവെളി പാടുകളിലൂടെ ആത്മീയതയുടെ ഉൽക്കർഷത്തിന് ബീജാവാപം ചെയ്യുകയുമായിരുന്നു അദ്ദേഹത്തിന്റെ



സഫറുല്ലാഹ് ഖാൻ

ദൗത്യം. അഹ്മദ് വാദിച്ചിരുന്ന പ്രവാചകത്വം വിശുദ്ധ പ്രവാചകനായ മുഹമ്മദിന്റെ പ്രവാചകത്വത്തിന് അധീനമായിട്ടുള്ള പ്രവാചകത്വമാണ്. അല്ലാതെ അതിൽ നിന്നും സ്വതന്ത്രമായ പ്രവാചകത്വമല്ല. മാത്രമല്ല മുഹമ്മദിനെ ദൈവത്തിന്റെ ദൂതനായി അംഗീകരിക്കുകയും ചെയ്യുന്നു. പരാതിക്കാരന്റെ വാക്കിൽ ബഹായിസം പോലെ ലോകത്തിലെ പല നൂതന പ്രസ്ഥാനങ്ങളിലേക്കും എന്റെ ശ്രദ്ധ ക്ഷണിക്കുകയുണ്ടായി. ( തീർച്ചയായും ഏതാനും വർഷങ്ങൾക്ക് മുമ്പ് ചിക്കാഗോക്കടുത്ത് ബഹായി ടെമ്പിൾ സന്ദർശിച്ചത് ഞാൻ ഓർക്കുന്നു) പ്രസക്തമായ വസ്തുത ഇതാണ്. ആത്മീയമായും ഭൗതികമായും മനുഷ്യൻ ഒരു പാടു പുരോഗതി പ്രാപിച്ചിരിക്കുന്നു. പുതിയ സാമൂഹ്യ പരിത സ്ഥിതികൾ സൃഷ്ടിക്ക പ്പെട്ടിരിക്കുന്നു. അതിന്റെ തിളക്കങ്ങൾ വിവിധ തരങ്ങളിൽ പ്രത്യക്ഷപ്പെടുന്നു. എല്ലാവിധ അദ്ധ്യാത്മികമായ തിളപ്പുകളെയും അടക്കി നിർത്താൻ നിശ്ചലമായ തത്ത്വങ്ങളോടുള്ള സങ്കുചിതമായ വിധേയത്വം ഇവയെല്ലാം സ്തംഭനത്തിന്റെയും ശൈഥില്യത്തിന്റെയും പാതയൊരുക്കുന്നു. ഓരോ മതത്തിന്റേയും അടിസ്ഥാനരൂപരേഖയിൽ നിന്നുകൊണ്ട് മനുഷ്യ വ്യക്തിത്വങ്ങളുടെ ആത്മീയാവസ്ഥ പരിഷ്ക്കരിക്കാൻ കാലകാലങ്ങളിലായി എല്ലാ മതത്തിൽ നിന്നും പ്രകാശത്തിന്റെയും ജ്ഞാനത്തിന്റെയും മഹാത്മാക്കൾ ഉദയം ചെയ്യാറുണ്ട്. അത്തരത്തിലുള്ള എല്ലാ ശ്രമവും മതവൈപരീത്യമെന്ന് പറഞ്ഞ് മത സിദ്ധാന്തവൽക്കരിക്കാൻ സാദ്ധ്യമല്ല. അത്തരം എല്ലാ പ്രസ്ഥാനങ്ങളേയും അവിശ്വാസികളാണെന്ന് പറയാനും സാദ്ധ്യമല്ല. സാർവലൗകികത്വവും വിശാല വീക്ഷണവും യഥാസ്ഥിതിക വീക്ഷണങ്ങൾക്ക് ചതുർഥിയായിരിക്കാം. പക്ഷേ കോടതി സിവിൽ അധികാരങ്ങളുമായി ബന്ധപ്പെട്ട കാര്യങ്ങൾ മാത്രമേ ശ്രദ്ധിക്കാറുള്ളു. മതത്തിന്റെ സ്ഥാനവും അതുണ്ടാക്കുന്ന ആഘാതവും അത്തരം സിവിൽ അവകാശങ്ങളെ എത്രത്തോളം ബാധിക്കുന്നു എന്നാണ് കോടതി നോക്കാറുള്ളത്. അങ്ങനെ ചെയ്യുമ്പോൾ അത് ദൈവശാസ്ത്രപരമായ നൂലാമാലകളിൽ കുടുങ്ങാൻ പാടില്ല. ഒരു സഭയായോ വിശ്വാസമായോ സംഘടിപ്പിക്കപ്പെട്ട ഒരു മത സമൂഹത്തിന്റെ അടിസ്ഥാന വ്യക്തിത്വത്തെ പരിശോധനക്ക് വിധേയമാക്കുകയാണ് ചെയ്യേണ്ടത്. അതിന്റെ തത്ത്വങ്ങളിലും വിശ്വാസങ്ങളിലും ഫോർമുലകളിലും തനതായ സംസക്തി നിലവിലുണ്ടോ എന്നും അതിന്റെ അകക്കാമ്പ് വരെ വ്യതിരിക്തത നിലനിൽക്കുന്നുണ്ടോ എന്നുമാണ് നോക്കേണ്ടത്. വികാരപ്രകടനങ്ങളോ അതിഭാവുകത്വമോ കൂടാതെ നിയമത്തിന്റെ തണുത്ത വെളിച്ചത്തിൽ നോക്കുകയാണെങ്കിൽ എനിക്ക് നിസ്സംശയം പറയാൻ സാധിക്കും, അഹ്മദികൾ ഇസ്ലാമിനകത്തുതന്നയുള്ള ഒരു വിഭാഗമാണ്. അതിന് പുറത്തുള്ളതല്ല. ആയതിനാൽ ഈ കേസിൽ മതപരിത്യാഗം ആരോപിച്ച് വിവാഹമോചനം പ്രാബല്യത്തിലാക്കിയത് അംഗീകരിക്കാനാവില്ല. ഓരോ മതത്തിലേയും ചെറിയ തോതിലുള്ള വിശ്വാസ വ്യതിയാനങ്ങൾ, അത് ആ വിഭാഗം മത സമൂഹത്തിൽ എത്ര വലിയ ഭൂകമ്പങ്ങ ളുണ്ടാക്കിയാലും ശരി, വലിയ രീതിയിലുള്ള മതത്തിൽ നിന്നുള്ള വേർപെട്ടു പോക്കായി അതിനെ കണക്കാക്കരുത്.

**14.** തീർച്ചയായും ഖാസിയുമായി അവർക്ക് ന്യായമായ മറ്റു തർക്കങ്ങളുണ്ടാകാം. അത് ഞാനിവിടെ കാര്യമാക്കുന്നില്ല. അത് വിചാരണക്കോടതിയിൽ ഈ കേസിന്റെ മറ്റൊരു ഘട്ടത്തിൽ പരിഗണിച്ചു കൊള്ളാവുന്നതാണ്. ക്രിമിനൽ റിവിഷൻ പെറ്റീഷൻ ഡിസ്മിസ് ചെയ്തിരിക്കുന്നു. ഹരജിക്കാരനു വേണ്ടി പ്രസക്തമായ പഠനങ്ങൾ നടത്തി കോടതിയിൽ എന്റെ ശ്രദ്ധയിൽപ്പെടുത്തിയ പബ്ളിക് പ്രോസിക്യൂട്ടറോടുള്ള എന്റെ കൃതജ്ഞത രേഖപ്പെടുത്തുന്നു.

# ഗ്രാന്റ് മുഫ്തിയുടെ ഫത്‌വ ഇസ്‌ലാമികമോ?

സഹിഷ്ണുതയുടെ ലോകോത്തര മാതൃക കാണിച്ച മതമാണ് ഇസ്‌ലാം. സ്വാതന്ത്ര്യ പ്രേമികളെയെല്ലാം ആവേശ ഭരിതരാക്കുന്ന സുവർണ സൂക്തങ്ങൾ കൊണ്ട് ഇസ്‌ലാം മതത്തിന്റെ പാവന ഗ്രന്ഥമായ വിശുദ്ധ ഖുർആൻ സുഭഗ ശോഭിതമാണ്. പക്ഷേ ഇസ്‌ലാം മതത്തെ ലോകമാധ്യമങ്ങളിൽ പ്രതിനി ധീകരിക്കുന്നത് സ്വാതന്ത്ര്യത്തിന്റെ ഹന്താക്കളും മതയാഥാസ്ഥിതികരും ജനാധിപത്യ വിരുദ്ധരുമായ സൗദി അറേബ്യയാണ്. അത് മാത്രമല്ല ഈ ഒരു ദൗർഭാഗ്യത്തെ ഏറ്റവും പരിതാപകര മാക്കിത്തീർക്കുന്നത്, സമ്പന്നമായ സൗദി അറേബ്യക്ക് മുമ്പിൽ ഭിക്ഷാ പാത്രവുമായി നിൽക്കുന്ന മുസ്‌ലിം സംഘടനകൾ തങ്ങളുടെ യജമാന ന്മാർക്ക് തിരുവുള്ളക്കേട് ഉണ്ടാകുമോ എന്ന് ഭയന്ന് അവരുടെ ഇസ്‌ലാമിക വിരുദ്ധവും മനുഷ്യ സ്വാതന്ത്ര്യത്തിന് നിരക്കാത്തതുമായ സമീപനങ്ങൾ ക്കെതിരെ ഒരക്ഷരം ഉരിയാടാറില്ല എന്നതാണ്. മറിച്ച് പല മുസ്‌ലിം സംഘടനകളും സൗദി അറേബ്യയെ ഇസ്‌ലാമിന്റെ മാതൃകാ രാജ്യമായി വാഴ്ത്തി രാജകുടുംബത്തെ പുളകം കൊള്ളിക്കുകയാണ് ചെയ്യുന്നത്. ഭരിക്കുന്ന കുടുബത്തിന്റെ പേരിൽ അറിയപ്പെടുന്ന ലോകത്തിലെ ഒരേ യൊരു രാജ്യവും സൗദി അറേബ്യ യാണ്. സൃഷ്ടികളിൽ വെച്ച് ഏറ്റവും ഉത്തമനായ റസൂൽ തിരുമേനി(സ) യുടെ പുണ്യ പാദങ്ങൾ പതിഞ്ഞ അറേബ്യയുടെ നാമം ഇബ്നു സൗദിന്റെ പേരിൽ അറിയപ്പെടു ന്നതിന് പിന്നിൽ ഒരു ഒറ്റിക്കൊടു ക്കലിന്റെ ചരിത്രം കൂടിയുണ്ട്. ലോക മുസ്‌ലിം പ്രാതിനിധ്യം വഹിച്ചിരുന്ന തുർക്കി ഖിലാഫത്തിനെ ഒന്നാം ലോക മഹായുദ്ധത്തിൽ പരാജയപ്പെടുത്താൻ ബ്രിട്ടീഷ് ഭരണകൂടത്തെ സഹായി ച്ചതിന്റെ പേരിൽ ഇബ്നു സൗദിന്റെ കുടുബത്തിന് സമ്മാനമായി ലഭിച്ചതാ യിരുന്നു അറേബ്യ. പിന്നീടാണ് സൗദി എന്ന കുടുംബ പേർ ചേർത്ത് സൗദി അറേബ്യ എന്ന് അറിയപ്പെടാൻ തുടങ്ങിയത്. സൗദി രാജകു ടുംബത്തിന് യോജിച്ച യാഥാസ്ഥിതിക പണ്ഡിതന്മാരാണ് അവിടെ മത നേതൃത്വ ത്തിൽ നിയോഗിക്കപ്പെടുന്നത്. 1969 ൽ ചാന്ദ്രയാത്രികർ ചന്ദ്രനിൽ കാൽ കുത്തി യപ്പോൾ അന്നത്തെ ഗ്രാന്റ് മുഫ്തി യായിരുന്ന ശൈഖ് ഇബ്നു അബ്ദുല്ല ഇബ്നുബാസ് ചന്ദ്രനിൽ ഗഗന ചാരികൾ ഇറങ്ങിയത് പച്ചക്കള്ള മാണെന്ന് ഫത്‌വ നൽകുകയുണ്ടായി. തന്റെ ഫത്‌വയിൽ ഉറച്ച് നിന്ന ഇബ്നു ബാസ് 1971 ൽ അറബിയിൽ ആ ഫത്‌വ വിശദീകരിച്ച് ഒരു പുസ്തകം എഴുതുകയുണ്ടായി അതിന്റെ ഇംഗ്ലീഷ് പരിഭാഷ The Transmitted and Sensory Proofs of Rotation of Sun the Stillness of Earth എന്ന പേരിൽ മദീന യൂണിവേഴ്സിറ്റി പ്രസിദ്ധീകരിച്ചിട്ടുണ്ട്. അതിൽ തന്റെ കണ്ടെത്തലുകൾ മുഫ്തി സാഹിബ് സുധീരം പ്രഖ്യാപിക്കുകയു ണ്ടായി. അതായത് ഭൂമി നിശ്ചലമാണെ ന്നും സൂര്യനാണ് ഭൂമിയെ ചുറ്റുന്ന തെന്നും ഭൂമി പരന്നതാണെന്നുമാണ് ശൈഖ് വാദിച്ചത്. മാത്രമല്ല ഭൂമി ഉരുണ്ടതാണെന്നും അത് അച്ചുതണ്ടിൽ കറങ്ങുകയാണെന്നും ആരെങ്കിലും വിശ്വസിക്കുന്നുണ്ടെങ്കിൽ അത് കുഫ് റാണെന്നും അങ്ങനെ വിശ്വസിക്കു ന്നവർ തൗബാ ചെയ്യണമെന്നും ആ വിശ്വാസത്തിൽ നിന്നും പിന്മാറാ ത്തവരെ മുർത്തദ്ദായി കണക്കാക്കി ശിക്ഷിക്കണമെന്നും അതിൽ ശൈഖ വർകൾ വാദിച്ചിരുന്നു. മുസ്‌ലിം ലോക ത്തിലെ തന്നെ കാര്യവിവരമുള്ള പലരും ഈ സലഫി മുഫ്തിയെ ശാസ്ത്രീയ സത്യം ബോധിപ്പിക്കാൻ ശ്രമിച്ചെങ്കിലും മരണം വരെ കട്ടായമായും ഗ്രാന്റ് മുഫ്തി തന്റെ അഭിപ്രായം മാറ്റിയില്ല. ഇപ്പോഴത്തെ വിവാദം സൗദി അറേബ്യ യുടെ ഗ്രാന്റ് മുഫ്തി അബ്ദുൾ അസീസ് ബിൻ അബ്ദുല്ല 2012 മാർച്ച് 12-ാം തീയതി നടത്തിയ, ക്രിസ്തീയ ചർച്ചുകളെല്ലാം നശിപ്പിക്കണം എന്ന അങ്ങേയറ്റം തീവ്രവാദപരവും ഇസ്‌ലാ മിക തത്ത്വങ്ങൾക്ക് വിരുദ്ധവു മായ ഒരു പ്രസ്താവനയെ ചൊല്ലിയാണ്.

അറേബ്യൻ ഉപഭൂഖണ്ഡത്തിലെ എല്ലാ ക്രിസ്തീയ ചർച്ചുകളും നശിപ്പിക്കണമെന്നായിരുന്നു സൗദി ഗ്രാന്റ് മുഫ്തി ശൈഖ് അബ്ദുൾ അസീസ് ബിൻ അബ്ദുല്ലയുടെ ഫത്‌വ. മദ്ധ്യപൗരസ്ത്യ ദേശത്തുള്ള ന്യൂന പക്ഷ ക്രിസ്ത്യാനികളിൽ മാത്രമല്ല ലോകത്തുടനീളം വമ്പിച്ച പ്രതിഷേധ ത്തിന് ഇത് കാരണമായിരിക്കുന്നു. സൗദിയിൽ സന്ദർശനം നടത്തുന്ന ഒരു ഡലിഗേഷൻ, കുവൈത്തിൽ പുതിയ ചർച്ചുകൾ പണിയുന്നത് നിരോധിച്ചു കൊണ്ടുള്ള നിയമ നിർമാ ണം പാർലമെന്റിൽ പാസ്സാക്കാനുള്ള നീക്കങ്ങളോടനുബന്ധിച്ച് ചോദിച്ച ഒരു ചോദ്യത്തിന് ഉത്തരം നൽകുകയായി രുന്നു മുഫ്തി. അറേബ്യൻ ഉപഭൂഖണ്ഡ ത്തിൽ ഇസ്‌ലാം എന്ന ഒറ്റ മതം സ്ഥാപിതമായിക്കഴിഞ്ഞതിനാൽ ഈ മേഖലയിലെ എല്ലാ ക്രിസ്ത്യൻ ചർച്ചുകളും നശിപ്പിക്കേണ്ടതാണെ ന്നാണ് മുഫ്തിയുടെ അഭിപ്രായം. കുവൈത്ത് ഈ മേഖലയിലായതിനാൽ അവിടെത്തേയും സകല ചർച്ചുകളും നശിപ്പിക്കേണ്ടതാണെന്നും ചോദ്യത്തി നുത്തരമായി മുഫ്തി അവർകൾ പറഞ്ഞു. യൂറോപ്പിലെ ബിഷപ്പുമാർ മുഫ്തിയുടെ ഫത്‌വക്കെതിരെ രൂക്ഷമായാണ് പ്രതികരിച്ചത്. ഈജിപ്തി ലെ അൽ അസ്ഹർ യൂണിവേഴ്സിറ്റി യിലെ പ്രൊഫസർ അഹ്മദ് കരിമാ, സൗദി മുഫ്തിയുടെ ഫത്‌വക്കെതിരെ ആഞ്ഞടിക്കുകയുണ്ടായി. മുസ്‌ലിം നാടുകളിൽ അധിനിവേശം നടത്തിയ അമേരിക്കൻ സൈന്യത്തോട് ഒഴിഞ്ഞു പോവാനാണ് മുഫ്തി ഫത്‌വയിറ ക്കേണ്ടത് അല്ലാതെ ചർച്ചുകൾ നശിപ്പിക്കാനല്ലായിരുന്നു എന്നാണ് പ്രൊ: അഹ്മദ് കരിമായുടെ പ്രതിക രണം. ഏതായാലും സൗദി രാജകു ടുംബ ദാസരായ നമ്മുടെ നാട്ടിലെ പണ്ഡിത നേതാക്കൾ അൽ അസ്ഹർ പ്രഫസറെപ്പോലെ പ്രതികരിക്കുന്ന

വിഡ്ഢികളൊന്നുമല്ല.

ഏതു വിപരീതാവസ്ഥയിലും നീതി തത്ത്വങ്ങൾ മുറുകെ പിടിക്കാൻ കൽപ്പിച്ച മതമാണ് ഇസ്‌ലാം. ശത്രുതയുടെ പ്രതികാരാഗ്നിയിൽ നീതി ബോധം കൈവെടിയാൻ പാടില്ല എന്നത് മുസ്‌ലിംകളോടുള്ള ഖുർആന്റെ ഏറ്റവും ശക്തമായ താക്കീതാണ്. അല്ലാഹു പറയുന്നു: **വിശ്വസിച്ചവരേ, നിങ്ങൾ നീതിക്ക് സാക്ഷ്യം വഹിക്കുന്നവരായി അല്ലാഹുവിന് വേണ്ടി നിലകൊള്ളുക. ഒരു സമുദായത്തിനോടുള്ള വിരോധം അവരോട് നീതി പാലിക്കാതിരിക്കാൻ നിങ്ങളെ പ്രേരിപ്പിക്കാതിരിക്കട്ടെ. നിങ്ങൾ നീതിപാലിക്കുക (5:9)**

എല്ലാ മതങ്ങളെയും ഒരുപോലെ ബഹുമാനിക്കണമെന്നും എല്ലാവരുടേയും ആരാധനാലയങ്ങൾ സംരക്ഷിക്കപ്പെടമെന്നും വ്യക്തവും ശക്തവുമായ അദ്ധ്യാപനങ്ങളുള്ള മതമാണ് ഇസ്‌ലാം. അല്ലാഹു ഖുർആനിൽ ചർച്ചു കളുടെ സംരക്ഷണത്തെപറ്റി പ്രത്യേകം പരാമർശിച്ചിരിക്കേ ഖുർആന്റെ ഈ അനുശാസനത്തിനെതിരെയുള്ള സഊദി മുഫ്തിയുടെ പ്രസ്താവന ആരെയും അദ്ഭുതപ്പെടുത്തും. മുഫ്തിയുടെ ഈ പ്രസ്താവന ഖുർആന് വിരുദ്ധമാണെന്ന് മാത്രമല്ല, പല രാജ്യ ങ്ങളിലും ന്യൂനപക്ഷീയരായി ജീവിക്കുന്ന മുസ്‌ലിംകളുടെ മതജീവിതത്തിന് ഈ പടുജാഹിലിയ്യാ പ്രസ്താവന എത്രമാത്രം പ്രയാസങ്ങൾ സൃഷ്ടിക്കുമെന്ന് ചിന്തിക്കാനുള്ള ബുദ്ധി പോലും ഈ മുസ്‌ലിം മത നേതാവിനില്ലാതെ പോയി. അല്ലാഹു ഖുർആനിൽ പറയുന്നു: **'അല്ലാഹു ജനങ്ങളിൽ ഒരു വിഭാഗത്തെ മറ്റൊരു വിഭാഗത്തെ കൊണ്ടു തടഞ്ഞിട്ടില്ലായിരുന്നുവെങ്കിൽ അല്ലാഹുവിന്റെ നാമം ധാരാളമായി സ്മരിക്കപ്പെടുന്ന മഠങ്ങളും ചർച്ചുകളും പ്രാർഥനാലയങ്ങളും മസ്ജിദുകളും തകർക്കപ്പെട്ടു പോകുമായിരുന്നു. അല്ലാഹുവിനെ സഹായിക്കുന്നവരെ അല്ലാഹു സഹായിക്കുക തന്നെ ചെയ്യും' (22: 41)** ഇവിടെ ചർച്ചുകളുടെയും മഠങ്ങളുടേയും സംരക്ഷണം അല്ലാഹുവിനെ സഹായിക്കലാണെന്നാണ് പറഞ്ഞത്. എല്ലാ ആരാധനാലയങ്ങളുടെയും സംരക്ഷണത്തെ പറ്റിപ്പറഞ്ഞതിന് ശേഷമാണ് മസ്ജിദിന്റെ സംരക്ഷണത്തെ പറ്റിപ്പറഞ്ഞതെന്ന കാര്യം ശ്രദ്ധേയമാണ്. അല്ലാഹുവിന്റെ ഈ മുൻ ഗണനാക്രമം പോലും അന്യരുടെ ആരാധനാലയങ്ങൾ സംരക്ഷിക്കാനുള്ള മുസ്‌ലിംകളുടെ ഉത്തരവാദിത്വത്തെ ശതഗുണീഭവിപ്പിക്കുകയാണ് ചെയ്യുന്നത്. മറ്റൊരു ഖുർ ആൻ സൂക്തം ഇങ്ങനെയാണ് **'എല്ലാ സമുദായങ്ങൾക്കും ഓരോ ആരാധനാ രൂപങ്ങൾ നാം നിർണയിച്ചു കൊടുത്തിട്ടുണ്ട്. ആ രൂപത്തിൽ അവർ അതനുഷ്ഠിച്ചു പോരുന്നു. അതുകൊണ്ട് അക്കാര്യത്തിൽ അവർ നിന്നോട് തർക്കിക്കാതിരിക്കട്ടെ' (22 68,69)** റസൂൽ തിരുമേനി (സ)യുടെ


അബ്ദുൾ അസീസ് ബിൻ അബ്ദുല്ല

മദീനാ ജീവിതത്തിൽ, അന്യ മതസ്ഥരുമായുണ്ടാക്കിയ കരാർ മദീന ചാർട്ടർ എന്നാണ് അറിയപ്പെടുന്നത്. ലോകത്തിൽ തന്നെ ആദ്യത്തെ സാമൂഹ്യക്കരാർ എന്നറിയപ്പെടുന്ന മദീന പ്രമാണം ഒരു ബഹുസ്വര സമൂഹത്തിൽ സംഘർഷ രഹിതമായും സഹവർത്തിത്വത്തോടെയും ജീവിക്കാൻ പതിനാല് നൂറ്റാണ്ടുകൾക്ക് മുമ്പ് സമർപ്പിക്കപെട്ട ഒരുമാർഗരേഖയാണ്. ലോക നീതിന്യായ വ്യവസ്ഥയെ തന്നെ വമ്പിച്ച തോതിൽ സ്വാധീനിക്കുകയും സെക്കുലർ തത്ത്വങ്ങൾക്ക് ആധാരമായി വർത്തിക്കുകയും ചെയ്ത മദീന പ്രമാണത്തിൽ 47 വകുപ്പുകളായി രുന്നു. അതിൽ 23 വകുപ്പുകൾ അൻസാറുകളും മുഹാജിറുകളും തമ്മിലും, ബാക്കി വകുപ്പുകളെല്ലാം മദീനയിലെ ജൂതന്മാരും മറ്റു ഗോത്ര വർഗങ്ങളുമായിട്ടായിട്ടുള്ള കരാറുകളായിരുന്നു. എല്ലാവരും ചേർന്ന് ഒരു രാഷ്ട്ര സമൂഹത്തെ പോലെ പരസ്പരം വ്യവസ്ഥാപിതമായി കരാർ ചെയ്തും സംരക്ഷണ പ്രതിജ്ഞ എടുത്തുമാണ് ജീവിച്ചത്. ഈ പ്രമാണമനുസരിച്ച് എല്ലാവരുടെയും ആരാധനാലയങ്ങൾ കൂട്ടായി സംരക്ഷിക്കാനും പ്രതിരോധിക്കാനും വ്യവസ്ഥ ചെയ്തിരുന്നു.

നജ്റാനിലെ ക്രിസ്ത്യാനികൾക്ക് റസൂൽ തിരുമേനി(സ) സ്വന്തം പള്ളിയിൽ ആരാധനക്ക് സൗകര്യം ചെയ്ത് കൊടുത്ത സംഭവം സുപ്രസിദ്ധമാണല്ലോ. റസൂൽ തിരുമേനി(സ)യുടെ ഈ നടപടിയിൽ നിന്നും പ്രചോദനം ഉൾക്കൊണ്ട് ഇസ്‌ലാമിക മുന്നേറ്റത്തിന്റെ സുവർണ കാലഘട്ടത്തിൽ മുസ്‌ലിംകളും ക്രിസ്ത്യാനികളും ഒന്നിച്ച് തങ്ങളുടെ മതാനുഷ്ഠാനങ്ങൾ നിർവഹിക്കുക പതിവായിരുന്നു. ക്രി.വ. 634 മുതൽ മുസ്‌ലിംകൾ ഡമാസ്ക്കസിൽ ക്രിസ്ത്യാനികൾക്കൊപ്പം അവരുടെ തൃപ്തിയോടും സമ്മതത്തോടും കൂടി സെന്റ് ജോൺ ചർച്ചിൽ പകുതി വീതം ഭാഗങ്ങൾ വീതിച്ചെടുത്ത് ആരാധന നടത്തിയിരുന്നു. തദ്ദേശ വാസികളെല്ലാം ഇസ്‌ലാം മതം ആശ്ലേഷിച്ചപ്പോഴാണ് അത് അമവീ മസ്ജിദാക്കി മാറ്റിയത്. ഇന്നും അവിടെ മസ്ജിദിനുള്ളിൽ സെന്റ് ജോണിന്റെ അർദ്ധകായ പ്രതിമയോടു കൂടിയ ഒരു ചാപ്പൽ കാണാം. ഇങ്ങനെ ക്രിസ്ത്യൻ മുസ്‌ലിം സൗഹൃദത്തിന്റെ നിരവധി ഉദാഹരണങ്ങൾ ഇസ്‌ലാമിക നാഗരികതയുടെ ചരിത്രത്തിൽ കാണാം.

മഹാനായ ഉമർ ഫാറൂക്ക് (റ) പലസ്തീനിൽ ജേതാവായി പ്രവേശിച്ചപ്പോൾ അവിടെ അൽ ഖിയാമ ചർച്ചിൽ സന്ദർശനം നടത്തി കൊണ്ടിരിക്കുമ്പോൾ നമസ്ക്കരിക്കാൻ സമയമായി. ചർച്ചിൽ വെച്ച് തന്നെ നമസ്ക്കരിക്കാമെന്ന് അവിടത്തെ പുരോഹിതൻ പറഞ്ഞു. ഉമർ (റ) അപ്പോൾ വിസമ്മതിക്കുകയാണുണ്ടായത്. ഉമർ പുറത്തിറങ്ങി പടവിൽ വെച്ച് നമസ്കാരം നിർവ്വഹിച്ചു. പിന്നീട് മുസ്‌ലിംകൾ അവകാശ വാദം ഉന്നയിക്കുമോ എന്ന് ഭയന്നാണ് താൻ അപ്രകാരം ചെയ്തതെന്ന് അതിന് ശേഷം ഉമർ പറയുകയുണ്ടായി. മേലിൽ പടവിൽ വെച്ചും നമസ്കരിക്കാൻ ആർക്കും അവകാശമുണ്ടായിരിക്കില്ലെന്ന് ഉമർ(റ)ചർച്ച് മേധാവികൾക്ക് രേഖാ മൂലം ഉറപ്പ് കൊടുക്കുകയും ചെയ്തു.

മറ്റൊരിക്കൽ അദ്ദേഹത്തിന്റെ ഈജിപ്ത് ഗവർണർ അംറുബ്നുൽ ആസ് ഒരു ക്രൈസ്തവ സ്ത്രീയുടെ വീട് നിർബന്ധ പൂർവം പള്ളിയോട് ചേർക്കുകയുണ്ടായി. ആ സ്ത്രീ ഖലീഫയോട് ഗവർണറുടെ നടപടിയെക്കുറിച്ച് പരാതി പറഞ്ഞു. ഉമർ(റ) അംറിനെ വിളിച്ചു വരുത്തി വിചാരണ ചെയ്തു. പള്ളിയിൽ ആളുകൾ വർദ്ധിച്ചപ്പോൾ വിപുലീകരിക്കാൻ നിർബന്ധിതമാവുകയും ന്യായമായ വിലനൽകാമെന്ന് പറഞ്ഞിട്ടും അവർ വിൽക്കാൻ വിസമ്മതിക്കുകയുമാണുണ്ടായതെന്ന് ഗവർണർ വിശദീകരിച്ചു. ആ വീടിന്റെ വില ഖജനാവിൽ കെട്ടിവെച്ചിട്ടാണ് വീട് പൊളിച്ച് പള്ളിയോട് കൂട്ടി ചേർത്തത്. അവർക്ക് ഏത് നിമിഷവും ആ പണം സ്വീകരിക്കാം എന്നും ഗവർണർ ഖലീഫയെ ബോധിപ്പിച്ചു. നീതിയുടെ ഉത്തമ മൂർത്തിയായ ഖലീഫാ ഉമർ(റ)ഗവർണറുടെ വാദം തള്ളിക്കളയുകയും പള്ളിയുടെ പ്രസ്തു ത ഭാഗം പൊളിച്ചു മാറ്റി പാവപ്പെട്ട ആ ക്രൈസ്തവ സ്ത്രീയുടെ വീട് അവിടെ പുനർ നിർമിക്കാൻ കൽപ്പന പുറപ്പെടുവിക്കുകയുമാണ് ചെയ്തത്.

മത സഹിഷ്ണുതയെക്കുറിച്ചും ചർച്ചിനോടുള്ള സമീപനത്തെക്കുറിച്ചും ഇസ്‌ലാം മതത്തിന്റെ ഉദാത്തമായ അദ്ധ്യാപനങ്ങളും പ്രവാചക മാതൃകകളും ചരിത്രത്തിലെ രോമാഞ്ചജനകമായ സംഭവങ്ങളും ധാരാളമുണ്ടായിരിക്കെ അതിൽ നിന്നൊന്നും യാതൊരു പാഠവും പഠിക്കാത്ത സഊദി അറേബ്യയിലെ ഈ സലഫി ഗ്രാന്റ് മുഫ്തിയുടെ ഫത്‌വ ഇസ്‌ലാം മതത്തിനെതിരെ അന്യരിൽ ഉണ്ടാക്കുന്ന അവമതിപ്പും ന്യൂനപക്ഷീയരായി ലോകത്തിലെ മറ്റുള്ള ബഹുമത സമൂഹത്തിൽ ജീവിക്കുന്നവരിൽ ഉണ്ടാക്കുന്ന അരക്ഷിതത്വവും വിവരണാതീതമാണ്. ലോകത്ത് ഇന്ന് എല്ലാ ക്രിസ്തീയ രാജ്യങ്ങളിലും നമ്മുടെ ഇന്ത്യയിലടക്കം എല്ലാ അമുസ്‌ലിം രാജ്യങ്ങളിലും ഭരണഘടനാപരമായി അനുവദിച്ച മത സ്വാതന്ത്ര്യത്തിന്റെയും ജനാധിപത്യാവകാശങ്ങളുടേയും ആയിരത്തിലൊരംശം പോലും സലഫീ രാജ്യമായ സഊദി അറേബ്യയിലില്ല. ഗ്രാന്റ് മുഫ്തിയുടെ ഫത്‌വ പ്രകാരം മുസ്‌ലിം ലോകത്തെ ചർച്ചുകളെല്ലാം നശിപ്പിക്കുന്നത് ശരിയാണെങ്കിൽ ഹിന്ദു ഭൂരിപക്ഷ രാജ്യമായ ഭാരതത്തിൽ ബാബ്‌രി മസ്ജിദ് പൊളിച്ചതിനെ എന്ത് ന്യായം പറഞ്ഞ് മുസ്‌ലിംകൾക്ക് എതിർക്കാനാവും.

അവസാന കാലം മതപണ്ഡിതന്മാർ ആകാശത്തിന് കീഴിലെ ഏറ്റവും നികൃഷ്ട ജീവികളായി തീരും ഫിത്ന അവരിൽ നിന്നും ഉദ്ഭവിക്കുകയും അവരിലേക്ക് തന്നെ തിരിച്ചെത്തുകയും ചെയ്യും എന്ന റസൂൽ തിരുമേനി (സ)യുടെ താക്കീതിന്റെ സാക്ഷാൽക്കാരമാണ് ഇത്തരത്തിലുള്ള പണ്ഡിത നേതാക്കന്മാർ എന്ന് മാത്രം പറഞ്ഞു കൊണ്ട് ഈ കുറിപ്പ് അവസാനിപ്പിക്കുന്നു.

## ലജ്നാ ഇമാഇല്ലാഹ് സീറത്തുന്നബി യോഗം

പാലക്കാട്, തൃശ്ശൂർ മേഖലാ ലജ്നാ ഇമാഇല്ലാഹ് സീറത്തുന്നബി യോഗം ഫെബ്രുവരി 8ന് മുറിയക്കണ്ണി മസ്ജിദിൽ വെച്ച് ലജ്നാ ഭാരത് സദർ ശമീം അക്തർ ഗ്യാനി സാഹിബ ഉദ്ഘാടനം ചെയ്തു. യോഗത്തിൽ ഭാരത് നാഇബ് സദർ നുസ്റത്ത് മഹ്മൂദ് സാഹിബ ആദ്ധ്യക്ഷ്യം വഹിച്ചു. സ്ത്രീക്ക് അനന്തരാവകാശവും സ്വത്തവകാശവും നൽകിയ റസൂൽ തിരുമേനി(സ) വിശുദ്ധ ഖുർആന്റെ ജീവിക്കുന്ന മാതൃകയായിരുന്നുവെന്ന് ഉദ്ഘാടന പ്രസംഗത്തിൽ സദർ സാഹിബ പറഞ്ഞു. സാഹോദര്യവും സഹിഷ്ണുതയും മതമൈത്രിയും നിലനിർത്താനുള്ള ശ്രമമാണ് അഹ്മദികളുടെ നബിദിന യോഗം കൊണ്ട് വിഭാവനചെയ്യപ്പെട്ടിരിക്കുന്നതെന്ന് അദ്ധ്യക്ഷത വഹിച്ച നുസ്റത്ത് സാഹിബ പറഞ്ഞു. കേവലം ജനനമരണ ആഘോഷങ്ങൾക്ക് ഇസ്‌ലാമിൽ സ്ഥാനമില്ലെന്നും സമാധാന സ്ഥാപനമാണ് എല്ലാ ആഘോഷങ്ങളുടെയും ലക്ഷ്യമെന്നും കേരള ലജ്ന സദർ സിദ്ദീഖ സാഹിബ പറഞ്ഞു. മണ്ണാർക്കാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി റഫീക്കാ സാഹിബ ലജനയു ടെ പ്രവർത്തനങ്ങളെ മുക്ത കണ്ഠം പ്രശംസിച്ചു. ശ്രീമതി. എസ്. പി. ശ്രീവല്ലി, ഷമീന സാഹിബ, നുസ്റത്ത് സാഹിബ മുറിയക്കണ്ണി എന്നിവർ പ്രസംഗിച്ചു രഹ്ന കമാൽ സാഹിബ സ്വാഗതവും ഖൈറുന്നിസ സാഹിബ ഖുർആൻ പരായണവും നടത്തി.വിശുദ്ധ ഖുർആനും ഖസീദയും മനഃപ്പാഠമാക്കിയ ഷിന, തസ്നി എന്നിവർക്ക് ലജ്ന സദർ സമ്മാനം നൽകി.

*- രഹ്ന കമാൽ*

## പാലക്കാട് മേഖല തർബിയത്ത് ക്യാമ്പ്

പാലക്കാട്, തൃശ്ശൂർ മേഖലാ അൻസാറുല്ലാഹ് തർബിയത്ത് ക്യാമ്പ് മണ്ണാർക്കാട് പള്ളിയിൽ വെച്ച് ഫെബ്രുവരി11 ന് നടക്കുകയുണ്ടായി. മേഖലാ അമീർ അബ്ദുൾകരീം സാഹിബ് ക്യാമ്പ് ഉദ്ഘാടനം ചെയ്തു. മൗലവി മൻസിൽ സാഹിബ്, എച്ച്. ശംസുദ്ദീൻ സാഹിബ് എന്നിവർ ക്ലാസ്സെടുത്തു. മുഹമ്മദുണ്ണി മുസ്‌ലിയാർ മുള്ളൂർക്കര ഖുർആൻ പാരായണവും മഹ്മൂദ് സാഹിബ് പദ്യവും ചൊല്ലി.

**അനുസ്മരണം**

## ടി. ഫാത്തിമ സാഹിബ

മുറിയക്കണ്ണി: മുറിയക്കണ്ണി ജമാഅത്തിലെ ആദ്യകാല അഹ്മദികളിൽ പെട്ട ജനാബ് ടി. മുഹമ്മദ് ഉപ്പായി സാഹിബിന്റെ ഭാര്യ ടി. ഫാത്തിമ സാഹിബ ഫെബ്രുവരി 25ന് വഫാത്തായി. ഇന്നാലില്ലാഹിവഇന്നാഇലയ്ഹി റാജിഊൻ. പരേതയ്ക്ക് അല്ലാഹു ജന്നത്തും മഗ്ഫിറത്തും നൽകിയനുഗ്രഹിക്കട്ടെ (ആമീൻ). മക്കൾ ടി. അബ്ദുൽ കരീം, ടി. അബ്ദുൽ ജലാൽ, ജമീല, സുലൈഖ, സുബൈദ, നുസ്രത്ത് ജഹാൻ. മരുമക്കൾ: പി. എം. മുഹമ്മദ് നുമാൻ കോഴിക്കോട്, മൗലവി സി.പി. മൊയ്തീൻകുട്ടി, പി. യൂസുഫ്, അബ്ദുൽ ജബ്ബാർ പള്ളിപ്പുറം, സി. പി. ഫാത്തിമ, എ. നജ്മത്ത്

-ടി. മുഹമ്മദ് മൻസിൽ,
മുറിയക്കണ്ണി

# എക്സിബിഷൻ അൽ ഖുർആൻ ഇന്റർനാഷണൽ 2012




വണ്ടൂർ: അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് കരുളായിയുടെ ആഭിമുഖ്യത്തിൽ ഏപ്രിൽ 5 മുതൽ 15 വരെ വണ്ടൂർ എക്സിബിഷൻ അൽ ഖുർആൻ ജില്ലാ പഞ്ചായത്ത് സ്റ്റാന്റിംഗ് കമ്മിറ്റിയംഗം വി. സുധാകരൻ ഉദ്ഘാടനം ചെയ്തു. മലപ്പുറം മേഖലാ അമീർ പി.മുഹമ്മദലി മാസ്റ്റർ സാഹിബ് അദ്ധ്യക്ഷതവഹിച്ചു.


പ്രത്യേകം ജനശ്രദ്ധയാകർഷിച്ച എക്സിബിഷൻ ദിവസവും ധാരാളം ആളുകൾ സന്ദർശിച്ചു. മൗലവി എൻ. ശഫീഖ് അഹ്മദ് ഖുർആൻപാരായണം നടത്തി. മൗലവി പി.അബ്ദുന്നാസിർ സാഹിബ് സ്വാഗതം പറഞ്ഞു.

ഞായറാഴ്ച വൈകുന്നേരം നടന്ന മാനവ മൈത്രി സമ്മേളനം മേഖലാ അമീറിന്റെ അദ്ധ്യക്ഷതയിൽ എം. അബ്ദുറഹ്മാൻ സാഹിബ്, റവറന്റ് പോൾ ജേക്കബ്,(മാർത്തോമ്മാ ചർച്ച് പാലാങ്കര), ഭാസ്ക്കരൻ പിള്ള (ശ്രീ വിവേകാനന്ദ എജുക്കേഷൻ കോംപ്ലക്സ്, പാലേമാട്) എന്നിവർ പ്രഭാഷണം നടത്തി. ജനാബ് സി.എച്ച് സിദ്ദീഖ് സാഹിബ് സ്വാഗത ഭാഷണം നടത്തി. മൗലവി എൻ. ശഫീഖ് അഹ്മദ് സാഹിബ് മൈത്രി ഗാനമാലപിച്ചു. ജനാബ് .സി. കെ ഖമറുദ്ദീൻ സാഹിബ് നന്ദി പറഞ്ഞു.

## ‘മുഹമ്മദ് പൈഗമ്പര ജീവന ചരിത്രെ’ പ്രകാശനം ചെയ്തു



ബംഗളുരു: ഖലീഫത്തുൽ മസീഹ് രണ്ടാമൻ ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ) രചിച്ച നബി തിരുമേനി(സ) യുടെ ജീവ ചരിത്രത്തിന്റെ കന്നട പരിഭാഷ **മുഹമ്മദ് പൈഗമ്പര ജീവനചരിത്രെ** യുടെ പ്രകാശന ചടങ്ങ്. പ്രശസ്ത കവിയും മുൻ എം എൽ .എ യുമായ ഡോ. എൽ. ഹനുമന്തയ്യ, ദൂരദർശൻ ഡപ്യൂട്ടി ഡയറക്ടർ മഹേഷ് ജോഷി, പ്രസ്സ് ക്ലബ്ബ് പ്രസിഡന്റ് എം.എ പൊന്നപ്പ, പുസ്തകത്തിന്റെ പരിഭാഷകൻ എം. ഉബൈദുല്ലാഹ് സാഹിബ്, യുഗരശ്മി പത്രാധിപർ മുഹമ്മദ് യൂസുഫ് സാഹിബ് എന്നിവർ വേദിയിൽ.




മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ സൗത്ത് കേരളയുടെ എറണാകുളം മേഖല തഅ്ലീം-തബ്‌ലീഗ് ക്യാമ്പ്, എറണാകുളം സോണൽ അമീർ ബി. ബി. അഹ്മദ് കബീർ സാഹിബ് ഉദ്ഘാടനം ചെയ്യുന്നു. മുഹമ്മദ് സഫ്‌വാൻ, ഇ. എച്ച് നജീബ്, മൗലവി സുൽത്താൻ നസീർ എന്നിവർ സമീപം

2012 April

Reg.No. 3332/59, Postal Regn. No.KL/CT/108/2009-11.Estd. 1925
Licensed to post without pre-payment, Licence No: KL/PMG/NR/WPP/16/KKD/09-11

Vol: 84 Issue 4
Price Rs. **20/-**

**The Sathyadoothan Monthly**

**ഇതിഹാസവത്കരിക്കപ്പെട്ട യേശുവിന്റെ ജീവിതം നിഗൂഢതകൾ നിറഞ്ഞതാണ്. കുരിശു സംഭവത്തിൽ നിന്നും രക്ഷപ്പെട്ട യേശു കാണാതെ പോയ ഇസ്രയേൽ ഗോത്രങ്ങളെതേടി ഇന്ത്യയിലേക്ക് വരികയാണുണ്ടായത്. അനിഷേധ്യവും വിസ്മയകരവുമായ ഈ സത്യം വാഗ്ദത്ത മസീഹിന്റെ ദിവ്യതൂലികയാൽ വിവരിക്കപ്പെടുന്നു.**

# യേശു മിശിഹാ ഇന്ത്യയിൽ

വില ₹ 45

**ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ)**

**പുസ്തകം ലഭിക്കുന്ന സ്ഥലങ്ങൾ**

കോഴിക്കോട്
**അഹ്മദിയ്യാ ബുക്സ്റ്റാൾ**
അഹ്മദിയ്യാ മുസ്ലിം ജമാഅത്ത്
ജി. എച്ച് റോഡ്, കോഴിക്കോട്

കണ്ണൂർ
**ഇസ്ലാം ഇന്റർനാഷണൽ പബ്ലിക്കേഷൻസ്**
ഫോർട്ട് റോഡ്, കണ്ണൂർ

എറണാകുളം
**അഹ്മദിയ്യാ മുസ്ലിം ജമാഅത്ത്**
സെന്റ് ബെനഡിക്ട് റോഡ്, എറണാകുളം നോർത്ത്

**ഒരു ഇസ്ലാം ഇന്റർനാഷണൽ പ്രസിദ്ധീകരണം**

**എല്ലാ ദൈവീക മതങ്ങളുടേയും പൂർത്തീകരണമാണ് വന്ദ്യപ്രവാചകർ ഹദ്റത്ത് മുഹമ്മദ് മുസ്തഫ (സ) യിലൂടെ അവതീർണ്ണമായ പരിശുദ്ധ ഇസ്ലാം. നൂറ്റാണ്ടുകൾ പിന്നിട്ടപ്പോൾ, ജനങ്ങൾ ദൈവത്തിൽ നിന്നകലുകയും യഥാർഥ ഇസ്ലാം ഏറെ തെറ്റിദ്ധരിപ്പിക്കപ്പെടുകയും ചെയ്ത സമയത്ത്, അല്ലാഹു വാഗ്ദാനം ചെയ്ത വാഗ്ദത്ത മഹ്ദിയും മസീഹുമായി നിയോഗിതരായ ഹദ്റത്ത് അഹ്മദ് (അ)നാൽ പുനഃസ്ഥാപിക്കപ്പെട്ട ഇസ്ലാമാണ് അഹ്മദിയ്യാ മുസ്ലിം ജമാഅത്ത്. ഈ ദൈവീകപ്രസ്ഥാനത്തെപ്പറ്റി കൂടുതൽ അറിയുവാൻ ബന്ധപ്പെടുക**

**Toll free No.**

**1800 425 2020**

**(9 am to 9 pm)**